മലയാറ്റൂർ - നീലീശ്വരം ഗ്രാമ പഞ്ചായത്ത്

വികസനരേഖ

1996

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും
ഇത് തങ്ങളുടെ നാടാണെന്നും
ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും
മഹത്തായൊരു പങ്കുണ്ടെന്നും വിശ്വസിക്കുന്ന
ഒരു ഭാരതത്തിനുവേണ്ടി, ഉയർന്നവർഗ്ഗവും താണവർഗ്ഗവുമില്ലാത്ത
ഒരു ഭാരതത്തിനുവേണ്ടി, എല്ലാസമുദായങ്ങളും തികഞ്ഞ
മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി പ്രയത്നിക്കുക.

-മഹാത്മാഗാന്ധി-

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
ജനകീയാസൂത്രണ പ്രസ്ഥാനം.

വികസനരേഖ - 1996

മലയാറ്റൂർ - നീലീശ്വരം
ഗ്രാമ പഞ്ചായത്ത്



മലയാറ്റൂർ - നീലീശ്വരം
ഗ്രാമ പഞ്ചായത്ത്

പങ്കാളിത്ത വികസനത്തിന്റെ സർഗ്ഗാത്മകമായ കൂട്ടായ്മയായിരുന്നു വിശേഷാൽ ഗ്രാമസഭകൾ. ജനങ്ങളുടെ ആശയാഭിലാഷങ്ങളാണ് ഗ്രാമസഭയിൽ നിന്നുയർന്നു വന്നത്. സ്ഥായിയായ വികസനത്തിന്റെ യുക്തിസഹമായ വിശകലനത്തിലൂടെ അവയെ പദ്ധതികളായി രൂപപ്പെടുത്തണം. അതിനുള്ള വിവരാടിത്തറയാണീ വികസനരേഖ. നാടിനെ അറിഞ്ഞുകൊണ്ടേ നാടിനെ മാറ്റാനാവൂ.

വിവിധ ആഫീസുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങൾ, പഴമക്കാരായ വ്യക്തികളിൽനിന്നും, രേഖകളിൽനിന്നും സ്വരൂപിച്ച വാമൊഴികളും വരമൊഴികളും, പഠനപര്യടനം നടത്തി ശേഖരിച്ച പ്രകൃതിയുടെ വിവരങ്ങൾ, വിവിധ വകുപ്പുകൾ നല്കിയ അവലോകന റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചും വിശകലനം ചെയ്തുമാണ് ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരേയും ജനാധികാരം സഫലമാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹായിയായി ഈ രേഖ ജനങ്ങൾക്ക് സമർപ്പിക്കുന്നു.

വിനയപൂർവ്വം

വി.കെ. ഷാജി
കൺവീനർ
ജനകീയാസൂത്രണസമിതി

തോമസ് ശങ്കുരിക്കൽ
പ്രസിഡൻറ്

മലയാറ്റൂർ-നീലിശ്വരം ഗ്രാമപഞ്ചായത്ത്



ഗ്രാമസ്വരാജ് പടുത്തുയർത്താൻ

ആയുഷ്കാലം മുഴുവൻ പ്രവർത്തിക്കേണ്ടി വന്നേയ്ക്കാം

എന്നാലും ഇത് അസാദ്ധ്യമാണെന്ന് ഞാൻ കരുതുന്നില്ല.

ഒരു ജനാധിപത്യവിശ്വാസിക്ക്

ഈയൊരു ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കാനും

ലക്ഷ്യം കണ്ടെത്താനും സാധിക്കും

-മഹാത്മാഗാന്ധി-

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് ഇന്നലെ ഇന്ന്
3. സാമൂഹിക സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി
5. വികസനമേഖലകൾ
   - 5-1 കൃഷിയും ജലസേചനവും
   - 5-2 മൃഗസംരക്ഷണം മത്സ്യബന്ധനം
   - 5-3 വ്യവസായം
   - 5-4 വിദ്യാഭ്യാസം
   - 5-5 കുടിവെള്ളം പൊതുജനാരോഗ്യം
   - 5-6 ഗതാഗതം ഊർജ്ജം
   - 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5-8 സംസ്കാരം
   - 5-9 വനിത
   - 5-10 സഹകരണം
   - 5-11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
   - 5-12 വിഭവസമാഹരണം
   - 5-13 ടൂറിസം - വനം
6. ഉപസംഹാരം

1. ആമുഖം

ഇൻഡ്യ സ്വാതന്ത്ര്യം നേടിയിട്ട് അൻപതു വർഷത്തോടടുക്കുകയാണ്. കേരളം പിറന്നിട്ട് നാൽപ്പതുവർഷം കഴിഞ്ഞിരിക്കുന്നു. ഭാരതത്തിനേറയും കേരളത്തിനേറയും ജനാധിപത്യ ജീവിതനേട്ടങ്ങളെ ഒരു വിലയിരുത്തലിനു വിധേയമാക്കാൻ വേണ്ടത്ര കാലയളവ് നാം പിന്നിട്ടിരിക്കുന്നു.

കാർഷിക വ്യവസായ മേഖലകളിൽ ഗണ്യമായ പുരോഗതി നേടിയിരിക്കുന്നു നമ്മുടെ രാജ്യം. ശാസ്ത്രസാങ്കേതിക രംഗത്ത് ഏറെ മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ദാരിദ്ര്യവും രോഗാതുരതയും നിരക്ഷരതയും കൊടിക്കുത്തിവാഴുന്ന ആയിരക്കണക്കിനു ഗ്രാമങ്ങളും നഗരചേരികളും മേൽപ്പറഞ്ഞ വികസന നേട്ടങ്ങളിൽനിന്ന് കോടിക്കണക്കിന് ജനങ്ങളെ മാറ്റി നിർത്തിയിരിക്കുന്നു.

എന്നാൽ കേരളം ഇതിൽനിന്നും വ്യത്യസ്തമാണ്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായൊരു വികസനരീതിയവലംബിച്ചതു കൊണ്ട് വരുമാനത്തിൽ പിന്നിൽ നിൽക്കുമ്പോൾത്തന്നെ ജീവിത ഗുണമേന്മയിൽ ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലെത്താൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യരക്ഷ, സാമൂഹ്യസുരക്ഷിതത്വം തുടങ്ങിയ മേഖലകളിൽ സർക്കാരിന്റെ ശ്രദ്ധയും പങ്കാളിത്തവും കൊണ്ടാണിത് സാധിച്ചത്. ദേശീയ പ്രസ്ഥാനം, സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ, മിഷണറി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലകൾ, ശാസ്ത്രപ്രസ്ഥാനങ്ങൾ, തൊഴിലാളി സംഘടനകൾ, ഭൂപരിഷ്ക്കരണം പോലുള്ള അടിസ്ഥാന ഭരണ നടപടികൾ എന്നിവ ഇങ്ങനെയൊരു മുന്നേറ്റം ഉണ്ടാക്കുന്നതിൽ സഹായിച്ച ഘടകങ്ങളാണ്.

'കേരളമോഡൽ എന്ന് പ്രശംസിക്കപ്പെട്ട ഈ വികസന മാതൃക ഇന്ന് ഒട്ടേറെ വെല്ലുവിളികളെ നേരിടുകയാണ്. കാർഷികരംഗത്ത് ഉല്പാദന ത്തളർച്ച, വ്യവസായികരംഗത്ത് വളർച്ചയില്ലായ്മ, സേവന മേഖലയിൽ വിദ്യാഭ്യാസ, ആരോഗ്യാദിരംഗങ്ങളിലെ ഗുണമേന്മയുടെ ചോർച്ച, സാമൂഹ്യസുരക്ഷിതത്വപരിപാടികളിൽ നിന്നുള്ള തിരിച്ചുപോക്ക് എല്ലാം കേരളം നേരിടുന്ന വികസന പ്രതിസന്ധിയുടെ പ്രതിഫലനങ്ങളാണ്. ഉല്പാദനമേഖലയിലെ മുരടിപ്പും ആഭ്യന്തര വരുമാനത്തിന്റെ വളർച്ചയില്ലായ്മയുമാണിതിന്റെ അടിസ്ഥാന കാരണം. കേന്ദ്രീകൃതമായ ആസൂത്രണ നിർവ്വഹണസംവിധാനങ്ങൾക്ക് കേരളത്തിന്റെ സൂക്ഷ്മതലവികസന സാദ്ധ്യതകൾ കണ്ടറിയാനും തൊട്ടുണർത്താനും കഴിയാതെ വരുന്നു.

രാജ്യത്താകെ നിലവിൽവന്ന പഞ്ചായത്ത് രാജ് നഗരപാലികാ നിയമവും അതനുസരിച്ച് കേരളത്തിൽ നടപ്പാക്കിയ കേരള പഞ്ചായത്ത് രാജ് നഗരപാലികാ നിയമവും അധികാര വികേന്ദ്രീകരണത്തിന് വഴിയൊരുക്കി. ജനകീയ സാക്ഷരതാ പരിപാടിയുടെ തുടർച്ചയായി കേരളത്തിലെ കല്ല്യാശ്ശേരിപോലുള്ള ചില പഞ്ചായത്തുകളിൽ പരീക്ഷിച്ച് വിജയിപ്പിച്ച പ്രാദേശിക പങ്കാളിത്ത വികസനമാതൃക കേരളത്തിന്റെ ഒൻപതാം പഞ്ചവത്സരപദ്ധതിക്ക് ഉപയോഗിക്കാൻ സംസ്ഥാന ഗവൺമെൻറും പ്ലാനിംഗ്

ബോർഡും തീരുമാനിച്ചു. കേരളത്തിന്റെ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള സൂക്ഷ്മതല ആസൂത്രണവും നിർവ്വഹണവും കൂടിയേ തീരൂ എന്നംഗീകരിയ്ക്കപ്പെട്ടു. അങ്ങനെ, പഞ്ചായത്ത് രാജ് - നഗരപാലികാനിയമത്തിന്റെ ആത്മാവായി വർത്തിക്കുന്ന ജനപങ്കാളിത്തത്തോടെയുള്ള വികസനമെന്ന ലക്ഷ്യം മുൻനിർത്തി ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിനായി ജനകീയാസൂത്രണപ്രസ്ഥാനം 1996 ആഗസ്റ്റ് 17-ന് കേരളത്തിൽ നിലവിൽ വന്നു.

കാർഷിക വ്യവസായികരംഗത്ത് ഒരു കുതിച്ചു മുന്നേറ്റവും സേവനമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കലും ഈ പദ്ധതിയുടെ പ്രത്യക്ഷ ലക്ഷ്യങ്ങളാണ്. അതിനായി സ്വന്തം പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിയ്ക്കുന്നതിനും ഓരോ ഗ്രാമ സമൂഹത്തേയും സ്വയം ശക്തിപ്പെടുത്തുകയെന്ന സ്വാശ്രിത വികസനത്തിന്റെ രീതിപദ്ധതി സ്വീകരിച്ചിരിയ്ക്കുന്നു.

ജനാധികാരം യാഥാർത്ഥ്യമാകണമെങ്കിൽ അതിനാവശ്യമായ അറിവും വൈദഗ്ദ്ധ്യവും ജനങ്ങളാർജ്ജിക്കേണ്ടതുണ്ട്. ജനകീയാസൂത്രണ പ്രക്രിയ അധികാരത്തോടൊപ്പം അറിവിന്റെ വികേന്ദ്രീകരണവും ലക്ഷ്യം വയ്ക്കുന്നു.

പഞ്ചായത്തിലെ പ്രവർത്തനങ്ങൾ:-

ഒന്നാം ഘട്ട ജില്ലാ പരിശീലനം:-

1996 സെപ്റ്റംബർ 10,11,12 തീയതികളിൽ അങ്കമാലി C,S,A യിൽ നടന്ന ജില്ലാതല പരിശീലനത്തിൽ 3 ജനപ്രതിനിധികളും 2 സന്നദ്ധ പ്രവർത്തകരുമടക്കം 5 പേർ പങ്കെടുത്തു.

ഒന്നാം ഘട്ട ഏകദിനശില്പശാല:-

30-9-96-ന് നീലീശ്വരം ഗവൺമെൻറ് യു.പി. സ്ക്കൂളിൽ വച്ച് നടന്നു. ഒമ്പതാം പദ്ധതിയുടെ ലക്ഷ്യവും ജനകീയാസൂത്രണത്തിനായി ഗ്രാമസഭകളുടെ സംഘാടനവും ഉള്ളടക്കവും ഈ ശിൽപ്പശാലയിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ശില്പശാലയിലെ വാർഡ് തിരിച്ചുള്ള പങ്കാളിത്തം താഴെ കൊടുക്കുന്നു.

I	II	III	IV	V	VI	VII	VIII	IX	X	ആകെ
12	12	9	12	9	8	16	13	8	9	108

ഗ്രാമസഭായോഗങ്ങൾ:-

വാർഡ്	തീയതി	സ്ഥലം	ആകെ	ഗ്രാമസഭയിൽ പങ്കെടുത്തവർ					
			കുടുംബങ്ങൾ	പുരു:	സ്ത്രീ	ഉദ്യോഗസ്ഥർ	റിസോഴ്സ്	SC/ST	ആകെ
I	30-9-96	ഗവ: യു.പി. സ്ക്കൂൾ ഇല്ലിത്തോട്	629	154	73	12	12	86	337
II	1-10-96	പാരിഷ് ഹാൾ വിമലഗിരി	533	96	45	9	12	12	174
III	2-10-96	സെൻറ് തോമസ് H.S. 448 മലയാറ്റൂർ	448	58	4	8	9	NIL	79
IV	3-10-96	H.W.L.P.S. മലയാറ്റൂർ	504	145	61	2	12	34	254
V	4-10-96	സെ.ജോസഫ്സ് എൽ.പി.എസ്. തോട്ടുവ	439	146	77	10	9	4	246
VI	12-10-96	ഗവ.എൽ.പി. സ്ക്കൂൾ നീലീശ്വരം	482	105	33	12	8	3	161
VII	5-10-96	ഗവ:ആൻറണീസ് എൽ.പി.സ്ക്കൂൾ നടുവട്ടം	555	125	61	6	14	31	237
VIII	11-10-96	പാരീഷ് ഹാൾ നടുവട്ടം	517	162	25	5	13	3	208
IX	6-10-96	S.N.D.P.H.S. നീലീശ്വരം	638	93	12	4	8	2	119
X	13-10-96	ചർച്ച് ഹാൾ കളമ്പാട്ടുപുരം	604	80	-	4	9	-	93
		ആകെ	5348	1164	391	72	106	175	1908

രണ്ടാംഘട്ട പരിശീലനം:-

രണ്ടാംഘട്ട ജില്ലാ പരിശീലനം അങ്കമാലി മുനിസിപ്പൽ ഹാളിൽ നടന്നു. പഞ്ചായത്തിൽ നിന്നും 5 പേർ പങ്കെടുത്തു. പഞ്ചായത്ത്തല പരിശീലനം 96 നവംബർ 25-ന് നീലീശ്വരം ലിസ തീയേറ്ററിൽ നടന്നു. 40 പേർ പങ്കെടുത്തു.

മറ്റു പ്രവർത്തനങ്ങൾ:-

സ്ഥാപനങ്ങൾ, സ്ക്കൂളുകൾ, ഓഫീസുകൾ എന്നിവ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് ദ്വിതീയ വിവരേഖ തയ്യാറാക്കി.

നീലീശ്വരം ആശ്രമം കടവുമുതൽ വെസ്റ്റ് കോളനി, കാടപ്പാറ വഴി ഇല്ലിത്തോടുവരെ നടന്ന് പഠനപര്യടനസംഘം, ഭൂപ്രകൃതി, സസ്യാവരണം, ജലലഭ്യത തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തി.

പ്രായം ചെന്നവരുമായി നടത്തിയ അഭിമുഖങ്ങളിലൂടെയും, പഴയകാലരേഖകൾ പരിശോധിച്ചും പഞ്ചായത്തിൻെറ ചരിത്രപശ്ചാത്തലം ശേഖരിച്ചു.

2. മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്

ഇന്നലെ-ഇന്ന്

1930-ന് അടുത്ത് മലയാറ്റൂർ വില്ലേജ് പഞ്ചായത്ത് നിലവിൽ വന്നു. കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന പ്രദേശം മാത്രമാണതിൽ ഉണ്ടായിരുന്നത്. തിരുവിതാംകൂറിന്റെ ഭാഗമായ നീലീശ്വരം ഭാഗത്ത് പഞ്ചായത്ത് സംവിധാനമുണ്ടായിരുന്നില്ല. 25 കുടുംബങ്ങൾ വീതമുള്ള നാട്ടുകൂട്ടങ്ങളാണ് അവിടെയുണ്ടായിരുന്നത്. തിരഞ്ഞെടുത്ത നാട്ടുകൂട്ട പ്രമാണിയുമുണ്ടായിരുന്നു. കൊച്ചിരാജാവിന്റെ വേനൽക്കാലവസതിയായ മലയാറ്റൂർ വില്ലേജ് ആഫീസ് സ്ഥിതി ചെയ്തിരുന്ന കെട്ടിടമായിരുന്നു വില്ലേജ് പഞ്ചായത്തിന്റെ ആസ്ഥാനം.

കൊച്ചി, കണയന്നൂർ താലൂക്കുകളിലെ മലയാറ്റൂർ വില്ലേജും കുന്നത്തുനാട് താലൂക്കിലെ മാണിയ്ക്കമംഗലം വില്ലേജിൽപെട്ട നീലീശ്വരം കരയും ചേർന്ന് മലയാറ്റൂർ-നിലീശ്വരം പഞ്ചായത്ത് 1953-ൽ നിലവിൽ വന്നു.

4037 ജനങ്ങളും 1988 വോട്ടർമാരുമുള്ള മലയാറ്റൂർ കരയോട് 50 ജനങ്ങളും 23 വോട്ടർമാരുമുള്ള ഇല്ലിത്തോട് മുളങ്കുഴി പ്രദേശങ്ങളും 5130 ജനങ്ങളും 2467 വോട്ടർമാരുമുള്ള നീലീശ്വരം കരയോട് 725 ജനങ്ങളും 357 വോട്ടർമാരുമുള്ള നടുവട്ടംകരയും കൂട്ടിച്ചേർത്ത് ഇന്നത്തെ നിലയിലുള്ള പഞ്ചായത്ത് 1958-ൽ രൂപീകരിച്ചു.

മലയാറ്റൂർ പള്ളിയങ്ങാടിയിലായിരുന്നു ആദ്യകാലത്ത് ആഫീസ് മന്ദിരം. പിന്നീട് ആഫീസ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് വേണമെന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മലയാറ്റൂർ പടിഞ്ഞാറ് എസ്.എൻ.ഡി.പി. ശാഖയ്ക്കടുത്തുണ്ടായിരുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. 1961-ൽ ഉണ്ടായ മലവെള്ളത്തിൽ ഈ ആഫീസിൽ വെള്ളം കയറിയപ്പോൾ റിക്കാർഡുകളും സാമഗ്രികളും വള്ളത്തിൽ കടത്തി നീലീശ്വരത്ത് വാടക കെട്ടിടത്തിൽ പ്രവർത്തനം തുടർന്നു. ജനങ്ങൾ നല്കിയ സംഭാവന സ്വരൂപിച്ചു വാങ്ങിയ ഇപ്പോഴുള്ള സ്ഥലത്ത് ആഫീസ് പ്രവർത്തനം തുടങ്ങിയത് 1992-ലാണ്.

ആദ്യത്തെ പ്രസിഡൻറ് - കെ.ജെ. കുഞ്ഞവര

രണ്ടാമത്തെ പ്രസിഡൻറ് -കെ.കെ. ആൻറണി

മൂന്നാമത്തെ പ്രസിഡൻറ് - കെ.എ. ജോയി

നാലാമത്തെ പ്രസിഡൻറ് - എം.എം. ജോൺ

അഞ്ചാമത്തെ പ്രസിഡൻറ് - ടി.കെ. സുരേഷ്ബാബു

ആറാമത്തെ പ്രസിഡൻറ് - റൈഫൺ ജോസഫ്

ഏഴാമത്തെ പ്രസിഡൻറ് - തോമസ് ശങ്കുരിയ്ക്കൽ

പഞ്ചായത്ത്
പൊതുവിവരങ്ങൾ

പേര്	:	മലയാറ്റൂർ-നീലീശ്വരം
വില്ലേജ്	:	1. കാലടി 2. മലയാറ്റൂർ
വാർഡുകൾ	:	10
വിസ്തീർണ്ണം	:	34.22 ച.കി.മീ
ജനസംഖ്യ	:	26833

അതിരുകൾ:

വടക്ക്	:	മഞ്ഞപ്ര, അയ്യമ്പുഴ പഞ്ചായത്തുകൾ
കിഴക്ക്	:	പെരുന്തോട്
തെക്ക്	:	പെരിയാർ
പടിഞ്ഞാറ്	:	കാലടി, മഞ്ഞപ്ര പഞ്ചായത്തുകൾ
ബ്ലോക്ക് പഞ്ചായത്ത്	:	അങ്കമാലി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	1. മലയാറ്റൂർ 2. കാലടി
ജില്ല	:	എറണാകുളം
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	മലയാറ്റൂർ
അസംബ്ലി മണ്ഡലം	:	അങ്കമാലി
പാർലമെൻറ് മണ്ഡലം	:	മുകുന്ദപുരം
താലൂക്ക്	:	ആലുവ

പ്രസിഡൻറ്	:	തോമസ് ശങ്കുരിക്കൽ
വൈസ് പ്രസിഡൻറ്	:	ഉഷ പരമേശ്വരൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	ജി.ഒ. തോമസ്
സെക്രട്ടറി	:	അന്നമ്മ സ്റ്റീഫൻ

ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

വാർഡ്	I	കെ.വി. കുട്ടപ്പൻ
	II	മോളി ജോയി
	III	തോമസ് ശങ്കുരിക്കൽ
	IV	ഉഷ പരമേശ്വരൻ
	V	പി.എ. ജോണി
	VI	പി.വി. പാപ്പച്ചൻ
	VII	ആനി ജോസ്
	VIII	കെ.ഒ. ജോസഫ്
	IX	ജെസ്സി ജോസ്
	X	ജി.ഒ. തോമസ്

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

മലയാറ്റൂർ : എൻ.ബി. നാരായണൻ

കാലടി : ജോർജ് കൂട്ടുങ്ങൽ

ജില്ലാ പഞ്ചായത്ത് അംഗം

പി.കെ. ഇബ്രാഹിംകുട്ടി

(ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്)

നിയമസഭാ പ്രതിനിധി

പി.ജെ. ജോയി

പാർലമെൻറ് പ്രതിനിധി:

പി.സി. ചാക്കോ.

3. സാമൂഹ്യസാംസ്ക്കാരിക ചരിത്രം

തിരുകൊച്ചി സംയോജനത്തിനുശേഷമാണ് മലയാറ്റൂർ-നീലീശ്വരം പഞ്ചായത്ത് രൂപീകൃതമായത്. അതിനുമുൻപ് കൊച്ചിയുടെ ഭാഗമായ മലയാറ്റൂരിൽ വില്ലേജ് പഞ്ചായത്ത് പ്രവർത്തിച്ചിരുന്നു. തിരുവിതാംകൂറിന്റെ ഭാഗമായ നീലീശ്വരത്ത് മുൻകാലങ്ങളിൽ നാട്ടുകൂട്ടം എന്ന പേരിലുള്ള അയൽക്കൂട്ടങ്ങളുണ്ടായിരുന്നതായി പറയുന്നു. വളരെക്കുറച്ച് കുടുംബങ്ങളും, ഏറിയഭാഗം കാടുമായിരുന്ന ഒരു ഭൂതകാലമാണ് ഇന്ന് ജീവിച്ചിരിക്കുന്ന പ്രായമേറിയവർക്കു പറയാനുള്ളത്.

സ്ഥലനാമങ്ങൾ:- മലയും ആറും ചേർന്ന ഊര് എന്ന നിലയിൽ മലയാറ്റൂർ എന്ന പേരുണ്ടായി എന്നാണ് ആധികാരികമായി വിശ്വസിക്കപ്പെടുന്നത്. നീലീശ്വരം എന്ന പേരിന്റെ ഉല്പത്തിയെക്കുറിച്ച് പറയുന്ന കാര്യങ്ങൾക്ക് ഐതിഹ്യത്തോടാണടുപ്പം. നാടുവാഴിയായിരുന്ന വടക്കേടത്ത് മുകുന്ദൻ, നീലിയെന്ന കാട്ടാള സ്ത്രീയെ താമസിപ്പിച്ചിരുന്നതുകൊണ്ടാണ് നീലീശ്വരം എന്ന പേരുണ്ടായത് എന്നാണ് അതിൽ ഒന്ന്. തുറവൂരിൽ നിന്നും വന്ന ഇവർ മാനാക്ഷിക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്താണത്രെ താമസിച്ചിരുന്നത്. നീല ഈശ്വരൻ (ശിവൻ/കൃഷ്ണൻ) കളിയാടിയിരുന്ന സ്ഥലം എന്ന നിലയിൽ ഈ പേരുണ്ടായി എന്നതാണ് മറ്റൊരു വിശ്വാസം. കളമെഴുത്തും പാട്ടും നടത്തിയിരുന്ന കളമ്പാടൻ എന്ന നായർ കുടുംബം താമസിച്ചിരുന്നതുകൊണ്ട് കളമ്പാട്ടുപുരം എന്ന പേരുണ്ടായി എന്നു പറയപ്പെടുന്നു. കാടപ്പാറ, മുളങ്കുഴി, ഇല്ലിത്തോട്, കാരേക്കാട് എന്നീ പേരുകൾ അവിടുത്തെ ഭൂപ്രകൃതിയോട് ബന്ധപ്പെട്ടതാണ്. ചീത്തപ്പാറ എന്നത് ചീത (സീത) പ്പാറയുടെ പരിണാമമാണെന്നും കരുതപ്പെടുന്നു. രാജാ വിന്റെ കരം (പള്ളിപ്പേട്ട) പിരിച്ചിരുന്ന സ്ഥല മാണ് പള്ളിപ്പേട്ട.

ഐതിഹ്യങ്ങൾ: സത്യത്തിനും മിഥ്യയ്ക്കും പിടികൊടുക്കാത്തവയാണല്ലോ ഐതിഹ്യങ്ങൾ. സത്യമെങ്കിൽ ആശ്ചര്യകരവും കല്പിതമെങ്കിൽ വിസ്മയാവഹവുമായ കഥകൾ പൂർവ്വികർ നമുക്ക് തന്നിട്ടുണ്ട്. സെൻറ് തോമസ് അദ്ദേഹത്തിന്റെ സമുദ്രാന്തര യാത്രയ്ക്കിടയിൽ കേരളത്തിൽ വന്നത് ചരിത്രത്തിന്റെ ഭാഗമാണ്. മലയാറ്റൂർ മലയുടെ മുകളിൽ ശിലാപാളികളിൽ അദ്ദേഹത്തിന്റെ കാല്പാടുകൾ പതിഞ്ഞു എന്ന് വിശ്വസിയ്ക്കപ്പെടുകയും ആ ഭാഗം ആരാധിയ്ക്കപ്പെടുകയും ചെയ്യുന്നു.

ദ്വാപരയുഗത്തിൽ പാണ്ഡവരുടെ വനവാസക്കാലത്ത് പാഞ്ചാലിസമേതരായ് അവർ ജീവിച്ചിരുന്ന പ്രദേശമാണ് ഇത് എന്ന വിശ്വാസമാണ് മറ്റൊന്ന്. ബകനെന്ന രാക്ഷസനിൽനിന്നും സാധു ജനങ്ങളുടെ രക്ഷയ്ക്കായി ഭീമൻ അവനെ കൊന്ന് വലിച്ചെറിഞ്ഞ കഥ ഇതിഹാസ പ്രസിദ്ധമാണ്. ആ യുദ്ധം നടന്ന ബകപുരം ഈ പ്രദേശമാണത്രെ. ബകന്റെ തലവന്നു വീണ പ്രദേശം തലക്കണ്ടം, മണ വീണത് മണപ്പാട്ടുചിറ, കാല് വീണത് കാലടി, കൈവീണത് കൈപ്പട്ടൂർ ഇങ്ങനെ പോകുന്നു അനുമാനങ്ങൾ. പാണ്ഡുപാറ, സീതപ്പാറ മുതലായ പേരുകളും ഈ കഥകൾക്ക് തൊങ്ങലായി ചൂണ്ടിക്കാണിയ്ക്കുന്നു.

പൂർവ്വകാലം:-

മലയും പുഴയും ചേർന്ന ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് ഇവിടുത്തെ തൊഴിലും ജീവിതവും

രൂപപ്പെട്ടത്. ഈറ്റ, മുള, തേൻ, വിറക് എന്നിവ ശേഖരിച്ചും പക്ഷികളെപ്പിടിച്ചും, മൃഗങ്ങളെ വേട്ടയാടിയും ഉള്ള ജീവിതത്തിന് കാടുമായി ഉറ്റബന്ധമുണ്ടായിരുന്നു. കൃഷിചെയ്തും ഈറ്റ, മുള എന്നിവ ഉപയോഗിച്ച് വീടുകളിൽ തൊഴിൽ ചെയ്തുമാണ് ജനങ്ങൾ ജീവിതവൃത്തിയ്ക്കുള്ള വഴി തേടിയത്.

റോഡ് ഗതാഗതം സുഗമമാകുന്നതിനു മുൻപ് പെരിയാറിൽ വഞ്ചിയും വള്ളവുമുപ യോഗിച്ചായിരുന്നു ഗതാഗതവും ചരക്കു കടത്തും. രാജവാഴ്ചക്കാലത്ത് സ്ഥാപിച്ചിരുന്ന ചുമട് താങ്ങികളും തണ്ണീർപ്പന്തലുകളും കാൽനട യാത്രയും തലചുമടായി സാധനങ്ങൾ കൊണ്ടു പോകുന്നത് സാധാരണമായിരുന്നെന്ന് കാണിക്കുന്നു. പെരുമ്പാവൂർ ചന്തയിലേയ്ക്ക് തലചുമടായും എറണാകുളം ചന്തയിലേയ്ക്ക് വള്ളങ്ങളിലുമായിരുന്നു ചരക്ക് കൊണ്ടുപോയി രുന്നത്. ആദ്യകാലത്ത് മലയാറ്റൂർ തീർത്ഥാടന ത്തിന് ദൂരെനിന്ന് ആളുകളെത്തിയിരുന്നത് കാൽനടയായും പെരിയാറിലൂടെ വള്ളങ്ങളിൽ കൂടി താമസിച്ചുമായിരുന്നു. വലിയ വികസന സാദ്ധ്യത ഉണ്ടായിരുന്ന ചിലവുകുറഞ്ഞ ആ ജലപാത, പിന്നീട് നമ്മു ടെ യാത്ര- വാണിജ്യ രംഗങ്ങളിൽ അവഗണിക്ക പ്പെട്ടു.

രാജവാഴ്ചക്കാലം:

മലയാറ്റൂരുള്ള ഭൂമി തൃപ്പൂണിത്തുറ കോവി ലകം വകയും നായത്തോട് ദേവസ്വം വകയും ചേരാനെല്ലൂർ ദേവസ്വം വകയും കുറിയേടം വകയുമായിരുന്നു. നീലീശ്വരം പ്രദേശം വേണാട് രാജാവിൻേറയും വടക്കേടത്ത് രാജാവിൻെറയും അധീനതയിലായിരുന്നു. വേണാട്ടുകുടിഴെതണ്ട്, കോട്ടക്കുടി തുടങ്ങിയ പേരുകൾ ഇതിലേയ്ക്ക് വിരൽ ചൂണ്ടുന്നു. വടക്കേടത്ത് മുകുന്ദൻ രാജാ വിൻെറ സേനാനായകത്വം വഹിച്ചിരുന്നത് രാമൻ എന്ന പറയനും പറപ്പിള്ളി കുടുംബക്കാരു മായിരുന്നു. നടുവട്ടത്തുള്ള എറളങ്ങാട്ട് ഭഗവതി ക്ഷേത്രം രാമൻെറ വകയായിരുന്നു. ഐക്കുളത്ത് ആശാരിമാരേയും, വരാപ്പുഴക്കാരൻ, പുത്തേൻ, മൂലൻ, പറുക്കാരൻ മുതലായ കുടുംബങ്ങളിലെ പൂർവ്വികരേയും പറവൂർ തമ്പുരാൻമാർ പറവൂ രിൽനിന്നു കൊണ്ടുവന്നതാണെന്ന് പറയുന്നു. ഇപ്പോഴുള്ള ക്ഷേത്രങ്ങൾ ഈ കാലയളവിൽ സ്ഥാപിച്ചതാണ്.

രാജനീതിയുടെ ഭാഗമായി ഇപ്പോഴത്തെ കൊറ്റമം, കമ്പനിപ്പടി, പള്ളിപ്പേട്ട ഭാഗങ്ങളിൽ കയ്യാമങ്ങൾ സ്ഥാപിച്ചിരുന്നു. രാത്രികാലങ്ങളിൽ ഇതുവഴി കടന്നുപോകുന്ന അപരിചിതരെ കാവൽക്കാർ ചോദ്യം ചെയ്ത് സംശയം തോന്നു ന്നവരെ കയ്യാമങ്ങളിൽ ബന്ധിച്ചിടുമായിരുന്നു. കൂടാതെ "അത്താഴമുണ്ണാത്തവരുണ്ടോ" എന്ന് വിളിച്ചറിയിച്ച് ഉണ്ണാനില്ലാത്തവർക്ക് ആഹാരവും നല്കിയിരുന്നത്രേ. രാത്രിയുടെ ഒരു നിശ്ചിത യാമത്തിൽ "കള്ളന്മാർ വന്നിട്ടുണ്ടോ" എന്ന് കാവൽപ്പുകളിൽനിന്ന് വിളിച്ചു ചോദിക്കുന്ന ക്രമസമാധാനപാലന ശ്രദ്ധ നിലവിലിരുന്നു. നാട്ടുക്കൂട്ട പ്രദേശങ്ങളിൽ കൊല്ലൻ, ആശാരി, പറയൻ, പുലയൻ, ക്ഷൗരക്കാരൻ എന്നിവരു ണ്ടായിരുന്നു.

കൊച്ചി ദിവാനായിരുന്ന ഷണ്മുഖം ചെട്ടി യാർ മലയാറ്റൂരിൽ വരികയും സാധുക്കൾക്കായി തേക്കിൻതോട്ടത്തിൽ ഭൂമിപതിച്ചുകൊടുക്കുകയും ചെയ്തു. അതാണ് ഷണ്മുഖപുരം എന്നറിയ പ്പെടുന്നത്.

മലയാറ്റൂർ വെസ്റ്റ് ഹരിജൻ കോളനിയിലെ വള്ളി മണാളക്ഷേത്രം കൊച്ചി രാജാവിൻെറ ദിവാൻ സ്ഥാപിച്ചതാണ്. ക്ഷേത്രങ്ങളിൽ പ്രവേശനമില്ലാതിരുന്ന അയിത്ത ജാതിക്കാരുടെ ആരാധനാവശ്യത്തിനായാണ് അത് സ്ഥാപിച്ചത്. ആദ്യത്തെ ഉത്സവം രാജാവുതന്നെ നടത്തുകയും എല്ലാവർക്കും സദ്യ നൽകുകയും ചെയ്തു. ഈ ക്ഷേത്രത്തിൻെറ ആറാട്ടിനുവേണ്ടിയാണ് കുന്നപ്പിള്ളിച്ചിറ ഉണ്ടാക്കിയത്.

മലയാറ്റൂർ തീർത്ഥാടനം:-

മലയാറ്റൂർ തീർത്ഥാടനം എ.ഡി. 52-ൽ ആരംഭിച്ചതായി മലയാറ്റൂർപള്ളി സുവനീർ

രേഖകളിൽ പറയുന്നു. 900-ാം മാണ്ടിൽ മലയാറ്റൂർ പള്ളി സ്ഥാപിച്ചതായി കാണുന്നു. കുരിശുമുടിയിലെ പള്ളി 1893-ൽ സ്ഥാപിച്ചതാണ്. മലയാറ്റൂർ തീർത്ഥാടനത്തിനേറയും അതിനെത്തുടർന്നുണ്ടായ ക്രൈസ്തവ ആരാധനാലയങ്ങൾ, ആരാധനാക്രമങ്ങൾ, ജീവിത രീതികൾ, ആചാരങ്ങളും, വിശ്വാസങ്ങളും, നീതിബോധം എന്നിവ ഇവിടത്തെ ജീവിത സംസ്കൃതിയിലും സാമൂഹ്യബന്ധങ്ങളിലും ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 15 ലക്ഷം തീർത്ഥാടകർ ദക്ഷിണേന്ത്യയുടെ എല്ലാഭാഗത്തുനിന്നുമായി തീർത്ഥാടന കാലയളവിൽ ഇവിടെയെത്തുന്നു. കേരളത്തിന്റെ അംഗീകൃത തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായി മലയാറ്റൂർ മാറിക്കഴിഞ്ഞു.

വിദ്യാഭ്യാസം:

ജീവിതവൃത്തിയോടൊപ്പമുള്ള, തൊഴിലുമായി ബന്ധപ്പെട്ട വിദ്യാഭ്യാസമായിരുന്നു ആദ്യ കാലത്തേത്. കാർഷികവൃത്തിക്കുവേണ്ട കാലാവസ്ഥാ വിജ്ഞാനം, തൊഴിലുപകരണങ്ങൾ നിർമ്മിയ്ക്കാൻ വേണ്ട സാങ്കേതിക വിജ്ഞാനം, രോഗരക്ഷയ്ക്കുവേണ്ട പ്രാഥമിക ആയുർ വിജ്ഞാനം എന്നിവ കുട്ടികൾക്കു നല്കുന്നത് മുതിർന്നവർ ഒരു ചുമതലയായി കണ്ടിരുന്നു.

ഇന്നത്തെ നിലയിലുള്ള വിദ്യാഭ്യാസത്തിന്റെ ആദ്യരൂപം എഴുത്തുപള്ളിക്കൂടങ്ങളും ആശാൻ കളരികളുമായിരുന്നു. 1914-ൽ മലയാറ്റൂർ പള്ളിയുടെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സെൻറ് മേരീസ് എൽ.പി. സ്ക്കൂളാണ് ആധുനിക വിദ്യാഭ്യാസരംഗത്തെ ആദ്യവിദ്യാലയം. 1924-ൽ കൊറ്റമം സെൻറ് ജോർസഫ്സ് എൽ.പി. സ്ക്കൂൾ സ്ഥാപിതമായി. നീലീശ്വരം എസ്.എൻ.ഡി.പി. ശാഖ ആരംഭിച്ച് സർക്കാരിനു കൈമാറിയ ഗവ: എൽ.പി. സ്ക്കൂളാണ് പിന്നീട് വന്നത്. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നീലീശ്വരം എസ്.എൻ.ഡി.പി. ശാഖയിൽ ആരംഭിച്ച ആശാൻ സ്മാരക വായനശാലയാണ് ആദ്യത്തേത്. മലയാറ്റൂരിൽ കൊച്ചിരാജാവ് ഒരു വായനശാല സ്ഥാപിച്ചിരുന്നു. അങ്ങനെ, പിൽക്കാലത്തുണ്ടായ ദ്രുതഗതിയിലുള്ള സാമൂഹ്യമാറ്റങ്ങൾക്ക് വഴിതുറന്നുകൊണ്ട് ആധുനിക വിദ്യാഭ്യാസത്തിനേറയും നവോത്ഥാന ചിന്തകളുടേയും ഈറ്റില്ലങ്ങൾ നാട്ടിൽ വളർന്നുവന്നു.

1923-ൽ ഉണ്ടായ വെള്ളപ്പൊക്കം പ്രായം ചെന്നവർ ഭീതിയോടെ ഓർക്കുന്ന ഒന്നാണ്. പഞ്ചായത്തിൽ ഏറ്റവും വലിയ പ്രളയദുരന്തമായി അവരോർമ്മിക്കുന്നത് (1099-ലെ) ഈ വെള്ളപ്പൊക്കമാണ്. ഇവിടെ കിണറുകൾ താഴ്ത്തുമ്പോഴും പുഴയിൽ മണലെടുത്ത് താഴ്ന്നപ്പോഴും കണ്ട ജീർണ്ണിച്ചിട്ടില്ലാത്ത തടികൾ ഈ പ്രളയത്തിന്റെ ഫലമാകാം.

പ്രജാഭരണം:-

1930-കളോടെ കൊച്ചിയുടെ ഭാഗമായ മലയാറ്റൂർ വില്ലേജിൽ വില്ലേജ് പഞ്ചായത്ത് നിലവിൽ വന്നു. ഇന്നുള്ള പഞ്ചായത്ത് വ്യവസ്ഥയുടെ ആദിരൂപമായിരുന്നു അത്. ആദ്യത്തെ പ്രസിഡൻറ് ശ്രീ: ടി.ഒ. ദേവസ്സിയായിരുന്നു. കൊച്ചി രാജാവിന്റെ വേനൽക്കാല സ്നാനഗൃഹമായ മലയാറ്റൂർ വില്ലേജ് ആഫീസ് സ്ഥിതി ചെയ്തിരുന്ന കെട്ടിടമായിരുന്നു വില്ലേജ് പഞ്ചായത്തിന്റെ ആസ്ഥാനം.

മണപ്പാട്ടുചിറ, വെങ്കിളത്ത് ചിറ, കുന്നപ്പിള്ളി ചിറ എന്നിവ നിർമ്മിച്ചതും വികസിപ്പിച്ചതും ഈ കാലയളവിലാണ്. വഴിയാത്രക്കാർക്കുവേണ്ടി തണ്ണീർപന്തലുകൾ, ചുമടുതാങ്ങികൾ, കുടിവെള്ളത്തിനു കിണറുകൾ എന്നിവ സ്ഥാപിച്ചിരുന്നു. കൃഷി വികസനത്തിനായി ഇന്നുള്ള രണ്ട് ചെറുകിട ജലസേചന പദ്ധതികൾ ഈ കാലഘട്ടത്തിൽ സ്ഥാപിച്ചതാണ്. അലഞ്ഞു തിരിയുന്ന കന്നുകാലികളെ പിടിച്ചുവയ്ക്കുന്നതിന് പൗണ്ട് പ്രവർത്തിച്ചിരുന്നു.

ഉപ്പ് ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ഉപ്പ് പാണ്ടിക ശാല സ്ഥാപിച്ചു. ഗുണംകൂടിയ കല്ലുപ്പ് മലയാറ്റൂരിൽ ലഭിച്ചിരുന്നപ്പോൾ തിരുവിതാംകൂർ

ഭാഗമായ നീലീശ്വരത്ത് മാലിന്യങ്ങൾ കലർന്ന വെള്ളയുപ്പാണ് ലഭിച്ചിരുന്നത്.

നാട്ടുതർക്കങ്ങളും കേസുകളും തീർക്കുന്നതിന് മലയാറ്റൂർ പഞ്ചായം എന്ന പേരിൽ ഒരു സമിതി പ്രവർത്തിച്ചിരുന്നു. പഞ്ചായത്ത് പ്രസിഡന്റുമാർ ജഡ്ജിമാരായ പഞ്ചായത്ത് കോടതി ശ്രീമൂലനഗരത്ത് പ്രവർത്തിച്ചിരുന്നു.

രാജാവിന് നികുതി പിരിക്കുന്നതിന് പള്ളിപ്പേട്ടയിൽ സംവിധാനമുണ്ടായിരുന്നു. 1945-ൽ നിർമ്മിച്ചതാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന പള്ളിപ്പേട്ട സ്ഥലം.

കൊച്ചി രാജാവിന്റെ ധനസഹായത്തോടുകൂടി മലയാറ്റൂരിൽ ആദ്യമായി അപ്പാത്തിക്കിരി (ഡോക്ടർ) ഡിസ്പെൻറി ആരംഭിച്ചതിക്കാലത്താണ്. ഡോ: ദേവസി വെള്ളാനിക്കാരനായിരുന്നു ആദ്യത്തെ ഡോക്ടർ. ഡിസ്പെൻറിയിലെ ചികിത്സക്കുപുറമേ പള്ളിപ്പേട്ട പാലം വരെ കുതിരവണ്ടിയിൽ സഞ്ചരിച്ച് വഴിയരികിൽ കാത്തുനില്ക്കുന്ന രോഗികളേയും വീടുകളിൽ അവശരായവരേയും ചികിത്സിച്ചിരുന്നു. (ആദ്യകാലത്തിന്റെ ഇത്തരം സേവനോത്സുകതയെ ജനാധിപത്യത്തിന്റെ മറവിൽ മൂതലാളിത്തത്തിന്റെ ലാഭമോഹങ്ങൾക്ക് അടിയറവച്ചുനാം.)

സ്വാതന്ത്ര്യത്തിനു മുൻപു തന്നെ മലയാറ്റൂരിൽ പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചിരുന്നു. 1947-ൽ മലയാറ്റൂരിൽ വൈദ്യുതിയെത്തി. പഞ്ചായത്തിൽ ആദ്യമായി ഓടിയ ബസ് എറണാകുളത്തേയ്ക്കുള്ള പനമന ട്രാൻസ്പോർട്ട് ആയിരുന്നു. തുടർന്ന് എ.ടി. യൂണിയൻ തുടങ്ങിയ ബസുകളും. കൽക്കരി കത്തിച്ച് സ്റ്റീം എഞ്ചിൻ പ്രവർത്തിപ്പിച്ചാണ് ഈ ബസ്സുകൾ ഓടിച്ചിരുന്നതെന്നത് പുതിയ തലമുറയ്ക്ക് വിസ്മയാവഹമായ അറിവായിരിക്കും.

നവോത്ഥാനത്തിന്റെ അലയൊലികൾ:-

ജാതീയമായ ഉച്ചനീചത്വങ്ങളും ജന്മി-കുടിയാൻ എന്ന നിലയിൽ ഭൂമി-ഉല്പാദന ബന്ധങ്ങളും ഉണ്ടാക്കിയ ഒരുപാട് അനാചാരങ്ങൾ ഈ പ്രദേശത്തും നിലവിലുണ്ടായിരുന്നു. അയിത്തം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നിവ നിലനിന്നിരുന്നു. ബാല്യവിവാഹം (കെട്ടുകല്യാണം) തെരണ്ടു കല്യാണം തുടങ്ങി നാലുകല്യാണങ്ങൾ പ്രചാരത്തിലിരുന്നു. സവർണ്ണക്ഷേത്രങ്ങളിൽ ഈഴവരാദി പിന്നോക്കജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു.

ശ്രീനാരായണ ഗുരുവിന്റേയും അയ്യങ്കാളിയുടേയും നേതൃത്വത്തിൽ കേരളത്തിൽ നടന്ന ജാതി ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ആധുനിക വിദ്യാഭ്യാസത്തിലൂടെ അതിരുവിട്ട ചിന്തകളുടെ വഴി തുറന്നിരുന്ന ഉല്പതിഷ്ണുക്കളിൽ പ്രതികരണങ്ങൾ ഉണ്ടാക്കി. ഇൻഡ്യയിലാകെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി അത്തരമൊരു മാറ്റത്തിന് കാഹളമുയർന്നിരുന്നു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കർഷ-തൊഴിലാളി പ്രസ്ഥാനങ്ങളും സമൂലമായൊരു മാറ്റത്തിന്റെ ചിന്ത പടർത്തിക്കഴിഞ്ഞിരുന്നു. വിദ്യാഭ്യാസ വ്യാപനം, ഗ്രന്ഥശാലാസ്ഥാപനം എന്നിവയിലൂടെ മാറ്റത്തിന്റെ ഗതിവേഗം കൂടി.

ശ്രീ നാരായണഗുരുവിന്റെ മലയാറ്റൂർ സന്ദർശനം അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. പണ്ടാല കറുപ്പൻ, നാരായണൻ തുടങ്ങിയവർ മുൻകൈ എടുത്ത് ഹരിജനങ്ങളേയും മറ്റുള്ളവരേയും ഒരുമിച്ച് സമൂഹസദ്യ നടത്തി. പന്തിഭോജനമെന്ന പേരിൽ ഇത്തരം പ്രവർത്തനങ്ങൾ ജാതി ഉച്ചനീചത്വങ്ങൾക്കെതിരെ നടന്നുവരികയായിരുന്നു. 1918-ൽ നീലീശ്വരത്ത് എസ്സ്.എൻ.ഡി.പി. ശാഖയും മലയാറ്റൂരിൽ കൊച്ചി എസ്.എൻ.ഡി.പി. ശാഖയും പിന്നീട് മറ്റു ശാഖകളും നിലവിൽ വന്നത് ഈ പ്രക്ഷോഭങ്ങളുടെ ഭാഗമായിട്ടായിരുന്നു. ഹരിജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചവരിൽ ശ്രീ. സി.എം. കൊടുങ്ങിലി സ്മരണീയനാണ്. ശ്രീ. എ.എ. രാഘവൻ മാസ്റ്റർ ആദ്യകാല പൊതുപ്രവർത്തകരിൽ സർവ്വാദരണീയനായിരുന്നു.

തിരുവിതാംകൂർ ഫോറസ്റ്റ് ഇൻഡസ്ട്രീസിന്റെ സ്ഥാപനത്തോടെ മലയാറ്റൂരിന്റെ അതിസമ്പന്നമായ വനമേഖല വെട്ടിവെളുപ്പിയ്ക്കപ്പെട്ടു. ആദ്യത്തെ വ്യവസായ സംരംഭവും ഇതുതന്നെ. പഞ്ചായത്തിന്റെ കിഴക്കതിർത്തിയിലുള്ള മഹാഗണിതോട്ടവും അരുവിയുടെ തനിമകൾ കൈവിടാത്ത പെരിയാറും, മലയാറ്റൂർ മലയും മണപ്പാട്ടു ചിറയും അസുലഭമായ പ്രകൃതി സൗന്ദര്യം നിലനിർത്തുന്ന ഭാഗങ്ങളാണ്.

കർഷകരും കൈവേലക്കാരും തൊഴിലാളികളുമായി പ്രകൃതി വിഭവങ്ങളേയും സ്വന്തം അദ്ധ്വാനശേഷിയേയും ആശ്രയിച്ചു ജീവിച്ച സാധാരണക്കാരുടെ സാമൂഹ്യജീവിതമാണ് മലയാറ്റൂർ-നീലീശ്വരത്തിന്റെ സാംസ്ക്കാരികമായ അടിത്തറ. ഉള്ളവരും വന്നു ചേർന്നവരും ആണ്ടോടാണ്ട് വന്നു പോകുന്നവരുമായി കൊണ്ടും കൊടുത്തും സ്വാംശീകരിച്ചെടുത്തതാണ് ഇന്നിന്റെ പൈതൃകം. വൈവിദ്ധ്യമാർന്ന പോയ കാല നന്മകളും ഈടു വയ്പുകളും ആധുനികതയുടെ ആസക്തിയിൽ ഒലിച്ചുപോകാതെ സംരക്ഷിക്കേണ്ടതുണ്ട്.

സ്വന്തം ജീവിതത്തിനാവശ്യമായ ആയുധങ്ങളും യന്ത്രോപകരണങ്ങളും റോഡ്-ജല ഗതാഗതത്തിനുള്ള വാഹനങ്ങളും പ്രകൃതിയ്ക്കിണങ്ങിയ ആവാസ ഗൃഹങ്ങളും അതിജീവന വിദ്യകളും ഉണ്ടാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഇവിടുത്തെ ഗ്രാമീണർ സ്വയം സജ്ജരായിരുന്നു അതാണ് ഭൂതകാലത്തിന്റെ മിഴിവുറ്റ സന്ദേശം. ആ നാടൻ ശാസ്ത്രവും സാങ്കേതികവിദ്യകളും ഉപേക്ഷിച്ചുകൊണ്ട് വികസനത്തിന്റെ അതിമോഹങ്ങൾക്ക് പിന്നാലെ പായുന്ന ഒരു ജനതയ്ക്ക് ആഹാരത്തിനും കുടുവെള്ളത്തിനും പാർപ്പിടത്തിനും രോഗ നിവാരണത്തിനുമെല്ലാം ആഗോള വല്ക്കരിക്കപ്പെടുന്ന ലാഭാധിഷ്ഠിത വിപണികളുടെ കാരുണ്യത്തിനു കാത്തിരിക്കേണ്ടി വരുമെന്നതാണ് വർത്തമാനകാലത്തിന്റെ മിഴി തുറക്കേണ്ട സന്ദേശം.

മുരടിച്ചു നിൽക്കുന്ന നമ്മുടെ ഉല്പാദന വ്യവസ്ഥയേയും ഗുണം കുറഞ്ഞുവരുന്ന സേവനത്തുറകളേയും വീണ്ടെടുക്കുന്നതിനും മുന്നേറുന്നതിനും നാം ശ്രമിക്കുകയാണ്. പ്രകൃതിയെ സംരക്ഷിക്കുന്ന, പാരമ്പര്യത്തിന്റെ മേന്മകളെ ഉപയോഗിക്കുന്ന, ആവശ്യങ്ങളേയും അത്യാഗ്രഹങ്ങളേയും വേർതിരിച്ചറിയുന്ന വിവേകം നേടിക്കൂട്ടായ്മകൊണ്ട് നമുക്കത് കഴിയുക തന്നെ ചെയ്യും.

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

മലയാറ്റൂർ, കാലടി എന്നീ രണ്ടു റവന്യൂ വില്ലേജുകളിലാണ് മലയാറ്റൂർ നീലീശ്വരം പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ആകെ വിസ്തൃതി 34.22 ച.കിമീറ്ററാണ്. വടക്കുനിന്ന് തെക്കോട്ടും, കിഴക്കുനിന്ന് പടിഞ്ഞാറോട്ടും ചരിവുള്ള പ്രകൃതിയാണ്.

പുഴ, തീരം, സമതലം, ഉയർന്ന സമതലം, മലമ്പ്രദേശം എന്നിവയാണ് പ്രധാന ഭൂപ്രകൃതി മേഖലകൾ. പഞ്ചായത്തിന്റെ തെക്കേയതിര് ഉടനീളം പെരിയാർ പുഴയാണ്. മണലും മത്സ്യവും പുഴയിലെ സമ്പത്താണ്. അനിയന്ത്രിത മണൽ ഖനനവും അശാസ്ത്രീയമായ മത്സ്യബന്ധനവും ജലപരിസ്ഥിതി മോശമാക്കുന്നു.

നല്ല വളക്കൂറുള്ള മണ്ണാണ് തീരപ്രദേശത്ത്. മണ്ണൊലിപ്പുമൂലം ഫലപുഷ്ടി നഷ്ടം സംഭവിക്കുന്നുണ്ട്. മുൻകാലത്തേപ്പോലെ വർഷംതോറും എക്കൽ വന്നടിയുന്ന സ്ഥിതി ഇപ്പോഴില്ല.

സമതല പ്രദേശം എല്ലാത്തരം കൃഷിയ്ക്കും ആവാസത്തിനും ഗതാഗതാവശ്യങ്ങൾക്കുമായി ഉപയോഗിയ്ക്കപ്പെടുന്നു. കരഭൂമികളിൽ വെട്ടുകൽ മണ്ണും, പാടങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. പഞ്ചായത്തിലെ വയലുകളെല്ലാം ഈ മേഖലയിലാണ്. പ്രധാന ജലസംഭരണ മേഖലയും ഇതാണ്. വയലുകൾ നികത്തി മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നതിലൂടെ പ്രകൃതിയുടെ സ്വാഭാവികഘടനയിൽ മാറ്റം വരുന്നുണ്ട്.

പഞ്ചായത്തിലെ റബ്ബർകൃഷി മുഖ്യമായും ഉയർന്ന സമതല പ്രദേശത്താണ്. ഹരിജനങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പുനരധിവസിയ്ക്കപ്പെട്ട പ്രദേശമാണിത്. ലാറ്ററൈറ്റ് മണ്ണാണ് കൂടുതൽ. മണ്ണൊലിപ്പ്, പാറ പൊട്ടിയ്ക്കൽ വൃക്ഷശോഷണം എന്നിവയാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ.

മലമ്പ്രദേശങ്ങൾ എഫ്.ഐ.ടി.യുടെ സ്ഥാപനത്തോടെ മരങ്ങൾ വെട്ടി മാറ്റി മരുവൽക്കരണത്തിനുവിധേയമായി. റബ്ബർ, കശുമാവ്, റിസർവ് ഫോറസ്റ്റ് വനം എന്നിവയാണ് ഈ മേഖലയിലുള്ളത്. മണ്ണൊലിപ്പ് മൂലം മണ്ണിന്റെ ഗുണം ഗണ്യമായി നഷ്ടപ്പെട്ടിട്ടുണ്ട്. ഫോറസ്റ്റ് ആൻറ് ഹിൽസോയിൽ എന്ന മണ്ണിനമാണ് ഈ മേഖലയിൽ കാണപ്പെടുന്നത്.

7 പ്രധാന നീർമറികളായാണ് ഭൂപ്രദേശം സ്ഥിതി ചെയ്യുന്നത്. ചെറുനീർമറികൾ നിരവധിയാണ്.

ആകെ 26813 ജനങ്ങളുള്ളതിൽ 13789 പുരുഷന്മാരും 13024 സ്ത്രീകളുമാണ്. സംസ്ഥാനത്തെ സ്ത്രീപുരുഷാനുപാതത്തിൽനിന്നു വ്യത്യസ്തമായി പഞ്ചായത്തിൽ സ്ത്രീകളുടെ

ജനപ്രകൃതി

	18 വയസ്സിനുമേൽ			18 വയസ്സിനു താഴെ			പട്ടികജാതി			ആകെ		
വാർഡ്	പു.	സ്ത്രീ.	ആകെ	പു.	സ്ത്രീ.	ആകെ	പു.	സ്ത്രീ.	ആകെ	പു.	സ്ത്രീ.	ആകെ
I	1171	979	2150	656	548	1204	272	250	520	1827	1527	3354
II	817	796	1613	457	446	903	102	98	200	1274	1242	2516
III	763	710	1473	427	398	825	11	14	25	1130	1168	2298
IV	741	739	1480	415	413	828	221	219	440	1156	1152	2308
V	767	761	1528	427	423	850	23	18	41	1194	1184	2378
VI	819	798	1617	456	444	900	26	28	54	1275	1242	2517
VII	818	810	1628	457	453	910	196	196	392	1275	1263	2538
VIII	918	830	1748	514	464	978	46	42	88	1432	1294	2726
IX	995	987	1982	552	548	1100	30	29	59	1547	1535	3082
X	1041	947	1988	578	530	1108	11	12	23	1619	1477	3096
(n;	8850	8357	17207	4939	4667	9606	938	886	1824	13789	13024	26813

അനുപാതം കുറവാണ്. ജനസംഖ്യയിൽ 1824 പേർ പട്ടികജാതി വിഭാഗങ്ങളാണ്. ഈ വിഭാഗത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്. പ്രായപൂർത്തിയെത്തിയ 17207 പേരാണ് ഉല്പാദനരംഗത്ത് പ്രയോജനപ്പെടുത്താവുന്ന മനുഷ്യശേഷി. കാർഷികമേഖലയിൽ 45% പേരും, കൈത്തൊഴിലിൽ 20% കുടുംബങ്ങളും ഏർപ്പെട്ടിരിക്കുന്നു. സാക്ഷരതാ നിരക്ക് 91% ആണ്. എസ്.എസ്.എൽ.സി. വരെ പഠിച്ചവർ 40% വരും.

ജലപ്രകൃതി

പെരിയാറും, വർഷം മുഴുവൻ ജലശേഷിയുള്ള 6 തോടുകളും വേനലിൽ വറ്റുന്ന ചെറുതോടുകളും 7 കുളങ്ങളും 4 ചിറകളും സ്വകാര്യ ഉടമസ്ഥതയിലുള്ള 3000-ത്തോളം കിണർ, കുളങ്ങളും ചേർന്നതാണ് പഞ്ചായത്തിന്റെ ജലസമ്പത്ത്. 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും, 4 ചെറിയ ജലസേചന പദ്ധതികളും പൊതുജല ശേഷി പ്രയോജനപ്പെടുത്തുന്നു. മലമ്പ്രദേശവും ഉയർന്ന സമതലങ്ങളും വേനലിൽ കടുത്ത വരൾച്ച നേരിടുന്നു. സമതലത്തിലെ നിരവധി കിണറുകൾ വേനലിൽ വറ്റുന്നവയാണ്. പെരിയാറിലെ മണൽ ഖനനം നിമിത്തം ഈ ദുഃസ്ഥിതി ഏറി വരികയാണ്. 3 കുടിവെള്ള പദ്ധതികളിലായി 200-നു മേൽടാപ്പുകൾ ഘടിപ്പിച്ചിട്ടുണ്ട്.

കാലാവസ്ഥ

മാസം	മഴ	ഊഷ്മാവ് (ഡിഗ്രി സെൽഷ്യസ്)	
	മി.മീറ്ററിൽ	കുറഞ്ഞ താപം	കൂടിയ താപം
ജനുവരി	7	23	31
ഫെബ്രുവരി	10	25	32
മാർച്ച്	26	25	32
ഏപ്രിൽ	90	25	33
മെയ്	300	24	32
ജൂൺ	774	24	30
ജൂലൈ	768	24	29
ആഗസ്റ്റ്	459	24	30
സെപ്തംബർ	260	24	31
ഒക്ടോബർ	300	24	31
നവംബർ	155	24	32
ഡിസംബർ	48	23	32

അവലംബം : ദ്വിതീയ വിവര രേഖ

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ മാസത്തിലും കുറവ് ജനുവരിയിലുമാണ്. വർഷീക വർഷപാതം 3197.07 മീ. ആണ്. ഏറ്റവും കുറഞ്ഞ താപനില ഡിസംബർ-ജനുവരിയിലും കൂടിയ താപനില ഏപ്രിൽ മാസ ത്തിലുമാണ്.

ഭൂമി സംബന്ധിച്ച വിവരം

നിലം - 443.63 ഹെക്ടർ

പുരയിടം - 1442.71 "

പുറമ്പോക്ക് - 1360.31 "

ഭൂപ്രകൃതി	സമതലം	ചരിവ്	ചരിവ്	ചരിവ്	ചരിവ്	ചരിവ്	താഴ്ന്ന സമതലം	ഉയർന്ന സമതലം
മണ്ണിനം	വെട്ടുകൽമണ്ണ്	വെട്ടുകൽമണ്ണ് കളിമണ്ണ്	വെട്ടുകൽമണ്ണ്	വനമണ്ണ് വെട്ടുകൽമണ്ണ്	വനമണ്ണ് വെട്ടുകൽമണ്ണ്	വനമണ്ണ് വെട്ടുകൽമണ്ണ്	വനമണ്ണ് വെട്ടുകൽമണ്ണ്	വനമണ്ണ് വെട്ടുകൽമണ്ണ്
സസ്യാവരണം	തെങ്ങ്, മാവ്, പ്ലാവ് ജാതി, കമുക് നെല്ലിവാക, നെല്ല് കാറ്റാടി, പുളി, പഞ്ഞി	നെല്ല്, വാഴ, പച്ചക്കറി കമുക്, അടമ്പ്, കശുമാവ് കൊന്ന, ആൽ, പപ്പായ ഇല്ലി, തേക്ക്	തെങ്ങ്, ഇലവി മട്ടി, കടപ്ലാവ്, താന്നി, കലശ്	റബ്ബർ ആഞ്ഞിലി വേങ്ങ, ഈട്ടി, മരുത്	തെങ്ങ്, പ്ലാവ് കുറ്റിപ്പാണൽ, കല്ലുവാഴ മുരിങ്ങ, കാഞ്ഞിരം	തേക്ക് ഞാവൽ, ലാങ്കി, അത്തമരം, സിൽവർ ഓക്, കുമ്പളം	റബ്ബർ സഷോർട്ട്, ഇരുമുള്ള്, നറുനീണ്ടി, കാര, ഇഞ്ച	റബ്ബർ തെങ്ങ്, വാഴ പ്ലാവ്
ജലലഭ്യത	ലിഫ്റ്റ് ഇറിഗേഷൻ തോട്, പുഴ	ലിഫ്റ്റ് ഇറിഗേഷൻ തോട്, കുടിവെള്ള പദ്ധതി	വരൾച്ച പദ്ധതി ചിറ	വരൾച്ച	വരൾച്ച ചിറ	വരൾച്ച തോട് കുടിവെള്ള പദ്ധതി	വരൾച്ച തോട് 7 മാസം വെള്ളം	വരൾച്ച 7 മാസം വെള്ളം
പരിസ്ഥിതി പ്രശ്നങ്ങൾ	വയൽ നികത്തൽ	മണ്ണൊലിപ്പ്	മണ്ണൊലിപ്പ് ക്രഷർപ്പൊടി	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	പാറ പൊട്ടിക്കൽ	മണ്ണൊലിപ്പ് വൃക്ഷശോഷണം	മണ്ണൊലിപ്പ് വൃക്ഷശോഷണം

5
വികസനമേഖലകൾ



5.1 കൃഷി, ജലസേചനം

ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ നാം നേരിടുന്ന താഴെപ്പറയുന്ന പ്രശ്നങ്ങളുടെ വെളിച്ചത്തിൽ വേണം നമ്മുടെ കാർഷിക വികസനാശയങ്ങൾ രൂപപ്പെടുത്താൻ.

- കേരളത്തിനു വേണ്ട അരിയുടെ മൂന്നിലൊന്നേ നാമിവിടെ ഉല്പാദിപ്പിക്കുന്നുള്ളൂ. 36 ലക്ഷം ടൺ വേണ്ടിടത്ത് 10 ലക്ഷം ടൺ മാത്രം.
- 1970-കളിൽ 13.5 ലക്ഷം ടൺ അരി ഉല്പാദിപ്പിച്ചിരുന്നു നാം. അന്ന് 8.88 ലക്ഷം ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്നത് 5 ലക്ഷം ഹെക്ടർ ആയി ചുരുങ്ങി. ഈ പ്രവണത തുടരുകയാണ്.
- ഭൂരിഭാഗം പച്ചക്കറികളും പയർവർഗ്ഗങ്ങളും മറ്റു സംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവരികയാണ്.
- മുട്ടയ്ക്കും മാംസത്തിനും അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്.
- ഇൻഡ്യയിലെ അരിയുല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ നാണ്യവിളകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.
- ആഗോളാടിസ്ഥാനത്തിൽ അരിയ്ക്ക് ദൗർലഭ്യം അനുഭവപ്പെടുന്നു.
- കൃഷിയോഗ്യമായ ഭൂമി വൻതോതിൽ വാങ്ങി ബഹുരാഷ്ട്ര കമ്പനികൾ വ്യവസായങ്ങൾക്കാവശ്യമായ വിളകളിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുന്നു.

ഭക്ഷ്യകാര്യത്തിൽ കേരളത്തിന്റെ പോക്ക് ആപൽക്കരമായ സ്ഥിതിയിലേയ്ക്കാണ്. മറ്റുള്ളവരെ വല്ലാതെ ആശ്രയിച്ചുള്ള ഇപ്പോഴത്തെ സ്ഥിതി മെച്ചപ്പെടുത്തൽ വികസനത്തിന്റെ പ്രഥമലക്ഷ്യമാകണം.

നമ്മുടെ പഞ്ചായത്ത് ഒരു കാർഷിക പ്രദേശമാണ്. കൃഷിയും കൈത്തൊഴിലുമാണ് നമ്മുടെ മുഖ്യജീവനോപാധികൾ. പഴയകാലത്ത് കോവിലകങ്ങളുടെയും മനകളുടെയും വകയായിരുന്നു ഭൂമിയിലേറെയും. കേരളത്തിൽ "കൃഷിഭൂമി കൃഷിക്കാർക്ക്" എന്ന മുദ്രാവാക്യമുയർത്തി നടന്ന എണ്ണമറ്റ സമരങ്ങളുടെ ഫലമായി കൈവശഭൂമിയ്ക്ക് പട്ടയം ലഭിച്ചവരാണ് ഇന്നുള്ള കൃഷിക്കാരധികവും.

നെല്ല്:

ജന്മിവാഴ്ചക്കാലത്ത് പാട്ടം, വാരം മുതലായവയും ഓണക്കാഴ്ചകളും അടിയന്തിരങ്ങൾക്ക് കണ്ട്കാഴ്ചകളും അടിയാന്മാർ നല്കണമായിരുന്നു. ഒരേക്കറിന് 35 പറ നെല്ലായിരുന്നു പാട്ടം. ഇരുപ്പൂനിലങ്ങളായിരുന്നു ഏറെയും. ഞാൽ പ്രദേശത്ത് ചെമ്പാവ്, ഇട്ടിക്കണ്ടപ്പൻ, അതിയൻ, കുറുമുകൻ എന്നിവയും വിരുപ്പിന് ഓണോട്ടൻ, എരുമക്കാരി, കർത്താര്യൻ എന്നിവയുമായിരുന്നു പ്രധാന വിത്തിനങ്ങൾ. ചാമ, തെന, എള്ള്, മുതിര എന്നിവയും കൃഷി ചെയ്തിരുന്നു. ഈ വിത്തുകളും തെന, മുതിര കൃഷിയും ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു.

കന്നുകാലികളെ ഉപയോഗിച്ച് നില മുഴുതുള്ള കൃഷിരീതിയായിരുന്നു. കാലാവസ്ഥയെക്കുറിച്ചുള്ളൊരു "കലണ്ടർ" ഓരോ കൃഷിക്കാരനും ഹൃദിസ്ഥമായിരുന്നു. ജലസേചന സൗകര്യങ്ങൾ കുറവായിരുന്നെങ്കിലും വയലുകൾ തോറും

തലക്കുളങ്ങളും ചെറുകുളങ്ങളുമടങ്ങിയ ജലസംഭരണികൾ നിർമ്മിച്ച് കൃഷിയാവശ്യത്തിന് ജലം ലഭ്യമാക്കിയിരുന്നു. തുലാവ്, വേത്ത്, ചക്രം, കയറ്റുകൊട്ട കാളത്തേക്ക് തുടങ്ങിയവയായിരുന്നു ജലസേചനോപാധികൾ. കാടുകളുടെ സാമീപ്യം മൂലം നീർച്ചാലുകളിൽ വർഷം മുഴുവൻ വെള്ളമൊഴുകിയിരുന്നു. ഈ സാദ്ധ്യതകളും സാങ്കേതികവിദ്യകളും നഷ്ടമായിക്കഴിഞ്ഞു.

ജന്മിത്വമവസാനിച്ച് ഭൂമിയ്ക്ക് ഉടമകളായിത്തീർന്ന 1957-നുശേഷം കാർഷികരംഗത്ത് നവോന്മേഷം ഉണ്ടായി. ജലസേചനപദ്ധതികളും സഹകരണസംഘവും ആധുനിക കൃഷിരീതികളും കൃഷി അഭിവൃദ്ധിപ്പെടുത്തി. കൃഷി ഭൂമിയുടെ അളവ് വളരെ വർദ്ധിച്ചു. കൃഷിയുടെ നേട്ടങ്ങൾ സ്വന്തമായി ലഭിച്ചതിന്റെ ഫലങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ ആരോഗ്യാദി മേഖലകളിൽ വലിയ പുരോഗതിയ്ക്കിടയാക്കി.

ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ

പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
1442.71	443.63	1360.31	0.29	3246.94

അവലംബം : ദ്വിതീയ വിവര രേഖ

കൃഷിയോഗ്യമായ ഭൂമിയിൽ 375 ഹെക്ടർ നെൽകൃഷിക്കുപയോഗിക്കുന്നു. വില്ലേജ് കണക്കുകളിൽ 443 ഹെക്ടർ നിലമുണ്ട്. ബാക്കി ഭൂമികൾ പരിവർത്തനം ചെയ്യപ്പെട്ടു. ഒരേക്കറിൽ താഴെ ഭൂമിയുള്ള പരിമിതകൃഷിക്കാരാണ് കൂടുതൽ. ഭൂഉടമസ്ഥതയിൽ വന്ന ദ്രുതഗതിയിലുള്ള മാറ്റം കൃഷിഭൂമികൾ തുണ്ടുതുണ്ടുകളാക്കി മാറ്റി.

1980കളോടെ നെൽകൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവന്നു. കൃഷിച്ചെലവിലുണ്ടായ വർദ്ധനവ്, തൊഴിലാളികളുടെ ലഭ്യത കുറവ്, ഉല്പന്നവിലയുമായി ബന്ധപ്പെടുത്തുമ്പോൾ കൂടുതലായിതീർന്ന കൂലിനിരക്ക് എന്നിവ നെൽകൃഷിയുടെ ആദായം കുറയുന്നതിനിടയാക്കി. നെൽവയലുകൾ നാണ്യവിള കൃഷിക്കും പാർപ്പിടാവശ്യത്തിനും ഉപയോഗിക്കാൻ തുടങ്ങി. ഈ പ്രവണത തുടരുകയാണ്. നെല്ലുല്പാദനത്തിൽ ഏതാണ്ട് മൂന്നിലൊന്നിന്റെ കുറവ് ഈ കാലയളവുകൊണ്ട് സംഭവിച്ചിട്ടുണ്ട്. (പട്ടിക അടുത്ത പേജിൽ നോക്കുക)

നെല്ലിന്റെ ഉൽപ്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കുറച്ച് മുന്നിലാണ്. എങ്കിലും കാടിന്റെയും പുഴയുടെയും സാമീപ്യം നൽകുന്ന അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ശരാശരി ഉല്പാദനക്ഷമത ഹെക്ടറിനു 3000 കി.ഗ്രാം ആക്കി ഉയർത്താൻ കഴിയണം. അതിനായി ഇന്നുള്ള ഉല്പാദനഘടകങ്ങളിൽ ഏതുതരത്തിലുള്ള ഇടപെടലുകളാണ് നടത്തേണ്ടത് എന്നാലോചിയ്ക്കണം.. തൊഴിലാളികളുടെ ലഭ്യത കൂലിയുമായി ബന്ധപ്പെട്ടാണിരിയ്ക്കുന്നത്. കൂലി ആദായവുമായും. നെൽകൃഷി ആദായകരമാക്കി അതിനോടുള്ള ആഭിമുഖ്യം വർദ്ധിപ്പിയ്ക്കലാണ് പ്രധാനം. വയലുകളുടെ നിലനില്പ്, ജലസേചനം, ജല നിർഗ്ഗമനം, വായ്പാലഭ്യത, അതിന്റെ ശരിയായ വിനിയോഗം, രാസവളങ്ങളുടെയും ജൈവവളങ്ങളുടെയും ലഭ്യത, സസ്യസംരക്ഷണ ഉപാധികൾ, സഹകരണത്തിലൂടെ ചിലവുചുരുക്കൽ, സഹായധനങ്ങൾ, ശാസ്ത്രീയനേട്ടങ്ങളെ വയലുകളിലെത്തിക്കൽ, കൃഷിസമിതികൾ, വിളനാശത്തിനു സംരക്ഷണം, മറ്റു വയൽകൃഷികളുടെ സംയോജനം എന്നിവ വിശദമായി ചർച്ചചെയ്ത് പോം വഴികൾ കാണണം. ഗ്രാമപഞ്ചായത്തും കൃഷി ഭവനും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

അരി ഉല്പാദനവും ആവശ്യവും

ടൺ കണക്കിൽ

അരിയാവശ്യം	ഇവിടുത്തെ ഉല്പാദനം	റേഷൻ കടകളിലൂടെ	പൊതുവിപണി
2847	646	558	1643

അവലംബം : ദ്വിതീയ വിവരരേഖ

വിളചേരുവയും ഉല്പാദനക്ഷമതയും

വിള	വിസ്തീർണ്ണം ഹെക്ടറിൽ	ഉല്പാദനം മെട്രിക് ടൺ	ഉല്പാദനക്ഷമത ഹെക്ടറിൽ
നെല്ല് ഒന്നാംവിള	375	993	2650 കി.
നെല്ല് രണ്ടാംവിള	375	946	2525 കി.
നെല്ല് മൂന്നാംവിള	250	625	2500 കി.
പച്ചക്കറികൾ	150	375	2500
തെങ്ങ്	750	51,00,000 തേങ്ങ	6800 തേങ്ങ
വാഴ	300	5250	17500 കി.
കുരുമുളക്	110	61	550 കി.
റബ്ബർ	250	1012	4050 കി.
കമുക്	15	34,65,000 അടയ്ക്ക	2,31,000 അടയ്ക്ക
ജാതി	150	108	720 കി.
കശുമാവ്	350	298	850 കി.
മരച്ചീനി	50	125	25000 കി.
ഇഞ്ചി	75	225	3000 കി.
മഞ്ഞൾ	10	19	1900 കി.
പൈനാപ്പിൾ	10	150	15000 കി.

അവലംബം : ദ്വിതിയ വിവരരേഖ



തെങ്ങ്

പഞ്ചായത്തിലെ പ്രധാന കാർഷിക വിളയാണ് തെങ്ങ്. തെങ്ങില്ലാത്ത പുരയിടമില്ല എന്നതാണ് സ്ഥിതി. ഐശ്വര്യത്തിന്റെ പ്രതീകമായി വീടിനുമുമ്പിൽ തെങ്ങുവയ്ക്കുന്ന പാരമ്പര്യമാണ് നമ്മുടേത്. എന്നാൽ തെങ്ങിനെ ബാധിച്ചിരിക്കുന്ന മഞ്ഞളിപ്പ് രോഗം, ജൈവ വളങ്ങളുടെ ശോഷണം, വർഷത്തിൽ രണ്ടു പ്രാവശ്യം നടത്തേണ്ട മരുന്നുതളിയുടെ അഭാവം, തൊഴിലാളികളുടെ ലഭ്യക്കുറവ്, രാസവളത്തിന്റെ വിലവർദ്ധനവ്, വരൾച്ച എന്നിവ നിമിത്തം തേങ്ങയുല്പാദനം താരതമ്യേന കുറവാണ്. തെങ്ങുകൃഷിയോടുള്ള ആഭിമുഖ്യവും കുറയുകയാണ്.

750 ഹെക്ടറിൽ തെങ്ങു കൃഷിയുള്ളതായി കണക്കാക്കുന്നു. 51 ലക്ഷം തേങ്ങയാണ് പ്രതിവർഷം ഉല്പാദിപ്പിക്കുന്നത്.ഒരു ഹെക്ടറിൽ 6800 തേങ്ങയാണ് ഉല്പാദനക്ഷമത. ശരാശരി തെങ്ങൊന്നിന് 30-35 തേങ്ങയെന്നാണിത് കാണിക്കുന്നത്. സംസ്ഥാന ശരാശരിയ്ക്കടുത്താണീ ഉല്പാദനക്ഷമത. കാലാവസ്ഥ, മൺതരം, ജല സേചന സൗകര്യങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ സാദ്ധ്യമായതിനേക്കാൾ കുറഞ്ഞതാണീ ഉല്പാദനക്ഷമതയെന്നു കാണാം. ഒരു തെങ്ങിൽ ശരാശരി 10 തേങ്ങ കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ തെങ്ങുകൃഷിക്കാർക്കുണ്ടാകുന്ന പ്രത്യക്ഷനേട്ടം വർഷത്തിൽ 60 ലക്ഷം രൂപയോളം വരും. ഓരോ ഏക്കറിലും 3000 രൂപയുടെ അധികനേട്ടം.

തെങ്ങിന്റെ ഉല്പാദനക്ഷമത 40-45 തേങ്ങയാക്കി വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് വിദഗ്ധരുമായുള്ള ചർച്ചകൾ കാണിക്കുന്നത്.

റബ്ബർ

ഇല്ലിത്തോട്, കാടപ്പാറ, കണ്ണിമംഗലം തുടങ്ങിയ മലയോരങ്ങളിൽ റബ്ബർകൃഷി വ്യാപകമാണ്. പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സ്വാധീനിക്കുന്ന കൃഷികളിലൊന്നായി റബ്ബർ മാറിയിട്ടുണ്ട്. മറ്റുകൃഷികളെ അപേക്ഷിച്ച് കൂടിയ വരുമാനവും കുറഞ്ഞ തൊഴിലും ഈ കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. നാട്ടിൻപുറങ്ങളിലേയ്ക്കും റബ്ബർ കൃഷി വ്യാപിച്ചുവരികയാണ്.

പച്ചക്കറികൾ

പഞ്ചായത്തിന്റെ വരുമാനത്തിൽ നല്ലൊരു തുക പച്ചക്കറികൾക്കായി പുറത്തേയ്ക്കും, കേരളത്തിനു പുറത്തേയ്ക്കും പോകുകയാണ്. 5,8 വാർഡുകളിലാണ് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്തു വരുന്നത്. എല്ലാ വാർഡിലും ഈ കൃഷിയ്ക്ക് അനുയോജ്യമായ ഭൂമിയുണ്ട്. ഓരോ പുരയിടത്തിലും സ്ക്കൂളുകളിലും പച്ചക്കറി കൃഷിയ്ക്കുള്ള സാധ്യതകൾ ഉപയോഗിച്ചാൽ നമുക്കാവശ്യമായ പച്ചക്കറികളിലേറെയും ഇവിടെ ഉല്പാദിപ്പിക്കാനാകും.

കമുക്

തെങ്ങിന്റെ ഇടവിളയായാണ് കമുക് കൃഷി ചെയ്തുവരുന്നത്. മുമ്പുള്ളപോലെ തോട്ടങ്ങൾ ഇന്നില്ല. പാടത്ത് "മംഗള"യിനത്തിലുള്ള കൃഷി അടുത്തകാലത്തായി ചെയ്തുവരുന്നുണ്ട്. മാഹാളിരോഗം ഉല്പാദനക്ഷമതയെയും ആദായത്തെയും കുറച്ചിട്ടുണ്ട്. 15 ഹെക്ടറിലായി 34,65 ലക്ഷം അടയ്ക്ക ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു.

വാഴ

വാഴകൃഷിക്ക് അനുയോജ്യമായ പ്രദേശമാണ് നമ്മുടേത്. നേന്ത്രവാഴകൃഷിയിൽ ജില്ലയിൽ മുൻപന്തിയിലായിരുന്നു ഈ പഞ്ചായത്ത്. രാസവളങ്ങളും കീടനാശിനികളും അനിയന്ത്രിതമായി ഉപയോഗിച്ച് മണ്ണിന്റെ ഘടനയിലും രോഗപ്രതിരോധത്തിലുമുണ്ടായ ശോഷണം ഈ കൃഷിയുടെ അഭിവൃദ്ധി കുറച്ചു. കാലാവസ്ഥാ കെടുതികളും, വിള നഷ്ടപരിഹാരത്തിന്റെ കുറവും ഈ രംഗത്തെ വരുമാനം ഗണ്യമായി കുറയാനിടയാക്കി. പാട്ടഭൂമികളിൽ പെട്ടെന്നുള്ള ലാഭം ലക്ഷ്യമാക്കി കൃഷിചെയ്തതിന്റെ ദൂഷ്യഫലം കൊണ്ട് നല്ല വിലയുണ്ടായിട്ടും വാഴകൃഷി കുറുയുകയാണ്.

കുരുമുളക്

1,2,4,7,8 വാർഡുകളിലാണ് പ്രധാനമായും കൃഷിചെയ്യുന്നത്. "ദ്രുതവാട്ടം" എന്ന രോഗ ബാധയും സസ്യസംരക്ഷണ പ്രവർത്തനങ്ങളുടെ കുറവും കുരുമുളകിന്റെ ഉല്പാദനക്ഷമത കുറഞ്ഞുനില്ക്കുന്നതിനിടയാക്കുന്നു. 110 ഹെക്ടറിലാണ് കൃഷി ചെയ്യുന്നത്. ഒരു ഹെക്ടറിൽനിന്ന് 550 കി.ഗ്രാം മുളകാണ് ഉല്പാദനക്ഷമത.

കശുമാവ്

നല്ല വിലകിട്ടുന്ന ഉല്പന്നമാണ് കശുവണ്ടി. ഫോറസ്റ്റ് ഭൂമികൾ കൂടികണക്കാക്കുമ്പോൾ 350 ഹെക്ടറിൽ കശുമാവു കൃഷിചെയ്യുന്നുണ്ട്. ഒരു മരത്തിന് 5 കി.ഗ്രാമാണ് ശരാശരി ഉല്പാദനക്ഷമത. ഇല്ലിത്തോട്ടിലാണ് സ്വകാര്യവ്യക്തികൾ കൂടുതലായി ഈ കൃഷിയിലേർപ്പെട്ടിട്ടുള്ളത്. ആ പ്രദേശത്ത് 200 ഹെക്ടറിൽകൂടി കശുമാവ് വ്യാപിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്.

മറ്റു വിളകൾ

150 ഹെക്ടറിൽ ജാതി, 50 ഹെക്ടറിൽ മരച്ചീനി, 75 ഹെക്ടറിൽ ഇഞ്ചി, 10 ഹെക്ടറിൽ മഞ്ഞൾ 10 ഹെക്ടറിൽ പൈനാപ്പിൾ എന്നിവ കൃഷി ചെയ്യുന്നുണ്ട്. ജാതിയ്ക്കയുടെ വിലക്കുറവ് ആ രംഗത്തെ വരുമാനം കുറയുന്നതിനിടയാക്കുന്നു.

ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉല്പാദനക്ഷമത കുറവാണ്. പൈനാപ്പിൾ ഇനിയും വ്യാപിപ്പിച്ച് വരുമാനം കൂട്ടാവുന്ന കൃഷിയാണ്.

വളപ്രയോഗം

തൊഴിൽ കുറയ്ക്കുന്ന കൃഷിരീതി അവലംബിച്ചതിന്റെ ഫലമായി ജൈവവളത്തിന്റെ

രാസവളം കീടനാശിനി ഉപയോഗം

സ്ഥാപനം	1993 - 94			1994 - 95			1995 - 96		
	രാസവളം കി.ഗ്രാം.	കീടനാശിനി		രാസവളം കി.ഗ്രാം.	കീടനാശിനി		രാസവളം കി.ഗ്രാം.	കീടനാശിനി	
		ദ്രവം ലിറ്റർ	ഖരം കി.ഗ്രാം		ദ്രവം ലിറ്റർ	ഖരം കി.ഗ്രാം		ദ്രവം ലിറ്റർ	ഖരം കി.ഗ്രാം
സഹകരണം	54216	26	173	49618	22	168	36180	18	139
സ്വകാര്യം	1,30,000	310	85	170000	240	65	100000	130	50
ആകെ	184216	336	258	219618	262	233	136180	148	189



അവലംബം : ദ്വിതീയ വിവരരേഖ

ഉപയോഗം ഗണ്യമായി കുറയുകയും രാസവളങ്ങളുടെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ജൈവാംശങ്ങളുടെ അളവുകുറഞ്ഞത് മണ്ണിന്റെ പോഷണശക്തി കുറച്ചു. ഈ അവസ്ഥയിൽ രാസവസ്തുക്കളുടെ ഏറിയ ഉപയോഗം മണ്ണിനെ ദരിദ്രമാക്കി. ഉല്പാദനക്കുറവ് പരിഹരിക്കാൻ വീണ്ടും രാസവളങ്ങളെത്തന്നെ ആശ്രയിക്കുകയായിരുന്നു. അടുത്തകാലത്ത് രാസവളങ്ങളുടെ സബ്സിഡി വെട്ടികുറച്ചതോടെ രാസവളങ്ങളുടെ ഉപയോഗവും കുറഞ്ഞിരിക്കുന്നു. അങ്ങനെ മണ്ണിന്റെ തെറ്റായ പോഷണവും പോഷണക്കുറവും ഉല്പാദനത്തെ ബാധിക്കുന്നു.

കീടനാശിനിയുടെ ഉപയോഗം ജൈവ പരിതസ്ഥിതിയെത്തന്നെ ദോഷകരമായി ബാധിക്കുന്ന വിധത്തിലാണ്. രോഗ-കീടനാശിനികളെക്കുറിച്ചുള്ള അജ്ഞത, കൂലിച്ചിലവു കുറയ്ക്കുന്നതിനായി ആവർത്തനം കുറയ്ക്കാൻ കൂടിയ അളവിൽ വിഷവസ്തുക്കളുപയോഗിക്കുന്നത്. അതിന്റെ ഫലമായ പ്രയോജനക്കുറവും കൂടിയ ചിലവും എന്നിവ സസ്യസംരക്ഷണമേഖലയിലെ പ്രശ്നങ്ങളാണ്.

വിലയും വിപണനവും

റബ്ബർ, കുരുമുളക്, കശുമാവ് എന്നിവയാണ് ഉല്പാദനച്ചിലവിനനുസരിച്ച് വിലകിട്ടുന്ന വിളകൾ. തെങ്ങ്, കമുക്, വാഴ, ഇഞ്ചി, പൈനാപ്പിൾ എന്നിവ താരതമ്യേന മെച്ചമാണ്. നെല്ല് ചിലവിനൊപ്പിച്ചുള്ള വരുമാനമേ നൽകുന്നുള്ളു.

വിപണനത്തിനുള്ള മാർക്കറ്റിംഗ് സൗകര്യങ്ങൾ റബ്ബറിനുമാത്രമാണുള്ളത്. കശുവണ്ടിക്ക് സീസണിൽ സംഭരണമേർപ്പെടുത്താറുണ്ടെങ്കിലും ഫലപ്രദമല്ല. ഇല്ലിത്തോട്ടിലെ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയാണ് വിപണനമേഖലയിലെ ഏകസ്ഥാപനം. ഇതുമൂലം ഇടത്തട്ടു ചൂഷണത്തിനു വിധേയരാണ് മിക്കവാറും വിളകളും കർഷകരും.

കാർഷികബന്ധങ്ങൾ

നാമമാത്ര കർഷകരാണ് ഭൂരിപക്ഷവും.

കൃഷി ആദായകരമാക്കാനും അതിനെത്തന്നെ ആശ്രയിച്ചു ജീവിക്കാനും കഴിയാത്ത വിധം ഭൂമി തുണ്ടുവൽക്കരിയ്ക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ സ്വയം അദ്ധ്വാനിക്കുന്നവരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. കൂലിക്കാരെവച്ച് ചെയ്യുന്നവരാണ് അധികം. തനിക്കു വേണ്ടിയല്ലാത്ത കൃഷിജോലികൾ ജന്മിത്വകാലത്തെ ഉല്പാദന പ്രവർത്തനംപോലെ ഉത്സാഹമില്ലാത്തതായി മാറുന്നത് സ്വാഭാവികമാണ്. "കൃഷിഭൂമി കൃഷി ചെയ്യുന്നവന്" എന്ന ഭൂവിപ്ലവത്തിന്റെ സദ്ഫലങ്ങൾ കുറയുന്നതിന് ഈ പ്രവണത കാരണമാകുന്നു.

ഗ്രൂപ്പ് ഫാമിംഗ്പോലെ സഹകരിച്ചുള്ള കൃഷിയുടെ ആവശ്യകതയിലേയ്ക്കുഈ അവസ്ഥ വിരൽ ചൂണ്ടുന്നു. കൃഷി ആദായകരമാക്കി കൃഷിക്കാരനെ ആ തൊഴിലിലുറപ്പിക്കുകയാണവശ്യം.

ഭൂമി ഉടമസ്ഥരുടെ എണ്ണം

1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കർ റിനുമേൽ	ആകെ
2207	1446	948	575	306	433	73	5988

അവലംബം : ദ്വിതീയ വിവരരേഖ

വായ്പാസൗകര്യങ്ങൾ

പഞ്ചായത്തിലുള്ള മലയാറ്റൂർ-നീലീശ്വരം സർവ്വീസ് സഹകരണബാങ്ക്, ഇല്ലിത്തോട് ബറ്റർ ഫാം സഹകരണസംഘം, മൂന്ന് വാണിജ്യബാങ്ക് ശാഖകൾ എന്നിവയാണ് കാർഷികവായ്പ യ്ക്കുള്ള സംവിധാനങ്ങൾ. സഹകരണ സ്ഥാപനങ്ങളിലെ കാർഷിക വായ്പകളിൽ നല്ലൊരു പങ്ക് കാർഷികേതര ആവശ്യങ്ങൾക്കാണ് വിനിയോഗിക്കപ്പെടുന്നത്. ഇത് കൃഷിയിലെ മൂലധന നീക്ഷേപത്തെ കുറയ്ക്കുന്നു.

കൂലിയും സേവനവും

തൊഴിൽ	കൂലി	
	ആണ് – പെണ്ണ്	
ഉഴവ്	125 രൂപ	–
കിളയ്ക്കൽ	100 രൂപ	–
ഞാറ് നടൽ	–	70
മരുന്നുതളിയ്ക്കൽ	100 രൂപ	–
കൊയ്ത്ത്	–	70
ടാപ്പിംഗ്	66 രൂപ 300 മരത്തിന്	–
തെങ്ങ് കയറ്റം	1.5 രൂപ തെങ്ങിന്	

കർഷക സമിതികൾ

6 പാടശേഖരസമിതികളും, ഒരു കേര സംരക്ഷണസമിതിയും, ഒരു കുരുമുളക് സംര ക്ഷണസമിതിയും നിലവിലുണ്ട്. ആരംഭകാലത്തു ണ്ടായിരുന്ന ശ്രദ്ധയും താല്പര്യവും പിന്നീട് കുറഞ്ഞുവന്നു. കാർഷിക വികസനത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കാൻ ഈ സമിതികളുടെ ജനാധിപത്യ പുനഃസംഘടനയും ഔദ്യോഗികമായ പിൻതുണയും അത്യാവശ്യ മാണ്. ഓരോ വാർഡിലും പുരയിടകൃഷി സമിതികൾ രൂപീകരിച്ച് സംയോജിത കൃഷി വികസനത്തിന് ഊന്നൽ നൽകുന്നത് നന്നായിരിക്കും.

നടപ്പുപദ്ധതികൾ

പഞ്ചായത്തിൽ കൃഷി ശാസ്ത്രജ്ഞന്റെയും വ്യാപന വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും സേവ നം ഉറപ്പുവരുത്തുന്നതിനാണ് കൃഷിഭവനുകൾ നിലവിൽ വന്നത്. എന്നാൽ കാർഷിക സംഘാടന ത്തിന്റെ സ്വകാര്യത നിമിത്തം സാമൂഹ്യ പിന്തുണയോടെ പ്രവർത്തനം നടത്താൻ കൃഷിഭവനുകഴിയാതെ പോകുന്നു. കാർഷിക വിജ്ഞാനത്തിന്റെയും നേതൃത്വത്തിന്റെയും സ്ഥാനത്ത് സഹായങ്ങൾക്കുള്ള ഒരാഫീസ് മാത്രമായാണ് കൃഷിഭവനെ കാണുന്നത്. കൃഷി ഭവൻ - കാർഷികസമിതികൾ - ഗ്രൂപ്പ് ഫാമുകൾ - കൃഷിക്കാർ എന്ന നിലയിൽ ഓരോ കൃഷിയിട ത്തേയും കൃഷിഭവനുമായി ബന്ധിപ്പിക്കുന്ന ചലനാത്മകമായ നേതൃത്വഘടന നമ്മുടെ കൃഷിമേഖലയിലുണ്ടാകണം.

കാർഷികമേഖലയിൽ 50 ൽ ഏറെ പദ്ധതി കളുണ്ട്. ഇവയ്ക്കുതന്നെ ഉപപദ്ധതികളുമുണ്ട്. ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ വിവിധ പദ്ധതികൾകൂടി ചേർന്നാൽ ഓരോ പുരയിടത്തിലേയ്ക്കും വയലി ലേയ്ക്കും കൃഷി സംരക്ഷണത്തിനുള്ള പദ്ധതി കൾ നിരവധിയാണ്. കൃഷികൾ തമ്മിലും മണ്ണും കൃഷിക്കാരനും തമ്മിലും ഉള്ള പ്രായോഗിക ബന്ധം നോക്കുമ്പോൾ ഇത്രയേറെ പദ്ധതികളി ലൂടെ പണം തിരിച്ചുവിട്ട് കൃഷിക്കാരന് എത്തുന്ന തിനുമുമ്പെ പലവഴിയിൽ ഒലിച്ചുപോകുന്ന സ്ഥിതി തുടരേണ്ടതുണ്ടോ എന്നാലോചിക്കേ ണ്ടതുണ്ട്.

ജലസേചനം

കാർഷികവികസനത്തിന്റെ താക്കോലാണ് വെള്ളം. വേണ്ട സ്ഥലത്ത് വേണ്ട സമയത്ത് വേണ്ടയത്രയളവിൽ വെള്ളമെത്തിക്കുക യെന്നതാണ് ജലസേചനത്തിന്റെ അടിസ്ഥാന തത്വം. പഞ്ചായത്തിന്റെ അരികുപറ്റിയൊഴുകുന്ന പെരിയാർ, കിഴക്ക് അതിർത്തിയിലുള്ള പെരിന്തോട്, പടിഞ്ഞാറ് അതിർത്തിയിലുള്ള കൊറ്റമതോട്, മലയാറ്റൂർ-നീലീശ്വരം ഭാഗങ്ങളെ വേർതിരിക്കുന്ന പള്ളിപ്പേട്ടതോട്, വടക്കു പടിഞ്ഞാറുള്ള നടുവട്ടംതോട്,3 ചിറകൾ,7 കുള ങ്ങൾ എന്നിവ സമ്പന്നമായ ജലവിഭവങ്ങളാണ്. 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ 3 സാമൂഹ്യ ജലസേചന പദ്ധതികൾ, ഒരു പൊതു ജലസേചന പദ്ധതി, നിരവധി സ്വകാര്യ കിണർ ജലപദ്ധതി കൾ എന്നിവ ഈ ജലസമ്പത്തിനെ മണ്ണുമായി ബന്ധിപ്പിക്കുന്നു. കമ്മീഷൻ ചെയ്യാത്ത മണപ്പാട്ടു ചിറ പദ്ധതിയും ഇടമലയാർ ഇറിഗേഷൻ പദ്ധതി യും കൂടി ചേർന്നാൽ വിപുലമായ ജലസേചന സൗകര്യങ്ങളുമുണ്ട്.

കൃഷിയോഗ്യമായ 1885 ഹെക്ടറിൽ 700 ഹെക്ടറിൽ വെള്ളമെത്തിക്കാൻ ഈ പദ്ധതികൾ പ്രയോജനപ്പെടേണ്ടതാണ്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ക്രമ നമ്പർ	പേര്	ആരംഭിച്ച വർഷം	ആയക്കെട്ട് ഏരിയ ഹെക്ടറിൽ	പമ്പിംഗ് കപ്പാസിറ്റി എച്ച്.പി.	കനാൽ നീളം മീറ്ററിൽ
1.	നമ്പർ-1 - നീലീശ്വരം	1958	91.5	1. 80 2. 50 3. 45	3240
2.	നമ്പർ-2 - നീലീശ്വരം	1972	170	1. 75 2. 50 3. 20	4685
3.	നമ്പർ-1 - മലയാറ്റൂർ	1960	70.5	1. 45 2. 45 3. 45	2960
4.	നമ്പർ-2 - മലയാറ്റൂർ	1972	101.2	1. 80 2. 20	1845
5.	മണപ്പാട്ടുചിറ എൽ.ഐ. സ്കീം	-		121.85	4800
6.	വെസ്റ്റ് കോളനി എൽ.ഐ. സ്കീം	1986	14.28	35 588	
	ആകെ		569.33	590	18418

അവലംബം : ദ്വിതീയ വിവരരേഖ

സാമൂഹ്യജലസേചനപദ്ധതികൾ

1.	മുണ്ടങ്ങാമറ്റം കുന്നിലങ്ങാടി	25 ഏക്കർ
2.	മുണ്ടങ്ങാമറ്റം തെങ്ങിൻമുകൾ	30 ഏക്കർ
3.	നടുവട്ടം	23 ഏക്കർ
4.	കളമ്പാട്ടുപുരം (ബ്ലോക്ക് സഹായം)	30 ഏക്കർ

കൃഷിയാസൂത്രണത്തിന്റെ ഭാഗമായി ജല സേചനത്തെ കാണുന്ന രീതി നിലവിലില്ല. വകുപ്പുകൾ തമ്മിൽ പരസ്പരം കൂട്ടിമുട്ടാത്ത ചാലുകളായാണ് പൊയ്ക്കൊണ്ടിരിക്കുന്നത്.

200 ഹെക്ടറിൽ സ്വകാര്യജലസേചന സൗകര്യങ്ങളുണ്ടെന്ന് അനുമാനിച്ചാൽതന്നെ 985 ഹെക്ടർ ഭൂമി ജലസേചന സൗകര്യമില്ലാത്തവയുണ്ട്. റബ്ബർ, കശുമാവ് തോട്ടഭൂമികളായി 500 ഏക്കർ മാറ്റി വച്ചാൽ 485 ഹെക്ടറിൽ വേഗത്തിൽ ജലസേചന സൗകര്യമെത്തിക്കേണ്ടതായിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളുടെ വികസനം, പുതിയവയുടെ നിർമ്മാണം എന്നിവ ആവശ്യമാണ്. തോടുകളും കുളങ്ങളും രേഖകളിൽ കാണുന്ന അളവിൽ വീണ്ടെടുക്കേണ്ടതുണ്ട്.

പ്രധാന പ്രശ്നങ്ങൾ

- തൊഴിലാളികളുടെ ലഭ്യതക്കുറവ്
- നല്ല വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത കുറവ്
- മാർക്കറ്റിംഗ് ഏജൻസികൾ ഇല്ലാത്തതു കൊണ്ട് ഇടത്തട്ട് ചൂഷണം കൂടുന്നു
- ജൈവവളത്തിന്റെ ലഭ്യതകുറവ്, രാസവളങ്ങളുടെ വിലക്കൂടുതൽ
- ഉല്പന്നങ്ങൾക്ക് ന്യായവില ലഭിയ്ക്കുന്നില്ല
- ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമല്ല; ആവശ്യത്തിനില്ല
- തോടുകളുടെയും കുളങ്ങളുടെയും ശോഷണം.
- വിള സംരംക്ഷണ നഷ്ടപരിഹാരസാദ്ധ്യതകൾ കുറവ്

ഗ്രാമസഭ ആവശ്യങ്ങൾ

കൃഷി

1. സഹകരണസംഘംവഴി കർഷകർക്ക് വളങ്ങളും കീടനാശിനികളും ക്രെഡിറ്റ് കാർഡിൽ വിതരണം ചെയ്യുക.
2. കൃഷിഭവനിൽ മണ്ണുപരിശോധനാ സൗകര്യം ഏർപ്പെടുത്തുക.
3. വാർഡുകൾ തിരിച്ച് കൃഷിവികസന സമിതികൾ രൂപീകരിക്കുക.
4. നാണ്യവിളകൾക്ക് കൃഷിഭവൻവഴി കീടനാശിനികൾ വിതരണം ചെയ്യുക.
5. മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പച്ചിലവളം വനത്തിൽ നിന്നും ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
6. കുമ്മായം, കീടനാശിനികൾ, രാസവളം എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.
7. കൃഷിക്കാർക്ക് ആവശ്യമായ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഈ പഞ്ചായത്തിൽനിന്ന് തന്നെ സംഭരിക്കുന്നതിനുള്ള ഏർപ്പാടുകൾ കൃഷിഭവൻ വഴി ചെയ്യുക.
8. നെൽകൃഷിക്ക് നൽകിക്കൊണ്ടിരിക്കുന്ന ബോണസ് സബ്സിഡി സെൻറിന് 5 രൂപയാക്കുക.
9. വളം, കീടനാശിനി എന്നിവ യഥാസമയം കർഷകസമിതികൾ - (പാടശേഖരകമ്മറ്റികൾ വഴി വിതരണം ചെയ്യുക).
10. നെൽകൃഷിയ്ക്കാവശ്യമായ ജൈവവള നിർമ്മാണയൂണിറ്റ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക. നിലവിലുള്ള പാടശേഖര സമിതികൾവഴി കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, സ്പ്രെയറുകൾ ഉഴവ് മെഷീനു

കൾ എന്നിവ കർഷകർക്ക് സൗജന്യനിരക്കിൽ ലഭ്യമാക്കുക.

11. നെൽപ്പാടങ്ങൾ തരിശിടുന്നതും, നികത്തുന്നതും, മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്നതും തടയുക.

12. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം എല്ലാ പാടശേഖരങ്ങളിലും ഫലപ്രദമായി നടപ്പാക്കുക.

13. കേടുപാടുകൾ സംഭവിച്ചതും രോഗങ്ങൾ വന്നതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് സബ്സിഡി വർദ്ധിപ്പിക്കുക.

14. വിള ഇൻഷ്വറൻസ് പ്രീമിയം സൗജന്യമാക്കി ചേരുന്നവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

15. ഇടവിളകളെ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിച്ച് പ്രോത്സാഹിപ്പിക്കുക.

16. തെങ്ങുകൃഷിയുടെ സാന്ദ്രതയനുസരിച്ച് ആനുകൂല്യങ്ങളുടെ അനുപാതം നിശ്ചയിക്കുക.

17. വാഴവിത്തുകൾക്കും കൃഷിക്കും സബ്സിഡി നൽകുക.

18. വീടുതോറും പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് അടുക്കളതോട്ടം ഉറപ്പാക്കുക.

19. കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് എന്നീ പുഷ്പകൃഷികൾ പ്രോത്സാഹിപ്പിക്കുക.

20. കൂൺകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തിരഞ്ഞെടുത്ത ആളുകൾക്ക് സൗജന്യ പരിശീലനം നൽകുകയും കൂൺവിത്ത് സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

21. പട്ടുനൂൽ വ്യവസായം പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുക.

22. റബ്ബർബോർഡ് കൊടുത്തുകൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുക.

23. കാർഷികവിളകൾ സംഭരിക്കുന്നതിന് കർഷക-സഹകരണസംഘം വഴി കളക്ഷൻ സെൻറുകൾ സ്ഥാപിക്കുക.

24. സമഗ്രമായ കാർഷിക സർവ്വേ നടത്തുക.

ജലസേചനം

1. ജലക്ഷാമം പരിഹരിക്കുവാൻ പെരിയാറിൽ ഒരു ചെക്ക് ഡാം പണിയുക.

2. ഇറിഗേഷൻ കനാലുകൾ കോൺക്രീറ്റു ചെയ്യുക.

3. മണപ്പാട്ടുചിറയിൽ വർഷകാലങ്ങളിൽ ലഭിക്കുന്ന വെള്ളം ഒട്ടുംതന്നെ നഷ്ടപ്പെടാതെ സൂക്ഷിക്കുകയും വേനൽക്കാലത്ത് ചിറയിലേക്ക് വെള്ളം പമ്പ് ചെയ്യുകയും ചെയ്യുക.

4. നീലീശ്വരം നമ്പർ 1 ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസിൽ വേനൽക്കാലത്ത് വെള്ളം പമ്പ് ചെയ്യുന്നതിന് പുഴയിൽ ഒരു പെട്ടിയും പറയും സ്ഥിരമായി ഏർപ്പെടുത്തുക.

5. പത്താംവാർഡിൽ ബ്ലോക്കിൽനിന്നും നൽകിയിട്ടുള്ള 7 എച്ച്.പി. യുടെ മോട്ടോർ പമ്പ് സെറ്റ് മാറ്റി സി.സി.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 10 എച്ച്.പി.യുടെ മോട്ടോർ സ്ഥാപിക്കുക.

6. ആറാം വാർഡിൽ പള്ളുപ്പേട്ട പാലത്തിന് താഴെ ചെക്ക് ഡാം നിർമ്മിച്ച് ചീപ്പിടുക.

7. നാലാം വാർഡിൽ കുന്നപ്പിള്ളി ചിറയിൽ സ്ഥാപിച്ചിട്ടുള്ള ബ്ലോക്കിൽനിന്നും നൽകിയ മോട്ടോർ പമ്പ് സെറ്റ് പ്രവർത്തനരഹിതമായിട്ടുള്ളത് പ്രവർത്തനക്ഷമമാക്കുക.

8. ഇടമലയാർ ജലസേചന പദ്ധതിയുടെ പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി കമ്മീഷൻ ചെയ്യുക.

9. നിലവിലുള്ള എൽ.ഐ. പദ്ധതികളിൽ സ്പെയർ മോട്ടോറുകൾ സ്ഥാപിക്കുക.

10. കനാലുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുക. സ്പൗട്ടുകൾക്ക് ഇരുമ്പുഷട്ടറുകൾ സ്ഥാപിയ്ക്കുക.

11. മണപ്പാട്ടുചിറ എൽ.ഐ. പദ്ധതി കമ്മീഷൻ ചെയ്യുക.

12. മണപ്പാട്ടുചിറയുടെ പടിഞ്ഞാറേ കനാൽ ഉയരം കൂട്ടി 7-ാം വാർഡിലേയ്ക്ക് നീട്ടുക. കാരികുളത്തിൽ വെള്ളമെത്തിച്ച് ലിഫ്റ്റ് ചെയ്ത് കല്ലേക്കാട് പ്രദേശത്ത് വെള്ള മെത്തിയ്ക്കുക.

13. മണപ്പാട്ടുചിറയിൽ പമ്പുസെറ്റ് സ്ഥാപിച്ച് കാടപ്പാറയിൽ ജലസേചനസൗകര്യ മുണ്ടാക്കുക.

14. പള്ളുപ്പേട്ട, കൊറ്റമം തോടുകളിൽ ചെക്ക് ഡാം നിർമ്മിക്കുക.

15. മലയാറ്റൂർ നമ്പർ 2 കനാലിന്റെ ബ്രാഞ്ച് കനാൽ പള്ളിപ്പേട്ടവരെ നീട്ടുക.

16. നമ്പർ 1 മലയാറ്റൂർ കനാലിന് വൈശംകുടിയിൽ ക്രോസ് ബാർ പണിയുക.

17. പള്ളിപ്പേട്ട പാലത്തിന് സമീപം ചെക്ക് ഡാം നിർമ്മിച്ച് പ്ലാപ്പിള്ളിക്കവലയ്ക്ക് സമീപം വെള്ളമെത്തിയ്ക്കുക.

18. കൃഷിവിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ നടത്തുക.

19. നീലിശ്വരം നമ്പർ 2 പദ്ധതി നീലീശ്വരം പാടത്തേയ്ക്ക് നീട്ടുക.

20. നടുവട്ടം കാവുങ്ങൽകുളംചിറ താഴ്ത്തി നമ്പർ 1 കനാൽ കുളത്തിലേക്ക് നീട്ടുക. കാവുങ്ങൽ കുളത്തിൽനിന്നും എൽ.ഐ. പദ്ധതി സ്ഥാപിച്ച് കുന്നിലങ്ങാടി ഭാഗത്തേയ്ക്ക് സി.സി.ഡി.പി. പദ്ധതി പ്രകാരം വെള്ളമെത്തിയ്ക്കുക.

21. ചിറ്റേൻ കെട്ട് തോടിനു കുറുകെ ക്രോസ് ബാർ പണിയുക.

22. കൈതകം ഡാമിൽനിന്നും വരുന്ന നടുവട്ടം കനാലിന്റെ മുട്ടുചിറ കെട്ടി സംരക്ഷിക്കുക.

23. കുറുവിച്ചിറ ആഴവും വീതിയും കൂട്ടി സംരക്ഷിയ്ക്കുക. കുറുവിച്ചിറയിൽനിന്നും പരിപ്പുംവട്ടംവരെ തോടുകെട്ടി സംരക്ഷിയ്ക്കുക.

24. നടുവട്ടം വടക്കേപാടംതോട് കെട്ടി സംരക്ഷിയ്ക്കുക.

25. 9-ാം വാർഡിലെ വിശ്വകർമ്മപുരം എൽ.ഐ. പദ്ധതി സ്ഥാപിയ്ക്കുക.

26. ഒന്നാംവാർഡിൽ പഴവളംതോട്, വെള്ളിലക്കണ്ടം തോട്, മുളങ്കുഴിത്തോട് എന്നിവ കെട്ടി സംരക്ഷിയ്ക്കുക, തടയണകൾ നിർമ്മിയ്ക്കുക.

27. രണ്ടാം വാർഡിൽ വള്ളിയാംകുളം തോട്ടിൽ തടയണകെട്ടി വള്ളിയാംകുളം കോളനിയിൽ വെള്ളമെത്തിക്കുക.

28. നാലാം വാർഡിലെ മൂന്ന് തോട് ബാക്കി ഭാഗം കെട്ടി സംരക്ഷിക്കുക.

29. നീലീശ്വരം നമ്പർ 2 എൽ.ഐ.യിൽനിന്നും പത്താംവാർഡിലെ കൊടിങ്കര പാടത്തേക്ക് കനാൽ കെട്ടുക.

30. പന്തയ്ക്കൽ പാടശേഖരത്തിലെ തോട്, നമ്പിശ്ശേരി തോട്, മുങ്ങിയവഴിതോട്, ചിറ

ത്തോട്, കരിപ്പുഴതോട്, വള്ളോക്കരതോട്, ചാട്ടുകുഴിതോട് എന്നിവ കെട്ടി സംരക്ഷിയ്ക്കുക.

31. മണപ്പാട്ടുചിറ കവിഞ്ഞൊഴുകുന്ന കനാലിന്റെ പണി പൂർത്തിയാക്കുക.

സാധ്യതകൾ - പരിഹാരങ്ങൾ

- കൃഷിഭവനെ ജനകീയ സമിതിയിലൂടെ ശക്തിപ്പെടുത്തി കാർഷിക വികസനത്തിന്റെ നേതൃത്വമേൽപ്പിക്കണം.
- പാടശേഖരസമിതികളും, ഗ്രൂപ്പ് ഫാമിംഗ് സമിതികളും പുരയിട കൃഷി സമിതികളും ഓരോ പ്രദേശത്തും രൂപീകരിച്ച് കൃഷിക്കാരെ കൃഷിഭവനുമായി ബന്ധിപ്പിക്കണം.
- ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാവുന്ന വിധം ജലസ്രോതസ്സുകളുണ്ട്.
- മണ്ണിന്റെ ഘടന മെച്ചപ്പെടുത്തി ഉല്പാദനക്ഷമത 30% കൂടി വർദ്ധിപ്പിക്കണം.
- ഇഷ്ടികക്കളങ്ങൾക്കോ മറ്റു രീതിയിലോ കാര്യമായ ഭൂമി നഷ്ടം ഉണ്ടായിട്ടില്ല. ഭൂസംരക്ഷണനിയമങ്ങൾ കർശനമായി നടപ്പാക്കണം.
- കാർഷിക വിജ്ഞാനവ്യാപനം കൃത്യമായി നടത്തി ഉല്പാദനം വർദ്ധിപ്പിക്കാനാകും.
- ഒറ്റയ്ക്കു ചെയ്യുമ്പോൾ നഷ്ടമായിത്തീരുന്ന കൃഷി സംരക്ഷണപ്രവർത്തനങ്ങൾ പൊതുവായി ഏറ്റെടുത്തു നടത്തി ഉല്പാദനം വർദ്ധിപ്പിക്കാം.
- കൃഷി ആകർഷകമാക്കുന്ന എല്ലാ നടപടികൾക്കും മുൻഗണന നൽകണം.
- ജൈവവളം, ഉല്പാദനം കുടുംബങ്ങളിലും പൊതുവായും നടത്തി ഉല്പാദനം വർദ്ധിപ്പിക്കാനാകും.

5.2 മൃഗസംരക്ഷണം – മത്സ്യബന്ധനം

മൃഗസംരക്ഷണം

മലയാറ്റൂർ-നീലീശ്വരം പഞ്ചായത്ത് രണ്ട് മൂന്ന് ദശാബ്ദങ്ങൾക്കുമുമ്പ് കന്നുകാലി സമ്പന്നമായിരുന്നു. നിലം ഉഴുന്നതിനും വണ്ടി വലിക്കുന്നതിനും പാലിനും വേണ്ടി കന്നുകാലികളെ വളർത്തിയിരുന്നു. തൊഴുത്ത് നിറയെ കാലികൾ പ്രതാപത്തിന്റെ പ്രതീകമായിരുന്നു. ഇറയം മെഴുകാനും മുറ്റം തളിക്കാനും ചാണകത്തിന് ഒരു പശുവിനെയെങ്കിലും വളർത്തുന്നത് ഹിന്ദുഗൃഹങ്ങളിൽ പതിവായിരുന്നു. കൃഷിയോടൊപ്പം കാലിവളർത്തൽ ഒരു പ്രധാന തൊഴിലായിരുന്നു. ഇന്നത്തെയത്രയും വേലികളോ മതിലുകളോ ഇല്ലാത്ത വിശാലവും വിജനവുമായ പറമ്പുകളിലും കുറ്റിക്കാടുകളിലും പാടങ്ങളിലും വിപുലമായ മേച്ചിൽ സൗകര്യങ്ങളുണ്ടായിരുന്നു. കറവ തീർന്ന പശുക്കളെ മലകയറ്റി വിട്ടാൽ പിന്നീട് പ്രസവത്തിനു മുമ്പായി കണ്ടെത്തി വീട്ടിൽ കൊണ്ടുവരുന്ന പതിവുണ്ടായിരുന്നു. ഏതാനും കുടുംബങ്ങളിലെ കന്നുകാലികളെ ഒരുമിച്ച് മലയിലേയ്ക്ക് കൊണ്ടുപോയി തീറ്റികൊണ്ടുവരുന്നതിന് നാമമാത്രമായ കൂലിയ്ക്ക് മേച്ചിൽക്കാരെ ഉപയോഗിച്ചിരുന്നു. "കാലിപ്പയ്യന്മാർ" ആയി ഊരും മലയും ചുറ്റി നടക്കുന്നത് കൗമാരക്കാരുടെ തൊഴിലും വിനോദവുമായിരുന്നു.

കൂടുതൽ കന്നുകാലികളുള്ളവരിൽനിന്ന് "വളർത്താൻ" പശുക്കളെ വാങ്ങുകയും പ്രസവിച്ചു കഴിയുമ്പോൾ കിട്ടാരിയെ പ്രതിഫലമായി സ്വീകരിക്കുകയും ചെയ്യുന്ന പതിവ് പാവപ്പെട്ട വീടുകളിലുണ്ടായിരുന്നു.

കറവക്കാലം ഉടമയ്ക്കുള്ളതാണ്. അതുകഴിഞ്ഞാൽ വീണ്ടും വളർത്തുകാലം കിടാരിക്കുവേണ്ടി ആദ്യയാൾക്ക്. പെരുമ്പാവൂരായിരുന്നു കാലിച്ചന്ത. ഉഴവിനുമുമ്പായി കാലികളെ വാങ്ങുകയും ഉഴവുകാലം കഴിഞ്ഞാൽ വില്ക്കുകയും ചെയ്യുന്നത് ചെറിയ കൃഷിക്കാർക്കിടയിൽ പതിവായിരുന്നു.

ഒരു വശത്ത് പുഴയും മറുവശത്ത് കാടും മലയും ഉള്ള സവിശേഷമായ ആവാസ വ്യവസ്ഥയായിരുന്നു നമ്മുടേത്. ഫോറസ്റ്റ് ഇൻഡസ്ട്രിയിന്റെ വരവോടെ കാടെല്ലാംവെട്ടിത്തെളിച്ചു. ശേഷിച്ച കുറ്റിക്കാടുകൾ അതിവേഗം വാസസ്ഥലങ്ങളും റബ്ബർതോട്ടങ്ങളുമായപ്പോൾ മേച്ചിൽ സ്ഥലങ്ങൾ വിരളമായി. കുടികിടപ്പവകാശം വന്നപ്പോൾ ജന്മിമാരുടെ കൈയിലിരുന്ന വലിയ കൃഷിയിടങ്ങൾ തുണ്ടുകളാവുകയും ചെയ്തു.

ഉഴവിനും ചരക്കു കടത്തിനും യന്ത്രങ്ങൾ പ്രചാരത്തിൽ വന്നതോടെ കാളകളും, പോത്തുകളും അനാവശ്യമായി - അപ്രത്യക്ഷമായി. 1990-കളിൽ വരെ കൊറ്റമം, നീലീശ്വരം, തോട്ടുവ ഭാഗത്ത് കാളവണ്ടികൾ ചരക്ക് കടത്തിന് ഉപയോഗിച്ചിരുന്നു.

ധാരാളമായുണ്ടായിരുന്ന ആടുകൾ തീറ്റ കുറഞ്ഞതോടെ ചില കുടുംബങ്ങളിൽ മാത്രമായൊതുങ്ങി. കോഴി വളർത്തലും താറാവു വളർത്തലും പണ്ടത്തെയപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്.

കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങളും കാലി കോഴിതീറ്റകളുടെ ദൗർലഭ്യവും വിലക്കൂടുതലും പുല്ല്, വയ്ക്കോൽ എന്നിവയുടെ ലഭ്യതക്കുറവും ബുദ്ധിമുട്ട് സഹിക്കാനുള്ള മനഃസ്ഥിതിയിൽ പൊതുവെ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

എന്നാൽ പാല്, പുലുൽപ്പന്നങ്ങൾ, മുട്ട, മാംസം എന്നിവയുടെ ഉപയോഗം മുൻകാലത്തെ അപേക്ഷിച്ച് വർദ്ധിപ്പിച്ചിരിക്കുകയാണ്. മാംസാഹാരങ്ങളോട് ചില വിഭാഗങ്ങൾക്കുണ്ടായിരുന്ന താല്പര്യക്കുറവ് ഏതാണ്ട് മാറിക്കഴിഞ്ഞു. പുതിയ തലമുറ മാംസാഹാരപ്രിയരാണ്. കുട്ടികൾക്ക് മുട്ടയും മാംസവും നൽകി വളർത്തുന്നതിൽ സസൃഭുക്കുകളായ മാതാപിതാക്കൾപോലും ശ്രദ്ധിച്ചുവരുന്നു. പാലുപയോഗം വളരെ കൂടിയിട്ടുണ്ട്.

മൊത്തത്തിലുള്ള കാലിസമ്പത്ത് കുറഞ്ഞിട്ടുണ്ടെങ്കിലും കറവപ്പശുക്കളുടെ കാര്യത്തിൽ സങ്കരയിനങ്ങളിലേക്കുള്ള മാറ്റം നിമിത്തം പാലുൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പശു പരിപാലനത്തിൽ സാരമായ പുരോഗതിയുണ്ടായിട്ടുണ്ട്. നാടൻ പശു ഇനങ്ങൾ ശോഷിക്കുകയും സുനന്ദിനി, ഹോൾസ്റ്റീൻ, ബ്രൗൺ സ്വിസ്, സിന്ധി, ജഴ്സി സങ്കരജനുസ്സുകളുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ട്. മൊത്തം പാലുൽപ്പാദനത്തിന്റെ 90 ശതമാനവും സങ്കരയിനങ്ങളുടെ പങ്കാണ്. എന്നാൽ നാടൻ ഇനങ്ങളുടെ തീർത്തുമുള്ള ശോഷണം ആശാസ്യമല്ല. അത് നമ്മുടെ നാടിന്റെ തനിമകൾ ഉൾക്കൊണ്ട ഇനങ്ങളാണ്. കുറഞ്ഞ തീറ്റയിൽ ശരാശരി പാലും ഏതു പ്രകൃതിയെയും കാലാവസ്ഥയെയും പരിചരണത്തേയും അതി ജീവിക്കാനുള്ള കഴിവും അവയ്ക്കു മാത്രമുള്ളതാണ്. എന്നാൽ ശുദ്ധമായ നാടൻ ഇനങ്ങൾ നമുക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. രാജ്യം നേരിടുന്ന പുതിയ വാണിജ്യക്കരാർ വ്യവസ്ഥകളും സങ്കരയിനങ്ങൾ നേരിടുന്ന ഭക്ഷ്യ ആരോഗ്യപ്രശ്നങ്ങളും പഴയ നല്ല നാടൻ ഇനങ്ങളെക്കുറിച്ച് ചിന്തിക്കാനും പഠിക്കാനും ഇടവരുത്തിയിട്ടുണ്ട്. കേരളത്തിലെ ഗവേഷണ ശാലകളിൽ, നഷ്ടപ്പെട്ട നല്ല നാടൻ ജനുസ്സുകളെ വീണ്ടെടുക്കാൻ ലക്ഷങ്ങൾ ചില വിട്ടുകൊണ്ട് ഗവേഷണങ്ങൾ ലക്ഷങ്ങൾ ചില വിട്ടുകൊണ്ട് ഗവേഷണങ്ങൾ നടന്നുവരികയാണ്. ഇത് നല്കുന്ന ഗുണപാഠം ഉൾക്കൊണ്ടുവേണം നമ്മുടെ മൃഗസംരക്ഷണ മേഖലയിലെ വികസന പരിപാടികൾ ആസൂത്രണം ചെയ്യാൻ.

വളർത്തുമൃഗസംഖ്യ

വാർഡു നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	-	20	1	13	32	41	90	104	43	31	9	132	76	-
2	-	18	-	10	9	35	115	107	21	36	11	101	90	-
3	-	4	-	7	8	30	75	106	17	25	10	94	114	-
4	-	4	-	5	14	35	66	93	15	22	17	109	105	
5	-	3	1	8	11	38	109	111	25	21	11	171	88	-
6	-	-	-	7	9	36	85	117	12	26	22	110	88	-
7	–	2	–	8	10	37	76	109	17	21	19	122	114	
8	-	4	-	12	11	38	117	112	15	23	21	101	99	
9	-	2	1	9	7	42	86	108	13	21	19	91	92	
10	-	1	-	10	10	37	107	110	23	18	21	104	101	
ആകെ	0	58	3	89	121	369	917	1077	201	244	160	1135	967	0

അവലംബം : ദ്വിതീയ വിവരരേഖ

മൃഗാശുപത്രിയിലെ കണക്കുകളനുസരിച്ച് ശരാശരി മൂന്നിലൊന്നു വീടുകളിൽ കൂടുതൽ സങ്കരയിനം പശുക്കളുണ്ട്. ഇതിൽ പകുതിയും കറവയുള്ളതാണ്. 5000 കി.ഗ്രാം പാൽ ഈ വകയിൽ ഉല്പാദിപ്പിയ്ക്കപ്പെടുന്നതായി കണക്കാക്കുന്നു. നാടൻ പശുക്കൾ 500-നടുത്ത് വരും. അഞ്ചിലൊന്ന് കുടംബങ്ങളിൽ ശരാശരി ഇവ ശേഷിക്കുന്നു എന്നത് ശ്രദ്ധേയമാണ്. 350 കി.ഗ്രാം പാൽ ഇവയിൽനിന്നു ലഭിക്കുന്നുണ്ടെന്നു കണക്കാക്കാം. സങ്കരയിനങ്ങളുടെ ഉല്പാദനക്ഷമത, ശാസ്ത്രീയമായി സാദ്ധ്യമായതിനേക്കാൾ താഴെയാണ്. പഞ്ചായത്തിലെ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലംകൊണ്ട് പാലുൽപ്പാദനരംഗത്തുണ്ടായ ഈ വർദ്ധനവ് ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. 2000 കി.ഗ്രാംകൂടി പദ്ധതിയുടെ ആദ്യവർഷങ്ങളിലും തുടർന്നുള്ള വർഷങ്ങളിലൂടെ 4000 കി.ഗ്രാമും ലക്ഷ്യം വച്ച് നീങ്ങാവുന്നതാണ്.

കൃത്രിമബീജ സങ്കലനവിവരങ്ങൾ:

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയത്	ഗർഭധാരണത്തിൽ 2-ലധികം തവണ ബീജസങ്കലനം വേണ്ടി വന്നത്
പശു കിടാരി	1994	221	1
എരുമ	441	13	-

ശരാശരി പ്രതിമാസ ബീജസങ്കലനം - 29

അവലംബം : ദ്വിതീയ വിവരരേഖ

തീറ്റ:

തീറ്റപ്പുൽകൃഷി കാർഷികാസൂത്രണത്തിന്റെ ഭാഗമാക്കി വർദ്ധിപ്പിച്ചും സൈലേജ് സംവിധാനത്തിലൂടെ വൈക്കോലിന്റെ ഗുണംകൂട്ടിയും പുല്ലിന്റേറയും വൈയ്ക്കോലിന്റെറയും കുറവ് പരിഹരിക്കേണ്ടതുണ്ട്.

കാലിത്തീറ്റയുടെ വിലയും ഗുണക്കുറവുമാണ് കർഷകർ നേരിടുന്ന വലിയൊരു പ്രശ്നം. കാലിത്തീറ്റ കുത്തകക്കമ്പനികളുടെയും ഇടത്തട്ടുകാരുടെയും ചൂഷണത്തിന് അറുതി വരുത്തിക്കൊണ്ടേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. കന്നുകാലി വികസന പരിപാടിയുടെ ഭാഗമായി സമഗ്രപദ്ധതിയിൽ പഞ്ചായത്തിൽതന്നെ കാലിത്തീറ്റ നിർമ്മാണ സാദ്ധ്യത ആരായണം. ഈ മേഖലയിൽ സർക്കാർ അല്ലെങ്കിൽ സഹകരണമേഖല ഇടപെടേണ്ടതാവശ്യമാണ്.

വിപണനം:

പ്രാദേശികമായ ചായക്കടകളും സഹകരണമിൽക് സൊസൈറ്റികളുമാണ് വിപണന സൗകര്യങ്ങൾ. വിപണന സൗകര്യങ്ങൾ താരതമ്യേന ഭേദമാണ്. മൃഗസമ്പത്തിൽ കാര്യമായ വർദ്ധനവു വരുത്തുന്നതിന്റെ ഭാഗമായേ പുതിയ വിപണന സൗകര്യങ്ങളുടെ ആവശ്യകത കൂട്ടുകയുള്ളൂ. പാൽശേഖരണം, മൃഗചികിത്സ, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ, ബീജസങ്കലനം, ബോധവൽക്കരണം, കന്നുകാലി പ്രദർശനം, മത്സരം, പാലുൽപ്പന്നങ്ങളുടെ ഉല്പാദനം, വിപണന കോഴി, താറാവ് എന്നിവയുടെ വികസനം ഇവ സാദ്ധ്യമാക്കുന്ന വികേന്ദ്രീകൃത യൂണിറ്റുകളായി ഇപ്പോഴുള്ള സംഘങ്ങളെ മാറ്റിയെടുക്കണം.

പശുവിനുണ്ടാകുന്ന രോഗങ്ങളിൽ പരാദരോഗങ്ങളാണ് കൂടുതൽ. ദഹനസംബന്ധമായ

പാലുല്പാദനവും വിതരണവും

വർഷം	1 വർഷം മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേയ്ക്ക് അയയ്ക്കുന്നത്
1993-94	3,44,326.0	54090	293131
1994-95	3,64,782.5	55916	313497
1995-96	4,87051.5	61206	431359

അവലംബം : ദ്വിതീയ വിവരരേഖ



പാലുല്പാദനത്തിലെ വളർച്ച



വളർത്തുമൃഗങ്ങളുടെ അനുപാതം

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായവ Digestive disorders	672	132	240	60	-	972			-	-
2.	ശ്വാസകോശ സംബന്ധം Respiratory diseases	216	24	84	-	48	-	-	-	-	
3.	ഉപാപചയ സംബന്ധം Metabolic diseases	2120	12	24	-	-	-	-	-	-	-
4.	ത്വക് രോഗങ്ങൾ Skin diseases	40	12	12	2	-	-	-	-	-	12
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	301	42	36	6	-	2	-	-	-	-
6.	പരാദരോഗങ്ങൾ Parasitic diseases	780	108	102	22	11	-	-	-	-	-
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	520	82	13	2	-	-	-	-	-	-
8.	വന്ധ്യത Infertility	48	12	1	-	-	-	-	-	-	-
9.	അകിടുവീക്കം Mastitis	52	6	32	-	-	-	-	-	-	-
10.	മുടന്തൻപനി Ephemeral Fever	36	-	-	-	-	-	-	-	-	
11.	പകർച്ചവ്യാധികൾ Contagion diseases	-	-	-	-	-	-	-	-	-	-

അവലംബം : ദ്വിതീയ വിവരരേഖ

അസുഖങ്ങളാണ് അതുകഴിഞ്ഞാൽ മുന്നിൽ. പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ വളരെ കൂടുതലാണ്. ധാതുലവണത്തിന്റെ അഭാവമാണ് മറ്റൊരു പ്രശ്നം. ശ്വാസകോശസംബന്ധമായ രോഗങ്ങളും ഉപാപചയ രോഗങ്ങളും കുറവല്ല. വന്ധ്യത, അകിടുവീക്കം, മുടന്തൻ പനി എന്നിവയുടെ സാന്നിദ്ധ്യമുണ്ട്.

പരാദരോഗങ്ങളേക്കാൾ ദഹനസംബന്ധമായ രോഗങ്ങളാണ് എരുമകളിൽ കൂടുതൽ. മറ്റു രോഗങ്ങളുടെ നിരക്ക്പശുക്കളെപ്പോലെ തന്നെയാണ്.

ദഹനസംബന്ധമായ രോഗങ്ങളും പരാദ രോഗങ്ങളുമാണ് ആടുകൾക്ക് ഭീഷണി. കോഴികൾക്ക് ദഹനസംബന്ധമായ രോഗബാധയാണ് കൂടുതൽ.

മൊത്തത്തിൽ നോക്കുമ്പോൾ ആഹാരവുമായി ബന്ധപ്പെട്ട രോഗങ്ങളാണ് കാലി സമ്പത്തിന്റെ ഉല്പാദനക്ഷമതയെ ഗുരുതരമായി ബാധിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്.

പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം	-	-	-	50	-	-
കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം	-	-	-	-	-	-

അവലംബം : ദ്വിതീയ വിവരരേഖ

വളർത്തുപക്ഷികളിൽ നമ്മുടെ പഞ്ചായത്തിൽ കോഴികളാണ് കൂടുതൽ. താറാവും, ചില വാർഡുകളിൽ പന്നികളേയും വളർത്തുന്നുണ്ട്. മുട്ടയുടെയും മാംസത്തിന്റെയും ഉപയോഗം ഗണ്യമായി ഉയർന്നിട്ടുണ്ട്. രാത്രികാല തട്ടുകടകളും ഓംലറ്റ് തട്ടുകളും പഞ്ചായത്തിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഇറച്ചിക്കോഴി വില്പന കേന്ദ്രങ്ങളും ഉണ്ട്. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നെത്തുന്ന ഗുണം കുറഞ്ഞ മുട്ടയും മാംസവുമാണ് ഇവിടെ വിറ്റഴിയുന്നത്. പഞ്ചായത്തിലെ മുട്ട, മാംസം എന്നിവയുടെ ആവശ്യം നിർണ്ണയിച്ച് അതിനാവശ്യമായ മുട്ട-ഇറച്ചി കോഴികളുടെ ഉല്പാദനം പ്ലാൻ ചെയ്യണം. ഹാച്ചറി, ഉല്പാദനം, വിപണനം എന്നിവയുടെ ശാസ്ത്രീയമായ സംയോജനം ഇതിനാവശ്യമാണ്.

വളർത്തുപക്ഷികൾ:

ഇനം	നാടൻ	മെച്ചപ്പെട്ട ഇനം	ആകെ
കോഴി	20102	2975	23077
താറാവ്	585		585

അവലംബം : ദ്വിതീയ വിവരരേഖ

മൃഗാശുപത്രി:

ഇപ്പോൾ മൂന്നാം വാർഡിൽ വാടക കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. കാലടിയിലെ വെറ്റിനറി പോളി ക്ലിനിക് സേവനവും ലഭിക്കുന്നുണ്ട്. ആവശ്യക്കാർക്ക് ചികിത്സാ സേവനം, ബീജസങ്കലനം എന്നിവയാണ് മൃഗാശുപത്രിയിൽ നിന്നുള്ള പ്രധാന സൗകര്യങ്ങൾ. പഞ്ചായത്തുരാജിന്റെ ഫലമായി പഞ്ചായത്ത് ഗവൺമെൻറിന്റെ മൃഗസംരക്ഷണ വകുപ്പായി മൃഗാശുപത്രി മാറേണ്ടതുണ്ട്. ഇന്നുള്ള പരിമിതസേവനങ്ങളുടെ സ്ഥാനത്ത് പഞ്ചായത്തിന്റെ മൊത്തം മൃഗസംരക്ഷണ നേതൃത്വം മൃഗാശുപത്രിക്കാവണം. ജനകീയ സമിതികൾ രൂപീകരിച്ച് ആശുപത്രിയ്ക്ക് പിൻതുണ നൽകണം. ഗ്രാമപഞ്ചായത്തിന്റെ മോണിട്ടറിംഗും മേൽനോട്ടവും സഹായവും ഉണ്ടാകണം.

പ്രശ്നങ്ങൾ

1. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ സങ്കരയിനം പശുക്കളുടെ കുറവ്.
2. ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത.
3. മേച്ചിൽ സ്ഥലങ്ങളുടെ കുറവ്.
4. കാലിത്തീറ്റയുടേയും മറ്റും ക്രമാധീതമായ വിലവർദ്ധനവ്.
5. മൃഗസംരക്ഷണരംഗത്ത് ആസൂത്രിതമായ ബോധവല്ക്കരണത്തിന്റെ കുറവ്.
6. അശാസ്ത്രീയമായ ബാങ്കിംഗ് സംവിധാനങ്ങൾ.
7. കൃഷിയുടെ കുറവും - ആ രംഗത്തെ യന്ത്രവക്കരണവും
8. പാലിനും, പാലുല്പന്നങ്ങൾക്കും കർഷകന് വേണ്ടത്ര വില ലഭിക്കുന്നില്ല.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടെ പശു വളർത്തലിൽ താല്പര്യമുള്ള എല്ലാവർക്കും പശുവിന്റെ ഈടിന്മേൽ മാത്രം ലോൺ നല്കുക.
2. ഇറച്ചി, മുട്ട കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം.
3. സൗജന്യമായി കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും, യഥാസമയത്ത് പ്രതിരോധകുത്തിവയ്പുകളും വേണം.
4. ഗോവർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് വീടുകളിൽ ബോധവൽക്കരണവും, സാമ്പത്തിക സഹായവും നല്കണം.
5. മലയോരപ്രദേശങ്ങളോട് തൊട്ടു കിടക്കുന്ന വാർഡുകളിൽ ആട് കൃഷിയെ പ്രോത്സാഹിപ്പിക്കുക.
6. ഇല്ലിത്തോട്ടിൽ ബ്രീഡിംഗ് സബ് സെൻറർ തുടങ്ങുക.
7. പാൽ കർഷകരെ സഹായിക്കുവാൻ 5 ലിറ്ററിൽ കൂടുതൽ പാലുള്ള പശുക്കളെ പഞ്ചായത്ത് വഴി നേരിട്ട് ഇൻഷൂർ ചെയ്യുക.
8. അത്യുൽപ്പാദനശേഷിയുള്ള കന്നുകുട്ടികളെ കർഷകർക്ക് വിതരണം നടത്തുക.
9. സ്ത്രീകളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പാൽ ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുക.
10. പഞ്ചായത്ത് തലത്തിൽ പുൽകൃഷിക്ക് സ്ഥലം മാറ്റിവെയ്ക്കുകയും കൃഷി പഞ്ചായത്തിന്റെ ധനസഹായത്തോടെ നടപ്പാക്കുക.
11. കുരിശുമുടിയിൽ 100 ഏക്കർ സ്ഥലം ലഭ്യമാക്കി ഡയറിഫാം സ്ഥാപിക്കുക.

12. കിടാരി സംരക്ഷണ പദ്ധതി ഊർജ്ജിത മാക്കി സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.

13. ഈ പഞ്ചായത്തിൽ സഹകരണാടി സ്ഥാനത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

14. നിലവിലുള്ള മലയാറ്റൂർ മൃഗാശുപത്രിക്കു സ്ഥലം ലഭ്യമാക്കി കെട്ടിടം പണിയുക.

15. നടുവട്ടം ഐ.സി.ഡി.പി. സബ് സെൻറർ മൃഗാശുപത്രിയായി ഉയർത്തുക.

16. സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം മല-നീലീശ്വരം പഞ്ചായത്തിലും ലഭ്യമാക്കുക.

17. മിനറൽ മിക്സർ, മീനെണ്ണ, കാൽസ്യം പൗഡർ മുതലായവ പാലുത്പാദക സഹകരണ സംഘം വഴി നടപ്പാക്കുക.

18. മാംസാവശ്യത്തിനുവേണ്ട കന്നുകാലികളെ സഹകരണാടിസ്ഥാനത്തിൽ വളർത്തി നല്ല മാംസം ലഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക.

19. തൊഴുത്തില്ലാത്ത ക്ഷീര കർഷകർക്കു തൊഴുത്തു നിർമ്മിക്കുന്നതിന് സബ്സിഡി നൽകുക.

20. മൃഗങ്ങൾക്കു പ്രതിരോധ കുത്തിവയ്പു നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

21. താഴ്ന്ന വരുമാനക്കാർക്കു സൗജന്യമായി കോഴികളെ നൽകുകയും ഓരോ വാർഡിലും സഹകരണാടിസ്ഥാനത്തിൽ ഓരോ ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഒരു സഹകരണ ഹാച്ചറിയും മുട്ടക്കോഴി കുഞ്ഞുങ്ങളെ വളർത്തി നല്കുകയും ചെയ്യുക.

22. വിദേശയിനം പന്നിക്കുഞ്ഞുങ്ങളെ ഓരോ വാർഡിലും ചുരുങ്ങിയതു 100 വീട്ടിലെങ്കിലും 3 കുഞ്ഞുങ്ങളെ വീതം ലഭ്യമാക്കി ഹോട്ടൽ വേസ്റ്റും മറ്റും സംഭരിക്കുന്നതിന് ചാരിറ്റബിൾ സൊസൈറ്റി വാർഡു തലത്തിൽ സ്ഥാപിക്കുക.

23. ഓരോ വാർഡിലും തിരഞ്ഞെടുത്ത 100 വീടുകളിൽ ആടു വളർത്തൽ പദ്ധതി പ്രകാരം ആട്ടിൻ കുട്ടികളെ സഹകരണ ബാങ്കിൻെറ സഹായത്താൽ വാങ്ങുക.

24. പേ വിഷബാധയ്ക്കെതിരെ കുത്തിവയ്പു നടത്തുകയും പട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

25. പട്ടികജാതി-വർഗ്ഗക്കാർക്ക് ആട്, കോഴി, പന്നി, പശു എന്നിവ നല്കുക.

26. കന്നുകാലി പ്രദർശനങ്ങൾ നടത്തി സമ്മാനങ്ങൾ ഏർപ്പെടുത്തുക.

27. മൃഗസംരക്ഷണ വകുപ്പിൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

സാധ്യതകൾ, പരിഹാരങ്ങൾ

1. പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ ബ്രീഡിംഗ് സബ്സ് സെൻററുകൾ തുടങ്ങുക.

2. പഞ്ചായത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിയ്ക്കുന്ന മൃഗാശുപത്രിയും, ഒരു ഡോക്ടറേയും നിയമിയ്ക്കുക.

3. വളർത്തു മൃഗങ്ങൾക്ക് സൗകര്യപ്രദമായി മേയുന്നതിന് വനഭൂമി ഉപയോഗപ്പെടുത്താനുള്ള നിയമനിർമ്മാണം നടത്തുക.

4. കാലിത്തീറ്റയ്ക്കും, പുൽകൃഷി ചെയ്യുന്നതിനും വർദ്ധിച്ച തോതിലുള്ള സബ്സിഡി ഏർപ്പെടുത്തുക.

5. മൃഗങ്ങൾക്ക് വേണ്ട പോഷകാഹാരമായ മിനറൽ മിക്സ്ചർ, മീനെണ്ണ തുടങ്ങിയവ വിലക്കുറച്ച് വിതരണം ചെയ്യുക.

പഞ്ചായത്തിൽ നടപ്പാക്കാവുന്ന ക്ഷീരവികസന പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	യൂണിറ്റ്	പദ്ധതി അടങ്കൽ	ആകത്തുക	സബ്സിഡി	പഞ്ചായത്ത് നീക്കിവെയ്ക്കേണ്ട തുക
1.	മാതൃക ഡയറി ഫാം യൂണിറ്റ് പദ്ധതി	2	30,000	60,000	10000	20,000
2	കന്നുകാലിത്തൊഴുത്ത് നിർമ്മാണം	15	6,000	90,000	3000	45,000
3A	വൈറ്റമിൻ സപ്ലിമെൻറ്	150	60	9000	30	45
3B	മിനറൽ മിക്സ്ചർ	200	20	4000	10	2000
4	കർഷക സമ്പർക്ക പരിപാടി	10	250	2500	250	2500
5	പുൽകൃഷി വികസനം	2	1000	2000	1000	2000
6	പാലുല്പന്ന നിർമ്മാണ ക്ലാസ്സുകൾ	10	150	1500	150	1500
7	തൊഴുത്തു വൃത്തിയാക്കുന്നതിന് കെമിക്കൽസ് നൽകുന്ന പദ്ധതി	200	60	12000	30	6000
8	ഉല്പാദനശേഷിയുള്ള കറവ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി	10	10000	100000	5000	50000
9	കന്നുകാലിത്തീറ്റ നിർമ്മമാണ യൂണിറ്റ്	1	600000	600000	200000	200000
10	വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി	2HECT	15000	911000	15000	363500

അവലംബം : ക്ഷീരവികസനവകുപ്പ്

6. നിലവിലുള്ള ഇൻഷൂറൻസ് പദ്ധതിയ്ക്ക് സബ്സിഡി അനുവദിയ്ക്കുക.

7. പഞ്ചായത്തിൽ മാതൃകാ ഡയറി ഫാമുകൾ സ്ഥാപിയ്ക്കുക.

8. വളർത്തു മൃഗങ്ങളെ വാങ്ങുന്നതിന് നിലവിലുള്ള ബാങ്കിംഗ് സംവിധാനം ലഘൂകരിയ്ക്കുക.

9. ഇറച്ചിയ്ക്ക് വേണ്ടി കന്നുകാലികളെ വളർത്തുവാൻ സൗകര്യപ്രദമായ സ്ഥലങ്ങൾ ഉള്ളതിനാൽ രണ്ട് യൂണിറ്റെങ്കിലും തുടങ്ങുക.

10. പുൽകൃഷിക്ക് അനുയോജ്യമായ പഞ്ചായത്ത് ആയതിനാൽ ഇല്ലിത്തോട് പോലുള്ള സ്ഥലങ്ങളിൽ പുൽകൃഷി നടത്തി സൈനേജ് പോലുള്ള ഫാക്ടറിയും, വേണ്ടത്ര അസംസ്കൃത സാധനങ്ങൾ ലഭ്യമായ പ്രദേശമായതിനാൽ ഒരു കാലിത്തീറ്റ ഫാക്ടറിയും സ്ഥാപിക്കാവുന്നതാണ്.

11. മുട്ടയുടെ ആവശ്യത്തിലേയ്ക്കായി നല്ലയിനം മുട്ടകോഴികളെ വിതരണം ചെയ്യുക.

12. പന്നി വളർത്തൽ ലാഭകരമായതിനാലും, ഇവയ്ക്ക് തീറ്റയ്ക്ക് ആവശ്യമായ അസംസ്കൃതസാധനങ്ങൾ സുലഭമായതിനാലും പന്നിവളർത്തൽ കൃഷിയെ പ്രോത്സാഹിപ്പിക്കുക.

13. പഞ്ചായത്ത് തലത്തിൽ ഒരു പാൽ സംഭരണ-സംസ്ക്കരണ വിതരണ കേന്ദ്രം തുടങ്ങുക.

14. ക്ഷീരകർഷകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക.

മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷി കുറവാണ്. പെരിയാറിലും മറ്റുജലാശയങ്ങളിലുമുള്ള നാടൻ മത്സ്യങ്ങളെ നാടൻ രീതികളുപയോഗിച്ച് പിടിച്ച് ഉപയോഗിക്കാറുണ്ടെങ്കിലും തൊഴിൽ എന്ന നിലയിൽ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷിയിൽ ഏർപ്പെടുന്നവർ കുറവാണ്. മുൻപ് പാടത്തെ കുളങ്ങളിലും തോടുകളിലും പെരിയാറിലും കണ്ടിരുന്ന വരാൽ, കൂരി, പൂളാൻ, കറൂപ്പ്, വാള, ആര, കോലാൻ തുടങ്ങിയ മത്സ്യങ്ങൾ ഇപ്പോൾ അപൂർവ്വമാണ്. പുഴയിലെ തോട്ടയുപയോഗിച്ചുള്ള മീൻപിടുത്തം ജലാശയങ്ങളിൽ നഞ്ചുകലക്കിയുള്ള മീൻപിടുത്തം, വയലിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ ആധിക്യം കുളങ്ങളെയും ജലാശയങ്ങളെയും വിഷലിപ്തമാക്കിയത് തുടങ്ങിയ കാരണങ്ങളാൽ നമ്മുടെ ഉൾനാടൻ മത്സ്യസമ്പത്ത് വല്ലാതെ ശോഷിച്ചുപോയി.

എന്നാൽ ആസൂത്രിതമായ വയൽകൃഷിയുടെ ഭാഗമായി കുളങ്ങളിലും പ്രത്യേക പരിപാടിയായി ചിറകളിലും ഉൾനാടൻ മത്സ്യകൃഷിക്ക് സാദ്ധ്യതകളുണ്ട്. തോടുകളിലും പുഴകളിലും പ്രഭവസ്ഥാനങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ ഇറക്കി അവയിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയും. പുരയിടങ്ങളോടനുബന്ധിച്ച് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കൃത്രിമ ജലാശയങ്ങൾ നിർമ്മിച്ച് വാണിജ്യാടിസ്ഥാനത്തിൽ മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിയ്ക്കപ്പെടേണ്ടതാണ്.

ഇങ്ങനെ മത്സ്യകൃഷി ചെയ്യുമ്പോൾ അതിനനുയോജ്യമായ ജലാശയങ്ങളും പ്രദേശങ്ങളും പ്രത്യേകം സംരക്ഷിയ്ക്കപ്പെടണം. കൃഷിക്കുപയോഗിക്കാവുന്ന ജൈവവിഭവങ്ങളും ജലപരിതസ്ഥിതിയും നശിപ്പിയ്ക്കപ്പെടാതെ നോക്കണം. നമ്മുടെ പഞ്ചായത്തിലെ ജലകൃഷി സാദ്ധ്യതകൾ പഠിച്ചുകൊണ്ടേ പരിപാടികൾ ആവിഷ്ക്കരിക്കാൻ കഴിയൂ. ഇപ്പോഴുള്ള പൊതുകുളങ്ങളും ചിറകളും തോടുകളും പുഴയുമാണ് പ്രകൃതിദത്തമായ പൊതുജലകൃഷി സാധ്യത. സ്വകാര്യ കുളങ്ങളും കൃത്രിമ ജലാശയങ്ങളും എത്രയെന്നു തിട്ടപ്പെടുത്തണം. ഇവയെല്ലാംതന്നെ

ജലകൃഷിക്കായി പ്രയോജനപ്പെടുത്തുവാൻ കഴിയും.

ഉൾനാടൻ ശുദ്ധജലപ്രദേശങ്ങളിൽ ശുദ്ധജല മത്സ്യകൃഷി, കൊഞ്ചുകൃഷി, അലങ്കാര കൃഷി എന്നിവ അനുയോജ്യമാണ്.

ജലകൃഷി നടത്തുന്നതിന് ശാസ്ത്രീയമായ അറിവും സാങ്കേതിക പരിജ്ഞാനവും ആവശ്യമാണ്. താരതമ്യേന കൂടിയ ശ്രദ്ധയും പരിചരണവും വേണ്ടിവരും. ജലാശയങ്ങളിൽ മത്സ്യ വളർച്ചക്കാവശ്യമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കണം. അനുയോജ്യമായ തീറ്റയും ആരോഗ്യകരമായ പരിപാലനവും വേണം.

വളരെ വേഗത്തിൽ വളരുന്ന കാർപ്പു മത്സ്യങ്ങളാണ് ശുദ്ധജലകൃഷിക്കനുയോജ്യം. കട്ല, രോഹിത, മൃഗല, പുൽമീൻ, വെള്ളിമീൻ എന്നിവയാണ് പ്രധാന കാർപ്പ് മത്സ്യയിനങ്ങൾ. വരാൽ മത്സ്യകൃഷിക്കനുയോജ്യമായ നാടൻ ഇനമാണ്.

ജില്ലയിലെ മത്സ്യകൃഷി വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ പരിശീലനവും സാങ്കേതിക പിൻതുണയും ആവശ്യമാണ്. സ്വയം തൊഴിൽ ഗ്രൂപ്പുകളെയും തൊഴിലില്ലാത്ത സ്ത്രീകൾ, പട്ടികജാതിക്കാർ തുടങ്ങിയവരെ ഈ കൃഷിക്ക് പരിശീലനം കൊടുത്ത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലെ പൊതു ജലാശയങ്ങൾ ഇതിലേയ്ക്കായി നൽകാവുന്നതാണ്. സ്വകാര്യ കുളങ്ങളും ടാങ്കുകളുമുള്ളവർക്ക് സാങ്കേതിക പരിജ്ഞാനവും വിത്ത്, വിപണനസൗകര്യങ്ങളും മേർപ്പെടുത്തണം.

പ്രശ്നങ്ങൾ:

- സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.
- പഞ്ചായത്ത് തലത്തിൽ മത്സ്യബന്ധനം ശ്രദ്ധിക്കുന്ന വകുപ്പോ ഉദ്യോഗസ്ഥരോ ഇല്ല. സന്ദർശനവുമില്ല.
- മത്സ്യകൃഷിഗൗരവമായി കാണുന്നില്ല.
- കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.
- തോട്ടയുപയോഗിച്ച് മത്സ്യസമ്പത്ത് പാടെ നശിപ്പിക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

- മണപ്പാട്ടുചിറ, കുന്നപ്പിള്ളിച്ചിറ, വെങ്കളത്തുചിറ, കുറുവച്ചിറ എന്നിവ വൃത്തിയാക്കി മത്സ്യകൃഷി നടത്തുക.
- പെരിയാറിന്റെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കുക.
- സ്വകാര്യമത്സ്യകൃഷിയെ പ്രോത്സാഹിപ്പിയ്ക്കുക.
- പുഴയിൽ തോട്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക.
- ശുദ്ധജലമത്സ്യക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുക.
- മണപ്പാട്ടു ചിറയിൽ ഒരു ഹാച്ചറി ആരംഭിക്കുക.
- പെരിയാറിന്റെ ഉത്ഭവ സ്ഥാനങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതറി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക.

സാധ്യതകൾ:

- പെരിയാറിന്റെ സാമീപ്യം.
- തോടുകളും ചിറകളും, കുളങ്ങളും ഉൾപ്പടെ ജലാശയങ്ങളുടെ സൗകര്യം.
- നാടൻ മത്സ്യത്തിന് നല്ല ഡിമാൻറും വിലയുമുണ്ട്.
- ജലസേചന പദ്ധതികളുടെ സഹായത്തോടെ കൃത്രിമ ജലാശയങ്ങൾ ഉണ്ടാക്കാനുള്ള സൗകര്യം.
- മത്സ്യബന്ധനരീതികളിൽ സാമാന്യധാരണയുള്ള ജനങ്ങൾ.

5.3 വ്യവസായം



വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് മലയാറ്റൂർ-നീലീശ്വരം. വൻകിട വ്യവസായങ്ങൾ ഒന്നും ഇല്ലെന്നു മാത്രമല്ല ചെറുകിട വ്യവസായങ്ങൾ പലതും പ്രതിസന്ധിയെ നേരിടുകയാണ്. പരമ്പരാഗത കുടിൽ വ്യവസായമായ പനമ്പു നെയ്ത്ത്, മൺപാത്രനിർമ്മാണം, ഓട്ടുപാത്ര നിർമ്മാണം എന്നിവയ്ക്ക് കുറച്ചെങ്കിലും പിടിച്ചുനിൽക്കാൻ കഴിയുന്നു.

പൂട്ടികിടക്കുന്ന ഖാദി ഓട്ടുകമ്പനി യൂണിറ്റ് പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചിരുന്ന നീൽമൽ

ക്രമ നമ്പർ	പഞ്ചായത്തിലെ വ്യവസായങ്ങൾ	ആകെ യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം			
			ആൺ	പെൺ	ആകെ	
1.	തയ്യൽ യൂണിറ്റ്	3	1	7	8	
2.	ക്രഷർ	6	68	12	80	
3.	ഫർണീച്ചർ	21	78	6	84	
4.	ഇഷ്ടിക	1	30	40	70	
5.	ഹോളോബ്രിക്സ് ആൻറ് കോൺക്രീറ്റ്	10	16	12	28	
6.	എൻജിനീയറിംഗ് വർക്ക്ഷോപ്പ്	4	14	-	14	
7.	ഓട്ടോ മോബൈൽ വർക്ക്ഷോപ്പ്	1	2	-	2	
8.	മെഴുകുതിരി	1	2	3	5	
9.	സോപ്പ്	2	5	-	5	
10.	പ്ലാസ്റ്റിക്	2	20	-	20	
11.	തീപ്പെട്ടി	1	2	5	7	
12.	സോമിൽ	2	13	-	13	
13.	റൈസ് മിൽ	2	17	9	26	
14.	ബേക്കറി	9	18	4	22	
			286	98	384	
	പീഡിത വ്യവസായം					
1.	ഓട്ടുകമ്പനി	1	15	30	45	
2.	നീൽമൽ ഗാർമെൻറ്സ്	1	1	24	25	
		66	302	152	454	

അവലംബം : ദ്വിതീയ വിവരരേഖ

ഗാർമെൻറ്സ് എന്നിവ ഈ പഞ്ചായത്തിലെ നിലച്ചുപോയ ചെറുകിട വ്യവസായ സംരംഭങ്ങളാണ്. വ്യവസായങ്ങൾ വളർത്തിയെടുക്കാനുതകുന്ന നിരവധി ഘടകങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുവാകേണ്ട റബ്ബർ ഉൾപ്പെടെയുള്ള പദാർത്ഥങ്ങൾ നമ്മുടെ പഞ്ചായത്തിൽ സുലഭമാണ്. വെള്ളം, വൈദ്യുതി, വാർത്താവിനിമയം, ഗതാഗതം, മനുഷ്യാധ്വാനം എന്നിവയും ലഭ്യമാണ്. നാണ്യവിളകൾ സമൃദ്ധിയായി ലഭിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. എന്നാൽ കാർഷികോത്പാദനത്തിൻെറ അടിസ്ഥാനത്തിൽ ഒരു ചെറുകിട വ്യവസായവും നമുക്കു തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ കൃഷിഭൂമിയിൽ ഭൂരിഭാഗവും തെങ്ങായതുകൊണ്ട് തെങ്ങിൻതടി, തേങ്ങാവെള്ളം, വെളിച്ചണ്ണ എന്നിവയെ ആശ്രയിച്ച് വ്യവസായ സംരഭങ്ങൾ തുടങ്ങാവുന്നതാണ്.

കരിങ്കല്ല്:

കരിങ്കല്ല് നമ്മുടെ പഞ്ചായത്തിൽ പ്രകൃതിദത്തമായിത്തന്നെ സുലഭമായി കിട്ടുന്ന വിലപിടിച്ച വിഭവമാണ്. എന്നാൽ അതിനെ തൊഴിൽ അധിഷ്ഠിതമായ സംരംഭങ്ങളാക്കി ഉപയോഗിക്കാതെ സ്വകാര്യ മുതലാളിമാരുടെ ലാഭത്തിന് വിട്ടിരിക്കുകയാണ്. ശാസ്ത്രീയമായി ഈ സമ്പത്തിനെ ഉപയോഗപ്പെടുത്തിയാൽ നിരവധി പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ കിട്ടും. മാത്രമല്ല ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിൻെറ ഭാഗമായി സാധാരണക്കാരന് അമിതവില കൊടുക്കേണ്ടിവരുന്നത് ഒഴിവാക്കാനും കഴിയും. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനുതകുന്ന സംരംഭങ്ങൾ ഇവിടെയാരംഭിക്കണം.

ക്രഷർ

പഞ്ചായത്തിൽ ആകെ 6 മെറ്റൽ ക്രഷറാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ മെറ്റൽ ക്രഷറുകൾ പൊലൂഷൻ കൺട്രോൾ ബോർഡിൻെറ നിബന്ധനകൾ പാലിക്കാതെയാണ് പ്രവർത്തിക്കുന്നത്. തന്മൂലും ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യം അനുദിനം മോശമായിക്കൊണ്ടിരിക്കയാണ്. വ്യവസായ സാദ്ധ്യത കൂടിവരികയുമാണ്. പരിസ്ഥിതി ഘടകങ്ങൾ കൂടി പരിഗണിച്ച് സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് കൂടുതൽ സാദ്ധ്യതയുണ്ട്.

അനുപമ ഓട്ടുകമ്പനി

ഖാദിഗ്രാമ വ്യവസായവകുപ്പിൻെറ കീഴിൽ 1972 ൽ കെയിൻ ആൻറ് ബാംബൂ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നീലീശ്വരത്തു സ്ഥാപിച്ചു. പിന്നീട് ഈ രംഗത്ത് ബാംബൂ കോർപ്പറേഷൻ വന്നതോടെ ഈ സൊസൈറ്റിക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. തുടർന്ന്1982ൽ അനുപമ ഓട്ടുകമ്പനി രൂപീകരിച്ചു. തൊഴിൽ എടുക്കുന്നതിനു മാത്രമായി 46 പേരിൽ നിന്നും 1500 രൂപ വീണ്ടും പിരിച്ചാണ് ഓട്ടു കമ്പനി പ്രവർത്തനം തുടങ്ങിയത്. എന്നാൽ കാര്യക്ഷമമല്ലാത്ത മാനേജ്മെൻറും അർപ്പണമനോഭാവമില്ലാത്ത തൊഴിലാളികളുടെ നിലപാടും മൂലം കമ്പനി പൂട്ടി. ഇപ്പോൾ പൂട്ടിക്കിടക്കുന്ന കമ്പനിയുടെ ആസ്തി പത്തുലക്ഷം രൂപയുണ്ടാകുമെന്നാണ് ഏകദേശ കണക്ക്. അപ്പോൾത്തന്നെ പല ഡിപ്പാർട്ടുമെൻറുകൾക്കായി വലിയ തുക ബാദ്ധ്യതയും ഉണ്ട്. അടിസ്ഥാന സൗകര്യങ്ങളുള്ള ഈ സ്ഥാപനം പുനരുദ്ധരിക്കുകയും നവീകരിക്കുകയും ചെയ്യണം.

സീതപ്പാറ കെയിൻ ആൻറ് ബാംബൂ സൊസൈറ്റി

ഖാദി ഗ്രാമ വ്യവസായ വകുപ്പിൻെറ കീഴിൽ സീതപ്പാറ കോളനിയിൽ ഹരിജനങ്ങളെ മാത്രം അംഗങ്ങളാക്കി ഒരു സൊസൈറ്റി രൂപീകരിച്ചു. ഖാദി വ്യവസായ വകുപ്പിൽ നിന്നും അനുവദിച്ചു കിട്ടിയ തുക ഉപയോഗിച്ച് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ അതിൽ ഒരു ഉത്പാദന പ്രവർത്തനവും നടന്നിട്ടില്ല. ശരിയായ സംഘാടനവും പിൻ

തുണയും നൽകി ഈ സൊസൈറ്റി ശക്തിപ്പെടുത്തേണ്ടതാണ്.

നീൽമൽ ഗാർമെൻറ്സ്

റെഡിമെയ്ഡ് ഗാർമെൻറ്സ് രംഗത്ത് 1993 ൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തതാണ്. വനിതകളുടെ തൊഴിൽസാദ്ധ്യത മുൻനിർത്തി ആകെ 65 അംഗങ്ങളിൽ നിന്നും 100 രൂപ പ്രകാരം പിരിച്ചെടുത്തതാണ് ഓഹരി മൂലധനം. പിന്നീട് 25 പേർക്ക് തൊഴിൽ സാദ്ധ്യത മുൻനിർത്തി ഓരോരുത്തരിൽനിന്നും 5000 രൂപാ പിരിച്ച് ആകെ മൂലധനം 3 ലക്ഷം രൂപയാക്കി. എന്നാൽ ഒന്നരകൊല്ലം പ്രവർത്തിച്ചതോടെ മൂലധനത്തിൻെറ അഭാവത്താൽ കമ്പനി പൂട്ടേണ്ടിവന്നു. നിലവിൽ 50 സെൻറ് സ്ഥലവും അതിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടവും നിലവിലുണ്ട്. ഫർണീ ച്ചറും 22 തയ്യൽ മെഷീനും കൂടി കെ.എഫ്.സി. വില നിർണ്ണയിച്ചിരിക്കുന്നത് 10 ലക്ഷം രൂപയാണ്. അതിൽ 8.75ലക്ഷം രൂപ വിവിധ ഫൈനാൻസ് സ്ഥാപനങ്ങളിൽ ബാദ്ധ്യതയുണ്ട്. ഈ സ്ഥാപനവും ബാദ്ധ്യതകൾ പരിഹരിച്ച് സഹകരണമേഖലയിൽ പുനരുദ്ധരിക്കാവുന്നതാണ്.

ഫർണീച്ചർ വ്യവസായം

മലയാറ്റൂർ-നീലീശ്വരം പഞ്ചായത്ത് ഒരു മലയോര പഞ്ചായത്ത് ആയതുകൊണ്ട് നാടൻ മരങ്ങൾ ധാരാളം കിട്ടുന്നു. അതുകൊണ്ടുതന്നെ ഫർണീച്ചർ വ്യവസായം നിലവിലുള്ളത് ശക്തിപ്പെടുത്താനും പുതിയവ തുടങ്ങുവാനും കഴിയും. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം താരതമ്യേന കൂടുതലാണ്. കൂടുതൽ വികസനസാദ്ധ്യതയുള്ള ഒരു രംഗമാണിത്.

പനമ്പു നെയ്ത്ത്

പഞ്ചായത്തിലെ പരമ്പരാഗത കൈത്തൊഴിലാണ് പനമ്പുനെയ്ത്ത്. 6,7,8,9,10 എന്നീ വാർഡുകളിൽ പ്രധാനമായും ബാക്കി വാർഡുകളിൽ ഭാഗികമായും പനമ്പു നെയ്ത്ത് രംഗത്ത് തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്നു. തൊഴിൽരംഗത്ത്

പനമ്പ്നെയ്ത്ത്

വർഷം	അംഗങ്ങളുടെ എണ്ണം	വിതരണം ചെയ്യുന്ന ഈറ്റയുടെ എണ്ണം ലക്ഷത്തിൽ	ലഭിക്കുന്ന പനമ്പിൻെറ അളവ് ച. അടി ലക്ഷത്തിൽ	നൽകുന്ന തുക രൂപ ലക്ഷത്തിൽ	വിതരണം ചെയ്യുന്ന ബോണസ് രൂപ ലക്ഷത്തിൽ	മറ്റുക്ഷേമ പദ്ധതികൾ രൂപ
1993-94	877	58.8	88.2	32.1	3.45	76000
1994-95	914	60	102	33.63	3.54	1,10,000
1995-96	984	57	97.5	42.00	5.32	1,24,200

അവലംബം : ദ്വിതീയ വിവരരേഖ

സ്ത്രീകൾക്ക് മുൻ കൈയ്യുള്ള മേഖലയാണിത്. ആദ്യകാലങ്ങളിൽ സ്വകാര്യ കച്ചവടക്കാരിൽ നിന്ന് കടംവാങ്ങി ഈറ്റ തൊഴിലാളികൾ വെട്ടിക്കൊണ്ടു വരികയായിരുന്നു. അന്ന് ഇടത്തട്ടുകാരുടെ ചൂഷണത്തിൽപ്പെട്ട് പനമ്പു നെയ്ത്തുകാർ കൊടുംദാരിദ്ര്യത്തിലായിരുന്നു. 1964-ൽ സർക്കാർ ഉടമയിലുള്ള ബാംബൂ കോർപ്പറേഷൻ സ്ഥാപിച്ചതോടുകൂടി ഇടത്തട്ടുകാരെ കുറെയേറെ ഒഴിവാക്കാൻ കഴിഞ്ഞതോടെ തൊഴിലാളികൾക്ക് പുരോഗതി നേടാൻ കഴിഞ്ഞു. ബാംബൂ കോർപ്പറേഷന്റെ കീഴിൽ അനുബന്ധ വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. നമുക്ക് കുത്തകയുള്ള പനമ്പ് മേഖല പൊതുവിൽ മുരടിച്ചു നിൽക്കുകയാണ്.

മൺപാത്രവും, ഓട്ടുപാത്ര നിർമ്മാണവും

പരമ്പരാഗതമായി ഈ രംഗത്ത് പണിയെടുക്കുന്ന 26 കുടുംബങ്ങൾ 5,6, വാർഡുകളിലുണ്ട്. എന്നാൽ ഈ രംഗത്തുനിന്നും പലരും മറ്റു മേഖലയിലെ തൊഴിൽ അന്വേഷകരായി മാറുകയാണ്. മറ്റു പ്രദേശങ്ങളിലെ ആധുനിക നിർമ്മാണ രീതികളോട് മത്സരിച്ച് മുന്നേറണമെങ്കിൽ ഈ രംഗത്ത് ആധുനികവത്കരണം ആവശ്യമാണ്. പാത്രങ്ങൾ ഉണ്ടാക്കുന്ന നല്ലമണ്ണിന്റെ അഭാവവും ഈ രംഗത്തുണ്ട്. ഓട്ടുപാത്രം നേരിടുന്ന പ്രധാന പ്രതിസന്ധി അസംസ്കൃത വസ്തുവിന്റെ ക്രമാതീതമായ വില വർദ്ധനവാണ്. യന്ത്രവത്ക്കരണവും മറ്റും ഉപയോഗിച്ച് ഇക്കൂട്ടരെ നിലനിർത്തണം.

പ്ലാസ്റ്റിക് യൂണിറ്റ്

പ്ലാസ്റ്റിക് യുഗമാണ് ഇത്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പേരെടുത്ത് പറയാവുന്ന ഒരു യൂണിറ്റ് മാത്രമാണ് നല്ല നിലയിൽ നടക്കുന്നത്. നീലീശ്വരം അരവിന്ദ് പോളിമേഴ്സ്. പൊതു ആവശ്യകത നോക്കുമ്പോൾ ഈ വ്യവസായത്തിന് സാദ്ധ്യതകൾ ഏറെയാണ്.

റൈസ്മില്ല്

നമ്മുടെ പഞ്ചായത്തിൽ രണ്ട് റൈസ്മില്ലാണ് ഉള്ളത്. പത്താം വാർഡിൽ ആണ് രണ്ടും സ്ഥിതി ചെയ്യുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിബന്ധനകൾ പരിഗണിക്കാതെയാണ് ഈ വ്യവസായസ്ഥാപനങ്ങൾ നടത്തുന്നത്.

തടിവ്യവസായം

രണ്ട് സോമില്ലുകൾ പഞ്ചായത്തിലുണ്ട്. സ്ഥാപിച്ചതിനുശേഷം കാര്യമായ പുരോഗതി ഉണ്ടാകാത്തവയാണിവ രണ്ടും. തടി വ്യവസായ

പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്നവർ

മേഖല	കുടുംബങ്ങളുടെ എണ്ണം	തൊഴിലെടുക്കുന്നവർ		
		സ്ത്രീ	പുരുഷൻ	ആകെ
പനമ്പ്, കൊട്ട, വട്ടി	900	1425	218	1643
ഇരുമ്പു പണി	13	-	26	26
മരപ്പണി	110	-	220	220
കൽപ്പണി	100	100	250	350
സ്വർണ്ണപ്പണി	6	-	12	12
മൺപാത്രം	22	40	26	66
ഓട്ടുപാത്രം	19	18	40	58
കള്ളുചെത്ത്	40	-	45	45
പപ്പടം	16	28	20	48

അവലംബം : ദ്വിതീയ വിവരരേഖ

മേഖലയിലുണ്ടായിട്ടുള്ള വൈവിധ്യവും വിപണി സാദ്ധ്യതകളും ഉപയോഗപ്പെടുത്തിയാൽ വികസന സാദ്ധ്യതയുള്ളതാണീ വ്യവസായമേഖല. ഈ നാട്ടിലെ തടിവിഭവങ്ങൾ തൊഴിലും വരുമാനവും നൽകുന്നത് മറ്റ് പ്രദേശങ്ങളിലാണെന്നതാണ് വസ്തുത.

പ്രശ്നങ്ങൾ

1. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒത്തിണങ്ങിയ സ്ഥലത്തിന്റേയും, മൂലധനത്തിന്റേയും അഭാവം.
2. സഹകരണ വ്യവസായ സംരംഭങ്ങളിലുള്ള ആത്മവിശ്വാസകുറവ്.
3. വായ്പാ പദ്ധതികൾ അനുവദിച്ചു കിട്ടുന്നതിനുള്ള കാലതാമസം.
4. പഞ്ചായത്തിൽ ലഭ്യമാവുന്ന അസംസ്കൃത വസ്തുക്കൾ ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്.
5. പ്രാദേശിക ഉല്പന്നങ്ങളോടുള്ള അവഗണനയും, വിശ്വാസക്കുറവും.
6. വ്യവസായസംരംഭങ്ങളുടെ ആരംഭത്തിൽ നേരിടേണ്ടിവരുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ.
7. വൈദ്യുതികണക്ഷനുള്ള കാലതാമസവും, വൈദ്യുതി ദൗർലഭ്യവും.
8. പരസ്യത്തിന്റെ സ്വാധീനവും മറുനാടൻ വസ്തുക്കളോടുള്ള ഭ്രമവും.
9. പ്രാദേശികസംരംഭങ്ങൾ വിജയിപ്പിക്കുന്നതിലൂടെ സ്വന്തം പ്രദേശത്തിന്റെ വികസനത്തിൽ തങ്ങൾ എന്താണ് ചെയ്യുന്നതെന്ന കാര്യത്തിലെ അജ്ഞത.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ബാംബൂ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ബാംബൂ പ്ലൈ നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.
2. ഇല്ലിത്തോട് മേഖലയിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായം സഹകരണ അടിസ്ഥാനത്തിലോ, സ്വകാര്യ മേഖലയിലൊ പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കുക.
3. ഇല്ലിത്തോട്ടിൽ റവന്യു പുറമ്പോക്ക് (എഫ്.ഐ.ടി.) ഭൂമിയിൽ ഒരു വ്യവസായ എസ്റ്റേറ്റ് തുടങ്ങുക.
4. നീൽമൽ ഗാർമെൻറ്സ് പുനരുദ്ധരിക്കുക.
5. ആറാംവാർഡിലെ തീപ്പട്ടിക്കമ്പനിയോടനുബന്ധിച്ച് ഒരു മെഴുകുതിരി നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.
6. അനുപമ ടൈൽഫാക്ടറി-വയർക്കട്ട യൂണിറ്റായി പുനരുദ്ധരിക്കുക.
7. പാലുല്പാദക സഹകരണസംഘങ്ങളെ അംഗങ്ങളാക്കി സഹകരണ മേഖലയിൽ കാലിതീറ്റ ഫാക്ടറി സ്ഥാപിക്കുക.
8. മൺപാത്രനിർമ്മാണ കുടുംബങ്ങളേയും, മൂശാരി തൊഴിലാളി കുടുംബങ്ങളേയും അംഗങ്ങളാക്കി സഹകരണമേഖലയിൽ ഒരു യന്ത്രവൽകൃത പാത്ര വ്യവസായയൂണിറ്റ് തുടങ്ങുക.
9. ചകിരി ഉപയോഗിച്ച് ഫോം ബെഡ് നിർമ്മാണ യൂണിറ്റ് തുടങ്ങുക.
10. പാലുല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
11. നോട്ട്ബുക്ക് നിർമ്മാണയൂണിറ്റ് തുടങ്ങുക.
12. മലയാറ്റൂർ കൺസ്യൂമർ സ്റ്റോറിൽ ഒരു ബുക്ക് ബൈൻറിംഗ് യൂണിറ്റും, വനിതാ ഗാർമെൻറ്സ് യൂണിറ്റും സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
13. നാടൻ സംരംഭങ്ങൾ വിജയിപ്പിക്കാൻ ഗ്രാമസഭകളിലൂടെ പിൻതുണ നൽകുക.

സാദ്ധ്യതകൾ

1. കൃഷിയെ ആസ്പദമാക്കി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
2. പനമ്പ് നെയ്ത്ത് തൊഴിലാളികളും, പനമ്പും ധാരാളം ഉള്ളതുകൊണ്ട് .ബാംബൂ ബോർഡ് ഫാക്ടറിയുടെ ഒരു യൂണിറ്റ് സ്ഥാപിക്കുക.
3. ഇലക്ട്രോണിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
4. സ്കൂൾ കുട്ടികൾക്കാവശ്യമായ റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.
5. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

വ്യവസായ സാദ്ധ്യതകൾ

ഉടമസ്ഥത	നമ്പർ	ഇനം	യൂണിറ്റ്
സ്വകാര്യവ്യക്തികളും ഗ്രൂപ്പുകളും	1.	ഇലക്ട്രോണിക് ചോക്	1
	2.	ജനറൽ എൻജിനീയറിംഗ്	2
	3.	തേങ്ങയുല്പന്നങ്ങൾ: (പാൽ, പൗഡർ, പാനീയം മുതലായവ)	1
	4.	വെളിച്ചെണ്ണ	3
	5.	ഓട്ടോമൊബൈൽ	1
	6.	അരിമില്ല്	2
	7.	ഫർണീച്ചർ	2
	8.	കറിപൗഡറുകൾ (വനിത)	2
	9.	എലക്ട്രോണിക് അസംബ്ലിംഗ് (വനിത)	1
	10.	ക്ലീനിംഗ് പൗഡർ, ഡിറ്റർജൻറ്	2
	11.	റെഡിമെയ്ഡ് വസ്ത്രങ്ങൾ (വനിത)	2
	12.	ചിപ്സ്, പലഹാരങ്ങൾ (വനിത)	5
സഹകരണം	13.	സോപ്പ് - രണ്ടുതരവും	1
	14.	റബ്ബർ ഉല്പന്നങ്ങൾ	1
	15.	മെറ്റൽ ക്രഷർ	1
	16.	കോൺക്രീറ്റ്, കെട്ടിട സാമഗ്രികൾ	1
	17.	കാലിത്തീറ്റ നിർമ്മാണം	1
	18.	പേപ്പർകവർ, നോട്ട്ബുക്ക് (വനിത)	1
	19.	വാഴനാര്, കൈതനാര് ഉല്പന്നങ്ങൾ (വനിത)	1
	20.	തേനീച്ച വളർത്തൽ	10

5.4 വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ രംഗത്ത് ഉയർന്ന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് നമ്മുടേത്. വിദ്യാഭ്യാസ സൗജന്യമാണ്. സ്കൂൾ തലത്തിൽ ഇടയ്ക്കുവച്ച് പഠിത്തം നിറുത്തിപ്പോകുന്നവർ കുറവാണ്. എങ്കിലും വിദ്യാഭ്യാസരംഗത്ത് ഗൗരവമേറിയ പ്രശ്നങ്ങൾ നിലനില്ക്കുന്നു.

കേരളത്തിലെ ജനസംഖ്യയുടെ വർദ്ധന നിരക്ക് അതിവേഗത്തിൽ കുറയുകയാണ്. 1981-91 കാലയളവിൽ വർദ്ധനനിരക്ക് 14 ആണ്. ജനന നിരക്ക് കുറയുന്നതിന്റെ ഫലമായി സ്കൂളിലെ പ്രവേശനത്തിന്റെ തോതും കുറയുകയാണ്. അതേ സമയം കഴിഞ്ഞ കുറെ വർഷങ്ങളായി അംഗീകൃതമല്ലാത്ത പ്രൈമറിസ്കൂളുകൾ വൻതോതിൽ വർദ്ധിക്കുകയാണ്. ഇത് പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ നിലനില്പിനെ ബാധിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണം കുറഞ്ഞുവരുന്നതാണ് മറ്റൊരു പ്രശ്നം. അക്ഷര അക്കബോധം ഉറയ്ക്കാത്ത കുട്ടികൾ ഹൈസ്കൂളുകളിൽപോലും പഠിച്ചുകൊണ്ടിരിക്കുന്നു.

എസ്.എസ്.എൽ.സി., പ്രീഡിഗ്രി ലവലിൽ വിദ്യാലയം വിടുന്നവരാണധികവും. എന്നാൽ അതുവരെയുള്ള വിദ്യാഭ്യാസംകൊണ്ട് തൊഴിൽ ചെയ്യുന്നതിനും നേടുന്നതിനുമുള്ള വൈദഗ്ദ്യം ലഭിക്കുന്നില്ല. തന്മൂലം പ്രത്യേകിച്ച് കഴിവുകളൊന്നുമില്ലാത്ത അവിദഗ്ദ തൊഴിൽ സേന വലിയതോതിൽ പുറത്തുവരുന്നു. ഇവരിൽ കൂടുതലും പെൺകുട്ടികളാണ്.

1958 ലെ വിദ്യാഭ്യാസ ബില്ലും 1960ലെ വിദ്യാഭ്യാസ നിയമവുമുണ്ടായശേഷം സമഗ്രമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളൊന്നും നടന്നിട്ടില്ല. സാർവ്വത്രീക വിദ്യാഭ്യാസത്തിനുവേണ്ടി കൈക്കൊണ്ട നടപടികൾ ആ ലക്ഷ്യം നേടിയിട്ടും തുടർന്നു വരികയാണ്. തൊഴിലിനേക്കാൾ ഉദ്യോഗത്തിനു വേണ്ടിയുള്ള ബോധനമാണ് പഠിക്കുന്ന എല്ലാവർക്കും നല്കിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ബോധനരീതിയിലും കാലാനുസൃതമായ മാറ്റങ്ങളുണ്ടായില്ല.

പൊതുവിദ്യാഭ്യാസത്തിന്റെ മേൽപ്പറഞ്ഞ സ്ഥിതിയിൽ മനസ്സിൽ വച്ചു കൊണ്ടുവേണം നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ആലോചനകൾ ആരംഭിക്കാൻ.

1914 ൽ സ്ഥാപിക്കപ്പെട്ട മലയാറ്റൂർ സെ. മേരീസ് എൽ.പി. സ്കൂളാണ് പഞ്ചായത്തിലെ ആദ്യവിദ്യാലയം. കൊറ്റമം, നീലീശ്വരം എൽ.പി.സ്കൂളുകളാണ് പിന്നീടുണ്ടായത്. നവോത്ഥാന ചിന്തകളുടേയും മിഷണറി വിദ്യാഭ്യാസ വ്യാപനത്തിന്റെറയും ഫലമായി വിദ്യാഭ്യാസം ചെയ്യാനുള്ള അഭിനിവേശം സമൂഹത്തിന്റെ താഴെ തലങ്ങളിലേക്ക് വ്യാപിച്ചതിന്റെ ഫലമാണ് ഇന്നത്തെ വിദ്യാലയങ്ങൾ. വിദ്യാഭ്യാസം നിക്ഷേധിയ്ക്കപ്പെട്ട വിഭാഗങ്ങളിലേയ്ക്ക് പോലും, നാടിനെ അറിഞ്ഞാലേ അതിനെ മാറ്റാൻ കഴിയൂ എന്ന സന്ദേശം അതിവേഗത്തിൽ വ്യാപിച്ചു. പഞ്ചായത്തിൽ രണ്ടാം വാർഡിലൊഴികെ എല്ലാ വാർഡിലും സ്കൂളുണ്ട്. 1-ാം വാർഡിലൊഴികെ മറ്റെല്ലായിടത്തും 3 കി.മീറ്ററിനുള്ളിൽ എൽ.പി., യു.പി., ഹൈസ്കൂളുകളുണ്ട്. ഒന്നാം വാർഡിൽ ഹൈസ്കൂളും രണ്ടാം വാർഡിൽ എൽ.പി. സ്കൂളും പുതിയ സ്ക്കൂളുകളുടെ മുൻഗണനയർഹിക്കുന്നുണ്ട്.

ഇപ്പോൾ 9 സ്കൂളുകളിലായി 7 എൽ.പി. വിഭാഗവും 3 യു.പി. വിഭാഗവും 2 ഹൈസ്കൂൾ വിഭാഗവും പ്രവർത്തിക്കുന്നു.

എൽ.പി. വിഭാഗത്തിൽ 1551 കുട്ടികൾ പഠിക്കുന്നു. ഇതിൽ 744 പെൺകുട്ടികളും 807 ആൺ

പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വാർഡ്	ഗവൺമെന്റ് എയിഡഡ്	അദ്ധ്യാപകർ	അനുവദിച്ച ഡിവിഷൻ	ആകെ കുട്ടികൾ			എസ്.സി/എസ്.ടി.			പഠനനിലവാരം				തോറ്റ് പഠിക്കുന്നവർ		
						ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	40% മാർക്കിൽ താഴെ	40-50% മാർക്കുള്ളത്	50-60% മാർക്കുള്ളത്	60%ൽ കൂടുതൽ ഉള്ളവർ	എസ്.സി./എസ്.ടി.	മറ്റുള്ളവർ	ആകെ
1.	ഗവ. യു.പി.എസ് ഇല്ലിത്തോട്	1	ഗവ	8	7	94	89	183	24	19	43	58	37	27	58	6	11	17
2.	സെൻറ് മേരീസ് എൽ.പി. സ്കൂൾ മലയാറ്റൂർ	3	എയിഡഡ്	10	10	176	170	346	15	13	28	43	63	64	18	2	21	23
3.	സെൻറ്. തോമസ് എച്ച്.എസ് മലയാറ്റൂർ	3	"	42	27	603	565	1168	64	64	128	508	294	210	166	17	25	42
4.	ഹരിജൻ വെൽഫെയർ, എൽ.പി.എസ് മലയാറ്റൂർ	4	ഗവ.	4	4	41	39	80	18	16	34	40	15	15	10	2	3	5
5.	സെൻറ്. ജോസഫ് എൽ.പി.എസ് മലയാറ്റൂർ	5	എയിഡഡ്	4	4	61	41	102	ഇല്ല	ഇല്ല	ഇല്ല	5	2	1	47	ഇല്ല	14	14
6.	ഗവ. എൽ.പി.വി.എസ് നീലീശ്വരം	6	ഗവ.	10	8	144	134	278	11	9	20	10	12	6	89	2	5	7
7.	സെൻറ്. ആൻറണീസ് എൽ.പി.എസ് നടുവട്ടം	7	എയിഡഡ്	10	9	174	149	323	26	25	51	103	66	113	41	10	24	34
8.	എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം	9	"	51	33	709	636	1345	90	95	185	680	235	213	192	16	175	191
9.	സെൻറ്. ജോസഫ് എൻ.പി.എസ് കൊറ്റമം	10	"	11	10	160	162	322	10	16	26	9	10	135	38	4	22	26
	പഞ്ചായത്തിൽ ആകെ	9	ഗവ-3	150	112	2162	1986	4147	258	257	515	1456	734	784	659	59	300	359

അവലംബം: ദ്വിതീയ വിവരരേഖ

കുട്ടികളുമാണ്. 2596 കുട്ടികൾ യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ 182 കുട്ടികൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരാണ്. യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ ഇവരുടെ എണ്ണം 333 ആണ്.

ആകെ പഠിക്കുന്ന 4147 പേരിൽ 2162 ആൺകുട്ടികളും 1986 പെൺകുട്ടികളുമുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ പുരുഷന്മാരാണ്. പഠിക്കുന്നവരുടെ ഇടയിലും ആ അനുപാതം തന്നെയാണ്.

പഞ്ചായത്തിൽ 515 പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികളാണുള്ളത്. അതിൽ 258 ആൺകുട്ടികളും 257 പെൺകുട്ടികളുമാണ്.

പഠനനിലവാരം

മാർക്ക്%	40% താഴെ	40-5-	50-60	60 നു മുകളിൽ
എൽ.പി. വിഭാഗം കുട്ടികൾ	235	185	344	273
യു.പി., എച്ച് എസ് വിഭാഗം "	1221	549	443	388

എൽ.പി. വിഭാഗത്തിലെ കൂടുതൽ പേരും 50-60 മാർക്കു ഗ്രൂപ്പിലാണെങ്കിൽ യു.പി. ഹൈസ്കൂൾ വിഭാഗത്തിൽ കുത്തനെയുള്ള നിലവാരത്തകർച്ചയാണ്. 47% പേരും 40 മാർക്കുപോലും നേടാൻ കഴിയാത്തവരാണ്. 60ൽ കൂടുതൽ മാർക്ക് കിട്ടുന്നവർ 14% മാത്രം.

തോറ്റുപഠിക്കുന്നവരിൽ പട്ടികജാതി കുട്ടികളുടെ നിരക്ക് 11.45% ആണ്. മറ്റുവിഭാഗങ്ങൾ 7.33% തോറ്റു പഠിക്കുന്നു. നിലവാരത്തിന്റെ കാര്യത്തിൽ പൊതുവിലുള്ള പോരായ്മകളോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗത്തിൽപെടുന്നവർ കൂടുതൽ പിന്നോക്കാവസ്ഥ അനുഭവിക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്.

വിദ്യാലയ സൗകര്യങ്ങൾ

എല്ലാ സ്കൂളുകളിലുമായി 112 ഡിവിഷനുകളും 150 അദ്ധ്യാപകരുമുണ്ട്. ഹൈസ്കൂളുകളിൽ അദ്ധ്യാപകർ ഡിവിഷനെ അപേക്ഷിച്ച് കൂടുതലും എൽ.പി. സ്കൂളുകളിൽ ഹെഡ് മാസ്റ്റർ ഉൾപ്പടെ ഡിവിഷന് ഏതാണ്ട് തുല്യവുമാണ്. ക്ലാസ് മുറികളില്ലാത്ത സ്ക്രീൻ മറച്ച് പഠിപ്പിക്കുന്ന ഹാളുകളാണ് കൂടുതൽ. വെൽഫെയർ എൽ.പി. സ്കൂളിന് ഓഫീസ് മുറിയില്ല.

പ്രൈമറി സ്കൂളുകളിൽ ഇപ്പോൾ ലൈബ്രറികളില്ല. എന്നാൽ കുട്ടികളിലുള്ള വായനാഭ്രമം ബാലമാസിക കമ്പനികൾ ലാഭമാക്കുകയാണ്. മത്സരിച്ചിറക്കുന്ന മാസികകൾ കുട്ടികളുടെ മനശ്ശാസ്ത്രവും വിദ്യാഭ്യാസവും ഉൾക്കൊണ്ടവയല്ല. കുട്ടികളുടെ അഭിരുചികളുടെ താളം തെറ്റിക്കുകയാണവ. ഓരോ സ്കൂളുകളിലും ബാലസാഹിത്യ ഇൻസ്റ്റിസ്റ്റ്യൂട്ടോ അതുപോലുള്ള ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങളോ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും മാസികകളും കുട്ടികളുടെ വായനയ്ക്കായി ലഭ്യമാക്കണം. ഓരോ ശിശുലൈബ്രറികൾ 7 സ്കൂളുകളിൽ ആവശ്യമാണ്.

വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ക്ലാസ് മുറി	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ	ക്ലാസ് മുറി	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1.	ഗവ. യു.പി.എസ്. ഇല്ലിത്തോട്	1	1	0	-	-	2	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	7	-	1	+	+	-	-	-	-	-	-
2.	സെൻറ് മേരീസ് എൽ.പി. എസ് മലയാറ്റൂർ	14	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	-	-	+	-	1	2	-	1	-	വേണം	1
3.	സെൻറ് തോമസ് ഹൈസ്കൂൾ മലയാറ്റൂർ	35	1	2	ഉണ്ട്	ഉണ്ട്	3	3	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	-	1	-	-	-
4.	ഹരിജൻ വെൽഫെയർ എൽ.പി.എസ് മലയാറ്റൂർ	4	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	-	1	-	-	1	-	1	-	വേണം	-	-
5.	സെൻറ് ജോസഫ് എൽ.പി.എസ് മലയാറ്റൂർ	1	1	ഇല്ല	ഇല്ല	ഇല്ല	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	4	-	-	-	1	-	-	-	-	വേണം	-
6.	ഗവ. എൽ.പി.എസ് നീലീശ്വരം	7	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	1	1	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	1	-	-	-	1	1	-	-	-	വേണം	-
7.	സെൻറ് ആൻറണീസ് എൽ.പി.എസ് നടുവട്ടം	12	1	ഇല്ല	ഇല്ല	ഇല്ല	1	1	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	-	-	-	-	1	1	-	-	വേണം	-	വേണം
8.	എസ്.എൻ.ഡി.പി. എച്ച്.എസ് നീലീശ്വരം	30	1	2	1	1	2	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	3	-	-	-	-	2	-	-	-	-	-
9.	സെൻറ് ജോസഫ് എൽ.പി.എസ് കൊറ്റമം	17	1	1	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	-	-	-	-	1	1	1	1	-	വേണം	-

അവലംബം: ദ്വിതീയ വിവരരേഖ

അദ്ധ്യാപകരിൽ വനിതകൾ കൂടുതലാണ്. പ്രാധനാ അദ്ധ്യാപകരിലും വനിതകളാണ് കൂടുതൽ. കഴിഞ്ഞ 10 വർഷത്തെ സ്ഥിതിയെടുത്താൽ അദ്ധ്യാപനരംഗത്ത് വനിതാ പങ്കാളിത്തം ക്രമമായി കൂടി വരികയാണെന്നു കാണാം. 20 കൊല്ലം മുമ്പ് ഈ നിരക്ക് വിപരീത നിലയിലായിരുന്നു.

അദ്ധ്യാപക രക്ഷാകർതൃസമിതികൾ

എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃസമിതികളും മിക്കവയിലും മാതൃസംഗമങ്ങളുമുണ്ട്. എന്നാൽ വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക് ഉറപ്പാക്കുന്ന വിധം ഇവയുടെ പ്രവർത്തനം വളർന്നിട്ടില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഒന്നാമത്തെ ടീച്ചർ എന്ന നിലയിൽ അമ്മമാരുടെ പങ്കും ഉത്തരവാദിത്വവും ലക്ഷ്യം വെച്ചുകൊണ്ടാണ് മാതൃസംഗമങ്ങൾ ഏർപ്പെടുത്തിയത്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനപ്പുറം ഇവയെ വളർത്തിയെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സർക്കാർ വിദ്യാലയങ്ങളാണ് പി.ടി.എ., മദർ പി.ടി.എ. എന്നിവയെ കുറെക്കൂടി ഗൗരവമായെടുത്തിട്ടുള്ളത്. നീലീശ്വരം ഗവ.എൽ.പി.സ്കൂൾ ഇക്കാര്യത്തിൽ മാതൃകാപരമാണ്. ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും അക്കാദമിക് രംഗത്തും രക്ഷാകർത്താക്കളെ പങ്കെടുപ്പിക്കാൻ അതിനു കഴിഞ്ഞിട്ടുണ്ട്. സ്കൂളിന്റെ അറ്റുകുറ്റപ്പണികൾ സ്കോളർഷിപ്പ് ക്ലാസ്, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ സന്നദ്ധതയുള്ള രക്ഷിതാക്കളുടെ സേവനം സ്കൂൾ പ്രയോജനപ്പെടുത്തുണ്ട്.

പാഠ്യേതര പ്രവർത്തനങ്ങളും പാഠാനുബന്ധ പ്രവർത്തനങ്ങളും

പരീക്ഷയെ ലക്ഷ്യംവച്ച് രക്ഷിതാക്കളും അദ്ധ്യാപകരും നീങ്ങുന്നതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഭാഗമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ശ്രദ്ധകുറഞ്ഞുവരികയാണ്. കുട്ടികളുടെ വിവിധങ്ങളായ കഴിവുകളുടെ വികസനമാണ് ശരിയായ വിദ്യാഭ്യാസം. ടീച്ചിംഗ് എന്നത് പരീക്ഷക്കുള്ള കോച്ചിംങ്ങ് മാത്രമാകുന്നതുകൊണ്ട് പഠനം ഉന്മേഷ രഹിതമായ ഒരനുഷ്ഠാനം മാത്രമായി പോകുന്നുണ്ട്. ആസ്വാദ്യകരമായ ഒരന്വേഷണമായി വിദ്യാഭ്യാസം അനുഭവപ്പെടുന്നില്ല. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ വിരസമാണ് വിദ്യാലയാന്തരീക്ഷം. പരീക്ഷയെമാത്രം മുൻനിർത്തിയുള്ള ഈ പ്രവർത്തനത്തിന്റെ നിഷ്പ്രയോജനമറിയാൻ രണ്ട് സൂചകങ്ങൾ മതി.

ഒന്ന്: സ്കൂളുകളിൽ നിരക്ഷരത നിലനില്ക്കുന്നു.

രണ്ട്: എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുവരുന്നു.

കലാകായികരംഗങ്ങളിൽ മികവുപുലർത്തുന്ന കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ വേണ്ടത്രയില്ലാതെ പോകുന്നത് പാഠ്യേതര പ്രവർത്തനങ്ങളിൽ പുലർത്തുന്ന താല്പര്യമില്ലായ്മകൊണ്ടാണ്. രക്ഷിതാക്കളിലും അതിന്റെ ഫലമായി അദ്ധ്യാപകരിലും വന്നുകൂടുന്ന നൂറുമേനി മോഹങ്ങൾ, കുട്ടികളിൽ ഉള്ള മേനികൂടി ഇല്ലാതാകുന്നു എന്ന കാര്യം നമ്മുടെ വിദ്യാഭ്യാസവികസന ചിന്തകളിൽ മുൻനിർത്തേണ്ടതുണ്ട്.

ശിശുവിദ്യാഭ്യാസം

വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 4 ബാലവാടികളും നീലീശ്വരം ഗവ. എൽ.പി.സ്കൂളിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി ക്ലാസുമാണ് ശിശുവിദ്യാഭ്യാസരംഗത്തെ പൊതു സ്ഥാപനങ്ങൾ. നീലീശ്വരം ജീവ്ദാൻ കോൺവെൻറി നോടനുബന്ധിച്ച് ഒരു നഴ്സറി സ്കൂളുണ്ട്. സ്വകാര്യ നഴ്സറികൾ വേറെയുമുണ്ട്. മനുഷ്യ വളർച്ചയിലെ ഏറ്റവും നിർണ്ണായകമായ ഈ പ്രായം ഇത്ര ഉത്തരവാദിത്വമില്ലാതെ കയറൂരി വിടുന്ന മറ്റൊരു പ്രദേശവും ലോകത്തില്ലെന്നു വിദഗ്ദർ പറയുന്നു. ശിശുവിദ്യാഭ്യാസ

ത്തിന്റെയും മനശ്ശാസ്ത്രത്തിന്റെയും അടിസ്ഥാനതത്വങ്ങൾക്കെതിരായാണ് ഇവ പ്രവർത്തിക്കുന്നത്. പ്രത്യേക കരിക്കുലമുള്ള ബാലവാടികളിൽ പോലും കുട്ടികളെ കിട്ടാൻ വേണ്ടി സ്വകാര്യസ്ഥാപനങ്ങളിലെ 'പഠിപ്പിക്കൽ' അനുകരിക്കുകയാണ്. ഇംഗ്ലീഷുകാർ ഇംഗ്ലീഷ് പഠിപ്പുതുടങ്ങുന്നത് ഏഴാം വയസ്സിലാണ്. നമ്മുടെ നാട്ടിൽ 3 വയസ്സുമുതൽ ഇംഗ്ലീഷ് പഠിക്കാനുള്ള ദുർവിധിയാണ് ഏറെ കുട്ടികൾക്ക്. അമ്മ, മുലപ്പാൽ, അമ്മയുടെ ഭാഷ മുതലായവ ഒരു കുട്ടിയ്ക്ക് നൽകുന്ന അനുഭവങ്ങളും അനുഭൂതികളും നിഷേധിച്ചുകൊണ്ട് ഇപ്പോൾ നടത്തിവരുന്ന പ്രീപ്രൈമറി വിദ്യാലയങ്ങളെ ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് ശിശുവിദ്യാഭ്യാസത്തിന്റെ തത്വങ്ങളിൽ ഉറപ്പിച്ചു നിർത്തേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസം

കേരളം പിറന്നപ്പോൾ ഒരു സർവ്വകലാശാലയാണതിൽ ഉണ്ടായിരുന്നത്. ഇപ്പോൾ 6 സർവ്വകലാശാലകളായി. അതിനനുസരിച്ച് കോഴ്സുകളും ബിരുദങ്ങളും കൂടി. ഇവിടെ പഠിക്കാൻ യോഗ്യതയില്ലാത്തവർക്ക് പുറത്തുള്ള സർവ്വകലാശാലകളിൽ ബിരുദങ്ങൾ വാങ്ങാനും കഴിയുന്നുണ്ട്. എന്നിട്ടും നമ്മുടെ കാർഷിക വ്യവസായിക മേഖലകളെ ഉണർത്താനോ വൈദഗ്ദ്യം വളർത്താനോ ഇവക്കൊന്നും കഴിഞ്ഞില്ല.

ഓരോ വാർഡിലും ശരാശരി 50 ബിരുദധാരികളും അത്രതന്നെ ടെക്നിക്കൽ യോഗ്യതയുള്ളവരുമുണ്ട് ഈ പഞ്ചായത്തിൽ. എന്നാൽ ഒരു ഫ്യൂസ് കെട്ടാൻപോലും പരസഹായം തേടേണ്ടനിലയിലാണവർക്ക് ലഭിച്ച വിദ്യാവൈഭവം. പഠിച്ച വിഷയവും ജിവിതവൃത്തിയുമായി ബന്ധമുള്ളവർ അത്യപൂർവ്വം. ഉന്നതവിദ്യാഭ്യാസരംഗത്തു നടക്കുന്ന മത്സരവും കോഴയും പണചിലവും വിഫാവിലാണെന്നു മനസ്സിലാക്കാൻ നമ്മുടെ പ്രദേശത്ത് നല്ല ടെക്നീഷ്യൻമാരുടെയും വിവിധരംഗങ്ങളിൽ പരിജ്ഞാനമുള്ള വിദഗ്ദ്ധന്മാരുടെയും ദൗർലഭ്യം നോക്കിയാൽ മതി.

ഗാന്ധിജി വിഭാവനം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയുടെ ജനകീയ സ്വഭാവം ഉൾക്കൊള്ളാൻ വിദ്യാഭ്യാസത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ പരിശീലനവും വിജ്ഞാനസമ്പാദനവും സമന്വയിപ്പിച്ച അദ്ധ്യാപനരീതി പ്രാഥമികതലം മുതൽ തുടങ്ങണം. ഏതെങ്കിലും ഒരു ഘട്ടത്തിൽ വിദ്യഭ്യാസം അവസാനിപ്പിക്കുന്ന ഒരാൾക്ക് ഒരു തൊഴിൽ ചെയ്യാനുള്ള ശരിയായ അറിവും വൈദഗ്ദ്യവും ലഭിക്കുന്നതായിരിയ്ക്കണം നമ്മുടെ വിദ്യാഭ്യാസം.

പ്രശ്നങ്ങൾ

- ✡ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ അവഗണിയ്ക്കപ്പെടുന്നു.
- ✡ വിദ്യാലയങ്ങളിൽ കുട്ടികളുടെ പ്രവേശനം കുറഞ്ഞുവരുന്നു.
- ✡ അൺഎയ്ഡഡ് സ്കൂളുകൾ സ്ഥാപിക്കുന്നത് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാവിയെ ബാധിക്കുന്നു.
- ✡ പഞ്ചായത്തിൽനിന്ന് സമീപപ്രദേശങ്ങളിലേക്കുള്ള കുട്ടികളുടെ പോക്ക് വർദ്ധിച്ചു വരുന്നു.
- ✡ സ്കൂൾ പി.ടി.എ.കൾ, ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
- ✡ മാതൃസംഗമങ്ങൾ നന്നായി പ്രവർത്തിപ്പിക്കുന്നില്ല
- ✡ അദ്ധ്യാപകരുടെ ആത്മാർത്ഥ കുറവ്
- ✡ സമൂഹത്തിന്റെ പിൻതുണയില്ലായ്മ
- ✡ അക്കാദമിക് പരിശോധനകൾ ഇല്ല
- ✡ കൂടിയ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം
- ✡ പരിഹാരബോധനമില്ലാതെയുള്ള ക്ലാസ് കയറ്റ രീതി.
- ✡ അദ്ധ്യാപകർക്ക് യഥാസമയം പുനപ്പരിശീലനം നൽകുന്നില്ല. ഇതിനായുള്ള സ്ഥാപനങ്ങളുടെ പ്രവർത്തന പരാജയം

- അദ്ധ്യയന ദിവസങ്ങളുടെ കുറവ്
- ഭൂരിപക്ഷം കുട്ടികൾക്കും പിൻതുടരാൻ കഴിയാത്ത അശാസ്ത്രീയമായ സിലബസും, പാഠപുസ്തകങ്ങളും
- മാതൃഭാഷയോടുള്ള അവഗണന
- പാഠാനുബന്ധപ്രവർത്തനങ്ങളും പാഠ്യേതരപ്രവർത്തനങ്ങളും അവഗണിക്കുന്നു.
- ജീവിതത്തിൽ ഉപയോഗപ്പെടാത്ത പഠന പ്രക്രിയ വിദ്യാഭ്യാസത്തിന്റെ താല്പര്യം കെടുത്തുന്നു.
- ക്ലാസ് മുറികളും വിദ്യാലയങ്ങളും ആകർഷകമല്ല. ആവശ്യത്തിന് പഠനസാമഗ്രികളില്ല; പഠനസഹായികളില്ല.

ഗ്രാമസഭാനിർദ്ദേശങ്ങൾ

- സ്കൂൾ കോപ്ലക്സ് പ്രവർത്തനം ഊർജ്ജിതമാക്കുക
- സഹകരണസംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നീലീശ്വരം ഗവ.എൽ.പി. സ്കൂളിലെ ഒഴിഞ്ഞഹാളിൽ നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റിന് പഞ്ചായത്ത് മുൻകയ്യെടുക്കുക.
- പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.
- പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി രൂപികരിക്കുക.
- 7-ാം വാർഡിലെ സെൻറ് ആൻറണീസ് എൽ.പി. സ്കൂൾ വൈദ്യുതീകരിക്കുക.
- പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളേയും പ്ലസ്ടു സ്കൂളുകളായി ഉയർത്തുക
- ഇല്ലിത്തോട് യു.പി.സ്കൂൾ, വെൽഫെയർ എൽ.പി.സ്കൂൾ നടുവട്ടം എൽ. പി.സ്കൂൾ എന്നിവ അബ്ഗ്രേഡ് ചെയ്യുക.
- 10-ാം വാർഡിൽ വായനശാല ആരംഭിക്കുക.
- രണ്ടാം വാർഡിൽ എൽ.പി.സ്കൂൾ സ്ഥാപിക്കുക.
- പ്രീ പ്രൈമറി കേന്ദ്രങ്ങളിൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരും അംഗീകൃത പഠന രീതികളും ഉറപ്പുവരുത്തുക. ബോധനം മാതൃഭാഷയിൽ മാത്രമാക്കുക.
- വെൽഫെയർ എൽ.പി. സ്കൂൾ ബോർഡിംഗ് സ്കൂളാക്കുക.
- ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.
- ബാലവാടികളിൽ വേണ്ട സൗകര്യങ്ങളുണ്ടാക്കുക
- കുട്ടികൾക്ക് പോഷകാഹാരവും പഠനോപകരണങ്ങളും കളികോപ്പുകളും ലഭ്യമാക്കുക.
- പാഠപുസ്തകങ്ങൾ സ്കൂൾ തന്നെ ലഭ്യമാക്കണം
- പഞ്ചായത്ത് വിദ്യാഭ്യാസാസമിതി രൂപീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിക്കാം.
- സ്കൂൾ കോംപ്ലക്സ് കാര്യക്ഷമമാക്കി പഞ്ചായത്തിലെ മൊത്തം വിദ്യാഭ്യാസ പരിപാടിയെ ഏകോപിപ്പിച്ച് സാമൂഹ്യ -ഭരണ പിൻതുണയും അദ്ധ്യാപക പരിശീലനവും സർഗ്ഗാത്മക പഠനമൂല്യ നിർണ്ണയ രീതികളും പഠനനിലവാരും ഉറപ്പുവരുത്താനാവും.
- അയൽപക്ക സ്കൂൾ സമ്പ്രദായം പ്രോത്സാഹിപ്പിച്ച് പൊതുവിദ്യാഭ്യാസരംഗത്തെ അനാവശ്യമായ മൂലധന നിക്ഷേപവും ഡിവിഷൻ വീഴ്ചയും യാത്രാപ്രശ്നങ്ങളും പരിഹരിക്കാം.
- സ്കൂൾ പി.ടി.എ. കളും ക്ലാസ് പി.ടിഎ. കളും മാതൃസംഗമങ്ങളും ശക്തിപ്പെടുത്തി രക്ഷിതാക്കളുടെ ബോധവൽക്കരണവും പരിശീലനവും പങ്കാളിത്തവും വർദ്ധിപ്പിക്കാം.
- ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ സഹായത്തോടെ പഠനം മെച്ചപ്പെടുത്താം.

- സ്കൂളുകളിൽ സയൻസ്ക്ലബ്, ഫാർമേഴ്സ് ക്ലബ്, ഹെൽത്ത് ക്ലബ്, നേച്ചർ ക്ലബ്, റീഡേഴ്സ് ഫോറം, ആർട്ട്സ് ക്ലബ്ബ് എന്നിവ രൂപീകരിച്ച് പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് വിലയിരുത്തൽ നടത്തി പ്രവർത്തിപ്പിയ്ക്കണം.
- എല്ലാ സ്കൂളുകളിലും പരിശോധനയും വിലയിരുത്തലും ജനകീയപങ്കാളിത്തത്തോടെ നടത്തണം. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഇവ ചർച്ചചെയ്യണം.
- മൂല്യനിർണ്ണയ രീതി പരിഷ്കരിച്ച് കാണാപ്പാഠരീതി കുറയ്ക്കാം. അന്വേഷണം, നിരീക്ഷണം, ധാരണാശേഷി, കൂട്ടായ്മ, കലകൾ, കളികൾ പൊതുവിജ്ഞാനം, നാടിനെക്കുറിച്ചുള്ള അറിവ് എന്നിവ മൂല്യനിർണ്ണയത്തിനു വിധേയമാക്കി ഇന്നത്തെ പരീക്ഷാകേന്ദ്രീകൃത കോച്ചിംഗ് രീതിയിൽനിന്ന് മുക്തിനേടാം.
- അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് വ്യക്തിഗതവിലയിരുത്തലിന് സൗകര്യമുണ്ടാക്കണം
- അവശ്യ ഭൗതികസൗകര്യങ്ങൾ ഉറപ്പു വരുത്തണം.
- പഠനസാമഗ്രികളും പഠനസഹായികളും ശേഖരിച്ച് ക്ലാസുകളുടേയും വിദ്യാലയത്തിന്റേയും ഉള്ളടക്കവും ഭംഗിയും വിദ്യാർത്ഥി രക്ഷാകർതൃസഹകരണത്തോടെ വർദ്ധിപ്പിക്കാം.
- അനാവശ്യമായ അവധികൊടുക്കൽ ഒഴിവാക്കി അദ്ധ്യയന ദിവസങ്ങൾ വർദ്ധിപ്പിയ്ക്കണം.

സ്ത്രീയ്ക്ക് കിട്ടുന്ന വിദ്യാഭ്യാസം സമൂഹത്തിനു കിട്ടുന്ന വിദ്യാഭ്യാസത്തിനു തുല്യമാണ്

5.5 കുടിവെള്ളം പൊതുജനാരോഗ്യം

കുടിവെള്ളത്തിന്റെ ലഭ്യത:

ജലലഭ്യതയിൽ താരതമ്യേന മെച്ചപ്പെട്ട നിലയിലാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. എന്നാൽ ഒരു ദശകത്തിലേറെയായി പഞ്ചായത്തിന്റെ ഉയർന്ന അധിവാസമേഖലകളിലും അടുത്ത കാലത്തായി പെരിയാറിന്റെ തീര പ്രദേശത്തുപോലും വെള്ളത്തിന്റെ ലഭ്യത വേനൽക്കാലത്ത് കുറഞ്ഞുവരികയാണ്. ഒന്ന്, രണ്ട്, നാല്, ഏഴ് വാർഡുകളിൽ പലഭാഗത്തും വേനലിന്റെ ആരംഭത്തിൽതന്നെ കുടിവെള്ളം വാഹനത്തിലെത്തിക്കേണ്ട നിലയിലെത്തിയിരിക്കുന്നു. സമതലത്തിലെ നിരവധി കിണറുകളും മുൻകാലത്തില്ലാത്തവിധം വേനൽ മൂർച്ചയിൽ വറ്റി വരളുന്നു. ഈ സ്ഥിതി വിശേഷം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ചുവരികയാണ്.

വർഷത്തിൽ മുന്നൂറ് സെൻറിമീറ്ററിലേറെ മഴ ലഭിക്കുന്ന പ്രദേശമാണ് നമ്മുടേത്. വ്യാപകമായ വനനശീകരണവും സമതല ആവാസമേഖലയിലെ വൃക്ഷശോഷണവും പെരിയാറിൽ അനിയന്ത്രിതമായി നടക്കുന്ന മണൽവാരൽമൂലം നദിയുടെ ആഴംകൂടിയതും ജലസംഭരണികളായി വർത്തിച്ചിരുന്ന കുളങ്ങൾ തൂർന്നുപോയതും പാടശേഖരങ്ങളിൽ നല്ലൊരു ഭാഗം മറ്റാവശ്യങ്ങൾക്കായി മാറ്റിയെടുത്തതുമാണ് കാര്യങ്ങൾ ഈ നിലയിൽ എത്തിച്ചത്. വർഷകാലത്ത് ഭൂമി സംഭരിക്കുന്ന ജലമാണ് വേനൽകാലത്ത് വിവിധ സ്രോതസ്സുകളിൽനിന്ന് നമുക്ക് ലഭിക്കുന്നത്. ഈ കാര്യം വിസ്മരിച്ചുകൊണ്ടാണ് നമ്മുടെ ജീവിതരീതിയും വികസനവുമെല്ലാം പുരോഗമിക്കുന്നത്. വർഷകാലത്തിൽ ജലം ഭൂമിയിൽ കിനിഞ്ഞിറങ്ങാൻ പൂർവ്വികർ കാണിച്ച ശ്രദ്ധയും ബുദ്ധിയും കൃഷി-ജീവിതരീതികളും വികസനത്തിന്റെ അതിമോഹംകൊണ്ട് പിൽക്കാലത്ത് നാം ഉപേക്ഷിച്ചു. ഇതിന്റെയെല്ലാം ഫലമായും വർദ്ധിച്ച ജനസംഖ്യകൊണ്ടും കുടിവെള്ളത്തിനായി 100 മീറ്ററിലേറെ ദൂരം പോകേണ്ടിവരുന്ന 600-ൽപ്പരം കുടുംബങ്ങൾ പഞ്ചായത്തിലെ 1,2,4,6,7.9 വാർഡുകളിലായി താമസിച്ചു വരുന്നു. (1-ാം വാർഡിലെ ഇല്ലിത്തോട് മുളങ്കുഴി പ്രദേശങ്ങൾ, 2-ാം വാർഡിലെ നാല് സെൻറ് കോളനി പ്രദേശം, 4-ാം വാർഡിൽ ചേലച്ചുവട്, 6-ാം വാർഡിലെ വേളാർ കോളനി, ലക്ഷംവീട്, 7-ാം വാർഡിലെ കണ്ണിമംഗലം, 9-ലെ വിശ്വകർമ്മ പ്രദേശം)

ജലത്തിന്റെ ഗുണനിലവാരം:

ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരമാണ് മറ്റൊരു പ്രശ്നം. ആരോഗ്യകരമായ ശുദ്ധജലത്തിന്റെ തോത് വികസനത്തിന്റെ അളവുകോലായി പരിഗണിക്കാറുണ്ട്. ക്ലോറിനേറ്റ് ചെയ്യാത്ത നമ്മുടെ ജല ഉറവിടങ്ങളിൽ ഏകദേശം 70% മലമാലിന്യങ്ങൾ, മലജന്യമായ അണുക്കൾ, ഇതര ജീവാണുക്കൾ എന്നിവയാൽ മലിനീകരിക്കപ്പെട്ടവയാണ്. രോഗങ്ങളിൽ 70% ഉം മലിനജലത്തിന്റേയും ശുചിത്വമില്ലാത്ത ജീവിത പരിത സ്ഥിതികളുടേയും ഫലമാണ്. പഞ്ചായത്തിലെ കക്കൂസുകളുടെ എണ്ണം, കിണറുകളുടെ സംരക്ഷണരീതി, മണ്ണിന്റെ ഘടന, ജനസാന്ദ്രത എന്നിവ ഈ വസ്തുതകളെ ശരിവയ്ക്കുന്നതായി കാണാം. പൈപ്പ് വെള്ളമാണ് നല്ല വെള്ളമെന്നൊരു തോന്നൽ ഗ്രാമീണ ജനതയിൽ വർദ്ധിച്ചുവരികയാണ്. പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും ശ്രദ്ധയും അതുകൊണ്ട് കുറഞ്ഞുവരുന്നു. ആഴത്തിൽനിന്നും ഉറവെടുത്തുവരുന്ന കിണർ ജലമാണ് നമുക്കനുയോജ്യമായതും ചിലവുകുറഞ്ഞതുമായ കുടിവെള്ള ഉപാധി. കിണറിന്റെ 5 മീറ്ററിനുള്ളിൽ

കക്കൂസ് കുഴികൾ ഉണ്ടാകാതിരിക്കുന്നതും കിണറിലേയ്ക്ക് ഭൂമിയുടെ ഉപരിതലത്തിൽനിന്ന് വെള്ളം അരിച്ചിറങ്ങാത്ത വിധം കല്ലുകൊണ്ട് അടിയിൽനിന്ന് കെട്ടി അരമതിൽ പണിത് ചുറ്റും കല്ലോ കോൺക്രീറ്റോ ഉപയോഗിച്ച് തറകെട്ടി സൂക്ഷിക്കേണ്ടതും ജലം ശുദ്ധമായി സൂക്ഷിയ്ക്കാൻ അത്യാവശ്യമാണ്. ഓരോ കുടുംബത്തിനും ശുദ്ധമായ കുടിവെള്ളമെത്തിക്കുന്നതിലൂടെ ഇന്നു പ്രചാരത്തിലുള്ള 70% സാംക്രമികരോഗങ്ങളെ നിയന്ത്രിക്കാനും അതിന്റെ വർദ്ധിച്ചുവരുന്ന ചികിത്സാചെലവ് ഒഴിവാക്കാനും കഴിയും. അതുകൊണ്ട് നമ്മുടെ വികസനാവശ്യങ്ങളുടെ പട്ടികയിൽ പ്രധാനമാണ് ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തൽ.

ഈ ശരാശരിയനുസരിച്ച് പഞ്ചായത്തിലെ 26,000 ജനങ്ങളുള്ള 5200 കുടുംബങ്ങളുടെ ജലാവശ്യം പ്രതിദിനം 26,00,000 ലിറ്റർ അഥവാ 2600 ക്യൂബിക് മീറ്ററാണെന്നു കാണാം. മൃഗങ്ങളുള്ള കുടുംബങ്ങൾക്ക് 100 ലിറ്റർ കൂടി അധികമായി കണക്കാക്കിയാൽ പഞ്ചായത്തിന്റെ വാർഷിക ജലാവശ്യം 2800 ക്യൂ:മീ: ആയിരിക്കും.

നമ്മുടെ ജലസാദ്ധ്യത:-

2,3,4,7,8 വാർഡുകളിൽ പൈപ്പുജലം എത്തിക്കുന്നതിനുള്ള ജല അതോറിറ്റിയുടെ 3 കുടിവെള്ളപദ്ധതികളും 3000-ത്തിനടുത്തു വരുന്ന

കുടിവെള്ള പദ്ധതികൾ

ക്രമ നമ്പർ	പേര്	പമ്പിംഗ് കപ്പാസിറ്റി എച്ച്.പി.	ടാപ്പുകൾ	
			വീട്	പൊതു
1.	ചീത്തപ്പാറ ഹരിജൻ കോളനി സ്കീം	10 × 2	183	66
2.	മലയാറ്റൂർ വെസ്റ്റ് ഹരിജൻ കോളനി സ്കീം	10 × 2		
3.	മലയാറ്റൂർ റൂറൽ വാട്ടർ സപ്ലൈ സ്കീം	20 × 2		

അവലംബം : ദ്വിതീയ വിവരരേഖ

നമ്മുടെ ജലാവശ്യം:-

5 അംഗങ്ങളുള്ള ഒരു കുടുംബത്തിന്റെ വീട്ടാവശ്യത്തിനുള്ള ഒരു ദിവസത്തെ ശരാശരി ജലാവശ്യം 500 ലിറ്റർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

കുടിക്കുന്നതിന്	-	25 ലിറ്റർ
പാചകം, പാത്രം കഴുകൽ	-	100 ലിറ്റർ
കുളി, തുണി കഴുകൽ	-	250 ലിറ്റർ
ശുചീകരണം	-	125 ലിറ്റർ
ആകെ	-	500 ലിറ്റർ

കിണറുകളിൽനിന്നുള്ള വെള്ളവുമാണ് പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമായ ജലസാദ്ധ്യതകൾ. കുളങ്ങളും, നീർച്ചാലുകളും പുഴയും കുടിവെള്ളത്തിന് നേരിട്ടുപയോഗിക്കുന്ന കുടുംബങ്ങൾ ഇല്ലിത്തോട്, മുളങ്കുഴി ഭാഗത്തുണ്ട്. കിണറുകളിൽ പലതും വേനലിൽ വറ്റിവരളുന്നവയാണ്. ഇവയുടെ നീരൊഴുക്കുശേഷി തിട്ടപ്പെടുത്തിയാൽ പഞ്ചായത്തിൽ ആകെ ലഭിക്കുന്ന വെള്ളത്തിന്റെ അളവറിയാനാകും. ആവശ്യവും ലഭ്യതയും അറിഞ്ഞുകൊണ്ടേ ഇനി നമുക്കുവേണ്ട കുടിവെള്ള പരിപാടികൾ ശാസ്ത്രീയമായി നിശ്ചയിക്കാൻ കഴിയൂ. ഇപ്പോഴുള്ള കിണറുകളുടെ കുറഞ്ഞ ജലശേഷിവച്ചുനോക്കിയാൽപോലും

ഇവിടുത്തെ ജനങ്ങൾക്കാവശ്യമായത്ര കുടിവെള്ളം ഇവിടെത്തന്നെ ലഭ്യമാണെന്നു കാണാം. പ്രാഥമികമായ ഒരു കണക്കനുസരിച്ച് വേനൽക്കാലത്തുപോലും 9000 ക്യൂ:മീറ്ററിലേറെ ജലശേഷി നമ്മുടെ കിണറുകൾക്കുണ്ട്. എന്നാൽ എല്ലാ കുടുംബങ്ങൾക്കും എല്ലാ പ്രദേശത്തും ഒരുപോലെ ലഭ്യമാകാവുന്ന വിധത്തിലല്ല കിണർ ജലത്തിന്റെ ഉറവുകൾ എന്നതാണ് കുടിവെള്ള ക്ഷാമത്തിനു കാരണം.

ഈ ജലസമ്പത്ത് എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കാവുന്നവിധം സഹകരണത്തിലൂന്നിയതും ചിലവ് കുറഞ്ഞതും ജലശേഷി വർദ്ധിപ്പിക്കുന്നതും ഉറവകൾ സംരക്ഷിക്കുന്നതുമായ ചെറുപദ്ധതികൾ ആവിഷ്ക്കരിച്ച് എല്ലാവർക്കും ശുദ്ധജലമെത്തിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. ജലം അത്യാവശ്യമായ ഒരു വിഭവമാണെന്നും അത് ആവുന്നത്ര സംഭരിയ്ക്കണമെന്നും, സംരക്ഷിയ്ക്കണമെന്നും ഒരിക്കലും ധൂർത്തടിക്കരുതെന്നും ഉള്ള മനോഭാവം ജനങ്ങളിൽ ഉറപ്പിച്ചു കൊണ്ടാവണം പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും.

പ്രധാന പ്രശ്നങ്ങൾ:-

1. 1/6 കുടുംബങ്ങൾ കുടിവെള്ളത്തിന്റെ ക്ഷാമം അനുഭവിയ്ക്കുന്നു.
2. വേണ്ടതിലധികം മഴ ലഭിച്ചിട്ടും വേണ്ടത്ര വെള്ളം സംഭരിച്ചുവയ്ക്കുന്നതിന് കഴിയാതെ വരുന്നു.
3. ഉപയോഗിയ്ക്കുന്ന ജലത്തിന്റെ ഗുണനിലവാരം ആരോഗ്യ സൂചികകൾക്കനുസരിച്ച് മെച്ചമല്ല.
4. നീരുറവകളും, തോടുകളും, പുഴയും വിലപിടിച്ച സമ്പത്തെന്ന നിലയിൽ സംരക്ഷിയ്ക്കപ്പെടുന്നില്ല. അവയിൽ വിഷവസ്തുക്കളും മാലിന്യങ്ങളും നിക്ഷേപിയ്ക്കുന്നു.
5. നിലവിലുള്ള 3 കുടിവെള്ള പദ്ധതികളുടെ ഗുണവും കാര്യക്ഷമതയും കുറവാണ്. അവയിലെ ശുദ്ധജലത്തിന്റെ ദുരുപയോഗം നടക്കുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ:-

1. നിലവിലുള്ള ചീത്തപ്പാറ ഹരിജൻ വാട്ടർസപ്ലൈ സ്ക്കീമിലെ ടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിച്ച് കുടിവെള്ള കണക്ഷൻ ഇരട്ടിയാക്കുക.
2. ഒന്നാം വാർഡിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദിഷ്ട (നേരത്തെ സമർപ്പിച്ചിട്ടുള്ള) വാട്ടർ സപ്ലൈ സ്ക്കീം നടപ്പിലാക്കുക.
3. ഒന്നാം വാർഡിലെ വെള്ളിലക്കണ്ടം ചിറ മെച്ചപ്പെടുത്തി ശുദ്ധജലപദ്ധതി നടപ്പിലാക്കുക.
4. മലയാറ്റൂർ, കാടപ്പാറ പ്രദേശത്ത് ഇപ്പോൾ നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ സ്കീമിന്റെ ശേഷി ഉയർത്തി വള്ളിയാംകുളം നാലു സെൻറ്, കുടിക്കിലാൽ കവല നാലുസെൻറ്, കാടപ്പാറ മുകൾ വശം, 5-ാം വാർഡിൽ പള്ളുപ്പെട്ട പാലം വരെ കണക്ഷൻ നീട്ടി പുതിയ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ഹൗസ് കണക്ഷനുകൾ നല്കുകയും ചെയ്യുക.
5. മണപ്പാട്ടു ചിറയിൽ വേനൽക്കാലത്തും വെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യം ചെയ്യുക.
6. മണപ്പാട്ടു ചിറയുടെ കിഴക്കുവശത്ത് ഒരു മോട്ടോർ പമ്പ് ഹൗസ് സ്ഥാപിച്ച് ഇപ്പോൾ നിലവിലുള്ള വാട്ടർടാങ്കിലേക്ക് കണക്ഷൻ കൊടുക്കുക.
7. നാലാം വാർഡിലെ മണപ്പാട്ടുചിറ ഹരിജൻ കോളനി, സെബിയൂരിലെ ആശാരികോളനി, ചേലച്ചോട് എന്നിവിടങ്ങളിലേയ്ക്ക് ശുദ്ധജലം എത്തിയ്ക്കുക.

8. മലയാറ്റൂർ നമ്പർ 2 ഇറിഗേഷന്റെ ചോർച്ച ഒഴിവാക്കി ആ ജലം കുന്നപ്പിള്ളിച്ചിറയിൽ എത്തിച്ച് അതിന്റെ ജലശേഷി വർദ്ധിപ്പിയ്ക്കുക.

9. ആറാം വാർഡിലെ വേളാർ കോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ മിനി ശുദ്ധജലപദ്ധതികൾ സ്ഥാപിച്ച് രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുക.

10. ഒൻപതാം വാർഡിൽ വിശ്വകർമ്മപുരം, മധുവിന്മേൽ ക്ഷേത്രപരിസരം എന്നിവിടങ്ങളിൽ ശുദ്ധജലവിതരണം നടത്തുക.

11. പത്താം വാർഡിലെ കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊറ്റമംതോട്ടിൽ ചെക്ക് ഡാം നിർമ്മിക്കുക.

12. പഞ്ചായത്തതിർത്തിയിലെ പൊതുകിണറുകൾ വൃത്തിയാക്കി കുടിയ്ക്കാനുപയോഗ്യമാക്കുക.

13. 1,2,4,7,9 എന്നീ വാർഡുകളിൽ കുഴൽക്കിണറുകൾ സ്ഥാപിയ്ക്കുക.

14. നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളം ക്ഷയിപ്പിക്കുന്ന പെരിയാറിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക.

15. മലയാറ്റൂർ വാട്ടർ സപ്ലൈ സ്കീമിന്റെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

16. കണ്ണിമംഗലം ഭാഗത്ത് 3 1/2 ഏക്കർ സ്ഥലം കോമൺ പ്ലോട്ടായി കിടക്കുന്നിടത്ത് കിണർ കുഴിച്ച് വെള്ളംപമ്പ് ചെയ്ത് ആ പ്രദേശത്ത് ജലവിതരണം നടത്തുക.

സാദ്ധ്യതകൾ - പരിഹാരങ്ങൾ:-

1. 800 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള ഏഴ് ചെറുകിട കുടിവെള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

2. അഞ്ച് പൊതു കുളങ്ങളും അതിന്റെ അളവിൽ ആഴം കൂട്ടിക്കെട്ടി സംരക്ഷിയ്ക്കുക.

3. ജലസംഭരണത്തിനും സംരക്ഷണത്തിനും വേണ്ട വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

4. വർഷക്കാലത്ത് ചരിവുഭൂമികളിൽ 10 സെന്റിൽ 1 എന്ന കണക്കിൽ 1 ക്യൂ:മീ: വലിപ്പമുള്ള ട്രെഞ്ചുകളെടുത്ത് ജല സംഭരണം ശക്തിപ്പെടുത്തുക.

5. മധുരം കുഴിതോട്ടിൽ ചാട്ടുകുഴി, പള്ളുപ്പെട്ട ഭാഗങ്ങളിൽ ക്രോസ്ബാർ പണിത് ജലം സംഭരിക്കുക.



പൊതുജനാരോഗ്യം

ഒരു സമൂഹത്തിന്റെ പുരോഗതിയുടെ മാനദണ്ഡങ്ങളിൽ പ്രധാനമാണ് അതിലെ അംഗങ്ങളുടെ ആരോഗ്യം, ഉയർന്ന ആയുസ്സ്, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞ രോഗാതുരത, കുറഞ്ഞ പൊതുമരണനിരക്ക് ഇവയൊക്കെയാണ് ആരോഗ്യസ്ഥിതി കണക്കാക്കുന്നതിനുള്ള സൂചികകൾ.

നാട്ടുവൈദ്യന്മാരുടെ സഹായം തേടിയും ഏറിയകൂറും സ്വന്തമായി ഉണ്ടായിരുന്ന നാട്ടറിവുകളും പച്ചമരുന്നുകളും ഉപയോഗിച്ച് രോഗരക്ഷ നേടിയിരുന്ന പഴയകാലത്തെ അപേക്ഷിച്ച് ആരോഗ്യരക്ഷാസൗകര്യങ്ങളും സംവിധാനങ്ങളും വളരെ പുരോഗമിച്ചിട്ടുണ്ട്. കൊച്ചിരാജാവിന്റെ സഹായത്തോടെ മലയാറ്റൂരിൽ വെള്ളാനിക്കാരൻ ദേവസി ആരംഭിച്ചതാണ് ആദ്യത്തെ അലോപ്പതി ക്ലിനിക്. കിടത്തി ചികിത്സിപ്പിക്കുന്ന രണ്ട് ആശുപത്രികളും കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന 7

ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

ചികിത്സാ വിഭാഗം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ		ജീവനക്കാർ
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
അലോപ്പതി	-	2	1	-	-	-	16
ആയുർവേദം	-	-	1	6	-	-	10
ഹോമിയോ	-	-	-	3	-	-	3
മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ	-	-	-	-	4	-	8
ആകെ	-	2	2	10	4	-	37

അവലംബം - ദ്വിതീയ വിവരരേഖ

കേരളത്തിന്റെ പൊതുസ്ഥിതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും പൊതു ആരോഗ്യസ്ഥിതി വളരെ ഉയർന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസവും പ്രത്യേകിച്ചും സ്ത്രീകൾക്കു ലഭിച്ച വിദ്യാഭ്യാസ-പൊതുജനാരോഗ്യ കേന്ദ്രങ്ങൾവഴി നടത്തിയ വിവിധ പ്രവർത്തനങ്ങളും, പൊതു വിതരണ സംവിധാനത്തിലൂടെ ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയതുമാണ് ഈ നേട്ടത്തിനു കാരണം.

ആരോഗ്യപ്രവർത്തകരും ഇല്ലിത്തോട്ടിൽ ഒരു സബ്-സെന്ററും, നീലീശ്വരത്ത് ഒരു ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയും, സ്വകാര്യ ഡിസ്പെൻസറികളും, 6 ആയുർവ്വേദ മരുന്നു കടകളും, സ്വകാര്യഹോമിയോ ഡിസ്പെൻസറികളും, മലയാറ്റൂരിൽ ഒരു മെഡിക്കൽ സ്റ്റോറും അടങ്ങുന്നതാണ് ഇപ്പോഴുള്ള ആരോഗ്യ രക്ഷാ സംവിധാനം. അതോടൊപ്പം കാലടി- അങ്കമാലി-എറണാകുളം ഭാഗത്തുള്ള മുന്തിയ ആശുപത്രികളുടെ സേവനവും പ്രയോജന

പ്പെടുത്തുന്നുണ്ട്. പണ്ടത്തെ അപേക്ഷിച്ച് വളരെ വിപുലമാണ് സൗകര്യങ്ങൾ.

ഇതിന്റെയെല്ലാം ഫലമായി ജനനനിരക്ക് കുറയ്ക്കാനും, പ്രസവ സമയത്തുണ്ടാകുന്ന മാതൃമരണങ്ങൾ വളരെ കുറയ്ക്കാനും, പൊതു മരണനിരക്ക് കുറയ്ക്കാനും, പ്രതീക്ഷിതായുസ്സ് വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

ങ്ങളുടെ തിരിച്ചുവരവ് മറ്റൊരു പ്രശ്നമാണ്. ക്യാൻസർ, എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളും പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങളായിരിക്കുന്നു. ആസ്തമ, രക്തസമ്മർദ്ദം, പ്രമേഹം, ക്ഷയം, ഹൃദ്രോഗം തുടങ്ങി നിരന്തര ചികിത്സ ആവശ്യമായ രോഗങ്ങളുടെ സാന്നിദ്ധ്യവും കൂടുതലാണ്. മന്ദബുദ്ധികളായ കുട്ടികളും അംഗവൈകല്യം ബാധിച്ചവരും അവഗണി

ശരാശരി ജനന മരണ നിരക്കുകൾ

ജനന നിരക്ക്		മരണ നിരക്ക്	
പഞ്ചായത്ത്	സംസ്ഥാനം	പഞ്ചായത്ത്	സംസ്ഥാനം
10	17	4.8	5.9

അവലംബം: ദ്വിതീയ വിവരരേഖ

ദമ്പതിമാർ പ്രായാടിസ്ഥാനത്തിൽ

സ്ത്രീയുടെ പ്രായക്രമത്തിൽ						45 നുമുകളിൽ	ആകെ
15-19	20-24	25-29	30-34	35-39	40-44		
216	1593	1687	1147	985	742	2268	8638

അമ്മമാർ

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

അമ്മമാരുടെ എണ്ണം				കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം			
1 കുട്ടി	2 കുട്ടികൾ	2ൽ കൂടുതൽ കുട്ടികൾ	ആകെ	1കുട്ടി	2 കുട്ടികൾ	2ൽ കൂടുതൽ കുട്ടികൾ	ആകെ
607	1253	1218	3078	240	1130	1054	2424

എന്നാൽ രോഗബാധയും ചികിത്സാ ചെലവും കൂടിവരുന്ന പ്രവണത ആരോഗ്യ രംഗത്തെ പ്രധാന പ്രശ്നമായി നിലനില്ക്കുന്നു. നിർമ്മാർജ്ജനം ചെയ്ത സാംക്രമിക രോഗങ്ങൾക്കാനാവാത്ത സംഖ്യയുണ്ട്. പനി, വയറിളക്കം, ഛർദ്ദി, അതിസാരം, മഞ്ഞപ്പിത്തം മുതലായ പകർച്ച വ്യാധികളാണ് രോഗബാധയിൽ മുന്നിട്ടു നിൽക്കുന്നത്.

മന്ദബുദ്ധികൾ

പ്രായം				
0-5	6-10	11-15	16നു മേൽ	ആകെ
07	21	21	37	65

സ്ഥായിയായ രോഗമുള്ളവർ

രക്തസമ്മർദ്ദം	പ്രമേഹം	കൃാൻസർ	ക്ഷയം	ഹൃദ്രോഗം
287	298	79	85	40

അവലംബം : ദ്വിതീയ വിവരരേഖ

രോഗാതുരത

ആശുപത്രിയുടെ പേര്	ഉടമസ്ഥത	ജീവനക്കാർ	രോഗികൾ വർഷത്തിൽ	
			ഇൻപേഷ്യൻറ്	ഔട്ട് പേഷ്യൻറ്
1. സെൻറ് തോമസ് ഹോസ്പിറ്റൽ മലയാറ്റൂർ	സ്വകാര്യം	9	3400	22,500
2. സെൻറ് റോക്കീസ് ഹോസ്പിറ്റൽ കൊറ്റമം	സ്വകാര്യം	7	1130	10200
3. ഗവ. ആയുർവേദ ഡിസ്പെൻസറി നീലീശ്വരം	സർക്കാർ	4	-	22082
4. ഹോമിയോ ഡിസ്പെൻസറികൾ	സ്വകാര്യം	3	-	17000
5. ആയുർവേദ ഡിസ്പെൻസറികൾ	സ്വകാര്യം	6	-	10800
ആകെ		29	4530	58282

അവലംബം: ദ്വിതീയ വിവരരേഖ

കടുത്ത പട്ടിണിയില്ലെങ്കിലും പോഷകാഹാര കുറവുകൊണ്ടുണ്ടാകുന്നതാണ് രോഗബാധയിൽ നല്ലൊരു പങ്ക്. പൊതുവിതരണ സംവിധാനത്തിലൂടെ ന്യായവിലയ്ക്ക് വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ അളവിൽ കഴിഞ്ഞ 5വർഷംകൊണ്ട് 10,000 ടൺ കുറവ് വന്നതായും സബ്സിഡികൾ വെട്ടിക്കുറച്ചശേഷം 20,000 ടൺ കുറവ് വന്നതായും റേഷൻ കടകളിലെ കണക്കുകൾ കാണിക്കുന്നു. മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയരോഗം മുതലായവ ദാരിദ്ര്യരോഗങ്ങളായാണ് കണക്കാക്കുന്നത്. ശുദ്ധമായ കുടിവെള്ളത്തിൻെറ അപര്യാപ്തത, മലിനമായ പരിസരം എന്നിവയാണ് സാംക്രമിക രോഗങ്ങളുടെ അടിസ്ഥാനം. മൊത്തം രോഗാതുരതയിൽ 70% വും പരിസര ജന്യരോഗങ്ങളാണ്. ആഹാരരീതിയിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളും അലസമായ ജീവിതവൃത്തികളും രോഗങ്ങളെ ചെറുക്കാനുള്ള പ്രതിരോധ ശക്തി കുറയുന്നതിനിടയാക്കുന്നു. നാട്ടറിവുകൾ കൈമോശം വരുന്നതിൻെറ ഫലമായി വീട്ടു പരിസരത്ത് ലഭ്യമായ ഔഷധ സസ്യങ്ങളുടെ നാശനത്തിനും നിസ്സാര രോഗങ്ങൾക്കുപോലും രാസമരുന്നുകളുടെ ഉപയോഗത്തിനും അതിൻെറ പാർശ്വഫലങ്ങൾക്കും ഇടയാക്കുന്നുണ്ട്. ജനിക്കുന്ന കുഞ്ഞുങ്ങളുടെ തൂക്കക്കുറവ് ആരോഗ്യരംഗത്തുകാണുന്ന മറ്റൊരു വെല്ലുവിളിയാണ്. നേരത്തെ നടത്തുന്ന വിവാഹങ്ങളും പ്രസവങ്ങളും സ്ത്രീകളിൽ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ വേറെയുമുണ്ട്.

ജനസംഖ്യ പ്രായം അടിസ്ഥാനത്തിൽ

0-1	1-3	3-5	5-18	18 നു മുകളിൽ	ആകെ
258	559	558	8231	17207	26813

അവലംബം: ദ്വിതീയ വിവരശേഖരണം

നമ്മുടെ ആരോഗ്യസ്ഥിതി തീർത്തും സുരക്ഷിതമല്ല എന്നാണ് പഞ്ചായത്തിലെ ആരോഗ്യ സ്ഥിതി വിവരങ്ങൾ കാണിക്കുന്നത്. ആരോഗ്യ രംഗത്തെ നേട്ടങ്ങൾക്ക് അടിസ്ഥാനമായി പ്രവർത്തിച്ച സർക്കാരിന്റെ പൊതുജനാരോഗ്യസംവിധാനം അടുത്തകാലത്തായി ഒട്ടും കാര്യക്ഷമമല്ല. പഞ്ചായത്തിൽ സർക്കാർ ആശുപത്രികളില്ല. (7 ആരോഗ്യപ്രവർത്തകരാണുള്ളത്). ജനങ്ങൾക്ക് ആ സംവിധാനത്തിലുള്ള വിശ്വാസം കുറഞ്ഞു വരികയാണ്. അതിന്റെ ഫലമായി സ്വകാര്യ ആശുപത്രികളുടെ മേലുള്ള ആശ്രിതത്വം കൂടി വരുന്നു. സ്വകാര്യമേഖലയിലുള്ള ഈ തിക്കുംതിരക്കും പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഇടയാക്കുന്നുണ്ട്. പൊതുവിതരണം, പൊതുവിദ്യാഭ്യാസം എന്നീ രംഗങ്ങളിലെന്നപോലെ പൊതുജനാരോഗ്യരംഗത്തും ചിലവു കുറഞ്ഞ പൊതുസേവനങ്ങൾ കുറഞ്ഞുവരുന്നത് പാവപ്പെട്ട ജനങ്ങളെയാണ് ഏറെ ബാധിക്കുന്നത്.

നീലീശ്വരം സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി ഈ അവസ്ഥയുടെ ഒന്നാംതരം ഉദാഹരണമാണ്. ജനപങ്കാളിത്തത്തിന്റെ അഭാവം പൊതുസ്ഥാപനങ്ങളെ പൊതുവേ ആരുടേതുമല്ലാത്തതാക്കുന്നു. ഇതിന്റെ ഫലമായി 30% ജനങ്ങൾ വർദ്ധിച്ച ചിലവ് താങ്ങാൻ കഴിയാതെ ചികിത്സ ലഭിക്കാതെ കഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. വിട്ടുമാറാത്ത രോഗങ്ങൾ പിടിപെട്ട സാധു ജനങ്ങളുടേയും വൃദ്ധരുടേയും കാര്യം കൂടുതൽ കഷ്ടമാണ്. നമ്മുടെ പഞ്ചായത്തിൽ 2022 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കുതാഴെയാണ് ജീവിക്കുന്നത്.

ചികിത്സാ ചിലവ്

ചികിത്സാവിഭാഗം	ചികിത്സ തേടിയവർ	ചിലവ്
അലോപ്പതി	37230	46,80,000
ഹോമിയോപ്പതി	17000	4,10,000
ആയുർവേദം സ്വകാര്യം	10800	5,40,000
ആകെ	65030	56,30,000
ആയുർവേദം സർക്കാർ	22082	
ആകെ	87112	

അവലംബം-ദ്വിതീയ വിവരരേഖ

കക്കൂസുകൾ ആവശ്യമുള്ള പാവപ്പെട്ടവരുടെ വിവരം

I	II	III	IV	V	VI	VII	VIII	IX	X	ആകെ
160	184	70	173	83	85	189	62	104	69	1139

ആവലംബ-ദ്വിതീയവിവരരേഖ

പൊതുവായ പ്രശ്നങ്ങൾ:-

- 1/6 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല.
- ജലം ശുദ്ധീകരിച്ചുപയോഗിക്കുന്ന രീതിയില്ല.
- 1/5 കുടുംബങ്ങൾക്ക് കക്കൂസില്ല.
- പൊതുസ്ഥലങ്ങൾ, പൊതുവഴികൾ, പൊതുജലസ്രോതസ്സുകൾ എന്നിവ മലിനമാക്കപ്പെടുന്നു. മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളില്ല.
- വീടുകളിൽ പരിസരശുചിത്വബോധവും സംവിധാനവും വേണ്ടത്രയില്ല.
- ആരോഗ്യപ്രവർത്തകരുടെ ചിട്ടയായ കുടുംബസന്ദർശനങ്ങളും ആരോഗ്യചർച്ചകളും ബോധവൽക്കരണവും വേണ്ടത്രയില്ല.
- ആരോഗ്യസ്ഥിതിവിവരങ്ങൾ സൂക്ഷിയ്ക്കുന്നില്ല.
- ആശുപത്രിസൗകര്യങ്ങൾ വേണ്ടത്രയില്ല.
- മദ്യത്തിന്റെ വർദ്ധിച്ച ഉപയോഗം.
- മരുന്നുകളുടെ വിലക്കയറ്റം.

ഗ്രാമസഭാനിർദ്ദേശങ്ങൾ:-

1. സാമ്പത്തികാടിസ്ഥാനത്തിൽ നിർധനരായ കുടുംബങ്ങൾക്ക് ധനസഹായത്തോടെ കക്കൂസുകൾ സ്ഥാപിച്ചുകൊടുക്കുക.
2. പഞ്ചായത്തിനെ സമ്പൂർണ്ണ സാനിറ്റേഷൻ ഗ്രാമമാക്കുക.
3. മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിന് അനുവദിച്ച ഗ്രാമീണ ആശുപത്രി ഉടനെ ആരംഭിയ്ക്കുക.
4. നിലവിലുള്ള സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി ആയുർവ്വേദാശുപത്രിയാക്കി ഉയർത്തുക.
5. ഔഷധച്ചെടികളുടെ കൃഷി പ്രോത്സാഹിപ്പിച്ച് ഇവിടെ ആവശ്യമായ ആയുർവ്വേദ ഔഷധങ്ങൾ ആയുർവ്വേദാ ശുപത്രിയോടനുബന്ധിച്ച് ഉൽപാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിയ്ക്കുക.
6. ആയുർവ്വേദാശുപത്രിയ്ക്ക് 10 കിടക്കകളെങ്കിലുമുള്ള കെട്ടിടം സ്വന്തമായി നിർമ്മിയ്ക്കുക.
7. പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെ സേവനം കാര്യക്ഷമമാക്കുക.
8. റോഡ് സ്വീപ്പർമാരായി 2 പേരെയെങ്കിലും നിയമിക്കണം.
9. ആരോഗ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
10. സ്ക്കൂൾ ആരോഗ്യപരിപാടി എല്ലാ സ്കൂളിലും കാര്യക്ഷമമായി നടത്തുക.
11. പട്ടികജാതി, പട്ടികവർഗ്ഗക്കാർ, മറ്റു ദുർബല വിഭാഗങ്ങൾ, കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാര പരിപാടി നടപ്പിലാക്കുക.
12. പ്രധാന നിരത്തുകൾ, ജലസ്രോതസ്സുകൾ എന്നിവയ്ക്കു സമീപം പ്രവർത്തിക്കുന്ന അറവുശാലകൾ മാറ്റുകയും ആധുനിക രീതിയിലുള്ള സ്ലോട്ടർ ഹൗസ് സ്ഥാപിക്കുകയും ചെയ്യുക.
13. അന്തരീക്ഷ, പരിസര മലിനീകരണ സാദ്ധ്യതയുള്ള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പാലിക്കേണ്ട നിയമ നിബന്ധനകൾ പഞ്ചായത്ത് കർശനമായി നടപ്പിലാക്കുക.
14. മലയാറ്റൂർ തീർത്ഥാടനത്തോടനുബന്ധിച്ചുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക.

15. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കേണ്ടതും തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യേണ്ടതുമാണ്.

16. മദ്യം, മയക്കുമരുന്ന് ഇവ നിരോധിക്കുക.

17. വൃദ്ധസദനം സ്ഥാപിക്കുക.

18. ഹോം നഴ്സിങ്ങ് പ്രോത്സാഹിപ്പിക്കുക.

19. വീടുകളിൽ നിന്നും കടകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് തടയുക.

20. മെഡിക്കൽ ക്യാമ്പുകൾ നടത്തുക.

21. രോഗം ബാധിച്ച കന്നുകാലികൾ, കോഴി മുതലായവയുടെ മാംസ വില്പന കർശനമായി തടയുക.

സാദ്ധ്യതകൾ/പരിഹാരങ്ങൾ:-

1. ജനങ്ങൾക്ക് വ്യാപകമായ ബോധവൽക്കരണം നടത്തുക.

2. ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിന് ഒരോ വാർഡിലും പൊതു കമ്പോസ്റ്റ് കുഴികൾ തയ്യാറാക്കുകയും, പുനരുപയോഗമുള്ള വസ്തുക്കളുടെ ശേഖരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. 20000-30000 ജനസംഖ്യയ്ക്ക് ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഉണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു PHC സ്ഥാപിക്കണം.

4. എല്ലാ വീടുകളിലും കക്കൂസ് ഉണ്ടെന്ന് ഉറപ്പുവരുത്തുക. 1000 കക്കൂസുകളുടെ നിർമ്മാണം ഇതിനായി വേണ്ടി വരും. ആവശ്യവുമായി ബന്ധപ്പെടുത്തി ഇതിന് സഹായധനം നല്കണം.

5. എല്ലാ കക്കൂസ് കുഴലുകളും നെറ്റ് കൊണ്ട് മൂടി കൊതുക്, ഈച്ച വളർച്ച തടയുക.

6. 1,3,5,6,9,10 വാർഡുകളിൽ അംഗൻവാടി/ബാലവാടി സ്ഥാപിക്കുക. ആവശ്യമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാര വിതരണം ഉറപ്പുവരുത്തുക.

7. പൊതുവിതരണത്തിനുള്ള വെള്ളം കൃത്യമായും അണുവിമുക്തമാക്കുക. ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം ചെയ്യുക.

8. പൊതു ടാപ്പുകളുടെ അറ്റുകുറ്റപ്പണികൾ നടത്തുക.

9. JHI, JPHN എന്നീ ആരോഗ്യ പ്രവർത്തകർക്ക് പഞ്ചായത്തിൽ PHC സ്ഥാപിക്കുംവരെ ആഫീസ് സൗകര്യം നല്കുക. അവരുടെ ഉത്തരവാദപ്പെട്ട പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുക.

10. മലിനജല സാദ്ധ്യതയുള്ള കുടിവെള്ളക്കിണറുകൾ സംരക്ഷിക്കാനും, ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിക്കാനും മുൻകൈ എടുക്കുക. ഇതിനാവശ്യമായവർക്ക് സഹായവും സാങ്കേതികവിവരവും നൽകണം.

11. ഗർഭസ്ഥശിശു, നവജാതശിശു, അമ്മമാർ എന്നിവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക.

12. വിട്ടുമാറാത്ത രോഗമുള്ളവരുടെ രോഗനില പരിശോധിച്ച് വിദഗ്ദ്ധോപദേശം നല്കുക.

13. സ്കൂളുകളിലെ ആരോഗ്യ പരിശോധനയും പരിഹാര നടപടികളും ചിട്ടയായി നടത്തണം.

14. പ്രതിരോധ കുത്തി വയ്പിനുള്ള സൗകര്യങ്ങൾ സുഗമവും കുറ്റമറ്റതുമാക്കുക.

15. പഞ്ചായത്തിൽ ആരോഗ്യ ഉപസമിതിയും, വാർഡുകളിൽ ആരോഗ്യപ്രവർത്തനത്തിൽ പരിശീലനം ലഭിച്ച ആരോഗ്യ ബ്രഗേഡും സന്നദ്ധ പ്രവർത്തനമായി രൂപീകരിക്കുക.

5.6 ഗതാഗതം ഊർജ്ജം

ഗതാഗതം

പഴയ കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങൾ ഉൾപ്പെടുന്ന മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ രാജഭരണകാലത്ത് ഗതാഗത സൗകര്യം വളരെ പരിമിതമായിരുന്നു. മലയാറ്റൂർ-നീലീശ്വരം പഞ്ചായത്ത് പെരിയാർ പുഴയുടെ തീരപ്രദേശമായതുകൊണ്ട് വള്ളത്തിലും വഞ്ചിയിലുമായി പുഴയിലൂടെ ഗതാഗതം നടത്തിപോന്നിരുന്നു. മലയോരപ്രദേശങ്ങളിൽ നിന്നും കാർഷികോല്പന്നങ്ങൾ എറണാകുളം, കോട്ടപ്പുറം, പറവൂർ എന്നീ മാർക്കറ്റുകളിലേയ്ക്ക് എത്തിച്ചിരുന്നത് പെരിയാറിലെ ജലഗതാഗതത്തിലൂടെയാണ്. പ്രസിദ്ധമായ മലയാറ്റൂർ തീർത്ഥാടന കേന്ദ്രത്തിലേയ്ക്ക് തീർത്ഥാടകർ അലങ്കരിച്ച വഞ്ചിയിലാണ് കുടുംബസമേതം യാത്ര ചെയ്തിരുന്നത്.

വാഹനഗതാഗതം ഇല്ലാതിരുന്ന സമയത്ത് ഒറ്റ കാളവണ്ടിയും, ഇരട്ടകാളവണ്ടിയും ഉപയോഗിച്ചിരുന്നു. റോഡുകൾക്ക് പൊതുവെ വീതികുറവായിരുന്നതിനാൽ പലപ്പോഴും കാൽനടയായിട്ടാണ് സഞ്ചരിച്ചിരുന്നത്. പെരിയാർ പുഴയ്ക്ക് സമാന്തരമായി പോകുന്ന കാലടി-മലയാറ്റൂർ റോഡാണ് ആദ്യമായി നമ്മുടെ പഞ്ചായത്തിൽ ഉണ്ടായത്. ചേരാനെല്ലൂർ ട്രൈസ് റോഡ് എന്നറിയപ്പെടുന്ന നീലീശ്വരം എഫ്.ഐ.ടി. റോഡും, മലയാറ്റൂർ-ഇല്ലിത്തോട് എഫ്.ഐ.ടി. റോഡും, എഫ്.ഐ.ടി. കമ്പനിയ്ക്ക് ആവശ്യമായ തടിയും, വിറകും മലയിൽനിന്നും ഇറക്കികൊണ്ട് വരുന്നതിന് വേണ്ടി ഉണ്ടാക്കിയവയാണ്. പല റോഡുകളും നമ്മുടെ പഞ്ചായത്തിൽ സഞ്ചാരയോഗ്യമായി വന്നതിന്റെ അടിസ്ഥാനത്തിൽ ഗതാഗതസൗകര്യം വർദ്ധിപ്പിച്ച് ഇന്നത്തെ നിലയിൽ എത്തിയെങ്കിലും നിരവധി മണ്ണ് റോഡുകൾ ഇനിയും ടാർചെയ്യേണ്ടതും, വീതി കൂട്ടേണ്ടതുമായി അവശേഷിക്കുന്നു.

മലയാറ്റൂർ-നീലീശ്വരം ഭാഗത്തേയ്ക്ക് "പനമന" ട്രാൻസ്പോർട്ടാണ് ആദ്യമായി ബസ് സർവ്വീസ് നടത്തിയത്. തുടർന്ന് ഏ.ടി. യൂണിയൻ-പയനീർ-പി.എസ്.എൻ.-എൻ.ടി.പി. തുടങ്ങിയ കമ്പനികൾ ബസ്സുകൾ ഓടിച്ചിരുന്നു. ഇടക്കാലത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആലുവായിൽ നിന്നും, പെരുമ്പാവൂരിൽ നിന്നും സർവ്വീസുകൾ നടത്തിയിരുന്നു. കോർപ്പറേഷനേറയും, യാത്രക്കാരുടേയും അശ്രദ്ധമൂലം അതെല്ലാം തന്നെ നിർത്തലാക്കപ്പെട്ടു. കാലടിയേയും, നീലീശ്വരത്തേയും ബന്ധിപ്പിക്കുന്ന ഒരു മരപാലം ദിവാൻ ഭരണകാലത്ത് കൊറ്റമത്തിലും, നീലീശ്വരത്തേയും, മലയാറ്റൂരിനേയും ബന്ധിപ്പിക്കുന്ന ഒരു മരപാലം കൊച്ചിരാജാക്കന്മാരുടെ കാലത്ത് പള്ളുപേട്ടയിലും ഉണ്ടാക്കിയിരുന്നു. ഇത് രണ്ടും മാറ്റി പുതിയ പാലങ്ങൾ നിർമ്മിച്ച് യാത്രാസൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. കാലടി-മുളുങ്കുഴി മെയിൻ റോഡ് ഉൾപ്പടെ 15 ടാറിംഗ് റോഡുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും 80-ൽ പരം പ്രധാനപ്പെട്ട റോഡുകളും ലിങ്ക് റോഡുകളും ഇനിയും ടാറിംഗ് നടത്താതെ കിടക്കുന്നു. 25 പ്രൈവറ്റ് ബസ്സുകളും ഒരു കെ.എസ്. ആർ.ടി.സി. ബസ്സും ഇപ്പോൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു. 10 കടത്ത് കടവുകളും ഈ പഞ്ചായത്തിന്റെ അതിർത്തിയിലുണ്ട്.

ജനങ്ങളെ സംബന്ധിച്ച് വികസനാവശ്യങ്ങൾ മനസ്സിലുദിക്കുന്നത് റോഡിൽ നിന്നാണ്. വിദേശാധിപത്യ കാലത്ത് വെള്ളക്കാർ അവരുടെ

റോഡ് സൗകര്യങ്ങൾ (കി.മീറ്ററിൽ)

കച്ച	പക്ക	മെറ്റൽ	ടാർറോഡുകൾ		ആകെ	1ച.കി.മീറ്ററിൽ ശരാശരി റോഡ്
			പഞ്ചായത്ത്	പി.ഡബ്ലിയു.ഡി		
30.700	26.110	60.090	27.110	18	161.900	4.73

ആവശ്യത്തിന് ചെയ്തുവെച്ച കാര്യങ്ങളാണ് സ്വതന്ത്ര ഇൻഡ്യയിൽ വികസനത്തിന്റെ ബാലപാഠങ്ങളായത്. അന്നുമുതൽ ഇന്നോളം റോഡ് വികസനത്തിനായിരുന്നു മുന്തിയ പരിഗണന. തന്മൂലം റോഡുകളുടെ എണ്ണവും നീളവും വർദ്ധിച്ചു. പുതുതായി ഉണ്ടാകുന്ന ഓരോ റോഡും തുടർന്നുള്ള വർഷങ്ങളിൽ അറ്റുകുറ്റപ്പണികൾക്കുള്ള ചിലവ് അനിവാര്യമാക്കുന്നു. പുതുയറോഡുകളുടെ ആവശ്യം കൂടിവരുന്നതു കൊണ്ട് അറ്റകുറ്റപ്പണിക്ക് നീക്കിവയ്ക്കുന്ന തുക ആനുപാതികമായി കുറയുന്നു. ഇത് റോഡുകളുടെ സ്ഥിതിമോശമാക്കുന്നു.

പഞ്ചായത്ത് റോഡുകളുടെ നീളം 144 കി.മീറ്ററാണ് പി.ഡബ്ലിയു.ഡി. കൂടി ചേർന്നാൽ ദൂരം 161.9 കി. മീറ്ററാണ്. ചതുരശ്ര കിലോ മീറ്ററിൽ 4.73 കി.മീറ്റർ റോഡുണ്ട് നമുക്ക്. സംസ്ഥാന ശരാശരി 3.2 കി.മീറ്ററാണ്. അത് ദേശീയ ശരാശരിയുടെ പല മടങ്ങാണ് താനും.

റോഡിന്റെ നീളത്തിന്റെ കാര്യത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും അവയുടെ നില ഒട്ടും തൃപ്തികരമല്ല. അറ്റകുറ്റപ്പണികളുടെ വാർഷികാവശ്യം പെരുകിവരുന്നതുകൊണ്ട് സംരക്ഷണപ്രവർത്തനങ്ങൾക്കുള്ള നീക്കിയിരുപ്പ് മതിയാകാതെ വരുന്നു. വർഷകാലത്ത് വെള്ളം കെട്ടിനിന്ന് റോഡുകളുടെ നിലമോശമാകുന്നു. ഓവുചാലുകൾ ഇല്ലാത്തുകൊണ്ടും ഉള്ളത് ഫലപ്രദമല്ലാത്തതുകൊണ്ടും റോഡും തോടും ഒന്നായിത്തീരുന്നു.

പ്രശ്നങ്ങൾ

- റോഡുകൾ പലതും കുണ്ടും കുഴിയും നിറഞ്ഞിരിക്കുന്നു.
- മെറ്റൽ ചെയ്യേണ്ടതും ടാർ ചെയ്യേണ്ടതുമായ റോഡുകൾ നിരവധിയാണ്.
- ചിലപ്രദേശങ്ങളിൽ ആവശ്യത്തിനു റോഡില്ല.
- ഓടകളുടെ കുറവ് റോഡിന്റെ ആയുസ്സ് കുറക്കുന്നു.
- നിർമ്മാണത്തിന് റോഡുകൾ തിരഞ്ഞെടുക്കുമ്പോഴും നിർമ്മാണം നടക്കുമ്പോഴും ജനപങ്കാളിത്തമില്ല.
- റോഡുകൾക്ക് ആവശ്യത്തിനു വീതിയില്ല.
- റോഡ് ഉണ്ടാക്കുന്നതിന് സ്ഥലംവിട്ടുകൊടുക്കുന്നതിലുള്ള ജനങ്ങളുടെ വൈമുഖ്യം
- ഇടവഴികൾ വികസിക്കുന്നതനുസരിച്ച് പെരുവഴികൾ വികസിക്കുന്നില്ല.
- റോഡ് നിയമങ്ങൾ പാലിക്കപ്പെടുന്നില്ല.
- വാഹനങ്ങളുടെ പെരുപ്പം യാത്രയുടെ ക്ലേശവും സമയവും കൂട്ടുന്നു.

ഗ്രാമസഭാ ആവശ്യങ്ങൾ

വാർഡ്	മെച്ചപ്പെടുത്തേണ്ട റോഡുകളുടെ പേര്
1	1. പോട്ട റോഡ് 2. ചെക്ക് പോസ്റ്റ് റോഡ് (2 ലിങ്ക് റോഡുകളും) 3. എവർഗ്രീൻ റോഡ് (3 ലിങ്ക് റോഡുകൾ) 4. കുരിശു കവല റോഡ് 5. ഹരിജൻ കോളനിറോഡ് (4 ലിങ്ക് റോഡുകൾ) 6. അമ്പലപ്പാറ - കോളനിറോഡ് (2 ലിങ്ക് റോഡ്) 7. മുളങ്കുഴി തെക്ക് ഭാഗം റോഡ് 8. അമ്പലത്തിന്റെ പടിഞ്ഞാറെ റോഡ് 9. മേനാച്ചേരി കടവ് റോഡ് 10. കല്ലിടി കടവ് റോഡ് 11. യാക്കോബായ പള്ളി റോഡ് 12. എഫ്.ഐ.ടി. ഗ്രൗണ്ട് റോഡ് 13. ദർശന ആശ്രമം റോഡ് (ലിങ്ക് റോഡ്)
2	1. ദുർഗ്ഗാദേവി ക്ഷേത്രം റോഡ് (മെറ്റൽ വിരിച്ചത്) 2. ദുർഗ്ഗാദേവിക്ഷേത്രം റോഡുമായി ബന്ധിപ്പിക്കുന്ന കുടിയ്ക്കിലാൻ കവല റോഡ് 3. ഈസ്റ്റ്, വെസ്റ്റ് ഹരിജൻ കോളനികൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് 4. വള്ള്യാംകുളം 4 സെൻറ് കോളനി റോഡ് 5. പുറംതോട്ട് - ചെത്തിമാലി റോഡ്
3	1. പന്തയ്ക്കൽ - കർദ്ദനാപുരം റോഡ് 2. പാണൻസ് റോഡിൽനിന്നുള്ള മേനാച്ചേരി ലിങ്ക് റോഡ് 3. ഊരക്കാടൻ റോഡ് 4. കണിയാംകുടി റോഡ് (1 ലിങ്ക് റോഡ്) 5. അങ്ങാടി പമ്പ് ഹൗസ് റോഡ്

	6.	സുരേഷ് ബാബു റോഡ്
	7.	പുളിയനം റോഡ് (1 ലിങ്ക് റോഡ്)
	8.	മന്ത്രി റോഡ് (ലിങ്ക് റോഡ്)
4	1.	മലയാറ്റൂർ വെസ്റ്റേൺ കനാൽ റോഡ്
	2.	ഗോതമ്പ് റോഡ്
	3.	മുപ്പേലിപ്പുറം റോഡ്
	4.	കുരിശ് റോഡ്
	5.	വെസ്റ്റ് കോളനി - മണപ്പാട്ടുചിറ റോഡ്
	6.	പേങ്കുഴി റോഡ്
	7.	മണപ്പാട്ടുചിറ വെസ്റ്റ് കനാൽ റോഡ്
5	1.	പനച്ചിയ്ക്കൽ റോഡ്
	2.	മങ്ങിലി കടവ് റോഡ്
	3.	എൽ.പി. സ്കൂൾ കടവ് റോഡ്
	4.	നം.1 ഇറിഗേഷൻ കനാലുമായി ബന്ധിപ്പിക്കുന്ന റോഡ്
	5.	പണ്ടാല റോഡ് (നം.1 ഇറിഗേഷൻ)
	6.	തച്ചേൻ റോഡ് (പള്ളിക്കുടി റോഡ്)
	7.	ആശാരി കോളനി റോഡ്
	8.	പെരിയാർ കടവ് റോഡ് (തച്ചേൻ റോഡ്)
	9.	പാണ്ടിയേല കടവ് റോഡ്
	10.	പാറക്കടവ് റോഡ്
	11.	തോട്ടുവ മുത്തംകുഴി റോഡ്
	12.	പന്തയ്ക്കൽ ക്ഷേത്രം റോഡ്
	13.	തൊണ്ടുകടവ് റോഡ് (1 ലിങ്ക് റോഡ്)
	14.	എസ്.എൻ.ഡി.പി. റോഡ്
	15.	പങ്ങാലകടവ് റോഡ്
	16.	നം.1, നം.2, കനാൽ ബണ്ട് ഫാം റോഡുകൾ
6	1.	പ്ലാപ്പിള്ളികവല - വൈ.എം.എ. പുതിയറോഡ്
	2.	ലക്ഷംവീട് ഓട്ടുകമ്പനി റോഡ്
	3.	പ്ലാപ്പിള്ളികവല - ഓട്ടുകമ്പനി റോഡ്

	4.	വേളാർ റോഡ് (വീതി കൂട്ടി ടാർ ചെയ്യണം)
	5.	പൂണേലി - മുണ്ടങ്ങാമറ്റം ലിങ്ക് റോഡ്
	6.	മന്ത്രിമൂല റോഡ്
7	1.	ലക്ഷംവീട് - കുന്നിലങ്ങാടി ചാത്തക്കുളം റോഡ്
	2.	തെണ്ടും മുഗൾ റോഡ്
	3.	ഷന്മുഖം - തെണ്ടും മുഗൾ റോഡ്
9	1.	കമ്പനിപ്പടി - കളമ്പാട്ടുമൂല റോഡ്
	2.	കളമ്പാട്ടുമൂല - വൈ.ഐ.എം.എ. കവല റോഡ്
10	1.	കളമ്പാട്ടുപുരം - കാഞ്ഞിരത്തിൻപടവ് റോഡ്
	2.	കളമ്പാട്ടുപുരം - കോലഞ്ചേരി റോഡ്
	3.	എഫ്.ഐ.ടി. നെട്ടിനംമ്പിള്ളി റോഡ്
	4	കൊറ്റമംപള്ളി റോഡിൽ നിന്നുള്ള ആട്ടോക്കാരൻ ലിങ്ക് റോഡ്
	5.	നം.2 ഇറിഗേഷൻ റോഡ് (ലിങ്ക് റോഡ്)

മറ്റു നിർദ്ദേശങ്ങൾ

1. ആലുവ-പെരുമ്പാവൂർ-അങ്കമാലി എന്നി കെസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും മുളങ്കുഴി ഭാഗത്തേയ്ക്ക് ബസ്സ് സർവ്വീസ് നടത്തുക.
2. ഇല്ലിത്തോടും - വടക്കുംമ്പിള്ളിയുമായി ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുക.
3. പഞ്ചായത്ത് റോഡ് കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുക.
4. 10-ാം വാർഡിനെ മഞ്ഞപ്രയുമായി ബന്ധിപ്പിക്കുന്നതിന് മുക്കടായി തോട്ടിൽ ഒരു പാലം നിർമ്മിക്കുക.
5. മലയാറ്റൂർ പള്ളി അങ്ങാടിയിൽനിന്നും കോടനാടുമായി ബന്ധിപ്പിക്കുന്ന ഒരു പാലം പണിയുക.
6. മലയാറ്റൂർ-തുണ്ടം റോഡ് പൊതു ജനഗതാഗതത്തിന് തുറന്നു കൊടുക്കുക.
7. മുളംകുഴി, ഇല്ലിത്തോട്, അടിവാരം-മലയാറ്റൂർ പള്ളി, അങ്ങാടി, തോട്ടുവ-കോളനികവല, മുണ്ടങ്ങാമറ്റം, കമ്പനിപ്പടി, ഈറ്റക്കടവ്, നടുവട്ടം എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കണം.
8. പ്രധാന തീർത്ഥാടനകേന്ദ്രങ്ങളായ മധുര, വേളാങ്കണ്ണി, പഴനി, ഗുരുവായൂർ, മലയാറ്റൂർ, ശബരിമല തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുക.
9. കാലടി പ്ലാന്റേഷൻ-കണ്ണിമംഗലം-നടുവട്ടം-നീലീശ്വരം എന്നീ പ്രദേശത്തുകൂടി കാലടിയിലേയ്ക്ക് ബസ് സർവ്വീസ് നടത്തുക.
10. നീലീശ്വരം കവലയിൽ ഡ്രൈനേജ് ചാലുകൾ തീർക്കുക.
11. 5-ാം വാർഡിൽ കാലടി-മലയാറ്റൂർ റോഡിൽ ഷാപ്പു കവല മുതൽ പള്ളുപ്പെട്ട പാലം വരെ ബാക്കി തീർക്കാനുള്ള കാനകൾ തീർക്കുക.

വികസനസാദ്ധ്യതയുള്ള നിലവിലുള്ള റോഡുകൾ

വാർഡ്	മണ്ണ് റോഡ് ടാറിംഗ് വേണ്ടവ
1	1. പോട്ട റോഡ് 2. ദർശന ആശ്രമം റോഡ് 3. ചെക്ക് പോസ്റ്റ് റോഡ്, ലിങ്ക് റോഡുകളും 4. എഫ്.ഐ.ടി. റോഡ് 5. ഇല്ലിത്തോട് "ബസേലിയോസ്" റോഡ് - ലിങ്ക് റോഡും 6. എവർഗ്രീൻ റോഡും-ലിങ്ക് റോഡുകളും 7. കല്ലിടി കടവ് റോഡ് 8. കുരിശുകവല റോഡ് 9. ചൂടൻ കവല-കോളനി റോഡും-ലിങ്ക് റോഡുകളും 10. മേനാച്ചേരി കടവ് റോഡ് 11. അമ്പലപ്പാറ ഉപ്പിട്ടാംപാറ റോഡ് -ലിങ്ക് റോഡുകളും 12. മുളങ്കുഴി തെക്ക് ഭാഗം കുളിക്കടവ് റോഡ്
2	1. വള്ളിയാംകുളം നാല് സെൻറ് റോഡ് 2. പുറംതോട് ചമ്മിനി റോഡ് 3. മണപ്പാട്ടുചിറ പുറം തോട് റോഡ് 4. മണപ്പാട്ടു ചിറ-ഈസ്റ്റ് ഹരിജൻ കോളനിറോഡ് 5. ഈസ്റ്റ്-വെസ്റ്റ് ഹരിജൻ കോളനി ലിങ്ക് റോഡ് 6. ദുർഗ്ഗാദേവി ടെംമ്പിൾ റോഡ്
3	1. പുളിയനം റോഡ് 2.,, സുരേഷ്ബാബു റോഡ് 3. ചിറേക്കാട്ട് റോഡ് 4. തേറു മഠം പന്തയ്ക്കൽ റോഡ് 5. ഹൈസ്കൂൾ - കണിയാംകുടി റോഡ്

	6. തറയിൽ ദേവസ്സികടവ് റോഡ് ലിങ്ക് റോഡുകളും 7. അങ്ങാടി പമ്പ് ഹൗസ് റോഡ് 8. അങ്ങാടി ഓസാന റോഡ് 9. ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് റോഡ്
4	1. പേങ്ങുംകുഴി റോഡ് 2. കുരിശു കവല റോഡ് 3. മണപ്പാട്ടു ചിറ കത്തനാപുരം റോഡ് 4. വാട്ടർടാങ്ക് ഹരിജൻ കോളനി റോഡ് 5. ലക്ഷംവീട് ഹരിജൻ കോളനി റോഡ് (പമ്പ് ഹൗസ്) 6. നായാട്ട് ഇടവഴി 7. മുപ്പേലിപ്പുറം റോഡ്
5	1. പനഞ്ചിയ്ക്കൽ കടവ് റോഡ് 2. മംഗലി കടവ് റോഡ് 3. നായാട്ടിടവഴി - പാണൻസ് റോഡ് 4. ഞാളിയേൻ കടവ് റോഡ് 5. തച്ചേൻ കടവ് റോഡ് 6. തമ്പാൻ കടവ് റോഡ് 7. പറപ്പിള്ളി കടവ് റോഡ് 8. തോട്ടുവ കടത്ത് കടവ് റോഡ് 9. വില്ലേജ് ഓഫീസ് റോഡ് അമ്പലം ലിങ്ക് റോഡുകളും 10. ഗോതമ്പ് റോഡ് 11. പണ്ടാല കടവ് റോഡ് 12. എസ്.എൻ.ഡി.പി. റോഡ്
6	1. പ്ലാപ്പിള്ളികവല ഓട്ടുകമ്പനി ലിങ്ക് റോഡ് 2. ലക്ഷംവീട് ഓട്ടുകമ്പനി ലിങ്ക് റോഡ് 3. പോട്ടമാണിക്യത്താൻ റോഡ് 4. പോട്ട റോഡ്

	5. കോർപ്പറേഷൻ പൂണേലി റോഡ് 6. കല്ലുകടവ് റോഡ് 7. നീലീശ്വരം കാച്ചപ്പിള്ളി കടവ് 8. കോൺവെൻറ് റോഡ്
7	1. ഷൻമുഖൻ കവല - കല്ലേക്കാട് റോഡ് 2. തെണ്ടുമുഗൾ റോഡ് 3. കണ്ണിമംഗലം - മൂന്നരേക്കർ റോഡ് 4. അംബേദ്കർ - കല്ലേക്കാട് റോഡ് (നടപ്പാത) 5. ലക്ഷംവീട് കുന്നിലങ്ങാടി റോഡ്
8	1. നടുവട്ടം സെൻട്രൽ റോഡ് 2. കാവുങ്ങൽ കുളം റോഡ് 3. നടുവട്ടം സെൻട്രൽ ലിങ്ക് റോഡ് 4. ചിറ്റേൻകെട്ട് റോഡ് 5. വൈ.സി.എ. റോഡ് 6. വൈ.സി.എ. ലക്ഷംവീട് റോഡ്
9	1. എഫ്.ഐ.ടി. മാണി റോഡ് 2. എഫ്.ഐ.ടി. സബ്സ്റ്റേഷൻ റോഡ് 3. കമ്പനിപ്പടി കൊറ്റമം ലിങ്ക് റോഡ് 4. എസ്.എൻ.ഡി.പി. പമ്പ് ഹൗസ് റോഡ് 5. കമ്പനിപ്പടി വൈ.എം.എ. ലിങ്ക് റോഡ്
10.	1. കൊറ്റമം പള്ളിപ്പാടൻ റോഡ് 2. മക്കാര് കടവ് റോഡ് 3. കൊറ്റമം മൂസ്ക്കുട്ടി മാപ്പിള റോഡ് 4. പള്ളി മേനാച്ചേരി റോഡ് 5. ചാക്കേട്ടൻ റോഡ് 6. കപ്പേള ലിങ്ക് റോഡ് 7. കാഞ്ഞിരളം പടവ് റോഡ് 8. കൊടിയേലിപാടം റോഡ്

ക്രമനമ്പർ	റീ ടാറിംഗ് വേണ്ട റോഡുകളും കാനനിർമ്മാണവും
1.	കാടപ്പാറ - മുളങ്കുഴി റോഡ്
2.	മലയാറ്റൂർ - കുരിശുമുടി റോഡ് (പി.ഡബ്ല്യു.ഡി.) കുറച്ചുഭാഗം കാനനിർമ്മിക്കണം
3.	പള്ളുപേട്ട - മലയാറ്റൂർ റോഡ് കാനനിർമ്മാണം
4.	വെസ്റ്റ് ഹരിജൻ കോളനി റോഡ് കാനനിർമ്മാണം
5.	ചെങ്ങൽ-പള്ളുപേട്ട റോഡ് കാനനിർമ്മാണം
6.	നടുവട്ടം ചേരാനല്ലൂർ ട്രൈസ്റ്റ് കാനനിർമ്മാണം
7.	എസ്.എൻ.ഡി.പി. സീതപ്പാറ റോഡ്
8.	വേളാർ ഹരിജൻ കോളനി റോഡ് കാനനിർമ്മാണം
9.	നടുവട്ടം മുണ്ടങ്ങാമറ്റം റോഡ് -
10.	നടുവട്ടം കുരിശുമുടി റോഡ് (പി.ഡബ്ല്യു.ഡി.)
11.	ചിറ്റേൻ കെട്ട് റോഡ് - കാനനിർമ്മാണം
12.	കൊറ്റമം - കളമ്പാട്ടുപുരം റോഡ്
13.	കൊറ്റമം ചർച്ച് റോഡ് കാനനിർമ്മാണം
14.	മലയാറ്റൂർ പാണൻസ് റോഡ് കാനനിർമ്മാണം



ഊർജ്ജം

ഇതുവരെ നടന്ന എട്ട് പദ്ധതികളിലും ദേശീ യ തലത്തിലുംസംസ്ഥാന തലത്തിലും മറ്റ് അടി സ്ഥാന മേഖലകളിലെന്നപോലെ ഊർജ്ജ രംഗത്തും ലക്ഷ്യം നേടുവാൻ സഹായിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യങ്ങൾ മുൻകൂട്ടികണ്ട് ദീർഘവീക്ഷണത്തോടെ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാതിരുന്നതുമൂലം ഗുരുതരമായ വൈദ്യുത പ്രതിസന്ധി നേരിടുക യാണ് സംസ്ഥാനം. തുടങ്ങിവച്ച പണികൾ പ്രതീക്ഷിച്ചതിന്റെ ഇരട്ടിയും രണ്ടിരട്ടിയും സമയം കഴിഞ്ഞിട്ടും കമ്മീഷൻ ചെയ്യാൻ കഴിയാതെ യുമിരിക്കുന്നു.

വികസനത്തിന്റെ അടിത്തറയാണ് ഊർജ്ജം. അതിൽതന്നെ വൈദ്യുതോർജ്ജം. കാറ്റിന്റെ ശക്തിയുപയോഗിച്ചുകൊണ്ടാണ് പുരാതന കാലത്ത് യന്ത്രങ്ങൾ പ്രവർത്തിപ്പിച്ചത്. ആവി ശക്തിയായിരുന്നു പിന്നിട്, ചക്രങ്ങളുടെ ഗതി തിരി ച്ചത്. ജലവൈദ്യുതിയുല്പാദനത്തിലൂന്നിയാണ് നമ്മുടെ വൈദ്യുതിയാസൂത്രണം മുന്നേറിയത്. എന്നാൽ കാടുകളുടെ ശോഷണംമൂലം മഴയിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ വെള്ളത്തെ മാത്രം ആശ്രയിച്ചുള്ള വൈദ്യുതിയുല്പാദനം സുര ക്ഷിതമല്ലെന്ന് 1980-കളിൽ തന്നെ ബോദ്ധ്യ പ്പെടുത്തി. അണക്കെട്ടുകൾ ആരംഭിക്കാനുള്ള തിടുക്കം അത് തീർക്കുന്നതിനുണ്ടായില്ല. തന്മൂ ലം 1980-നും 90-നും ഇടയ്ക്ക് പണി തീർക്കേണ്ട നിരവധി പദ്ധതികൾ ഇപ്പോഴും ഇഴഞ്ഞു നീങ്ങു കയാണ്. എന്നിട്ടും ചർച്ച കേന്ദ്രീ കരിക്കുന്നത് പുതിയ കാടുകളെ ചുറ്റിപ്പറ്റിയാണ്. അണക്കെട്ടു കളുണ്ടായാലും മഴ കുറഞ്ഞാൽ വൈദ്യുതി ക്ഷാമം രൂക്ഷമാവുമെന്നതിന്റെ തെളിവാണ് ഈ വർഷത്തെ ഇനിയും തീരാത്ത പവർകട്ട്.

317.25 മെഗാവാട്ട് ശേഷിയും 126.4 കോടി യൂണിറ്റ് ഊർജ്ജവും നല്കാവുന്ന 16 പദ്ധതികൾ സംസ്ഥാനത്ത് കാലാവധി കഴിഞ്ഞിട്ടും പൂർത്തി യാകാതെ കുരുങ്ങിക്കിടക്കുമ്പോഴാണ് കാല വർഷക്കാലത്ത് പോലും പവർകട്ട് നേരിടുന്നത്.

പൊതുമേഖലയുടെ ഈ കാര്യക്ഷമത യില്ലായ്മ മുതലെടുത്തുകൊണ്ട് ബഹുരാഷ്ട്ര കോർപ്പറേഷനുകളും സ്വകാര്യ കമ്പനികളും ഈ രംഗത്ത് കാലുറപ്പിച്ചു വരികയാണ്. വൈദ്യുതി വിനിയോഗം പൂർണ്ണമായും ലാഭാധിഷ്ഠിത മാക്കിയാൽ ഇന്നുള്ള സാമൂഹ്യമുൻഗണനകൾ നഷ്ടപ്പെടുകയാവും ഫലം. പാവപ്പെട്ട ജന ങ്ങളെയും കർഷകരെ വിശേഷിച്ചും കഷ്ട ത്തിലാക്കുന്ന സ്വകാര്യവൽക്കരണം ഇന്നുള്ള പ്രതിസന്ധിക്കു പരിഹാരമല്ല.

ശരിയായ പരിഹാരം ജനങ്ങൾ ഈ പ്രശ്നങ്ങൾ അറിഞ്ഞ് ഇടപെട്ട് കാര്യങ്ങൾ കാര്യക്ഷമ മാക്കുകയാണ്. പഞ്ചായത്തിരാജ് ജനങ്ങളിൽ അർപ്പിച്ചിട്ടുള്ള ഉത്തരവാദിത്വവും അതാണ്.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി വൈ ദ്യുതിയെത്തിയത് 1945-ൽ ആണ്. കറുകുറ്റി, അങ്കമാലി, പെരുമ്പാവൂർ സബ്സ്റ്റേഷനു കളിൽനിന്നാണ് നമുക്ക് വൈദ്യുതി ലഭിച്ചിരുന്നത്. ഇപ്പോൾ നീലീശ്വരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളതിൽനിന്നാണ് വൈദ്യുതി വിതരണം.

ട്രാൻസ്ഫോർമറുകൾ

കൊറ്റമം	നടുവട്ടം 2	മലയാറ്റൂർ എൽ.ഐ. 1-2
കമ്പനിപ്പടി	മുണ്ടങ്ങാമറ്റം	മലയാറ്റൂർ പള്ളി
നീലീശ്വരം എൽ.ഐ. സ്കീം	ചീത്തപ്പാറ	കുരിശ് മുടി
നീലീശ്വരം കെ.ഡബ്ല്യൂ.എ. സ്കീം	മലയാറ്റൂർ ഡബ്ല്യു.എച്ച്.സി.	താന്നിച്ചുവട്
നീലീശ്വരം അനുപമ ടൈൽസ്	പള്ളിപ്പെട്ട	ഇല്ലിത്തോട്
നടുവട്ടം 1	തോട്ടുവ	മുളങ്കുഴി
	ഗോതമ്പ് റോഡ്	

അവലംബം : ദ്വിതീയ വിവര രേഖ

വിതരണ സംവിധാനം

22 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാണ് വൈദ്യുതി വിതരണം നടത്തുന്നത്. ഗുണ ഭോക്താക്കൾക്ക് കരാറിലൂടെ ഉറപ്പു നൽകി യിട്ടുള്ള വോൾട്ടതയിൽ വൈദ്യുതി നൽകാൻ കഴിയുന്നില്ല. പല പ്രദേശങ്ങളിലും 130-നടുത്ത് വോൾട്ടതയേ ലഭിക്കുന്നുള്ളൂ. കമ്പനിപ്പടിയിൽ പവ്വർസ്റ്റേഷൻ വന്നതുകൊണ്ട് നീലീശ്വരം പ്രദേശത്ത് സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിച്ചശേഷം ആവശ്യം നോക്കി വിതരണം ചെയ്യുന്നതുകാരണം കണക്ഷനുകൾ കൂടുതൽ വരുന്ന ഭാഗത്ത് വോൾട്ടത കുറയുന്നു. മൊത്തം പവർലൈൻ കണക്കാക്കി അതിന്റെയടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറിന്റെ എണ്ണവും, സ്ഥാനവും നിർണ്ണയിയ്ക്കപ്പെടുന്നില്ല. വിദ്യുച്ഛക്തിസേവനം ഏറെ പരാതിക്കിടയാക്കുന്ന വിധമാണ്. മൊത്തം സംവിധാനത്തിന്റെ സ്വഭാവവും പ്രവർത്തന ങ്ങളും ജനങ്ങളെ അറിയിക്കാനും അവരുടെ സഹകരണം തേടി പ്രശ്നങ്ങൾ കുറയ്ക്കാനും കഴിയുന്ന സംവിധാനവും മനോഭാവവും ബോർഡിനില്ല. പരസ്പരം പഴിചാരി പ്രശ്നത്തിൽ നിന്നൊഴിയുന്ന രീതിയാണ് ജനങ്ങൾക്കും ജീവനക്കാർക്കും. ഇതൊരു വകുപ്പിന്റെ മാത്രം രീതിയല്ലതാനും.

വൈദ്യുതി വിനിയോഗം

ക്രമ നമ്പർ	ഇനം	വൈദ്യുതി കണക്ഷനുകൾ			ആകെ
		ഉള്ളത്	ഇനി വേണ്ടത്		
			എസ്.സി./ എസ്.ടി.	മറ്റുള്ളവർ	
1	ഗാർഹികം	3570	147	718	865
2	വ്യാപാരം	334	50	100	150
3	കാർഷികം	451	20	150	170
4	വ്യവസായികം	63	15	160	175
5	സ്ട്രീറ്റ് ലൈറ്റ്	507	100	300	400
6	ട്രാൻസ്ഫോർമർ	22	-	10	10

പഞ്ചായത്ത് പ്രതിമാസം സ്ട്രീറ്റ് ലൈറ്റിനുവേണ്ടി ആക്കുന്ന കറണ്ട് ചാർജ് - 6275/-

5300-ൽപ്പരം വീടുകളാണ് പഞ്ചായത്തിലുള്ളത്. അതിൽ 3570 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. 67.35%. കാർഷിക കണക്ഷനുകൾ 451 എണ്ണമാണ്. 334 വ്യാപാര കണക്ഷനുകളും, 63 വ്യാവസായിക കണക്ഷനുകളുമുണ്ട്. 1428 കുടുംബങ്ങൾക്ക് വൈദ്യുതിയെത്തിക്കേണ്ടതിൽ 232 എണ്ണം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ്.

നാട്ടിലും കാണാവുന്നതാണ്. ബോർഡ് നടപ്പാക്കുന്ന ഉപയോഗ നിയന്ത്രണരീതികൾ ഏകപക്ഷീയമായതുകൊണ്ട് ജനങ്ങളുടെ സഹകരണം ലഭിക്കുന്നില്ല. സ്വന്തം ഇരുട്ടകറ്റാനുള്ള താല്ക്കാലിക ത്യാഗമായി ജനങ്ങളെ ബോധ്യപ്പെടുത്താൻ ബോർഡിനു കഴിയുന്നില്ല. അതുകൊണ്ട് പവർകട്ട് മൂലം നഷ്ടം വരുന്ന കറണ്ട് മറ്റു സമയത്ത് ഉപയോഗപ്പെടുത്തുന്ന രീതിയാണ് പൊതുവേ വൈദ്യുതി കുറച്ചുപയോഗിക്കുന്നവർക്ക് ഒരു

ഗാർഹികോപകരണങ്ങൾ

ടി.വി.	റേഡിയോ	ഫ്രിഡ്ജ്	മിക്സി	ഗ്രൈൻറർ	വാഷിംഗ് മെഷിൻ
1720	1980	350	650	150	280

ഇല്ലിത്തോട്, മലയാറ്റൂർ വെസ്റ്റ്, ചീത്തപ്പാറ ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

കുറഞ്ഞ വോൾട്ടതയും, സാമഗ്രികളുടെ കുറവും ക്രമമില്ലായ്മയും പവർകട്ടും കേടുവന്ന മീറ്ററുകളും പ്രേഷണനഷ്ടവും വിതരണരംഗത്തെ പ്രശ്നങ്ങളാണ്. കണക്ഷനുവേണ്ടിയുള്ള കാത്തിരിപ്പ് കൂടി വരികയാണ്. പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസില്ല.

വൈദ്യുതി ദുരുപയോഗം

രൂക്ഷമായ വൈദ്യുതിക്ഷാമം അനുഭവിക്കുമ്പോഴും വൈദ്യുതി ധൂർത്തിൻെറയും ദുരുപയോഗത്തിൻെറയും വിവിധ രീതികൾ വീട്ടിലും

പ്രോത്സാഹനവും കറൻറ് ചാർജ്ജിൽ നൽകാത്തതാണ് ഈ നിസ്സഹകരണത്തിനു കാരണം.

ദക്ഷത കുറഞ്ഞ ഉപകരണങ്ങൾ, കേടുപാടു സംഭവിച്ച ഉപകരണങ്ങൾ, അശാസ്ത്രീയമായ ഉപയോഗരീതി, സമൂഹത്തിൻെറ സമ്പത്ത് ആരാൻെറ സമ്പത്ത് എന്ന മനോഭാവം പ്രകൃതിയുടെ സൗകര്യങ്ങളെ ഉപയോഗിക്കാതെ കറണ്ടിനെ ആശ്രയിക്കുന്ന വീടുനിർമ്മാണം, ആർഭാടത്തോടുള്ള ആസക്തി, എന്നിവയെല്ലാം വൈദ്യുതി പ്രശ്നം രൂക്ഷമാക്കുന്നു. വർണ്ണദീപാലംകൃതമായ വ്യാപാര ശാലകളും മദ്യശാലകളും സാധാരണ കാഴ്ചയാണ്. ഉത്സവാഘോഷങ്ങൾക്കും വിവാഹങ്ങൾക്കും ഈ ദുർലഭ വിഭവത്തിൻെറ ധൂർത്ത് ഏറി വരികയാണ്.

സ്ട്രീറ്റ് ലൈറ്റുകൾ

ബൾബ് 40 വാൾട്ട്	464	പഞ്ചായത്ത് അടയ്ക്കുന്ന കറണ്ട് ചാർജ് 6275
ട്യൂബ്	42	
മെർക്കുറി വേപ്പർ	1	
സോഡിയം വേപ്പർ	—	

അവലംബം : ദ്വിതീയ വിവരരേഖ

മറ്റ് ഊർജ്ജസ്രോതസ്സുകൾ

ഊർജ്ജാസൂത്രണത്തിൽ ആദ്യം മനസ്സിൽ വരുന്നത് വൈദ്യുതിയാണെങ്കിലും, ഗ്രാമീണ ഊർജ്ജാവശ്യങ്ങളിൽ അതുപോലെ പ്രധാനമാണ് വിറക്, മണ്ണെണ്ണ, പെട്രോളിയം, ഗ്യാസ് തുടങ്ങിയവ. നാം വൈദ്യുതിക്ക് ചിലവാക്കുന്നതിനേക്കാൾ കൂടുതലായിരിക്കും ഉപയോഗിക്കുന്ന വിറകിന്റെ മൂല്യം.

4000 ത്തിനടുത്ത് വിറകടുപ്പുകളുണ്ടെന്നാണ് ദ്വിതീയ വിവരങ്ങൾ കാണിക്കുന്നത്. 5327 വീടുകളുള്ളതിൽ, ഭാഗികമായുപയോഗിക്കുന്ന അടുപ്പുകൾ കൂടി കൂട്ടിയാൽ വിറകടുപ്പുകളുടെ എണ്ണം ഇതിലും കൂടും. ഒരു വീട്ടിൽ 10 രൂപയുടെ വിറക് ഉപയോഗിക്കുന്നുവെന്ന ഏറ്റവും ചുരുങ്ങിയ മൂല്യം കണക്കാക്കിയാൽ തന്നെ, ഒരു വർഷം പഞ്ചായത്തിൽ 1 കോടി 46000 രൂപയുടെ വിറക് കത്തിക്കുന്നുണ്ട്. ഇത് നമ്മുടെ പഞ്ചായത്ത് ധനവിനിയോഗത്തിന്റെ 10 ഇരട്ടി തുകയാണെന്നറിയുമ്പോഴാണ് വിറകിന്റെ പങ്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ഇത്രയൊക്കെ പ്രശ്നങ്ങളുണ്ടായിട്ടും-വിഭവങ്ങളെ വിവേകപൂർവ്വം വിനിയോഗിക്കാൻ നാം പഠിക്കുന്നില്ലെന്നതിന്റെ തെളിവാണ് ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകളുടെ വളര കുറഞ്ഞ പ്രചാരം. 150 കുടുംബങ്ങളിൽ മാത്രമാണ് അത്തരം അടുപ്പുകളുപയോഗിക്കുന്നത്. ദക്ഷത കൂടിയ അടുപ്പ് സ്ഥാപിക്കുന്നതിലൂടെ വിറകിന്റെ ഉപയോഗം മൂന്നിലൊന്നായി കുറയ്ക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ 97 ലക്ഷം രൂപയുടെ ഇന്ധനമൂല്യമാണ് ഇതിലൂടെ ലാഭിക്കുന്നത്. സാധാരണ അടുപ്പിലെ പുകയും കരിയും മൂലമുണ്ടാകുന്ന രോഗങ്ങളും ചികിത്സാചിലവും കുറയുന്നതിലൂടെ പരോക്ഷനേട്ടങ്ങൾ വേറെയുമുണ്ട്. അടുപ്പുണ്ടാക്കുന്ന വേളാനിയർമാർ, ഫിറ്റ് ചെയ്യുന്ന തൊഴിലാളികൾ എന്നിവരടക്കം അതുണ്ടാക്കുന്ന തൊഴിലവസരങ്ങളും കൂട്ടിയാൽ പഞ്ചായത്തിലെ മുഴുവൻ വിറകടുപ്പുകളും ദക്ഷതകൂടിയ അടുപ്പുകളാക്കി മാറ്റേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാം.

വികസനമെന്നത് പുതിയ വിഭവങ്ങളുടെ ഉല്പാദനം മാത്രമല്ല പാഴ്ചെലവുകൾ ഒഴിവാക്കുന്നതിലൂടെ നിലവിലുള്ള വിഭവങ്ങളിൻമേൽ നേടുന്ന അധികമൂല്യങ്ങളുമാണ്. ഒരു പുതിയ ജലവൈദ്യുത പദ്ധതി ഉണ്ടാക്കണമെങ്കിൽ കോടിക്കണക്കിനു രൂപ ചെലവു ചെയ്യണം. അതുണ്ടാക്കുന്ന പാരിസ്ഥിതിക മൂല്യശോഷണം വേറെയുമുണ്ട്. ഇപ്പോഴുള്ള വൈദ്യുതി പാഴാക്കൽ ഒഴിവാക്കുകയോ പ്രേഷണനഷ്ടം 10% കുറക്കുകയോ ചെയ്താൽ അതിലൂടെ നേടുന്ന അധികവൈദ്യുതി മൂലധനച്ചിലവോ പാരിസ്ഥിതിക പ്രശ്നമോ ഇല്ലാതെ കിട്ടുന്നതായിരിക്കും. ഇത്തരമൊരു സമീപനം എല്ലാ ദുർലഭ വിഭവങ്ങളുടെയും ഉപയോഗത്തിൽ സ്വീകരിക്കേണ്ടതാണ്. ദക്ഷത കൂടിയ

പാചക അടുപ്പുകൾ

വിറക്	ദക്ഷതകൂടിയ അടുപ്പ്	മണ്ണെണ്ണ സ്റ്റൗ	ഗ്യാസ് സ്റ്റൗ
3840	150	750	440

വിറക് വിലകൊടുത്തു വാങ്ങുന്ന പതിവ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. മലയുടെ സാമീപ്യവും പുരയിടങ്ങളിൽ സസ്യാവരണങ്ങൾ സുലഭവും ആയതുകൊണ്ട് അടുത്തകാലംവരെ വിറകിനു ക്ഷാമമുണ്ടായിരുന്നില്ല. എന്നാൽ അടുത്ത കാലത്തായി വിറകിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. 1500 ൽ പ്പരം കുടുംബങ്ങൾ മറ്റ് ഇന്ധനങ്ങളാണ് പാചകത്തിനുപയോഗിക്കുന്നത്. അടുത്ത കാലത്തായി മണ്ണെണ്ണ - പാചക വാതകം എന്നിവയ്ക്കുള്ള ക്ഷാമം, വിറകില്ലെങ്കിലും കാര്യം നടത്താമെന്ന ധാരണ തിരുത്തിവരികയാണ്.

അടുപ്പുകളുടെ പ്രചാരണം ഗ്രാമതല ഊർജ്ജാസൂത്രണത്തിൽ മുഖ്യപരിഗണനയർഹിക്കുന്നു.

മണ്ണെണ്ണയും ഗ്യാസും ഇറക്കുമതി ചെയ്യുന്ന പെട്രോളിയം ഉല്പന്നങ്ങളാണ്. പരിമിതമായ വിദേശനാണ്യം ചിലവഴിച്ചാണ് ഇവ ഇറക്കുമതി ചെയ്യുന്നത്. ചെമ്മീനും കശുവണ്ടിയും കുരുമുളകുംപോലെ മെച്ചപ്പെട്ട ഉല്പന്നങ്ങൾ ഇവിടെ ഉപയോഗിക്കാതെ വിദേശീയർക്കു നല്കിയാണ് ഇറക്കുമതിക്കുള്ള ഓരോ ഡോളറും നാം നേടുന്നത്, തികയാത്തത് കടം വാങ്ങുന്നു. നമ്മുടെ ഉല്പന്നങ്ങൾ ഏറ്റവും ഉപയുക്തമായും സൂക്ഷിച്ചും വിനിയോഗിക്കേണ്ടത് വിദേശനാണ്യചോർച്ച കുറക്കുന്നതിനും സ്വാശ്രയത്വത്തിനും അത്യന്താപേക്ഷിതമാണ്. ഗ്രാമതല ആസൂത്രണത്തിൽ ഇതുപോലുള്ള ദേശതാല്പര്യങ്ങൾകൂടി പരിഗണിയ്ക്കണം. അതുകൊണ്ടാണ് ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെൻറ് 'അനെർട്ട്' മുഖേന ചിലവിൻെറ പകുതിതുക സബ്സിഡിയായി നൽകുന്നത്. നമ്മുടെ വീട്ടിലെ പുകയില്ലാത്ത അടുപ്പ് രാജ്യത്തിനുണ്ടാക്കുന്ന നേട്ടത്തിൻെറ ഒരു വിഹിതമാണത്.

കുറഞ്ഞ കറണ്ടുപയോഗിച്ച് ഒരു ട്യൂബ് ലൈറ്റിൻെറ വെളിച്ചം തരുന്ന ഫ്ലൂറസെൻറ് ലാമ്പ്, സൗരോർജ്ജം കൊണ്ട് 3-4 മണിക്കൂർ നല്ല വെളിച്ചം തരുന്ന സോളാർ ലാൻേറൺ, സോളാർ വാട്ടർ ഹീറ്റർ, സോളാർ കുക്കർ, സോളാർ പമ്പ് എന്നിവയും ഇപ്പോൾ പ്രചാരത്തിലുണ്ട്. പ്രാരംഭ ചിലവുകൂടുമെങ്കിലും ആവർത്തന ചിലവില്ലാത്തതുകൊണ്ട് കുറച്ചുകാലംകൊണ്ട് ഇതിൻെറ മുടക്കുമുതൽ വസൂലാകും. അനർട്ട് ഈ ഉപകരണങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ട്. ധനകാര്യസ്ഥാപനങ്ങളുടെ വായ്പയും അനർട്ടിൻെറയും പഞ്ചായത്തിൻെറയും ധനസഹായവും ഏർപ്പെടുത്തി സമയബന്ധിതമായി ആദ്യം താല്പര്യമുള്ളവർക്കും ക്രമേണ എല്ലാവർക്കും ഇവ ലഭ്യമാക്കണം.

ഇങ്ങനെയെല്ലാം അധികമുണ്ടാക്കുന്ന വൈദ്യുതി ഇവിടെ കണക്ഷനു കാത്തിരിക്കുന്നവർക്ക് നൽകാൻ കഴിയണമെങ്കിൽ പഞ്ചായത്തിൻെറ വൈദ്യുതി ലഭ്യതയിൽ തീർപ്പുണ്ടാകണം. അതിന് 11 കെ.വി. ക്കുതാഴെയുള്ള വൈദ്യുതി വിതരണത്തിൻെറ ചുമതലയും നിയന്ത്രണവും പഞ്ചായത്തിനെ ഏൽപ്പിയ്ക്കണം. നമുക്ക് കിട്ടുന്ന വൈദ്യുതി നന്നായി വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം ലഭിയ്ക്കണം. നാമുണ്ടാക്കുന്ന മിച്ചം നമുക്കുതന്നെ പ്രയോജനപ്പെടുമെന്നുറപ്പുണ്ടാകണം.

പ്രശ്നങ്ങൾ

- 1/3 വീടുകളിൽ വൈദ്യുതിയെത്തിയിട്ടില്ല.
- ശരിയായ വോൾട്ടതയിൽ കറണ്ടു ലഭിക്കുന്നില്ല.
- മീറ്റർ റീഡിംഗ് യഥാസമയം നടക്കുന്നില്ല.
- നല്ല സേവനം കെ.എസ്.ഇ.ബി. യിൽ നിന്നു ലഭിക്കുന്നില്ല.
- പ്രസരണ നഷ്ടം
- പുതിയ കണക്ഷന് വലിയ കാലതാമസം.
- വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നു.
- വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ദൗർലഭ്യം.
- ഇന്ധന ചിലവു കൂടുന്തോറും സാധാരണക്കാരുടെ ആഹാരത്തിനുള്ള പങ്ക് കുറയുന്നു.
- വ്യാജ പെർമിറ്റുകൾ യഥാർത്ഥ ഗുണഭോക്താവിന് വിനയാകുന്നു.
- വിഭവങ്ങളെ വിവേകത്തോടെ ഉപയോഗിക്കാൻ ശ്രമിക്കുന്നില്ല.
- നിയന്ത്രണ നടപടികളെ അനുസരിക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നല്കുന്നില്ല.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നീലീശ്വരത്ത് വൈദ്യുതി സെക്ഷൻ ആഫീസ് തുടങ്ങുക.
2. കുരിശുമുടിയിൽ കാറ്റാടി സ്ഥാപിച്ച് വൈദ്യുതി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
3. ബയോഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കുക. അതിന് സാമ്പത്തികസഹായം അനുവദിക്കുക.
4. അനെർട്ടിന്റെ സഹായത്തോടെ സൗരോർജ്ജം ഉപയോഗപ്പെടുത്തുക.
5. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.
6. കപ്പാസിറ്റി കുറഞ്ഞ ട്രാൻസ്ഫോർമർ മാറ്റി പകരം കൂടിയവ സ്ഥാപിക്കുക.
7. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വീടുകളും അടുത്ത 5 വർഷംകൊണ്ട് വൈദ്യുതീകരിക്കുക. വൈദ്യുതി ഇല്ലാത്ത ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കുക.
8. പ്രധാന ജംഗ്ഷനുകളിൽ സോഡിയം ലാമ്പുകൾ സ്ഥാപിക്കുക.
9. തെരുവു വിളക്കുകൾ യഥാസമയത്തും കൃത്യമായും കത്തിക്കുക.
10. പുതിയതായി പ്രതിവർഷം 100 തെരുവു വിളക്കുകൾ സ്ഥാപിക്കുക.
11. കൊറ്റമംപാലം മുതൽ കുരിശു മുടിവരെയുള്ള റോഡിൽ നിലവിലുള്ള ബൾബുകൾ മാറ്റി ട്യൂബ് സ്ഥാപിക്കുക.
12. വൈദ്യുതിയുടെ ഉപയോഗം കുറക്കാൻ മീറ്റർ സെൽഫ് റീഡിംഗ് നടത്തുക.
13. കൂടുതൽ സുഖസൗകര്യങ്ങൾക്കായി വൈദ്യുതി ഉപകരണങ്ങൾ ഉള്ള വീടുകളിൽ നിന്നും എൻറർടൈൻമെൻറ് ടാക്സ് ഏർപ്പെടുത്തുക.
14. ഫോറസ്റ്റിനോട് ചേർന്ന് കിടക്കുന്ന പൊതുജനങ്ങൾക്ക് ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് ഫോറസ്റ്റിന്റെ അനുവാദം ലഭ്യമാക്കണം.
15. മണപ്പാട്ട് ചിറയിൽ മിനി വൈദ്യുത പദ്ധതി സ്ഥാപിക്കുക.

സാദ്ധ്യതകൾ:

- ദക്ഷതകൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സഹായം നൽകി വൈദ്യുതി ലാഭിക്കാം.
- ദക്ഷത കൂടിയ അടുപ്പ് സ്ഥാപിച്ച് - സമ്പൂർണ്ണ ഊർജ്ജഗ്രാമം - വിറകിന്റെ ഉപയോഗം കുറയ്ക്കാം.
- സോളാർ ഉപകരണങ്ങൾ പ്രചരിപ്പിച്ച് വൈദ്യുതി ലാഭിക്കാം.
- വൈദ്യുതി ദുരുപയോഗവും ധൂർത്തും നിർത്തുന്നതിനുള്ള പ്രചരണ ബോധവൽക്കരണ പരിപാടികൾ നടത്താം.
- വൈദ്യുതി സെക്ഷൻ ആഫീസ് പഞ്ചായത്തിൽ സ്ഥാപിയ്ക്കണം



5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വീട്. മനുഷ്യന്റെ ആരോഗ്യകരവും സാമ്പത്തികവുമായ സുരക്ഷിതത്വം അത് ഉറപ്പു നൽകുന്നു. മെച്ചപ്പെട്ട ഒരു കുടുംബജീവിതം നയിക്കുന്നതിന് മെച്ചപ്പെട്ട ഒരു വീട് അത്യന്താപേക്ഷിതമാണ്. തല ചായ്ക്കാൻ ഒരിടം കിട്ടാതെ ധാരാളം പേർ വലയുന്ന വേളയിലും ആർഭാടംകൊണ്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു സമൂഹമനസ്ഥിതി ഉയർന്നു വരുന്നുണ്ട് എന്നതാണ് ഇന്നത്തെ അവസ്ഥ. വീടുകളുടെ നിർമ്മാണത്തിലും ഈ ആർഭാട മനോഭാവവും അനാവശ്യ ചെലവുകളും നിലനിൽക്കുന്നതായി കാണാം. ജീവിത സന്ധാരണത്തിന് ആവശ്യമായതിനേക്കാൾ അധികമായി വീട് മോടിപിടിപ്പിക്കുവാൻ പണം ചെലവഴിക്കുന്നതിൽ ഇന്ന് ഒരു മത്സരബുദ്ധി തന്നെ വളർന്നുവന്നിരിക്കുന്നു. ഇത്തരമൊരു പരിതസ്ഥിതിയിൽ നിന്നുകൊണ്ടാണ് പഞ്ചായത്തിലെ വീടുകളുടെ അവസ്ഥകൾ പരിശോധിക്കപ്പെടേണ്ടത്. (പട്ടിക-അടുത്തപേജിൽ)

പഞ്ചായത്തിൽ 5347 വീടുകൾ ആണുള്ളത്. ഇതിൽ ഭൂരിപക്ഷവും ഇടത്തരം വീടുകൾ ആണെന്നു പറയാം. ഓടുമേഞ്ഞ വീടുകൾ ആണ് പഞ്ചായത്തിൽ ഏറെയും. ടെറസ്സു വീടുകളുടേയും കൊച്ചു വീടുകളുടെയും എണ്ണം താരതമ്യേന കുറവാണ്. ഇരുനില വീടുകളുടെ എണ്ണം നിലവിൽ കുറവാണെങ്കിലും പുതിയതായി നിർമ്മിക്കപ്പെടുന്ന വീടുകളിൽ ഇവയുടെ എണ്ണം കൂടിവരുന്നു. അതിൽത്തന്നെ ആർഭാടത്തിന്റെ ധാരാളിത്തം വളരെ വ്യക്തമാണ്. ഈ പ്രവണത തീർച്ചയായും നിരുത്സാഹപ്പെടുത്തേണ്ടതാണ്. കാരണം പണത്തിന്റെ ധൂർത്ത് മാത്രമല്ല ഇത്. പ്രകൃതി വിഭവങ്ങളുടെ ധൂർത്തു കൂടിയാണ്.

ദുർബ്ബല വിഭാഗങ്ങൾ, പട്ടികജാതി / വർഗ്ഗങ്ങളിൽ പെടുന്നവർ, തുടങ്ങിയയാളുകൾ ലക്ഷം വീട് കോളനികളിലോ അല്ലാതുള്ള ഗവണ്മെന്റ് അംഗീകൃത കോളനികളിലോ ആണ് അധിവസിക്കുന്നത്. പഞ്ചായത്തിലെ എട്ട് (ലക്ഷം വീട്) കോളനികളിലും ഒരു വീട്ടിൽത്തന്നെ രണ്ട് കുടുംബങ്ങൾ വീതം താമസിക്കുന്ന അവസ്ഥയാണ് ഉള്ളത് ഇത് സാമൂഹികവും സാംസ്കാരികവുമായ പല പ്രശ്നങ്ങൾക്കും വഴി തെളിക്കുന്നുണ്ട്. സാമ്പത്തിക സുരക്ഷിതമില്ലായ്മ, വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള തടസ്സം എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ഉടലെടുക്കുന്ന പ്രശ്നങ്ങൾ ആണ്. നാല് സെന്റ് കോളനികൾ പട്ടികജാതി വർഗ്ഗ കോളനികൾ എന്നിവയിലേയും അവസ്ഥ മോശമാണ് പുറംപോക്കിൽ താമസിക്കുന്നവരുണ്ട് ഈ പഞ്ചായത്തിൽ. അവരുടെ പുനരധിവാസ ത്തിനു മുൻഗണന നൽകണം.

വീടുകളുടെ മാതൃക, നിർമ്മാണ രീതികൾ, വീടുകളെക്കുറിച്ചുള്ള സങ്കല്പം തുടങ്ങിയവയിലെല്ലാം തന്നെ വളരെയധികം മാറ്റങ്ങൾ വന്നു കഴിഞ്ഞു. കാലാവസ്ഥയ്ക്കോ, മണ്ണിനോ, അനുയോജ്യമല്ലാത്ത വീടുകളാണ് പുതുതായി നിർമ്മിക്കപ്പെടുന്നത്. കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള ഭ്രമം ഏറിവരുന്നതായി കാണാം. പല വീടുകളും ആവശ്യത്തേക്കാൾ കൂടുതൽ സൗകര്യങ്ങൾ വച്ച് പുലർത്തുന്നവയാണ്. അടച്ചിട്ട ജനൽ -വാതിലുകളും ആൾ സഞ്ചാരം പോലുമില്ലാത്ത മുറികളും അനാവശ്യമായി പണികഴിപ്പിക്കുക എന്നത് ഒരു പുതിയ പ്രവണതയായി ഈ പഞ്ചായത്തിലും മാറുകയാണ്. പുതിയൊരു ഭവന നിർമ്മാണ സംസ്ക്കാരം വളർത്തിയെടുക്കുന്നതിലൂടെയും മാത്രമേ ഇതിന് അറുതി വരുത്താനാവൂ.

പാർപ്പിട നിലവാരം

വീടുകളുടെ വിവരം	1	2	3	4	5	6	7	8	9	10	ആകെ
ആകെ വീടുകൾ	629	554	448	505	439	458	555	517	638	604	5347
പട്ടികജാതി വീടുകൾ	148	40	7	110	7	13	98	12	14	5	454
വീടില്ലാത്ത കുടുംബങ്ങൾ	318	134	29	123	73	98	123		39	15	952
വീടില്ലാത്ത SC/ST കുടുംബങ്ങൾ	75	10	2	35	2	5	20	-	-	1	150
ഓല മേഞ്ഞത്	161	184	23	80	18	11	38	10	7	11	543
ഓട് മേഞ്ഞത്	311	283	295	385	359	408	453	411	496	451	3852
കോൺക്രീറ്റ് മേൽക്കൂരയുള്ളത്	103	144	170	75	132	152	128	164	169	184	1433
ഒന്നലധികം നിലകളുള്ളത്	4	3	9		11	15	2	5	9	14	72
ആകെ കെട്ടിടങ്ങൾ	734	638	490	561	514	576	633	589	672	649	6056

അവലംബം : ദ്വിതീയവിവര രേഖ

1990-91 മുതൽ വീടിനു ഗ്രാൻറു നൽകിയവരുടെ വിവരം

ഏജൻസി	എണ്ണം
പഞ്ചായത്ത്	25
ബ്ലോക്ക്	57
ആകെ	52
രാജീവ് ദശലക്ഷം പദ്ധതി (മൈത്രി ഭവനപദ്ധതിയിൽ അനുമതിയായിട്ടുള്ളത്)	140

അവലംബം : ദ്വിതീയ വിവരരേഖ

ലക്ഷംവീട് കോളനികൾ

പേര്	വാർഡ്	കുടുംബങ്ങൾ	വൈദ്യുതി ഇല്ലാത്തത്	കക്കൂസ് ഇല്ലാത്തത്	കുടിവെള്ളം ലഭിക്കാത്തത്
1. മലയാറ്റൂർ വെസ്റ്റ്	4	20	8	4	12
2. മലയാറ്റൂർ ഈസ്റ്റ്	4	20	8	3	8
3. നീലീശ്വരം	6	20	6	4	14
4. നടുവട്ടം	7	20	8	5	12
5. നീലീശ്വരം വൈ.എം.എ.	9	20	7	4	14

അവലംബം : ദ്വിതീയ വിവരരേഖ

വീട് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതയ്ക്ക് ഏറെ പരിമിതികൾ ഉണ്ട് എന്നു പറയുവാൻ വയ്യ. അതുപോലെ തന്നെ കെട്ടിട-നിർമ്മാണ തൊഴിലാളികളുടെ ലഭ്യതയ്ക്കും എന്നാൽ ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണ രീതികളെക്കുറിച്ച് തൊഴിലാളികളും ആവശ്യക്കാരും അജ്ഞരാണ് എന്നത് വീട് നിർമ്മാണചെലവ് വർദ്ധിപ്പിക്കുവാൻ ഇടയാക്കുന്ന ഒരു പ്രധാന സംഗതിയാണ്. മാത്രമല്ല ശാസ്ത്രീയമായി വൈദഗ്ധ്യം നേടിയ തൊഴിലാളികൾ ഇല്ലെന്നു പറയുന്നതാണ് ശരി. ഒരു കാലത്ത് വീടുകൾക്കും പറമ്പുകൾക്കും സംരക്ഷണകവചമായി വർത്തിച്ചിരുന്ന ജൈവ വേലികൾ ഇന്ന് അപ്രത്യമായിക്കൊണ്ടിരിക്കുന്നു. പകരം മതിലുകൾ സ്ഥാനം പിടിച്ചിരിക്കയാണ്. ഇതും നിർമ്മാണച്ചെലവ് വർദ്ധിപ്പിക്കുന്ന പ്രധാനപ്പെട്ട മറ്റൊന്നാണ്

ദാരിദ്ര്യരേഖക്കുതാഴെ വീടുവേണ്ടവർ

1	2	3	4	5	6	7	8	9	1 .	ആകെ
20	18	16	42	18	53	76	48	39	28	358

അവലംബം: ദ്വിതീയ വിവരരേഖ

952 കുടുംബങ്ങൾക്ക് സ്വന്തമായി വീടി ല്ലാത്തതായുണ്ട്. അവരിൽ 358 പേർ ദാരിദ്ര്യ രേഖക്കുതാഴെ അവർക്ക് വായ്പാ സാമ്പത്തിക സഹായങ്ങൾ വഴി, വീട് നിർമ്മിച്ചു കൊടുക്കേണ്ട താണ്. അനാവശ്യമായ ആർഭാടങ്ങൾക്കെതിരെ യുള്ള ബോധവൽക്കരണംകൊണ്ട് നല്ലൊരു പാർ പ്പിട സംസ്കാരം വളർത്തിക്കൊണ്ടുവരേണ്ട താണണ്. പാർപ്പിടനിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ ലഭ്യതയും ഇക്കാര്യത്തിൽ ഉറപ്പുവരുത്തേ ണ്ടതാണ്.

പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ വസ്തുക്കളുടെ വില വർധനവ്
2. ആർഭാട ജീവിതത്തോടുള്ള താല്പര്യം.
3. വായ്പകൾ ലഭ്യമാകാനുള്ള സൗകര്യ ക്കുറവ്.
4. ചിലവുകുറഞ്ഞ വീട് നിർമ്മാണത്തെ ക്കുറിച്ചുള്ള അജ്ഞത.
5. വൈദഗ്ധ്യം ഇല്ലാത്ത കെട്ടിടനിർമ്മാണ തൊഴിലാളികൾ.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ചെലവ് കുറഞ്ഞ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുക.
2. ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
3. ദുർബ്ബല വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
4. ധനസഹായം ജനകീയ കമ്മറ്റികൾ വഴി വിതരണംചെയ്യുക.
5. ഭവന നിർമ്മാണ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുക.

സാധ്യതകൾ-പരിഹാരങ്ങൾ

1. ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
2. വീട് നിർമ്മാണത്തിനാവശ്യമായ സാധന ങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുക.
3. ദുർബ്ബല വിഭാഗങ്ങൾക്ക് സൗജന്യ നിര ക്കിൽ വീട് നിർമ്മിച്ച് കൊടുക്കുക.
4. ചെലവുകുറഞ്ഞ വീടുനിർമ്മാണ രീതികൾ പ്രചരിപ്പിക്കുക.
5. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർ ത്താൻ പരിശീലനം നല്കുക.
6. ആർഭാട ജീവിതത്തോടുള്ള ആസക്തി യ്ക്കെതിരെ ബോധവൽക്കരണം നടത്തുക.
7. പുതിയ ആസൂത്രിത ഹൗസിങ്ങ് കോളനി കളുടെ നിർമ്മാണം നടത്തുക.
8. ജൈവവേലി പ്രചരിപ്പിക്കുക.

സാമൂഹ്യക്ഷേമം

ഓരോ വ്യക്തിയ്ക്കും പ്രതിസന്ധികൾ കൂടാതെ ജീവിക്കാൻ കഴിയുന്ന സുസ്ഥിതി എന്നതാണ് സാമൂഹ്യക്ഷേമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വീട്, വിദ്യാഭ്യാസം, തൊഴിൽലഭ്യത, പരിസ്ഥിതി, സാമ്പത്തികാവസ്ഥ, സാമൂഹ്യസുരക്ഷിതത്വം എന്നിവയെല്ലാം ഒത്തുചേരുന്നതിലൂടെ മാത്രമേ സാമൂഹ്യക്ഷേമം സാധ്യമാവുകയുള്ളൂ. ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ ഏതൊരു സമൂഹത്തിനും ക്ഷേമ ഐശ്വര്യങ്ങൾ കൈവരിക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇനിയും മെച്ചപ്പെടേണ്ട സമൂഹമാണ്.

കുടുംബ ജീവിതത്തിനാവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിൽ നടപ്പാക്കപ്പെടുന്നുണ്ടെങ്കിലും ദാരിദ്ര്യനിർമ്മാർജ്ജനം, വികലാംഗക്ഷേമം തുടങ്ങിയവ ലാക്കാക്കിയുള്ള ക്ഷേമപരിപാടികൾ ഫലപ്രദമായിട്ടില്ല. പ്രത്യേക തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടിയവർ ഉണ്ടെങ്കിലും അവർ സാധാരണ തൊഴിൽ രംഗത്താണ്. അതിൽ പരിശീലനം നേടിയ മേഖലയിൽ ത്തന്നെ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കുറവാണ്. ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സ്വീകരിക്കുന്നതോ, അവിചാരിതമായി മറ്റു തൊഴിലുകൾ തിരഞ്ഞെടുക്കേണ്ടിവരികയോ ചെയ്യുന്നതാണ് ഇതിന് കാരണ്. സർക്കാരിന്റെ നേതൃത്വത്തിലോ അല്ലാതെയോ ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ ഫലപ്രദമാകാത്തത് ഇത്തരത്തിലൊരവസ്ഥ സൃഷ്ടിക്കുന്നതിന് കാരണമാവുന്നുണ്ട്.

ദാരിദ്ര്യരേഖക്കുതാഴെയുള്ള കൈത്തൊഴിൽക്കാർ

വാർഡ്	1	2	3	4	5	6	7	8	9	10	ആകെ
കുടുംബങ്ങൾ	6	-	-	35	5	28	31	16	48	14	183

അവലംബം: ദ്വിതീയ വിവരരേഖ

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ വിവരം (1992) :

സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ എസ്.സി./ എസ്.റ്റി കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം നൽകിയവർ	ഇതിൽ എസ്.സി./ കുടുംബങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം കിട്ടിയവർ ഉൾപ്പെടെ)
2254	76	299	115	233	2022

പഞ്ചായത്തിൽ 2254 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടായിരുന്നതിൽ ഐ.ആർ.ഡി.പി. സ്കീമുകൾ വഴി 233 കുടുംബങ്ങളെ മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ഉയർത്തുവാൻ കഴിഞ്ഞത്. ഇതിൽ 96 പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടുന്നു. അനുയോജ്യമായ കർമ്മപദ്ധതികളും സഹായങ്ങളും ലഭ്യമാക്കിക്കൊണ്ടുമാത്രമേ ബാക്കി വരുന്ന കുടുംബങ്ങളെ ഉദ്ധരിക്കുവാൻ ആകുകയുള്ളൂ. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷക പെൻഷൻ മുതലായവ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്. എങ്കിലും ഗുണഭോക്താക്കളും ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ അളവും വളരെ പരിമിതമാണ്, മാത്രമല്ല അത് വിതരണം ചെയ്യപ്പെടുന്നതിലുള്ള കാലതാമസവും തടസ്സങ്ങളും ഒഴിവാക്കപ്പെടേണ്ടതു തന്നെയാണ്.

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	5വയസ്സുള്ളവർ		5-നും 10നും		10-18		18-25		25-45		45-60		60-നുമേൽ		ആകെ		
	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	
ത	-	-	-	-	3	-	1	0	7	4	8	2	-	1	19	7	26
തത	-	1	-	-	3	4	-	-	4	6	6	9	2	-	15	20	35
തതത	-	-	-	-	4	1	-	-	2	5	4	2	-	-	10	8	18
തറ	-	-	-	-	5	-	4	4	5	2	2	2	-	-	16	8	24
റ	-	-	-	-	-	-	1	1	1	4	3	4	-	1	5	10	15
റത	6	-	-	-	15	9	-	-	6	8	8	3	1	2	36	22	58
റതത	-	-	-	-	3	1	-	-	4	4	8	4	3	-	18	9	27
റതതത	-	-	-	-	3	-	-	-	5	5	14	2	1	1	23	8	31
തള	1	1	-	-	-	1	-	-	5	2	7	3	1	-	14	7	21
ള	-	-	-	-	-	3	-	-	10	3	7	4	-	-	17	10	27
ആകെ	7	2			36	19	6	5	49	43	67	35	8	5	173	109	282

പഞ്ചായത്തിൽ മൊത്തം വികലാംഗർ 282 പേരാണ്. ഇതിൽ വികലാംഗപെൻഷൻ ലഭിക്കുന്നവർ 80 പേർ മാത്രമാണ്. വികലാംഗർക്കായുള്ള ഒരു ക്ഷേമപദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ല. അവർക്കായുള്ള പ്രത്യേക തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, സഹായ മാർഗ്ഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നത് അവരുടെ ക്ഷേമത്തിന് ആക്കം കൂട്ടും. വിട്ടുമാറാത്ത രോഗങ്ങൾ ഉള്ളവർ മൊത്തം ജനസംഖ്യയുടെ 5% വരും. ഇവരിൽ സാധുക്കളും വൃദ്ധജനങ്ങളും സമൂഹത്തിന്റെ ശ്രദ്ധയും സഹായവും അർഹിക്കുന്നു. ഇവരുടെ ജീവിതക്ലേശങ്ങൾ കുറക്കാനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു വൃദ്ധസദനം പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ടായില്ല. അവരുടെ അനാഥത്വത്തിനും ഏകാന്തതയ്ക്കും ഇനിയും പരിഹാരമുണ്ടാകേണ്ടതുണ്ട്. അന്ധർ, ബധിരർ, മന്ദബുദ്ധികൾ തുടങ്ങിയവർക്ക് പ്രത്യേക ക്ഷേമപദ്ധതികൾ ഒന്നും ലഭ്യമായിട്ടില്ല ഇതുവരെ.

ക്ഷേമപദ്ധതികളുടെ കൃത്യമായ വിതരണവും ആവിഷ്കാരവും ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടുന്നതിലെ നിയമത്തിന്റെ നൂലാമാലകളും കാലതാമസവും ഒഴിവാക്കുന്നതും അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതും സാമൂഹ്യക്ഷേമത്തിന്റെ അടിത്തറയാണ്. ശാരീരിക വൈഷമ്യങ്ങൾ അനുഭവിക്കുന്നവർ, വിധവകൾ, അനാഥർ തുടങ്ങിയവർക്ക് പ്രത്യേകം തൊഴിൽ മേഖലകളും സംരക്ഷണ മാർഗ്ഗങ്ങളും ലഭ്യമാക്കണം.

ഐ.ആർ.ഡി.പി. ഗ്രാമീണ വനിതാ ശിശു സംരക്ഷണ പരിപാടി എന്നിവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കി അവയുടെ ശരിയായ പ്രയോജനം തൊഴിൽരംഗത്ത് സാധാരണക്കാർക്കും സ്ത്രീകൾക്കും ലഭ്യമാക്കാവുന്നതാണ്. ഓരോ വാർഡിലും ബാലവാടിയോ അംഗൻവാടിയോ ആരംഭിച്ച് കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യരക്ഷയും പോഷണവും ഉറപ്പു വരുത്തണം. കുട്ടികളുടെ പ്രീപ്രൈമറി വിദ്യാഭ്യാസം ഇതുവഴിയാക്കുകയും നിലവിലുള്ള ബാലവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. ടീച്ചർമാർക്ക് പുനപ്പരിശീലനം നല്കണം.

പെൻഷനുകൾ

വിധവ	വികലാംഗ	വാർദ്ധക്യ	ക്ഷയരോഗ	ക്യാൻസർ രോഗ
52	88	26	1	1

ബാലവാടികൾ

ബാലവാടികളുടെ എണ്ണം	കുട്ടികൾ		ഗർഭിണികൾ	മുലയൂട്ടുന്ന അമ്മമാർ	പഠിക്കുന്ന കുട്ടികൾ
	6 മാസം-3 വയസ്സ്	3-5 വയസ്സ്			
4	62	90	16	14	90

പൊതുവിതരണ സംവിധാനം

ഭക്ഷ്യസബ്സിഡി എടുത്തു കളഞ്ഞതിനു ശേഷം റേഷൻകടകളിലൂടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം കുറഞ്ഞിരിക്കുകയാണ്. അരിയുടെ വിതരണത്തിൽ കഴിഞ്ഞ അഞ്ചു കൊല്ലം കൊണ്ട് കാര്യമായ കുറവു വന്നിട്ടുണ്ട്.

		1991-92	92-93	93-94	94-95	95-96
കാർഡുടമകളുടെ എണ്ണം	വൈദ്യുതീകരിക്കാത്തത്	1386	859	1272	1582	1835
	വൈദ്യുതിയുള്ളത്	719	1275	1016	1246	1994
	ആകെ	2105	4239	2288	2828	3839
ഗുണഭോക്താക്കളുടെ എണ്ണം	മേജർ	9664	9914	10519	13954	16668
	മൈനർ	1700	1509	2355	2253	2611
	ആകെ	11364	11423	12874	16207	19279
പ്രതിവർഷം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ (കി)	അരി (കി)	70499	64800	76830	55810	57110
	ഗോതമ്പ് (കി)	1100	1585	2510	3040	4230
	റവ (കി)	20	32	516	163	164
	മൈദ (കി)	50	62	545	272	269
	പഞ്ചസാര (കി)	621	983	721	1027	957
	പാമോയിൽ	2502	1930	ഇല്ല	ഇല്ല	ഇല്ല
	ആകെ (കി)	72315.02	67481.3	81122	60312	62730
മണ്ണെണ്ണ	പെർമിറ്റുകളുടെ എണ്ണം	74	71	224	266	326
	പെർമിറ്റ് വഴി വിതരണം ചെയ്ത (ലി)	10026	11430	23737	29772	36152
	കാർഡ് വഴി വിതരണം ചെയ്ത (ലി)	89008	88609	106416	297346	331647

അവലംബം : ദ്വിതീയ വിവരരേഖ

പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ കാര്യക്ഷമതക്കുറവ്.
2. വികലാംഗർക്കായുള്ള പ്രത്യേക ക്ഷേമ പദ്ധതികളുടെ അഭാവം.
3. പ്രത്യേക തൊഴിൽവൈദഗ്ധ്യം നേടിയ വർക്ക് പ്രസ്തുത തൊഴിൽ ലഭിക്കാത്ത അവസ്ഥ.
4. പെൻഷനുകളുടെ വിതരണത്തിലുള്ള കാല താമസം.
5. ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടുന്ന തിലുള്ള അഴിമതി.
6. ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവി ല്ലായ്മ.
7. വിധവകൾ, അനാഥർ, വികലാംഗർ തുട ങ്ങിയവർക്ക് പ്രത്യേക തൊഴിൽ മേഖല യുടെ അഭാവം.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
2. പെൻഷനുകൾ നല്കുന്നതിനുള്ള തടസ്സ ങ്ങൾ ഒഴിവാക്കുക.
3. ലഹരി വസ്തുക്കളുടെ വില്പന തടയുക.
4. സാമൂഹ്യക്ഷേമ വകുപ്പിൻെറ വിവിധ പദ്ധ തികളെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽ കുക.
5. നിർദ്ധനകുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
6. പട്ടയം കിട്ടാത്തവർക്ക് അത് നൽകുക.
7. അംഗൻവാടികൾ ആരംഭിക്കുക.
8. വ്യാജമദ്യം തടയുക.
9. ഐ.ആർ.ഡി.പി. പദ്ധതി പ്രാദേശികാ വശ്യങ്ങൾക്ക് അനുയോജ്യമാംവിധം കാര്യക്ഷമമാക്കുക. സ്വയം തൊഴിൽ സംരംഭങ്ങളെ പിൻതുണയ്ക്കുക.
10. ഗ്രാമീണ വനിതാശിശു വികസന പരിപാടി കാര്യക്ഷമമാക്കുക.
11. പഞ്ചായത്ത് തലത്തിൽ വനിതാശിശു വികസനസമിതിയുണ്ടാക്കുക.
12. മഹിളാസമാജങ്ങളെ പുനരുദ്ധരിച്ച് മാതൃ ശിശു സംരക്ഷണത്തിനുള്ള സംവിധാന മുണ്ടാക്കുക.

സാധ്യതകൾ-പരിഹാരങ്ങൾ

1. അർഹതപ്പെട്ടവർക്കെല്ലാം പെൻഷൻ ആനു കൂല്യങ്ങൾ ലഭ്യമാക്കുക.
2. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടി കളുടെ വിവാഹത്തിന് ധനസഹായം നൽകുക.
3. നിർദ്ധന വിദ്യാർത്ഥികൾക്ക് സാമ്പത്തികാ നുകൂല്യം നൽകുക.
4. ക്ഷേമപദ്ധതികളുടെ വിതരണത്തിനും അറിവിനുമായി ഒരു കമ്മറ്റി രൂപീകരി ക്കുക.
5. ആളുകളെ ഇൻഷൂർ പദ്ധതികളിൽ അംഗ ങ്ങളാക്കുക.
6. രോഗികൾക്ക് സാമ്പത്തിക സഹായം നൽകുക.
7. വൃദ്ധസദനം ആരംഭിക്കുക.
8. സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി വൃദ്ധജന ശുശ്രൂഷ ഏർപ്പെടുത്തുക.

ജെആർവൈ - പഞ്ചായത്തിൽനിന്നും ചിലവഴിച്ച തുക

വർഷം	മറ്റുവിഭാഗം	പട്ടികജാതി വിഭാഗം	%
1993-94	2,24,500	1,24,800	35.49
1994-95	2,51,000	54,000	17.70
1995-96	2,80,000	79,000	28.21

അവലംബം : ദ്വിതീയ വിവരരേഖ

5.8 സംസ്കാരം

സംസ്കാരം എന്നത് സമൂഹത്തിന്റെ ജീവിതാനുഭവങ്ങളുടെ ആകെത്തുകയാണ്. നാം നമ്മുടെ സംസ്കാരികജീവിതത്തെ മതത്തിനേറെയും ആചാരാനുഷ്ഠാനുങ്ങളുടേയും ഹരിതത്തിൽ നിറച്ച് തലമുറകൾക്ക് പകർന്ന് കൊടുത്തുകൊണ്ടിരിക്കുകയാണ്. കേരളീയ സാംസ്കാരികജീവിതത്തിൽ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തും അതിനേറെതായ സംഭാവന ചെയ്തിട്ടുണ്ട്. സെൻറ് തോമസിന്റെ പാദസ്പർശം കൊണ്ട് പുണ്യമാക്കപ്പെട്ട മലയാറ്റൂർ തീർത്ഥാടന കേന്ദ്രം വർഷങ്ങളായി ജനങ്ങളെ ആകർഷിച്ചു കൊണ്ടിരിയ്ക്കുന്ന ഒന്നാണ്. അത് നമ്മുടെ ജീവിതത്തെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്.

ഈ പഞ്ചായത്തിൽ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം മതവിഭാഗങ്ങൾ ആണ് ഉള്ളത്. ഇതിൽ മുസ്ലീം സമുദായത്തിൽപെടുന്നവർ ഒരു ന്യൂനപക്ഷമാണ്. ഏറ്റവും കൂടുതലായുള്ളത് ക്രിസ്ത്യാനികൾ ആണെന്നുപറയാം. മലയാറ്റൂർ സെൻറ് തോമസ് ചർച്ച് ആണ് ഇവിടത്തെ ഏറ്റവും പ്രസിദ്ധമായ ആരാധനാലയം. ഇത് കൂടാതെ ഒൻപത് ഹൈന്ദവക്ഷേത്രങ്ങളും എട്ടു ക്രിസ്ത്യൻ പള്ളികളും ഒരു മോസ്ക്കും മത സംസ്കാരത്തെ സമ്പന്നമാക്കുന്നു. മലയാറ്റൂർ പള്ളിത്തിരുന്നാൾ ആണ് ഏറ്റവും വലിയ ആഘോഷം. ക്ഷേത്രോത്സവങ്ങളും വിപുലമായി നടത്തപ്പെടാറുണ്ട്. ഉത്സവങ്ങളിലും പള്ളിപ്പെരുന്നാളുകളിലും ജാതിമത ഭേദമില്ലാതെതന്നെ എല്ലാവരും പങ്കാളികളാവുന്നു.

ക്രിസ്ത്യൻ വിഭാഗം പ്രധാനമായും കത്തോലിക്കരും യാക്കോബിറ്റുകളുമാണ്. പെന്തിക്കോസ്ത് സഭയിൽ പെടുന്നവരും ചുരുക്കമായുണ്ട്. ഹിന്ദുക്കളിൽ ഭൂരിപക്ഷവും ഈഴവരാണ്. അതുകഴിഞ്ഞാൽ പട്ടികജാതിയിൽപെടുന്ന പുലയർ, പറയർ, വേട്ടുവർ, പാണർ, കണക്കപ്പുലയർ, വേലർ തുടങ്ങിയവരാണ്. ഇവർ പ്രത്യേക കോളനികളിലോ അല്ലാതെയോ വസിക്കുന്നു. നായന്മാർ, നമ്പൂതിരിമാർ മുസ്ലീംങ്ങൾ വിശ്വകർമ്മജർ തുടങ്ങിയവ ന്യൂനപക്ഷമാണ്. ഓരോ മതവിഭാഗത്തിലും പെട്ടവർ പലയിടങ്ങളിലായി കൂട്ടു ചേർന്നാണ് താമസിക്കുന്നത്. കുലത്തൊഴിലുകൾകൊണ്ട് ഉപജീവനം നടത്തുന്നവർ വളരെക്കുറവാണ്. വിശ്വകർമ്മജർ ഏറെപേരും ഇപ്പോഴും കുലത്തൊഴിൽ വച്ച് പുലർത്തുന്നുണ്ട്. അതുകൊണ്ടുതന്നെ ഏതെങ്കിലും പ്രത്യേക മതവിഭാഗങ്ങൾ സാമ്പത്തികമായി ഉയർന്നു നില്ക്കുന്നു എന്നു പറയാൻ വയ്യ. വ്യവസായം, കൃഷി എന്നിവയിൽ കൂടുതലായും ഏർപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികളും ഈഴവരും മെച്ചപ്പെട്ട സാമ്പത്തിക നില കൈവരിച്ചിട്ടുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി, സി.പി. ഐ.എം.എൽ. (റെഡ് ഫ്ലാഗ്) ബി.ജെ.പി. ശിവസേന, കേരള കോൺഗ്രസ്സുകൾ തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സജീവസാന്നിധ്യം പഞ്ചായത്തിലുണ്ട്. ജീവിതത്തിന്റെ ദർപ്പണമാണ് കലയും സംസ്കാരവും. ജീവിതത്തിൽ നിന്നാണത് ഉറവെടുക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ മതസംഘടനകൾ, ക്ലബ്ബുകൾ, ആർട്ട്സ് സൊസൈറ്റികൾ, തുടങ്ങിയവ ഈ പഞ്ചായത്തിലെ സാംസ്കാരിക ജീവിതത്തെ വികസിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.

പട്ടിക ഗ്രന്ഥശാലകൾ വായനശാലകൾ

ക്രമ നമ്പർ	പേര്	വാർഡ്	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റു പ്രവർത്തനങ്ങൾ
1	മലയാറ്റൂർ-നീലീശ്വരം പഞ്ചായത്ത് ലൈബ്രറി നീലീശ്വരം	6	-	1389	450	12	-
2	സഹൃദയ ലൈബ്രറി മുണ്ടങ്ങാമറ്റം	7	-	2500	150	7	ബോധവൽക്കരണ സെമിനാർ തുടർ വിദ്യാഭ്യാസ പരിപാടി
3	കൾച്ചറൽ ലൈബ്രറി തോട്ടുവ	5	-	3872	542	22	
4	എസ്.എൻ. ലൈബ്രറി നീലീശ്വരം വെസ്റ്റ്	10	-	2398	230	ഇല്ല	-

സംസ്കാരത്തിന്റെ ഊറലുകളാണ് ഗ്രന്ഥശാലകൾ. പഞ്ചായത്ത് ഗ്രന്ഥശാലയടക്കം 4 ഗ്രന്ഥശാലകൾ ആണ് നിലവിൽ ഉള്ളത്. നാമമാത്രമായേ പുസ്തകവിതരണം നടക്കുന്നുള്ളൂ. വായനശാലകൾക്ക് ആകട്ടെ പരിമിതികൾ ആണ് ഏറെയും. കേടുപാടുകൾ വീണ കെട്ടിടങ്ങൾ, പുസ്തകശേഖരണത്തിനായുള്ള സ്ഥലപരിമിതി, സാമ്പത്തികമായ പരാധീനത എന്നിവയെല്ലാം അതിൽപ്പെടുന്നു. വായനാശീലത്തിന്റെ കാര്യത്തിൽ പഴയതിൽ നിന്നുമുള്ള ഒരു പിന്നോട്ടു പോക്ക് കാണാൻ കഴിയും. - ജീവിതത്തിലെ തിരക്ക്, സമയക്കുറവ്, താല്പര്യമില്ലായ്മ, ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം തുടങ്ങിയവയെല്ലാം ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാം. വായിക്കപ്പെടുന്ന പുസ്തകങ്ങളാകട്ടെ വളരെ ഗുണനിലവാരം കുറഞ്ഞവയാണ്. വിദ്യാർത്ഥികളും വനിതകളും ആണ് ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം നിൽക്കുന്നത്.

കേരളത്തിലെ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധമായവയെല്ലാം ഈ പഞ്ചായത്തിലും വിതരണം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ അതിൽ ഭൂരിപക്ഷവും വളരെ നിലവാരം കുറഞ്ഞവതന്നെയാണ്. അവയുടെ വായനക്കാരാകട്ടെ വനിതകളും കുട്ടികളും ആണെന്നതാണ് പരിതാപകരമായിട്ടുള്ളത്. പ്രാദേശികമായിട്ടുള്ള പ്രസിദ്ധീകരണങ്ങൾ കുറവാണ്. രണ്ട് ക്ലബ്ബുകൾ വർഷംതോറും ഇറക്കുന്ന കയ്യെഴുത്ത് പ്രതികളും (താളിയോല, ശംഖൊലി) നവോദയപുരത്തുനിന്നും മാസികയായി പ്രസിദ്ധീകരിക്കുന്ന 'നിനവും' മാത്രമാണ് പ്രാദേശിക പ്രസിദ്ധീകരണങ്ങൾ. ഈ പഞ്ചായത്തിൽ വർഷങ്ങൾക്ക് മുൻപ് പ്രസിദ്ധീകരിച്ചിരുന്ന 'തുള്ളി', 'അക്ഷരം' 'നമസ്യ' എന്നീ മാസികകൾ അന്യം നിന്നുപോയി. (പട്ടിക - രജിസ്റ്റർ ചെയ്ത കലാകായിക സമിതികൾ അടുത്ത പേജിൽ നോക്കുക.)

ഒരു ഫൈൻ ആർട്ട്സ് സൊസൈറ്റിയടക്കം 12 ക്ലബ്ബുകൾ ആണ് പഞ്ചായത്തിൽ ഉള്ളത്. ഇവയെല്ലാം തന്നെ ഗവൺമെൻറ് അംഗീകൃതങ്ങളാണ്. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തവയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമാണ് ഇതിലധികവും. സ്വന്തമായി കളിസ്ഥലങ്ങൾ ഇല്ലാത്തതും ഇവയുടെ മറ്റൊരു പരിമിതിയാണ്. വാർഷികാഘോഷങ്ങൾ, മറ്റ് ഉത്സവ ദിനങ്ങളുടെ ആഘോഷങ്ങൾ എന്നിവയിൽ മാത്രമാണ് ഇവയിലധികവും സജീവമായിരിക്കുന്നത്.

രജിസ്റ്റർ ചെയ്ത കലാ-കായിക സമിതികൾ

ക്രമ നമ്പർ	പേര്	വാർഡ്	അംഗങ്ങളുടെ എണ്ണം	എൻ. വൈ. കെ. അഫിലിയേഷനുണ്ടോ	സ്വന്തമായി കെട്ടിടമുണ്ടോ?	ടി.വി.-റേഡിയോ ഉണ്ടോ?	പ്രധാന വാർത്തകൾ
1	ശ്രുതി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് - ഇല്ലിത്തോട്	1	40	-	-	-	സ്പോർട്സ് ആൻറ് ഗെയിംസ്
2	സൽക്കല സാംസ്ക്കാരികസമിതി ഇല്ലിത്തോട്	1	25	ഉണ്ട്	-	-	സാംസ്കാരിക പ്രവർത്തനം
3.	ചൈതന്യ ആർട്സ് ക്ലബ്ബ് ഇല്ലിത്തോട്	1	50	-	-	-	ആർട്സ് ആൻറ് സ്പോർട്സ്
4.	ടി.വി. സെൻറർ, മുളംകുഴി	1	100	-	ഉണ്ട്	ഉണ്ട്	സ്പോർട്സ്
5.	മൈത്രി കമ്മ്യൂണിക്കേഷൻസ്	2	25	-	-	-	ആർട്സ് ആൻറ് സ്പോർട്സ്
6.	മധുരിമ ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്	3	30	-	-	-	ആർട്സ് ആൻറ് സ്പോർട്സ്
7.	എയ്ഞ്ചൽ ആർട്സ് ആൻറ് സ്പോർട്സ്	8	25	-	-	-	ആർട്സ് ആൻറ് സ്പോർട്സ്
8.	നീലീമ ആർട്സ് സൊസൈറ്റി	6	400	-	ഭാഗികം	-	പ്രൊഫഷണൽ നാടകാവതരണം
9.	സഹൃദയ കലാവേദി (ലൈബ്രറി)	7	100	-	ഭാഗികം	-	കലാകായിക സാംസ്കാരിക സാമൂഹ്യ ഉന്നമനം
10.	നവോദയ കലാകേന്ദ്രം	7	67	-	-	-	കലാ സാംസ്കാരിക സാമൂഹ്യ പ്രവർത്തനം
11.	കരുണ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്	6	25	-	-	-	സ്പോർട്സിലെ വികസനം. സാമൂഹ്യ ഉന്നമനം

അത്തരം അവസരങ്ങളിൽ ഈ കലാസമിതികളും ക്ലബ്ബുകളും സംഘടിപ്പിക്കുന്ന കലാ-കായിക മത്സരങ്ങൾ പഞ്ചായത്തിലെ പ്രതിഭകൾക്ക് മികച്ച അവസരങ്ങൾ ഒരുക്കുവാൻ പര്യാപ്തമാവുന്നു. വളരെ അപൂർവ്വ ഘട്ടങ്ങളിൽ ഈ സമിതികൾ നിർമ്മാണ പ്രവർത്തനങ്ങളിലും സാമൂഹ്യ നവോത്ഥാന സംരംഭങ്ങളിലും ഏർപ്പെടാറുണ്ട്. നീലിമ, സഹൃദയ കലാവേദി എന്നിവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്.

പ്രാദേശികമായി ഉണ്ടായിരുന്ന നാടൻ കളികളായിരുന്നു പരിചമുട്ട്, മുടിയാട്ടം, പാക്കനാർകളി തുടങ്ങിയവ. എന്നാൽ ഇവയെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇവ ഏറ്റുവാങ്ങാൻ പിൻതലമുറകൾ വൈമുഖ്യം പ്രകടിപ്പിക്കുന്നതാണ് ഇതിനു കാരണം. എങ്കിലും പാക്കനാർ കളിയും പരിചമുട്ടും ഇപ്പോഴും ചിലപ്രത്യേകസമയങ്ങളിൽ നവോദയപുരത്ത് അരങ്ങേറാറുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഇത് റെക്കോഡ് (വീഡിയോ) ചെയ്ത് സൂക്ഷിക്കുന്നത് നന്നായിരിക്കും. ആധുനികതയുമായി ഇടകലർത്താവുന്ന ധാരാളം നാട്ടറിവുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലെ വൃദ്ധരിൽ ചിതറിക്കിടപ്പുണ്ട്. അതുപോലെതന്നെ നാടൻപാട്ടുകൾ, കഥകൾ, ഐതിഹ്യങ്ങൾ മുതലായവയും. ഇവ റെക്കോഡ് ചെയ്തോ, രേഖപ്പെടുത്തിയോ സൂക്ഷിക്കപ്പെടേണ്ടതാണ്.

ഏറ്റവും വലിയ ഇലക്ട്രോണിക് മാധ്യമമായി മാറിക്കൊണ്ടിരിക്കുന്ന ടെലിവിഷന്റെ അതിപ്രസരം ഈ പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. എൺപത്തിയഞ്ച് ശതമാനം കുടുംബങ്ങൾക്കും ടെലിവിഷൻ കാണാൻ കഴിയുന്നുണ്ട്. കുട്ടികളുടെ പഠനത്തേയും സംഘം ചേർന്നുള്ള സാമൂഹ്യ പ്രവർത്തനങ്ങളേയും അത് വളരെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല അക്രമപ്രവർത്തനങ്ങളും സാമൂഹികമായ സുരക്ഷിതമില്ലായ്മയും ഇതുമൂലം പെരുകിക്കൊണ്ടിരിക്കുകയാണ്. സാമൂഹികജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ സ്ഥാനത്ത് കമ്പോളാഭിമുഖം വളർത്തുന്നതിൽ ടെലിവിഷനുകൾ കുറച്ചൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ഒരു സിനിമാശാല പ്രവർത്തിക്കുന്നുണ്ടെങ്കിലും കാഴ്ചക്കാരുടെ എണ്ണം കുറവാണ്. മെച്ചപ്പെട്ട ഒരു സിനിമാ ആസ്വാദനം വളർത്തിയെടുക്കുന്നതിൽ നമുക്ക് ഒട്ടും മുന്നേറാനായിട്ടില്ല.

കായികസംസ്കാരത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് വളരെ പുറകിലാണ്. നല്ല കലാകാരന്മാരെയും സാംസ്കാരികപ്രവർത്തകരെയും സംഭാവനചെയ്യാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മികച്ച ഒരു കായികതാരത്തെ കണ്ടെത്തുന്നതിൽ പഞ്ചായത്ത് പുറകോട്ട് പോയിരിക്കുന്നു. ക്ലബ്ബുകൾ ആകട്ടെ കലാപ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. രണ്ട് ക്ലബ്ബുകൾ മാത്രമാണ് കുറച്ചെങ്കിലും കായികപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നത്. അതാകട്ടെ ക്രിക്കറ്റിലും, ഫുട്ബോളിലും ഒതുങ്ങി നിൽക്കുന്നു. ഏതെങ്കിലും പ്രത്യേക കളികളുമായി ബന്ധപ്പെട്ടതോ, പൊതുവായതോ ആയ ഒരു മൈതാനം പോലും പഞ്ചായത്തിൽ ഇല്ല. മൂന്ന് സ്കൂൾ മൈതാനങ്ങളേയും (അതാകട്ടെ വളരെ പരിമിതമായ സൗകര്യങ്ങൾ ഉള്ളവ) വനപ്രദേശങ്ങളിലെ ഒഴിഞ്ഞ സ്ഥലങ്ങളേയും ആശ്രയിച്ച് മാത്രമാണ് ഇവിടത്തെ കായികസംസ്കാരം നിലനിൽക്കുന്നത്. ഏതെങ്കിലും കായിക ഇനങ്ങൾക്ക് പ്രത്യേകമായി പരിശീലനം നൽകുന്ന ഒരു സംവിധാനവും പഞ്ചായത്തിൽ ഇല്ല. വിദ്യാലയങ്ങളിൽ കായിക അദ്ധ്യാപകരുണ്ടെങ്കിലും കൃത്യമായ പരിശീലനമില്ല. ചില സ്വകാര്യ സ്ഥാപനങ്ങളും, വ്യക്തികളും മറ്റുചില ക്ലബ്ബുകളും ജിംനേഷ്യം, കരാട്ടേ, കുംഫു എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്. ഇതിലെല്ലാമാകട്ടെ സ്ത്രീകളുടെ പങ്കാളിത്തം ഇല്ലെന്നു തന്നെ പറയാം.

കേരളസമൂഹത്തിന്റെ ജീവിതക്രമത്തിലും വീക്ഷണത്തിലും വന്നിട്ടുള്ള മാറ്റങ്ങൾ ഈ പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. പ്രശ്നങ്ങളും പരിമിതികളും ധാരാളം ഉണ്ടെങ്കിലും സാധ്യതകളും തള്ളിക്കളയാവുന്നവയല്ല. കൂട്ടായ

പ്രവർത്തനപദ്ധതികളും സഹകരണനോഭാവവും വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ ഒരു സാസ്കാരിക നവോത്ഥാനത്തിന് സാദ്ധ്യത യുള്ളൂ.

പ്രശ്നങ്ങൾ

1. ജനമനസ്സുകളിൽ നിലനിൽക്കുന്ന ജാതീയ ചിന്ത
2. എല്ലാ മതസ്ഥർക്കും ഇടപെടാവുന്ന പൊതുപരിപാടിയുടെ അഭാവം.
3. ഗ്രന്ഥശാലകളിലെ പരിമിതികൾ.
4. വായനയിലെ താല്പര്യമില്ലായ്മ.
5. മികച്ച പുസ്തകങ്ങളുടെ ലഭ്യതക്കുറവ്
6. വനിതകളോടുള്ള വിവേചനം
7. കലാ-കായികസമിതികളുടെ സാമ്പത്തിക പരാധീനത.
8. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം.
9. ആർഭാടമായ ജീവിതത്തോടുള്ള താല്പര്യം
10. തനതുകലകൾ പിന്തുടരുന്നതിൽ കാണിക്കുന്ന വൈമുഖ്യം
11. അസാന്മാർഗിക പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകാനുള്ള മനോഭാവം.
12. കായികമേഖലയിലുള്ള താല്പര്യക്കുറവ്
13. പൊതുമൈതാനങ്ങൾ ഇല്ലാത്തത്.
14. നല്ല കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നതിൽ ഉള്ള ശ്രദ്ധക്കുറവ്
15. മാധ്യമങ്ങളും, പുസ്തകങ്ങളും ശരിയായി ഉപയോഗിക്കേണ്ടതിനെക്കുറിച്ചുള്ള പരിശീലനക്കുറവ്.
16. പ്രാദേശികപ്രസിദ്ധികരണങ്ങളോട് ഉള്ള അവജ്ഞയും അവ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ കലാസമിതികളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള പൊതുപരിപാടികൾ സംഘടിപ്പിക്കുക.
2. വനിതകൾക്ക് നല്ലപുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുവാനുള്ള സൗകര്യം കണ്ടെത്തുക.
3. എല്ലാ ക്ലബ്ബുകളേയും പ്രവർത്തിക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധപതിപ്പിക്കുക.
4. എല്ലാ ക്ലബ്ബുകളുടേയും പങ്കാളികളാകാൻ ജനങ്ങളെ സഹായിക്കും വിധം ക്ലബ്ബുകൾ പരിപാടികളുടെ കലണ്ടർ തയ്യാറാക്കുക.
5. കായികസംസ്കാരം വളർത്തിയെടുക്കുന്ന കർമ്മപരിപാടികൾ ആവിഷ്കരിക്കുക.
6. നാട്ടറിവുകൾ വിവിധസംഘടനകളുടെ സഹായത്തോടെ ശേഖരിക്കുകയും രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യുക.
7. പഞ്ചായത്ത് ഗ്രന്ഥശാലയുടെ ഭരണത്തിന് ഒരു സംഘം രൂപീകരിച്ച് അതിനെ ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റുക.
8. പ്രാദേശികവാസികൾക്ക് ആവശ്യമായ ഉദ്യോഗസംബന്ധവും അല്ലാതുള്ളതുമായ അറിവുകളുടെ ഒരു കേന്ദ്രമായി പഞ്ചായത്ത് ഗ്രന്ഥശാലയെ മാറ്റിത്തീർക്കുക.
9. നിലവാരമുള്ള പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും അവ സംഭരിച്ചുവയ്ക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
10. പൊതുമൈതാനം സ്ഥാപിക്കുക.
11. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ അവ ആരംഭിക്കുക.

സാദ്ധ്യതകളും പരിഹാരങ്ങളും

1. ജാതീയ ചിന്താഗതികൾ നിരുത്സാഹപ്പെടുത്തുക.
2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചു കൊണ്ടു പൊതുപരിപാടി സംഘടിപ്പിക്കുക.

3. ഗ്രന്ഥശാലകളിലെ പരിമിതികൾക്ക് പരിഹാരം കാണുക.
4. സഞ്ചരിക്കുന്ന ഗ്രന്ഥശാല പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുക.
5. എല്ലാ രംഗത്തും വനിതാ പങ്കാളിത്തം ഉറപ്പാക്കുക.
6. കലാ-കായിക സമിതികൾക്ക് സാമ്പത്തിക സഹായങ്ങൾ നല്കുകയും അവ ഉചിതമമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
7. മാധ്യമങ്ങൾ ജീവിതോപകാരികളായി ഉപയോഗിക്കേണ്ടതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
8. ആർഭാടജീവിതത്തോടുള്ള താല്പര്യത്തെ നിരുത്സാഹപ്പെടുത്തുക.
9. പാരമ്പര്യകലാപ്രവർത്തകർക്ക് ജീവിത സുസ്ഥിതിയ്ക്കാവശ്യമായ സാമ്പത്തികം നൽകുക.
10. അസാന്മാർഗികപ്രവർത്തനങ്ങൾ തടയുന്നതിന് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സാംസ്ക്കാരികസംഘങ്ങൾ രൂപീകരിക്കുക.
11. കായിക മേഖലയിൽ താല്പര്യം കാണിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക.
12. പൊതു മൈതാനങ്ങൾ, പ്രത്യേക കളിസ്ഥലങ്ങൾ എന്നിവ സംഘടിപ്പിക്കുക.
13. പഞ്ചായത്തടിസ്ഥാനത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.
14. മികച്ച ആസ്വാദനത്തിനാവശ്യമായ വീഡിയോ, ഫിലിം സൊസൈറ്റികൾ ആവിഷ്കരിക്കുക.
15. നാട്ടറിവുകൾ, കഥകൾ, ഐതിഹ്യങ്ങൾ, പാട്ടുകൾ എന്നിവ റിക്കോർഡ് ചെയ്തോ, രേഖപ്പെടുത്തിയോ ഉപയോഗിക്കാം.
16. നാടൻ കലാരൂപങ്ങളുടെയും കളികളുടെയും മേളകൾ സംഘടിപ്പിക്കുക.
17. പ്രാദേശികമായ ആഘോഷങ്ങൾ, വിവിധ ക്ലബ്ബുകൾ സംഘടിപ്പിക്കുന്ന പരിപാടകൾ എന്നിവയ്ക്ക് പഞ്ചായത്ത് പ്രോത്സാഹനം നൽകുക.
18. കലാ-കായിക-സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഒരു കലണ്ടർ തയ്യാറാക്കുക.
19. മതസൗഹാർദ്ദപരിപാടികളെ പ്രോത്സാഹിപ്പിക്കുക.
20. പ്രാദേശിക പ്രസിദ്ധീകരണങ്ങൾക്ക് പ്രോത്സാഹനം നൽകുക.
21. സാക്ഷരതാ ക്ലാസുകൾ ആരംഭിക്കുക.

5.9 വനിത

സ്ത്രീ വീടിന്റെ വിളക്ക് എന്നതാണ് പുരാതന ഭാരതീയ വിശ്വാസം. സ്ത്രീയുടെ ക്ഷമയും ലാളിത്യവുമെല്ലാം സമൂഹത്തെ നന്മയിലേയ്ക്കു നയിക്കാൻ പോന്ന ശിഷ്ടഗുണങ്ങളാണ്. സമൂഹത്തിനാകമാനം സമാധാനം കൈവരുത്തുന്നതിനും ഐക്യബോധം കെട്ടിപ്പടുക്കുന്നതിനും സ്ത്രീകൾ വഹിക്കുന്ന പങ്ക് നിസ്സാരമല്ല. എങ്കിലും സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. കേരളം ഒരുപക്ഷേ ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളുടെ പിന്നിൽ നിൽക്കേണ്ടി വരുന്നത് സ്ത്രീകൾക്കു നല്കുന്ന പദവിയുടെ കാര്യത്തിലാവും.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കുറവാണ്. സാമൂഹ്യരംഗത്ത് അവർ വളരെ പിന്നോക്കം നിൽക്കുന്നു. വിദ്യാഭ്യാസത്തിന്റേയും ആരോഗ്യത്തിന്റേയും കാര്യത്തിൽ വലിയ അന്തരം കാണാൻ കഴിയുന്നില്ലെങ്കിലും ജീവിത പുരോഗതിയുടെ കാര്യത്തിൽ സ്ത്രീകൾ പുറകിൽതന്നെയാണ്.

കുടുംബനാഥകളായിട്ടുള്ള സ്ത്രീകളുടെ എണ്ണം കൂടി വരികയാണ്. പനമ്പ് നെയ്ത്ത്, കെട്ടിട നിർമ്മാണം, കൃഷി മേഖലകളിലാണ് സ്ത്രീകൾ കൂടുതലായി തൊഴിൽ ചെയ്യുന്നത്. കുടുംബത്തിന്റെ ക്ഷേമകരമായ നിലനിൽപ്പിനായി അവർ വീടുകളിൽ ചെയ്യുന്ന ജോലികൾ പുരുഷന്മാരുടേതിനേക്കാൾ പല മടങ്ങ് വർദ്ധിച്ചതാണ്. പുലർച്ചെ മുതൽ രാത്രിവരെ വീട്ടു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് പഞ്ചായത്തിലെ സ്ത്രീകൾ, കൂലിപ്പണികൊണ്ട് കുടുംബ വരുമാനത്തിന്റെ ഒരു ഭാഗം വഹിക്കുന്ന സ്ത്രീകളാകട്ടെ പുരുഷന്മാരുടേതിനേക്കാൾ കുറഞ്ഞ വേതനമാണ് കൈപ്പറ്റുന്നത്.

ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ ഏറെയില്ല. ഉള്ളവർ തൊഴിലില്ലായ്മ അനുഭവിക്കുന്നതായി കാണാൻ കഴിയും. ഉന്നതവിദ്യാഭ്യാസത്തിനോ, വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണത്തിനോ സ്ത്രീകൾക്ക് കഴിയാതെ പോകുന്നത് സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന വിവേചനപരമായ കാഴ്ചപ്പാടകളുടെ ഫലമാണെന്നു പറയാം. പെൺകുട്ടികൾ ഉന്നതമായ വിദ്യാഭ്യാസം നേടിയാലും സ്വന്തം കുടുംബത്തിന് അതിന്റെ നേട്ടങ്ങൾ അനുഭവിക്കാൻ കഴിയില്ല എന്ന വിശ്വാസം, പ്രായപൂർത്തിയാകുന്ന ഉടനെ തന്നെ വിവാഹം കഴിപ്പിക്കുന്നതിൽ കാണിക്കുന്ന അത്യുത്സാഹം തുടങ്ങിയവയെല്ലാം ഇതിന്റെ കാരണങ്ങളാണ്.

കുട്ടികളുടെ പരിചരണം, അടുക്കള ജോലികൾ, കാർഷിക സംബന്ധമായ തൊഴിലുകൾ, തുടങ്ങിയവയുമായി വീടിന്റെ ഉള്ളിൽ ഒതുങ്ങിക്കൂടേണ്ടിവരുന്നു സ്ത്രീകൾക്ക്. കുടുംബചിലവുകൾക്കോ, സ്വന്തം ആവശ്യങ്ങളുടെ നടത്തിപ്പിനോ ആവശ്യമായ സാമ്പത്തിക കാര്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിയാണ് പിന്നോക്കാവസ്ഥയുടെ മൂല കാരണം. കൈത്തൊഴിലുകൾകൊണ്ടോ, ചെറുകിട വ്യവസായങ്ങൾകൊണ്ടോ ധനം സ്വരൂപിക്കുന്ന വീട്ടമ്മമാരുടെ എണ്ണം വളരെ പരിമിതമാണ്. സ്വത്തിന്റെ ഒരു ശതമാനം മാത്രമാണ് സ്ത്രീകളുടെ ഉടമസ്ഥതയിൽ. സ്വാതന്ത്ര്യം എന്നത് ഒരു സ്വപ്നം മാത്രമായ വശേഷിക്കുന്നു. സമ്പത്തിന്റെ മേൽ തുല്യ അവകാശങ്ങളും അവസരങ്ങളും ലഭിക്കുംവരെ ഈ നിതികേട് തുടർന്നുകൊണ്ടിരിക്കും.

നാല് ബാലവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. കുട്ടികൾക്ക് കാലാകാലങ്ങളിൽ വൈദ്യ സഹായവും മറ്റും അവയിലൂടെ വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിനാവശ്യമായ സഹായങ്ങൾ ഒന്നുംതന്നെ ലഭിക്കുന്നില്ല. കുടുംബ സംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീ സംവരണം, സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ തുടങ്ങിയവയെ കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകുന്ന പ്രവർത്തനങ്ങൾ ബാലവാടികളിലൂടെ ആവിഷ്കരിക്കപ്പെടുന്നത് അവരുടെ സാമൂഹിക പുരോഗതിയ്ക്ക് ഉപയുക്തമാവും. വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കിത്തുടങ്ങിയ മഹിളാസമാജങ്ങളുടെ പ്രവർത്തനം ഇന്ന് നിർജ്ജീവാവസ്ഥയിലാണ്.

പഞ്ചായത്തിലെ രാഷ്ട്രീയ പാർട്ടികളിലും പോഷകസംഘടനകളിലും, കലാസമിതികളിലും വനിതകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ബഹുജനസംഘടനകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുവാൻ വനിതകൾക്ക് കഴിയാതെ പോകുന്നത് സമൂഹത്തിന്റെ പുരുഷമേധാവിത്വ ചിന്താഗതികൾ മൂലമാണ്. പൊതുപ്രവർത്തകരായ വനിതകളോട് ഉള്ള അവജ്ഞ അവരെ ഈ രംഗത്തുനിന്നും പിൻതിരിപ്പിക്കുന്നു. സംവരണത്തിന്റെ നിവൃത്തികേടുകൊണ്ടു മാത്രമാണ് കുറച്ചെങ്കിലും വനിതകൾ പൊതുപ്രവർത്തനരംഗത്ത് ഉള്ളത്. ഇന്നത്തെ കുടുംബഘടന സ്ത്രീയെ അടുക്കളയിലും വീട്ടിലും അടക്കി നിർത്താനിടയാക്കുന്നു.

സ്ത്രീപീഡന കഥകളേറെ പഞ്ചായത്തിന് പറയാനില്ലെങ്കിലും, സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുണ്ട് എന്നതുതന്നെയാണ് വാസ്തവം. സ്ത്രീധനം, ഭർത്താക്കന്മാരുടെ മദ്യപാനം, സാമ്പത്തിക സുസ്ഥിതി ഇല്ലായ്മ, സ്ത്രീകളെ താഴെ തട്ടിൽ കാണുന്ന മനോഭാവം എന്നിവയെല്ലാം സ്ത്രീപീഡനത്തിലേക്ക് നയിക്കുന്ന കാര്യങ്ങൾ ആണ്. പുരുഷമേധാവിത്വ മനോഭാവം മാറ്റിയെടുക്കുന്നതിലൂടെയും ലഹരി വസ്തുക്കളുടെ ലഭ്യത കുറയ്ക്കുന്നതിലൂടെയും മാത്രമേ ഈയവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയൂ. പൊതുസ്ഥലത്ത് വച്ചും വഴികളിൽവച്ചും സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്നത് നിയമപരമായി കുറ്റമാണെങ്കിലും നിയമം അവരുടെ രക്ഷയ്ക്കെത്താറില്ല. ഗ്രാമീണതയുടെ പാരസ്പര്യതയിൽ ഇത്തരം സംഭവങ്ങൾ ഗുരുതരമാകാറില്ലെങ്കിലും ആ പ്രവണതകൾ നിലനില്ക്കുന്നുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകൾ, വനിതകൾക്കു മാത്രമായുള്ള കരകൗശലകേന്ദ്രങ്ങൾ തുടങ്ങിയവയുടെ രൂപീകരണം, സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്കുള്ള പരിഹാരവും വഴിയുമാകും. സിനിമകൾ, പരസ്യങ്ങൾ തുടങ്ങിയവ യിലൂടെ സ്ത്രീകൾ അശ്ലീലകരമായി ചിത്രീ കരിക്കപ്പെടുന്നത് ചൂഷണത്തിന്റെ ഉപാധിയായി സ്ത്രീയെ കാണുന്നതുകൊണ്ടാണ്. അത്തരത്തിലുള്ള പോസ്റ്ററുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്.

ഒരു സമൂഹത്തിന്റെ വികസനത്തിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് നാം ഇനിയും മനസ്സിലാക്കിയിട്ടില്ല. അതിന് സ്ത്രീകളുടെ വ്യക്തിത്വത്തിന്റെ അംഗീകരണമാണ് ആദ്യം നടക്കേണ്ടത്. പുരുഷനോടൊപ്പം ചേർന്ന് സാമൂഹ്യ ഉന്നമനത്തിന് മുന്നിട്ടിറങ്ങാൻ സ്ത്രീകളെ കൂടെ കൂട്ടണം. അതിനായി അവരോടുള്ള മനോഭാവം മാറണം. വ്യക്തിഗതമായ ഒരു മേധാവിത്വബോധമല്ല ഇത്. പൂർവ്വകാലം നമുക്ക് തന്നതും കൂട്ടിക്കാലം മുതൽ പരിചയിച്ചു പഠിച്ചതുമായ വിവേചന രീതിയാണത്. ലിംഗപരമായ വിവേചനം പാടില്ലെന്നാണ് ഭരണഘടന പറയുന്നത്. എന്നാൽ വേലയിലും കൂലിയിലും വീട്ടിലും നാട്ടിലും ഈ വിവേചനത്തെ പോറ്റി വളർത്തുകയാണ് നാം. എവിടെയും സഞ്ചരിക്കാനും, തുല്യകൂലിക്കും, തുല്യ അവസരങ്ങൾക്കും, തുല്യനീതിക്കും ഒക്കെയുള്ള മൗലികാവകാശങ്ങൾ സ്ത്രീകൾക്കിനിയും ദൂരെയാണ്. രാഷ്ട്രീയ പാർട്ടികളും, മതങ്ങളും, ഭരണഘടന 40 കൊല്ലം മുമ്പനുവദിച്ച ഈ അവകാശങ്ങളെ കാണാതിരിക്കുകയോ പലപ്പോഴും എതിർക്കുകയോ ചെയ്യുന്നു. പിതൃസ്വത്തിന്മേൽ തുല്യാവകാശം, വിവാഹം,

വിവാഹ മോചനം എന്നിവയിൽ തുല്യനീതി, നിയമനിർമ്മാണ സഭകളിൽ 1/3 പങ്കാളിത്തം എന്നിവയെല്ലാം പലവിധത്തിൽ പലകോണിൽ നിന്ന് എതിർക്ക പ്പെട്ടത് തന്നെ ദൃഷ്ടാന്തം.

നമ്മുടെ ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകളെ പിന്നിൽ നിർത്തിക്കൊണ്ട് നമുക്ക് മുന്നേറാനാവില്ല. സ്ത്രീകൾക്ക് നിയമം അനുവദിച്ചിട്ടുള്ള എല്ലാ പരിരക്ഷകളും ഈ പഞ്ചായത്തിൽ ഉറപ്പുവരുത്തണം. കൂലിയിലെ വിവേചനത്തിനെതിരെ തൊഴിലുടമകളെയും ട്രേഡ് യൂണിയനുകളേയും ബോധവൽക്കരിക്കണം. ബസ്സുകളിൽ നിയമം പാലിയ്ക്കാത്ത ജീവനക്കാർക്കെതിരെ നിയമ നടപടികൾക്ക് പഞ്ചായത്ത് മുൻകൈയ്യെടുക്കണം. അശ്ലീല പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും തടയണം. പ്രവർത്തനം നിലച്ച മഹിളാസമാജങ്ങളെ പുനരുജ്ജീവിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്ത് അവർക്ക് തൊഴിൽ, മാതൃശിശു സംരക്ഷണ പരിപാടി എന്നിവയിലൂടെ നേതൃത്വശേഷി വളർത്താൻ അവസരമുണ്ടാക്കണം. എല്ലാ സ്ക്കൂളുകളിലും മാതൃസംഗമം സജീവമാക്കി കുട്ടികളുടെ നിലയിൽനിന്നുതന്നെ സ്ത്രീപുരുഷ സമത്വബോധം ശീലിപ്പിക്കുന്നതിനുള്ള ബോധവൽക്കരണവും ചർച്ചകളും പരിപാടികളും ക്ലാസുകളും നടത്തണം.

സമ്പത്ത് ഉല്പാദനത്തിലെന്നപോലെ ഉടമസ്ഥതയിലും സ്ത്രീയെ ബന്ധപ്പെടുത്തിയാലേ അവരുടെ സ്വതന്ത്രമായ വളർച്ചയും വികാസവും കുടുംബത്തിന്റെ ക്ഷേമവും നിലനിർത്താനാകൂ. എല്ലാവർക്കും നീതി തുല്യമാണ്. എന്നാൽ ദുർബലവിഭാഗത്തിന് നീതി പ്രത്യേകമായിതന്നെ ലഭിയ്ക്കണം.

10 മുതൽ 12 മണിക്കൂർ നീളുന്നതാണ് നമ്മുടെ വീട്ടമ്മയുടെ ജോലികൾ. എന്നാൽ വരുമാനമുള്ള ജോലി കുറവായതാണ് മറ്റു പ്രശ്നങ്ങളെല്ലാം രൂക്ഷമാക്കുന്നത്. സ്ത്രീവികസനത്തിന്റെ ഊന്നൽ അധികവരുമാനം അവരിലെത്തിക്കുന്നതിലാവണം.

ഉത്തരവാദിത്വം ഏൽക്കുവാനുള്ള സ്ത്രീയുടെ ധൈര്യക്കുറവും സ്ത്രീയുടെ കഴിവുകളെക്കുറിച്ചുള്ള പുരുഷന്മാരുടെ ആശങ്കയും പ്രധാന പ്രശ്നമാണ്. സ്ത്രീകളിലെ ആത്മവിശ്വാസക്കുറവും കൂട്ടായ്മയുടെ കുറവും ശരിയായ ബോധവൽക്കരണത്തിലൂടെയും അവസരങ്ങൾ നല്കി പരിശീലിപ്പിക്കുന്നതിലൂടെയും മാറ്റിയെടുക്കണം.

തൊഴിൽ അനുപാതം

വ്യവസായ യൂണിറ്റുകൾ	പുരുഷന്മാർ	സ്ത്രീകൾ	%
65	286	98	25.52

പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാനും, പ്രവർത്തിക്കാനുമുള്ള സാഹചര്യം ഇല്ലായ്മ.
2. പുരുഷന്മാരുടെ അമിതമായ ലഹരി ഉപയോഗം.
3. തൊഴിലില്ലായ്മയും, കുറഞ്ഞ വേതനവും.
4. സ്ത്രീധന പീഡനം.
5. സ്ത്രീകളുടെ ശാരീരികവും, മാനസികവുമായ പീഡനങ്ങൾ.
6. പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഇല്ലായ്മ.
7. കുടുംബ കാര്യങ്ങളിൽ പുരുഷന്മാരുടെ സഹകരണം ഇല്ലായ്മ.
8. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ കുറവ്.
9. അധികാരസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്ക് ദുർബലമായിരിക്കുന്നു.
10. വീട്ടിലും വിദ്യാലയങ്ങളിലും ആരംഭിക്കുന്ന വിവേചനത്തിന്റെ ബാലപാഠങ്ങൾ.
11. സ്ത്രീസംരക്ഷണ നിയമങ്ങൾ പ്രയോഗത്തിൽ വരുത്തുന്നില്ല.

12. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.
13. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും സ്വാധീനം.
14. അടിമത്തബോധത്തിൽ നിന്നുയരുന്ന ആത്മവിശ്വാസക്കുറവ്.
15. വീട്ടിൽ ആഹാരത്തിന്റെ കുറവ് ആത്യന്തികമായി സ്ത്രീകൾ താങ്ങേണ്ടിവരുന്നു. അതിന്റെ ഫലമായ പോഷണക്കുറവും രോഗങ്ങളും.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മഹിളാ വികസന കോർപ്പറേഷൻവഴി, വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്വയംതൊഴിൽ നേടാൻ വേണ്ട ചെറുകിട യൂണിറ്റുകൾ തുടങ്ങുക.
2. എല്ലാ വാർഡുകളിലും വനിതാ സമാജങ്ങൾ രൂപീകരിയ്ക്കുക.
3. വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുവാനുള്ള കൂടുതൽ വായ്പകൾ അനുവദിയ്ക്കുകയും, അത് ഉറപ്പ് വരുത്തുകയും ചെയ്യുക.
4. വനിതാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിയ്ക്കുക.
5. സേവന-വേതന വ്യവസ്ഥകളിൽ സ്ത്രീ/പുരുഷ അന്തരം ഇല്ലതാക്കുക.
6. വനിതകൾക്ക് മാത്രമായി തയ്യൽ പരിശീലന കേന്ദ്രങ്ങളും, റെഡിമെയ്ഡ് യൂണിറ്റുകളും തുടങ്ങുക.
7. ഈറ്റ, മുള, ചൂരൽ മുതലായ സാധനങ്ങൾ ഉപയോഗിച്ച് അസംസ്കൃതവസ്തുക്കൾ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റ് തുടങ്ങുക.

സാധ്യതകൾ, പരിഹാരങ്ങൾ

1. സ്ത്രീകൾക്കായുള്ള തൊഴിൽ കേന്ദ്രങ്ങളുടെ ആരംഭം
2. വീട്ടുവളപ്പിലെ കൃഷിരീതികളെക്കുറിച്ചുള്ള ശാസ്ത്ര അറിവുകളുടെ ലഭ്യത.
3. വനിതാ സഹകരണസംഘങ്ങളുടെ ആരംഭം.
4. ആരോഗ്യപരമായ കാര്യങ്ങളിലുള്ള ബോധവൽക്കരണം
5. സ്ത്രീകൾക്കായുള്ള ആനുകൂല്യങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചുമുള്ള അറിവ് നൽകൽ.
6. സാമൂഹിക മനോഭാവത്തിലെ മാറ്റം.
7. വനിതാസമാജങ്ങളുടെ പുനരുദ്ധാരണം.
8. വിധവകൾക്ക് പ്രത്യേക സാമ്പത്തിക -ഉദ്യോഗ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ.
9. സ്ത്രീ-പുരുഷ സമത്വം വളർത്തുന്ന പൊതു പ്രവർത്തനങ്ങൾ
10. വിദ്യാഭ്യാസ സൗകര്യങ്ങളുടെ ലഭ്യത.
11. പഞ്ചായത്ത് തലത്തിൽ സ്ത്രീ വികസന സമിതി രൂപീകരിച്ച് വനിതാവികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കൽ.
12. സമ്പൂർണ്ണ മദ്യനിരോധനം കർശനമായി നടപ്പാക്കണം.
13. സാദ്ധ്യതയുള്ള തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് മുൻഗണന നൽകുക.
14. സ്ത്രീപീഡനങ്ങളിൽ ഇടപെടുന്നതിന് പഞ്ചായത്ത് കുടുംബകോടതി ആരംഭിക്കുക.
15. പഞ്ചായത്ത് വനിതാവികസന സമിതിയിൽ ഒരു ഫിസിയോതെറാപിസ്റ്റിന്റെ സേവനം ലഭ്യമാക്കി സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിയ്ക്കുക.
16. വനിതാ വായനാ സംരംഭങ്ങൾ വായനശാലകളുമായി ബന്ധപ്പെട്ട് നടത്തുക.
17. സ്ത്രീപീഡനങ്ങൾ ഇല്ലാതാക്കാൻ പഞ്ചായത്ത് മുന്തിയ പരിഗണന നൽകുക.

5.10 സഹകരണം

1827-ൽ മാഞ്ചസ്റ്ററിലെ തുണിമിൽ തൊഴിലാളികളിൽനിന്ന് പിറവിയെടുത്ത സഹകരണ പ്രസ്ഥാനം ഇൻഡ്യയിലാരംഭിക്കുന്നത് 1901-ൽ നിയമിതമായ ലോ കമ്മീഷന്റെ ശുപാർശയോടുകൂടിയാണ്. കമ്മീഷന്റെ ശുപാർശപ്രകാരം ഗ്രാമീണ കർഷകർക്ക് ആശ്വാസമേകാൻ രൂപം കൊണ്ട 1904-ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇൻഡ്യയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത്.

"വ്യക്തി, സമഷ്ടിക്കുവേണ്ടി
സമഷ്ടി, വ്യക്തിക്കുവേണ്ടി"

എന്ന അർത്ഥവത്തായ ആശയത്തിന്മേൽ പടുത്തുയർത്തിയ ജനകീയ പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. ഇക്കഴിഞ്ഞ അര നൂറ്റാണ്ടിനുള്ളിൽ പലകമ്മിറ്റികളും കമ്മീഷനുകളും സഹകരണ പ്രസ്ഥാനത്തെ പഠനവിധേയമാക്കിയിട്ടുണ്ട്. വായ്പാവിതരണ രീതി, സമ്പ്രദായം, പരിമിതി മുതലായവ പഠിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

1950-ൽ പ്രസിദ്ധപ്പെടുത്തിയ റൂറൽ ക്രെഡിറ്റ് സർവ്വേ കമ്മിറ്റി റിപ്പോർട്ട് ഇൻഡ്യയിൽ സഹകരണമേഖലയുടെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിയ്ക്കപ്പെടുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട പല നടപടികളും സഹകരണ മേഖലയുടെ വികാസത്തിനും അഭിവൃദ്ധിയ്ക്കും കാരണമായിട്ടുണ്ട്. കാർഷിക വായ്പാവിതരണത്തിനും സമഗ്ര ഗ്രാമീണ വികസനത്തിനും സഹായം നൽകാൻ പറ്റിയ ഏറ്റവും നല്ല ഗ്രാമീണ ജനകീയ ഏജൻസി പ്രാഥമിക കാർഷിക സഹകരണസംഘങ്ങളാണ്. പ്രദേശത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി കാലിക കാർഷിക വായ്പകൾ വിതരണം ചെയ്യാൻ സഹകരണ സ്ഥാപനങ്ങളാണ് ഏറ്റവും അനുയോജ്യമായത്.

മാഞ്ചസ്റ്ററിലെ തൊഴിലാളികളിൽനിന്ന് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ അടിസ്ഥാന തത്വങ്ങളിലൊന്നായി മാറി സഹകരണ പ്രസ്ഥാനം. സമ്മിശ്ര സമ്പദ് വ്യവസ്ഥയിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന ചൂഷണത്തിൽനിന്നും സാധാരണ ജനങ്ങൾക്ക് സംരക്ഷണം നൽകുകയെന്നതായിരുന്നു ആസൂത്രിത വികസനത്തിന്റേയും സഹകരണ പ്രസ്ഥാനത്തിന്റേയും ഉദ്ദേശലക്ഷ്യം. സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ആത്മാവായി വർത്തിക്കുന്ന സാമൂഹ്യനീതി കൈവരിക്കാൻ സഹകരണം ഒരു ജീവിതരീതിയാക്കണമെന്ന് ജവഹർലാൽ നെഹ്റു ജനങ്ങളോടാഹ്വാനം ചെയ്തു.

കേരളത്തിലെ സഹകരണ മേഖല വളർന്നു പന്തലിച്ചു നിൽക്കുന്ന ഒരു മഹാ പ്രസ്ഥാനമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ കേരളത്തിൽ സഹകരണസംഘങ്ങൾ പ്രവർത്തനമാരംഭിച്ചിരുന്നു. പൊതുവിദ്യാഭ്യാസരംഗം, പൊതുജനാരോഗ്യരംഗം, ഗ്രന്ഥശാലാസംഘം, സമ്പൂർണ്ണ സാക്ഷരതാപ്രസ്ഥാനം തുടങ്ങി കേരളത്തിനുമാത്രം അവകാശപ്പെടാവുന്ന അപൂർവ്വതകളിൽ ഒന്നാണ് കേരളത്തിലെ സഹകരണപ്രസ്ഥാനം. അടിസ്ഥാനപരമായ ജനാധിപത്യ സ്വഭാവം, ലാഭത്തിൽ ഊന്നാത്ത പ്രവർത്തനമേഖലകൾ, അംഗങ്ങൾക്കിടയിലെ സമഭാവന, പ്രാദേശികമായ വിഭവസമാഹരണം, ഗ്രാമീണ വികസനത്തിലൂന്നിയ വായ്പാപദ്ധതികൾ, സംഘാടനം, നിവേശം, വിപണനം തുടങ്ങി ഉൽപ്പാദനപ്രക്രിയയെ ഉൽഗ്രഥിച്ചു

പഞ്ചായത്തിലെ സഹകരണസ്ഥാപങ്ങൾ 1

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ക്രെഡിറ്റ് നോൺ ക്രെഡിറ്റ്	രൂപം കൊണ്ട വർഷം	ആകെ അംഗങ്ങൾ	ഒരു ഓഹരിയുടെ വില രൂ	അംഗീകൃത ഓഹരി മൂലധനം രൂ	പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം രൂ	സർക്കാർ ഓഹരി രൂ	പരമാവധി എടുക്കാവുന്ന തുക രൂ
1.	മലയാറ്റൂർ - നീലീശ്വരം സർവ്വീസ് സഹകരണ സംഘം	പഞ്ചായത്ത്	ക്രെഡിറ്റ്	1761	8036	10 രൂ	30,00,000	16,59,000	10,00,000	50,000
2.	ബെറ്റർ ഫാമിംഗ് സഹകരണ സംഘം ഇല്ലിത്തോട്	1-വാർഡ്	ക്രെഡിറ്റ്	1982	665	10 രൂ	2,00,000	2,16,510	ഇല്ല	43,30,200
3.	പട്ടികജാതി - പട്ടിക വർഗ്ഗ വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം	7 8	നോൺ ക്രെഡിറ്റ്	1988	56	10 രൂ		580	1,00,000	
4.	മലയാറ്റൂർ-നീലീശ്വരം പഞ്ചായത്ത് ഹരിജൻ വെൽഫെയർ-വിവിധോദ്ദേശ സഹകരണസംഘം	പഞ്ചായത്ത്	ക്രെഡിറ്റ്	1975	644	5 രൂ	2,30,000	28915	44,000	3,00,00,000
5.	ശ്രീ ശാരദ പട്ടികജാതി പട്ടികവർഗ്ഗ വനിതാക്ഷേമസമാജം	മലയാറ്റൂർ നീലീശ്വരം മണ്ണാപ്ര അയ്യമ്പുഴ	നോൺ ക്രെഡിറ്റ്	1993	25	1000 രൂ.		13,000		
6.	ഇല്ലിത്തോട് റബ്ബർ ഉല്പാദക സഹകരണസംഘം	1	നോൺ ക്രെഡിറ്റ്	1988	230					

അവലംബം - ദ്വിതീയ വിവരരേഖ

കാണുന്ന സമഗ്ര സമീപനം എന്നിവ സഹകരണ മേഖലയുടെ തനത് മേന്മകളായിരുന്നു.

എന്നാൽ ജനാധിപത്യസ്ഥാപനങ്ങളുടെ സമസ്തതലങ്ങളിലേയ്ക്കും അരിച്ചിറങ്ങിയ അഴിമതിയും കക്ഷിരാഷ്ട്രീയ അധിനിവേശവും ദീർഘവീക്ഷണമില്ലായ്മയും സഹകരണ മേഖലയുടെ മേൽ നിഴൽ പരത്തുകയാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ, പട്ടിക ജാതി-പട്ടികവർഗ്ഗ വിവിധോദ്ദേശ സംഘങ്ങൾ ക്ഷീരോത്പാദക സഹകരണസംഘങ്ങൾ, റബ്ബർ ഉല്പാദക സഹകരണ സംഘങ്ങൾ, ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ എന്നിവയിലായി 13 സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ മൂന്നെണ്ണം ക്രെഡിറ്റ് വിഭാഗത്തിലും മറ്റുള്ളവ നോൺ ക്രെഡിറ്റ് വിഭാഗത്തിലും പെട്ടവയാണ്.(പട്ടിക അടുത്ത പേജിൽ)

ക്രെഡിറ്റ് സംഘങ്ങൾ

പഞ്ചായത്തിലെ ആദ്യത്തേതും ഏറ്റവും വലുതും മലയാറ്റൂർ-നീലീശ്വരം സഹകരണ ബാങ്കാണ്. പഞ്ചായത്ത് പ്രദേശം മുഴുവൻ ഇതിന് പ്രവർത്തന പരിധിയുണ്ട്. വായ്പാ നിക്ഷേപ സ്ഥിതി വച്ചു നോക്കുമ്പോൾ ഏറ്റവും വലിയ ധനകാര്യസ്ഥാപനം സഹകരണബാങ്കാണ്. എന്നാൽ വാണിജ്യബാങ്കുകളെ അപേക്ഷിച്ച് നിക്ഷേപം സഹകരണ ബാങ്കിൽ കുറവായിരിക്കുന്നു. വായ്പ ലഭിക്കുന്നതിനുള്ള അയവേറിയ നടപടിക്രമം മൂലം കാർഷികേതരവായ്പകളിൽ ഏറിയ പങ്ക് സഹകരണ ബാങ്കിൽ നിന്നാണ് നൽകുന്നത്. എന്നാൽ സമ്പാദ്യ നിക്ഷേപത്തിന് ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത് വാണിജ്യ ബാങ്കുകളേയും അതിൽതന്നെ ദേശസാൽകൃത ബാങ്കുകളേയുമാണ്. പഞ്ചായത്തിലെ എൻ.ആർ. ഐ. അക്കൗണ്ടുകളിൽ ഈ പക്ഷപാതം വളരെ പ്രകടമാണ്. നിക്ഷേപങ്ങളിൽ ജനങ്ങൾ സ്വകാര്യത കാംക്ഷിക്കുന്നതുകൊണ്ടാകാം ഈ കുറവ്.

ക്രെഡിറ്റ് മേഖലയിലെ ഇതരസ്ഥാപനമായ ഇല്ലിത്തോട് ബെറ്റർ ഫാമിംഗ് സഹകരണ സംഘം, സഹകരണ ബാങ്കുമായി താരതമ്യം ചെയ്യുമ്പോൾ തീരെ ചെറിയൊരു സംഘമാണ്. മാത്രവുമല്ല ഓരോ വർഷം കഴിയുന്തോറും ദുർബലമായിവരികയുമാണ്. മലയാറ്റൂർ ഹരിജൻ വെൽഫെയർ വിവിധോദ്ദേശ സംഘവും നാമ

പഞ്ചായത്തിലെ ക്ഷീര സഹകരണസംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ഒരു വർഷം ശേഖരിക്കുന്ന പാൽ ലിറ്റർ
1.	ഇല്ലിത്തോട് ആപ്കോസ് ന.ഇ. 116	60,265.8
2.	മലയാറ്റൂർ പള്ളിപ്പേട്ട നമ്പർ ഇ. 180	71,389.0
3.	നീലീശ്വരം സ്വതന്ത്രസംഘം ന.ഇ.ആർ. 1436	1,18,022.7
4.	നടുവട്ടം ന.ഇ. 100 ആപ്കോസ്	54,615.0
5.	പി.ഡി.ഡി.പി. കണ്ണിമംഗലം	70,000.0
6.	കൊറ്റമം നമ്പർ ഇ. 104 ആപ്കോസ്	1,02,761.0
	ആകെ	4,87,051.5

അവലംബം : ദ്വിതീയ വിവരരേഖ

വായ്പകളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്

	മലയാറ്റൂർ - നീലീശ്വരം സർവ്വീസ് സഹകരണ ബാങ്ക്			ഇല്ലിത്തോട് ബെറ്റർ ഫാം സഹകരണ സംഘം		
വർഷം	കാർഷികവായ്പ	മറ്റു വായ്പകൾ	ആകെ	കാർഷിക വായ്പ	മറ്റിനം വായ്പ	ആകെ
1993-94	35,85,800.00	77,67,732.00	1,13,53,532.00	2,87,240.00	6000.00	2,93,240.00
1994-95	44,94,300.00	1,27,64,957.00	1,72,59,259.00	1,91,000.00	3,24,350.00	5,15,350.00
1995-96	45,53,600.00	1,66,13,001.00	2,11,66,601.00	3000.00	1,89,790.00	1,92,790.00

അവലംബം : ദ്വിതീയ വിവരരേഖ

മാത്രമായ പ്രവർത്തനങ്ങളിൽ ഒതുങ്ങി നില്ക്കുന്നു. ഇവയെ ദുർബലപ്പെടുത്തുന്ന ഘടകങ്ങൾ പരിശോധിക്കേണ്ടതാണ്. അംഗബലം, സംഘബലം, മാനേജ്മെൻറ്, സാമൂഹ്യപിൻതുണ, വകുപ്പിൻെറ നേതൃത്വം എന്നീ ഘടകങ്ങളെല്ലാം വിലയിരുത്തി ഇവ ശക്തിപ്പെടുത്താനുതകുന്ന മാർഗ്ഗങ്ങൾ കണ്ടെത്തണം.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സ്ഥാപനമെന്നതാണ് ഈ സ്ഥാപനങ്ങളുടെ അടിസ്ഥാനലക്ഷ്യം. കഴിഞ്ഞ 3 വർഷത്തെ മാത്രം കണക്കുകൾ കാണിക്കുന്നത് കാർഷിക മേഖലയിലെ വായ്പകളുടെ വർദ്ധനവ് നാമമാത്രവും കാർഷികേതര വായ്പകളുടെ വർദ്ധനവ് വൻതോതിലുമാണെന്നാണ്.

കാർഷികേതര വായ്പകൾ പൊതുവേ പഞ്ചായത്തിലെ ഉല്പാദന മേഖലകളിൽ പുനർ നിക്ഷേപിയ്ക്കപ്പെടുന്നില്ല എന്നതാണ് ഈ വായ്പാചേരുവയുടെ സാമ്പത്തികമായ പോരായ്മ. ഉപഭോഗവസ്തുക്കളിലും വിവാഹാദി ആവശ്യങ്ങൾക്കുമായി ഈ തുക പൊതുവേ പുറത്തേയ്ക്കൊഴുകാനാണ് സാധ്യത. വായ്പ നൽകുന്ന തുകയുടെ വിനിമയവും പുതു മൂല്യവും പഞ്ചായത്തിൽതന്നെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നതാണ് ഈ രീതിയുടെ പ്രാദേശികമായ പരിമിതി.

കാർഷിക മേഖലയിലും ചെറുകിട-സ്വയം തൊഴിൽ സംരംഭങ്ങളിലും കൂടിയ നിക്ഷേപം നടത്തുന്നത് പഞ്ചായത്തിലെ ദേശസാൽകൃത ബാങ്കുകളാണെന്ന് കണക്കുകൾ കാണിക്കുന്നു.



വായ്പാ ചേരുവയിലെ മാറ്റം സഹകരണ മേഖലയിൽ

ദേശാൽകൃതബാങ്ക് വായ്പയുടെ വിവരം

ഇനം	യൂണിയൻ ബാങ്ക്		ഭാരതീയ സ്റ്റേറ്റ് ബാങ്ക്	
	എണ്ണം	തുക ലക്ഷത്തിൽ	എണ്ണം ലക്ഷത്തിൽ	തുക
കൃഷി	386	52.79	447	56.74
ചെറുകിട	22	12.60	35	14.17
വ്യവസായങ്ങൾ				
റോഡ് ട്രാൻസ്പോർട്ട്	20	29.54		
വ്യാപാര സ്ഥാപനങ്ങൾ	42	4.41	4	2.50
ചെറിയ കച്ചവട				
സ്ഥാപനങ്ങൾ	28	3.76	129	39.15
സ്വയം തൊഴിൽ	30	3.52	74	12.51
വിദ്യാഭ്യാസം	6	0.84	-	-
ഭവനനിർമ്മാണം	18	8.38	-	-
പൊതുവായ്പകൾ	92	33.68	50	4.34
ആകെ	644	149.52	739	130.41

ആവലംബം - ദിക്കിയ വിവര രേഖ

പ്രാദേശികതലത്തിൽ ജനങ്ങളുടെ ആവശ്യത്തിനു വിപരീതമായ വികസനം മാത്രം ലക്ഷ്യം വച്ചുള്ള വായ്പാ വിനിയോഗം പ്രയോഗികമാണോ എന്ന ചോദ്യം വരും. ജനാധിപത്യ സ്ഥാപനങ്ങൾക്ക് ജനാഭിപ്രായത്തിനൊത്ത് നീങ്ങേണ്ടിവരും. എങ്കിലും കേന്ദ്രീകൃതാസൂത്രണം നടന്ന മുൻകാലത്തെ അപേക്ഷിച്ച് ഉല്പാദന മേഖലയും പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട മുൻഗണനകൾ സ്വീകരിക്കേണ്ടത് അത്യാവശ്യമായി വരികയാണ്. പ്രാദേശികാസൂത്രണ ചുമതലകൾ ഇപ്പോൾ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു. പ്രാദേശികാസൂത്രണത്തിന്റെ പ്രത്യേകത അത് സൂക്ഷ്മതലങ്ങളെ കണക്കിലെടുക്കണമെന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ വികസന മുൻഗണനകൾക്കനുസരിച്ച് വായ്പാ നിക്ഷേപങ്ങളിൽ ചില ക്രമീകരണങ്ങൾ വരുത്താൻ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ സഹകരിക്കേണ്ടതുണ്ട്.



വായ്പാ ചേരുവ
ദേശസാൽകൃത ബാങ്ക് മേഖലയിൽ

നോൺ ക്രെഡിറ്റ് സംഘങ്ങളിൽ മുണ്ടങ്ങാമറ്റം പട്ടികജാതി-വില്ലേജ് ഇൻഡ്രസ്ട്രിസ് സഹകരണസംഘം ഒട്ടും പ്രവർത്തനക്ഷമമല്ല. മലയാറ്റൂർ ശ്രീ ശാരദാ വനിതാക്ഷേമ സഹകരണ സംഘം ഒരു തയ്യൽ ക്ലാസ് നടത്തുന്നതൊഴിച്ചാൽ കാര്യമായ പ്രവർത്തനങ്ങളില്ല. ഗ്രാമ പഞ്ചായത്തിന്റെയും സമൂഹത്തിന്റെയും പിൻതുണയോടെ ഈ സംഘങ്ങളെ പുനരുദ്ധരിക്കേണ്ടതാണ്. ഇവയുടെ പരാജയം സാമൂഹ്യമായി പിന്നണിയിൽ നിൽക്കുന്ന ഇതിലെ അംഗങ്ങളുടെ ആത്മവിശ്വാസം കെടുത്തും. പുതിയ സംരംഭങ്ങളിലേർപ്പെടാൻ അവർ മടിക്കും. ദരിദ്രരിൽ ഏറ്റവും ദരിദ്രർ എന്ന നിലയിൽ അവർക്കു നീതി അനുവദിച്ചാൽ മാത്രം മതിയാവില്ല, നീതി ഉറപ്പാക്കുക തന്നെ വേണം. ഏർപ്പെട്ടിരിക്കുന്ന പ്രവർത്തനരംഗത്ത് ആവശ്യമെങ്കിൽ മാറ്റം വരുത്തിയും വിപണനത്തിന് സൗകരമേർപ്പെടുത്തിയും സാമ്പത്തികവും നേതൃത്വപരവുമായ സഹായങ്ങൾ നൽകിയും ഇവയെ ശക്തിപ്പെടുത്തണം.

ക്ഷീരവികസന സഹകരണസംഘങ്ങൾ

പാൽ സംഭരണ വിതരണരംഗത്ത് 6 സഹകരണ സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. കൊറ്റമം അപ്കോസും നീലിശ്വരം സ്വാതന്ത്ര്യക്ഷീരോൽപ്പാദക സംഘവുമാണ് ഇതിൽ മുന്നിൽ. പഞ്ചായത്തിലെ ക്ഷീരവികസന രംഗത്ത് ഈ സംഘങ്ങൾ കാര്യമായി പങ്കുവഹിക്കുന്നു. ആസൂത്രിത മൃഗസംരക്ഷണപരിപാടി നടപ്പിലാക്കുമ്പോൾ ഇവയുടെ ശേഷി ഇനിയും വർദ്ധിക്കുന്നതാണ്. പാലുൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ പുതിയ മേഖലയിലേയ്ക്ക് ഈ സംഘങ്ങളുടെ പ്രവർത്തനമേഖല വിപുലീകരിക്കേണ്ടതുണ്ട്. ഒമ്പതാം പദ്ധതിയുടെ സംയോജിത മൃഗസംരക്ഷണ പരിപാടിയിൽ ഈ സംഘങ്ങളെ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

റബ്ബർ ഉല്പാദക സഹകരണസംഘം

സാമ്പത്തികമായ വിഷമതകളും പുകപ്പുരയുടെ അപര്യാപ്തതയും അനുഭവിക്കുന്ന ഈ സംഘം പഞ്ചായത്തിലെ റബ്ബർ കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. റബ്ബർ ഉല്പന്ന വ്യവസായ മേഖലയിൽകൂടി സാദ്ധ്യതകൾ കണ്ടെത്തണം. ഇപ്പോഴുള്ള പരിമിതികൾ കൃത്യമായി വിലയിരുത്തി പരിഹാരം കണ്ടെത്തണം.

ഇതിനു പുറമെ സ്കൂളുകളിൽ സ്കൂൾ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ബാങ്ക്

അധികാരത്തിന്റെ അളവിലും ഘടനയിലും ഗണ്യമായ മാറ്റം വന്നിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾക്കെന്നപോലെ ഗ്രാമപഞ്ചായത്തിന്നും ഒരു ബാങ്ക് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ ധനവിനിമയത്തിന്റെ ചാലകശക്തിയായി, പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹകാരിയായി ഒരു ധനകാര്യസ്ഥാപനം ഉണ്ടാവേണ്ടതുണ്ട്. ഇവിടുത്തെ ജനങ്ങൾക്ക് പങ്കാളിത്തമുള്ള ബാങ്ക് എന്ന നിലയിൽ മലയാറ്റൂർ-നീലിശ്വരം സർവ്വീസ് സഹകരണ ബാങ്കാണ് ഇതിനേറ്റവും അനുയോജ്യമായത്.

പ്രശ്നങ്ങൾ

- കാർഷികോല്പന്നങ്ങളുടെ പൊതു മാർക്കറ്റിംഗ് സംവിധാനമില്ലായ്മ
- കാർഷികവായ്പകൾ നല്ലൊരു ഭാഗം കാർഷികഭിവൃദ്ധിക്കായി വിനി യോഗിക്കുന്നില്ല.
- വായ്പ നൽകുന്നതിനപ്പുറം അനുവദിച്ച കാര്യങ്ങൾക്ക് അവ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധി ക്കപ്പെടുന്നില്ല.
- ഉല്പാദനമേഖലക്കുള്ള വായ്പകളേക്കാൾ മറ്റു വായ്പകൾ കൂടിക്കൂടി വരുന്നു.
- സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിനകത്ത് നേതൃത്വമില്ല.

- ലക്ഷ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനേക്കാൾ വ്യക്തികളെ തൃപ്തിപ്പെടുത്തുന്ന പ്രവണത ഏറി വരുന്നു.
- ചെറുകിട വ്യവസായസംരംഭങ്ങൾക്ക് വായ്പ നൽകുന്നില്ല.
- നാടിന്റെ വിഭവങ്ങൾ ശോഷിക്കുന്ന ഉപഭോക്തൃ സാധനങ്ങൾക്ക് വായ്പ കൂടി വരുന്നു.
- ക്ഷേമത്തേക്കാൾ ലാഭത്തിനുള്ള പരിഗണനകൂടി വരുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

- അനുപമ ടൈൽസ്, തീപ്പെട്ടിക്കമ്പനി എന്നിവ തുറന്നു പ്രവർത്തിക്കുക.
- സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് യൂണിറ്റുകൾ ആരംഭിക്കുക.
- ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രിസിന്റെ കീഴിൽ ഫർണീച്ചർ, സോപ്പ്, മെഴുകുതിരി, ചിപ്സ് തുടങ്ങിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.
- ഇല്ലിത്തോട് ബെറ്റർ ഫാം സൊസൈറ്റിയിൽ വാർഡിലെ എല്ലാവർക്കും അംഗത്വം നൽകുക.
- ഏഴാം വാർഡിൽ ക്ഷീരോൽപാദക സംഘം തുടങ്ങുക. ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കൊപ്രസംഭരണം ഏറ്റെടുക്കുക.
- പാൽ ഉൽപ്പന്ന യൂണിറ്റുകൾക്ക് 2,3,4, വാർഡുകളിൽ വനിതായൂണിറ്റുകൾ തുടങ്ങുക.
- വായ്പാത്തുക കൃത്യമായടക്കുന്ന സഹകാരികൾക്ക് 1% പലിശയിളവ് അനുവദിക്കുക.
- ഇല്ലിത്തോട് ബെറ്റർഫാം സൊസൈറ്റിയെ ഫലപ്രദമായി പ്രവർത്തിക്കുന്ന കാർഷികസഹകരണ സംഘമാക്കിത്തീർക്കുക.
- മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിനനുവദിച്ച കൺസ്യൂമർ സ്റ്റോർ നീലീശ്വരത്ത് തുടങ്ങുക.
- നീലീശ്വരം സഹകരണബാങ്കിന്റെ ശാഖകൾ കൊറ്റമം, മലയാറ്റൂർ ഭാഗത്ത് തുടങ്ങുക.
- പട്ടികജാതി സംഘങ്ങളിൽ എല്ലാ ഹരിജനങ്ങളേയും അംഗങ്ങളാക്കുക.
- പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

സാധ്യതകൾ

- കേരളത്തിൽ നിലവിലുള്ള 1969 ലെ 21-ാം ആക്ടായ കേരള സഹകരണ നിയമം കാലോചിതമായി പരിഷ്കരിച്ച് സഹകരണ മേഖലയിൽ വളർന്നുവരുന്ന രാഷ്ട്രീയ കിടമത്സരവും അനാരോഗ്യപ്രവണതകളും മാറ്റേണ്ടതാണ്.
- നിക്ഷേപസമാഹരണത്തിൽ വാണിജ്യ ബാങ്കുകളുമായി മത്സരിക്കാൻ സർക്കാർ നിക്ഷേപത്തിനു ഗ്യാരണ്ടി നല്കാവുന്നതാണ്.
- നിക്ഷേപത്തിന്റെ സ്വകാര്യത ഉറപ്പുവരുത്തുന്ന സംവിധാനമുണ്ടാക്കി നിക്ഷേപം വർദ്ധിപ്പിയ്ക്കണം.
- പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി പ്രത്യേകിച്ച്, നീലീശ്വരത്ത് ആരംഭിക്കാവുന്നതാണ്.
- സഹകാരികൾക്കും ജീവനക്കാർക്കും സഹകരണ മേഖലയെക്കുറിച്ചും ആധുനിക മാനേജ്മെൻറ് സങ്കേതങ്ങളെക്കുറിച്ചും പുനപ്പരിശീലനം നൽകണം.
- ഗ്രാമപഞ്ചായത്തിന്റെ ധനാഗമങ്ങൾ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്ത് ഗാരണ്ടി നിൽക്കുന്ന വിവിധസംരംഭങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾ വായ്പ നൽകാവുന്നതാണ്.

5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി സാമ്പത്തികമായും സാമൂഹികമായും അടിച്ചമർത്തപ്പെട്ടിരുന്ന വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ. ഇന്ത്യൻ സ്വാതന്ത്ര്യസമരക്കാലഘട്ടങ്ങളിൽത്തന്നെ ഇവരുടെ മോചനത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ക്ഷേത്രപ്രവേശന വിളംബരവും ഭൂപരിഷ്ക്കരണനിയമവുമെല്ലാം ഇവരുടെ ജീവിതം കൂടുതൽ സുഗമമാക്കുന്നതിന് ഏറെ സഹായിച്ച ഘടകങ്ങളാണ്. ഭരണഘടന ഉറപ്പു നൽകിയ സാമ്പത്തിക-സാമൂഹിക സംവരണങ്ങളും വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സുഖകരമാക്കുന്നതിനും സഹായിക്കുന്നതായി കാണാം. രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ നല്ലൊരു ശതമാനവും ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കപ്പെടുന്നുണ്ടെങ്കിലും ഉദ്ദേശ്യത്തോടടുത്ത ഒരു പുരോഗതി ഇനിയും ദൃശ്യമായിത്തുടങ്ങിയിട്ടില്ല. ഇത് വ്യക്തമാകുന്നത് ഇവരുടെ യഥാർത്ഥ പ്രശ്നങ്ങളെക്കുറിച്ച് നാം ഇനിയും മനസ്സിലാക്കിയിട്ടില്ല എന്നത് തന്നെയാണ്. ഇപ്പോഴും ഇവർ മാനസികമായ ജാതി-മത ഉച്ചനീചത്വങ്ങൾക്ക് വിധേയമാക്കപ്പെടുന്നുണ്ട് എന്നതുതന്നെയാണ് വാസ്തവം. ഇനിയും സമൂഹത്തിന്റെ മൊത്തമായ കാഴ്ച പ്പാടുകളിൽ മാറ്റം വരേണ്ടത് ഇവരുടെ പുരോ ഗതിയ്ക്ക് വളരെ അത്യാവശ്യമാണ്.

പട്ടികജാതി/വർഗ്ഗത്തിൽപ്പെടുന്ന 8.77 ശതമാനം ജനങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ആകെ അഞ്ച് കോളനികളാണ് ഇവിടെ നിലനിൽക്കുന്നത്. ഭൂരിപക്ഷം വാർഡുകളിലും പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്. പഞ്ചായത്തിലാകെ 454 പട്ടികജാതി കുടുംബങ്ങൾ ആണുള്ളത്. അതിൽ ഏറിയപങ്കും കോളനികളിൽത്തന്നെയാണ് അധിവസിക്കുന്നത്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിലാണെന്ന് പറയുവാൻ വയ്യ. കല്ലേക്കാട് ലക്ഷം വീട് കോളനി, തെങ്ങാമുകൾ, ചീത്തപ്പാറ (നടുവാദയാപുരം) മലയാറ്റൂർ വെസ്റ്റ് കോളനി തുടങ്ങിയ കോളനികളിൽ ജലസേചന

വീടില്ലാത്തവരുടെ നിരക്ക്

വിഭാഗം	ആകെ വീട്	വീടില്ലാത്തവർ	ശതമാനം
മറ്റുള്ളവർ	4893	802	16
പട്ടികജാതി	454	150	33.03

സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായിട്ടല്ല അവ ഉപയോഗിക്കപ്പെടുന്നത് എന്നതിനാൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. കോളനികളിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ ആരോഗ്യസംരക്ഷണത്തിൽ ഏറ്റവും പ്രധാന്യം അർഹിക്കുന്ന കക്കൂസ് ഇനിയും പല വീടുകളോടനുബന്ധിച്ചും ഇല്ല എന്നതാണ് വാസ്തവം. സ്വന്തമായി വീടില്ലാത്ത ഇരുന്നൂറോളം കുടുംബങ്ങൾ ഇനിയും ഈ വിഭാഗത്തിൽപ്പെടുന്നതായുണ്ട്.

പട്ടിക തോൽവിനിരക്ക്

വിഭാഗം	ആകെ	തോറ്റത്	ശതമാനം
മറ്റു വിദ്യാർത്ഥികൾ	3632	300	8.25
പട്ടികജാതി	515	59	11.45

പണ്ടുള്ളതിൽനിന്നും വിഭിന്നമായി വിദ്യാഭ്യാസകാര്യത്തിൽ ഇവർ കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. പുതിയ തലമുറകളിൽ പ്രാഥമിക വിദ്യാഭ്യാസം സിദ്ധിക്കാത്തവർ വളരെ ചുരുക്കം മാത്രമേയുള്ളൂ. എങ്കിലും ഉന്നതവിദ്യാഭ്യാസത്തിൽ ഇവർ കാര്യമായ യാതൊരു ശ്രദ്ധയും കൊടുക്കുന്നില്ല എന്ന് കാണാം. സെക്കൻററി വിദ്യാഭ്യാസത്തോടടുത്തുള്ള കൊഴിഞ്ഞുപോക്കോ, തോൽവിയോ സാധാരണമാണ്. പഞ്ചായത്തിലെ എട്ട് സ്കൂളുകളിലായി 515 പട്ടികജാതി വിദ്യാർത്ഥികൾ ആണ് പഠിക്കുന്നത്. ഇതിൽ 59 പേരും തോറ്റു പഠിക്കുന്നവരാണെന്ന് കാണാൻ പ്രയാസമില്ല. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ കുട്ടികൾ കൃത്യമായും സ്ക്കൂളിൽ പോകുന്നുണ്ട്. എങ്കിലും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കൊഴിഞ്ഞുപോകൽ സംഭവിക്കുന്നത്. ദേഹാധ്വാനം വഴി എളുപ്പത്തിൽ ധനം സമ്പാദിക്കുവാനുള്ള തൊഴിലുകളുടെ ലഭ്യതയും, മാതാപിതാക്കളുടെ താല്പര്യക്കുറവുമാണ് ഈ രണ്ട് ഘടകങ്ങൾ. സമ്പൂർണ്ണസാക്ഷരതാ യഞ്ജത്തിന്റെ ഭാഗമായി ഇവരിൽ സാക്ഷരരെ സൃഷ്ടിക്കാൻ കഴിഞ്ഞുവെങ്കിലും സാക്ഷരതാ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വീണ്ടും ഇവരെ ഭൂതകാലത്തിലേക്ക് നയിക്കുകയാണ്.

പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന ഇടങ്ങളിൽ സാമുദായികവും സാംസ്ക്കാരികവുമൊക്കെയായ ചെറുസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അതിന്റെ പ്രവർത്തനങ്ങളൊന്നും തന്നെ സമൂഹത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളുടെ ഭാഗമായി മാറുന്നില്ല. കൂടുതൽ സങ്കുചിതമായ അവസ്ഥയിലേക്ക് ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ നയിക്കപ്പെടുവാൻ കാരണം മറ്റ് സമുദായങ്ങളിൽപെടുന്നവർ ഇവരോട് വച്ച് പുലർത്തുന്ന മനോഭാവം തന്നെയാണ്. കൂടുതൽ അന്തർമുഖരും അടിമമനോഭാവവും ഉള്ളവരായി ഇവർ ഇതുമൂലം മാറിത്തീരുന്നതായി കാണാം. ഇവരുടെ വീടുകളിൽ നടക്കുന്ന ചടങ്ങുകളിൽ മറ്റ് മതവിഭാഗങ്ങളിൽപ്പെടുന്നവർ പങ്കെടുക്കാറുണ്ടെങ്കിലും മാനസികമായ ഉച്ചനീചത്വം നിലനിൽക്കുകതന്നെ ചെയ്യുന്നുണ്ട്. ജാതി പറഞ്ഞ് വിളിക്കുന്നതിലും പരിഹസിക്കുന്ന രീതിയുമെല്ലാം മറ്റു സമുദായങ്ങളിലെ ഏറ്റവും പുതിയ തലമുറയിൽ വരെ കാണാൻ കഴിയുന്നുണ്ട്. പൊതുവെ തീവ്രമായ രാഷ്ട്രീയ പ്രവർത്തനങ്ങളിൽനിന്നും മറ്റു പൊതുപ്രവർത്തനങ്ങളിൽനിന്നും ഈ വിഭാഗം മാറിനിൽക്കുകയോ മാറ്റി നിർത്തപ്പെടുകയോ ചെയ്യുന്നുണ്ട്. അധികാരഘടനയിൽ ഇവരുടെ പങ്ക്

തീർത്തും നിസ്സാരമാണ്. ഇവരെ പിന്നിൽ നിർത്തിക്കൊണ്ട് ഒരു സമൂഹത്തിനും മുന്നേറാൻ കഴിയില്ല. ഇതുവരെയുള്ള പദ്ധതികൾക്ക് ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയാതിരുന്ന പ്രത്യേകഘടകങ്ങളെന്താണെന്ന് പരിശോധിയ്ക്കണം.

പ്രശ്നങ്ങൾ

1. കോളനികളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാനസൗകര്യങ്ങളുടെ പരിമിതികൾ
2. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി കൃഷിയിടങ്ങൾ ഇല്ലായ്മ.
3. വൈദ്യുതീകരിക്കാത്ത വീടുകൾ.
4. സ്വന്തമായി വീടില്ലാത്തവർ.
5. പ്രാഥമിക കൃത്യങ്ങൾക്ക് സൗകര്യമില്ലാത്ത വീടുകൾ
6. വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക്
7. വിദ്യാഭ്യാസത്തിൽ സംഭവിക്കുന്ന തോല്വി.
8. ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അജ്ഞത.
9. സംവംരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നിയമത്തിന്റെ നൂലാമാലകൾ.
10. ഗവൺമെൻറ് ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
11. ഭാവി ആവശ്യങ്ങൾക്കായി ധനം വീതിച്ചു വയ്ക്കാനുള്ള താല്പര്യമില്ലായ്മ.
12. സമൂഹത്തിൽ നിലനിൽക്കുന്ന ഉച്ചനീചത്വങ്ങൾ.
13. പട്ടികജാതി/വർഗ്ഗക്കാരോട് മറ്റുവിഭാഗങ്ങൾ വച്ചു പുലർത്തുന്ന പ്രത്യേക മനോഭാവം.
14. അനുയോജ്യമല്ലാത്ത സമയത്ത് ലഭിക്കുന്ന കൃഷിയാനുകൂല്യങ്ങൾ
15. കുടുംബസംഘാടനത്തെക്കുറിച്ചുള്ള ധാരണപ്പിശകുകൾ.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. എച്ച്.എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തുക.
2. 7-ാം വാർഡിലുള്ള ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുക. ചീത്തപ്പാറ എന്ന പേര് ഗ്രാമസഭയിൽ നവോദയപുരം എന്നാക്കിയുള്ള പ്രമേയം അംഗീകരിച്ചതിനാൽ ടി സ്ഥലത്ത് നവോദയപുരം എന്ന ബോർഡ് സ്ഥാപിക്കുക.
3. ബാംബൂ കെയിൻ സഹകരണസംഘത്തിലൂടെ കെ.എസ്.ബി.സിയിൽനിന്ന് ഈറ്റ സബ്സിഡി നിരക്കിൽ മുറം, കുട്ട, വട്ടി തുടങ്ങിയവ നിർമ്മിക്കുന്ന തൊഴിലാളികൾക്ക് വിതരണം ചെയ്യുക.
4. മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ വീടില്ലാത്ത മുഴുവൻ ഹരിജനങ്ങൾക്കും 5 വർഷംകൊണ്ട് സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കുക.
5. സ്വന്തമായി ഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് വിതരണം ചെയ്യുക.
6. പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ടി.വി. സെറ്റ് വിതരണം ചെയ്യുക.
7. പട്ടികജാതിക്കാരായ കുടിയേറ്റക്കാർക്ക് ഉടൻ പട്ടയം നല്കുക.
8. കാർഷിക-വ്യവസായ മേഖലകളിൽ ഹരിജനങ്ങൾക്കുള്ള ലോണുകളിൽ കൂടുതൽ സബ്സിഡി അനുവദിയ്ക്കുക.
9. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

10. ഹരിജനങ്ങൾക്കുള്ള ബെനിഫിഷറി സ്കീമുകൾ - വാർഡ് വികസനസമിതികൾവഴി നടപ്പിലാക്കുക.

11. കല്ലേക്കാട് ഹരിജൻ സങ്കേതത്തിൽ മിനികുടിവെള്ളപദ്ധതി നടപ്പിലാക്കുക.

12. ചീത്തപ്പാറ ഹരിജൻ കോളനിയിലുള്ള വിവിധോദ്ദേശ്യ സൊസൈറ്റി പ്രവർത്തനരഹിതമായി കിടക്കുന്നതുകൊണ്ട് അവിടെ ഒരു ബുക്ക് ബൈൻറിംഗ് യൂണിറ്റോ, തയ്യൽ യൂണിറ്റോ ആരംഭിയ്ക്കുക.

13. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വീടു വയ്ക്കുന്നതിനുള്ള ധനസഹായം 30,000/- ആയി വർദ്ധിപ്പിയ്ക്കുക.

14. വൈദ്യുതീകരിക്കാത്ത മുഴുവൻ പട്ടികജാതി വീടുകളും സൗജന്യമായി വൈദ്യുതീകരിയ്ക്കുക.

15. മലയാറ്റൂർ കിഴക്കേ കോളനികളിൽ എല്ലായിടത്തും ശുദ്ധജലം എത്തിയ്ക്കുക.

16. ഇല്ലിത്തോട്ടിൽ 3,5 ബ്ലോക്ക്, മലയാറ്റൂർ കിഴക്കേ കോളനി, ചീത്തപ്പാറ ഹരിജൻ കോളനി എന്നിവിടങ്ങളിൽ ബാലവാടികൾ തുടങ്ങുക.

സാധ്യതകളും പരിഹാരങ്ങളും

1. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി പ്രത്യേക തുക മാറ്റിവയ്ക്കുക.

2. ചെറുകിട തൊഴിൽ പദ്ധതികൾ ആരംഭിയ്ക്കുക.

3. കുലത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് വിപണി കണ്ടെത്തുകയും ചെയ്യുക.

4. വിദ്യാഭ്യാസ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിയ്ക്കുക.

5. സാക്ഷരതാ ക്ലാസ്സുകൾ ആരംഭിയ്ക്കുക.

6. ലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുള്ള അപകടത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

7. കൂട്ടായ പ്രവർത്തനങ്ങളിൽ ഈ വിഭാഗങ്ങളേയും പങ്കാളികളാക്കാൻ പ്രത്യേകം ശ്രദ്ധിയ്ക്കുക.

8. ഗവൺമെൻറ് ആനുകൂല്യങ്ങളെക്കുറിച്ച് അറിവ് നൽകുക.

9. നടീൽ വസ്തുക്കളും മറ്റും കൃത്യസമയത്തുതന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുക.

10. മറ്റു സമുദായങ്ങൾ വച്ച് പുലർത്തുന്ന പ്രത്യേക മനോഭാവം അവസാനിപ്പിയ്ക്കുക.

11. പുറമ്പോക്കുകളും പതിച്ചു നൽകാവുന്ന ഭൂമികളും ഇവരുടെ കൃഷി, വ്യവസായം, തൊഴിൽ ആവശ്യങ്ങൾക്ക് നൽകുക.

12. സ്വന്തമായി വീട് ഇല്ലാത്തവർക്ക് സാമ്പത്തിക സഹായം ചെയ്യുക.

13. ഇവർക്കുവേണ്ടി മാത്രമായി കൃഷി സഹകരണസംഘങ്ങൾ ആരംഭിക്കുകയും കൃഷിയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.

14. കുടുംബങ്ങൾ, ഇവരുടെ സമൂഹം എന്നിവ നേരിടുന്ന പ്രശ്നങ്ങൾ കുടുംബയോഗങ്ങളിലൂടെ ചർച്ചചെയ്യുകയും പരിഹരിക്കുകയും ചെയ്യുക.

15. ആരോഗ്യകാര്യങ്ങളെക്കുറിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീകൾക്ക് ബോധവൽക്കരണം നടത്തുക.

16. വിദ്യാർത്ഥികൾ ഉള്ള വീടുകളിൽ അവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പു വരുത്തുക.

5.12 വിഭവസമാഹരണം

വരുന്ന ഒരു വർഷംകൊണ്ടോ അഞ്ചു വർഷംകൊണ്ടോ അതിൽ കൂടുതൽ കാലംകൊണ്ടോ ചെയ്തു തീർത്താൽ തീരാത്ത അത്ര പദ്ധതി ആവശ്യങ്ങളാണ് ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ളത്. നമ്മുടെ നാടിന്റെ വികസനം പൂർണ്ണമാകണമെങ്കിൽ അവ പ്രായോഗീക തലത്തിൽ നടപ്പാക്കണം. അതിനായി വിഭവങ്ങൾ കണ്ടെത്തിയേ തീരൂ. പ്രത്യേകിച്ചും മൂലധന നിക്ഷേപത്തിന് ആവശ്യമായ വിഭവങ്ങൾ നാം നിർബന്ധമായും കണ്ടെത്തേണ്ടതുണ്ട്. ഒമ്പതാം പദ്ധതിയുടെ 35-40% ത്രിതല പഞ്ചായത്തുകൾ വഴിയായിരിക്കുമെന്നാണല്ലോ പ്രതീക്ഷിക്കുന്നത്. മൂന്നോ നാലോ കോടി രൂപ കൊണ്ട് നമ്മൾ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കാൻ കഴിയില്ല. ആയതിനാൽ പണം, സന്നദ്ധ പ്രവർത്തനങ്ങൾ എന്നിവ വഴിയായുള്ള വിഭവങ്ങൾ പഞ്ചായത്ത് തലത്തിൽ കണ്ടെത്തേണ്ടതുണ്ട്.

മറ്റ് ഒരർത്ഥത്തിൽ പറഞ്ഞാൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഇന്നുള്ളതിന്റെ മൂന്നിരട്ടിയെങ്കിലും വർദ്ധിപ്പിക്കണം. അതിനായി കേരള പഞ്ചായത്ത് രാജ് നിയമത്തിൽ പറഞ്ഞിരിക്കുന്ന നികുതിയിനങ്ങൾ നിയമാനുസൃതവും, ശാസ്ത്രീയവുമായി സാമൂഹ്യ നീതിയുടെ മുൻഗണനകൾ പരിഗണിച്ച് പിരിച്ചെടുക്കണം.

ലോക്കൽ സെൽഫ് ഗവൺമെൻറ് എന്ന അർത്ഥത്തിൽ നമ്മുടെ പഞ്ചായത്ത് ഉയരണമെങ്കിൽ, ശക്തിപെടണമെങ്കിൽ സാമ്പത്തിക ശേഷിയുണ്ടാകണം. ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും ശമ്പളവും അലവൻസുകളും നൽകി കഴിഞ്ഞാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്താൻ കുറച്ചു പണം മാത്രമാണ് അവശേഷിക്കുന്നുള്ളൂ. ആയതിനാൽ നമ്മുടെ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുവാൻ നിയമം അനുവദിക്കുന്ന നികുതികൾ അതിനു കഴിയുന്നവരിൽ നിന്നും പിരിച്ചെടുത്തേ തീരൂ. വർദ്ധിച്ച തോതിൽ നികുതി ചുമത്തുന്നതിനേക്കാൾ ചുമത്തുന്ന നികുതി പിരിച്ചെടുക്കാൻ ശ്രമിക്കണം.

പിരിച്ചെടുക്കുന്നതുകൊണ്ട് ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങൾ ചെയ്താൽ തീർച്ചയായും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സഹകരണം ഉണ്ടാകും. ഇതുപോലെ തന്നെ നികുതിയേതര വരുമാനമാർഗങ്ങളായ ലേലം, ലൈസൻസ് ഫീസ് എന്നിവയിൽ മുൻകാലങ്ങളിൽ ഉള്ളതിനേക്കാൾ ശ്രദ്ധ ചെലുത്തുകയും അധിക വരുമാനം ഉണ്ടാക്കുവാൻ ശ്രമിക്കയും വേണം.

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്

ഇനം	ധനാഭ്യർത്ഥന	പിരിവ്	ബാക്കി
കെട്ടിട നികുതി	201844.00	190954.00	10890.00
തൊഴിൽ നികുതി	112635.00	112635.00	
ലൈബ്രറിസെസ്സ്	11409.85	11107.85	302.00
ലൈബ്രറി രശീത്	2397.00	2397.00	
ഷോ ടാക്സ്	2103.00	2103.00	
സർച്ചാർജ്ജ് ഓൺ ഷോ ടാക്സ്	529.50	529.50	
വിനോദനികുതി	6242.93	6242.93	
അധിക വിനോദനികുതി	3635.77	3635.77	
സംഭാവന	1200.00	1200.00	
ലൈസൻസ് - 080	10161.50	10161.50	
ലൈസൻസ് - പി.എഫ്.എ.	522.00	522.00	
ലൈസൻസ് - പി.പി.ആർ	60.00	60.00	
ലൈസൻസ് - സിനിമ	904.00	904.00	
ഇൻസ്റ്റലേഷൻ ഫീ.	2870.00	2870.00	
ഡപ്പോസിറ്റ്	38700.00	38700.00	
ഡ്യൂട്ടിഓൺ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി 75%	198491-00	198491-00	
പലിശ	12135-00	12135-00	
കെട്ടിടവാടക	2225-00	2225-00	
ജനനമരണം	142-00	142-00	
ഫോറം	594-00	594-00	
ടെണ്ടർഫോറം	780-00	780-00	
ലേറ്റ് ഫീ	384-00	384-00	
നോട്ടീസ് ഫീ	705-00	705-00	
പോസ്റ്റേജ്	330-00	330-00	
വോട്ടേഴ്സ് ലിസ്റ്റ്	2282-50	2282-50	
സെയിൽ ടാക്സ്	333-10	333-10	
മറ്റുള്ളവ	463-00	463-00	
മണൽ ലേലം	249000-00	249000-00	
കടത്ത് ലേലം	17186-00	17186-00	
മണപ്പാട്ട് ചിറ സ്റ്റാൾ ആൻറ് കുളം	35148-00	35148-00	
സ്വാശ്രയ പഞ്ചായത്ത് ഗ്രാൻറ്	200000-00	200000-00	
അൺടൈഡ്	276700-00	276700-00	
എസ്റ്റാബ്ലിഷ്മെൻറ്	38987-00	38987-00	
എം.ഐ. ഗ്രാൻറ്	5433-00	5433-00	
ബേസിക് ടാക്സ് ഗ്രാൻറ്	67321-00	67321-00	
വി.ആർ.എം. ഗ്രാൻറ്	42375-00	42375-00	
അഡ്ഹോക് വി.ടി.സി.	198168-00	198168-00	
വി.ടി.സി.	163814-00	163814-00	
ആകെ	1983626-30	1972434-30	11192-00

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം പ്രധാനമായും രണ്ട് വിഭാഗത്തിൽ പെടുന്നു.

1. നികുതിയിൽ നിന്നുള്ള വരുമാനം
2. നികുതിയേതര വരുമാനം

നികുതിയിൽ നിന്നുള്ള വരുമാനം

സംസ്ഥാന നിയമസഭ അംഗീകരിച്ചതിന്റെ ഫലമായി പഞ്ചായത്തിന് പിരിച്ചെടുക്കാവുന്ന നികുതികൾ കേരളപഞ്ചായത്ത് രാജ് നിയമം 200, 200 ബി, 201 വകുപ്പുകൾ പ്രകാരം താഴെ പറയുന്നവയാണ്.

1. കെട്ടിടനികുതി
2. തൊഴിൽ നികുതി
3. പരസ്യനികുതി
4. വിനോദ നികുതി
5. സേവന നികുതി
6. പ്രദർശന നികുതി
7. വസ്തു കൈമാറ്റകരം
8. ഉപഭൂനികുതി
9. ഭൂപരിവർത്തന ഉപനികുതി

കെട്ടിട നികുതി

ഏത് പഞ്ചായത്തിന്റെയും പ്രധാന വരുമാനമാർഗ്ഗം പഞ്ചായത്തതിർത്തിക്കുള്ളിൽ വരുന്ന കെട്ടിടങ്ങൾക്ക് ചുമത്തുന്ന നികുതിയാണ്. കെട്ടിട നികുതി പൊതുവെ വിവാദത്തിനിടയാക്കാറുണ്ട്. അതിന്റെ കാരണം നികുതി കൂടി പോയതല്ല. മറിച്ച് താരതമ്യം ചെയ്യുമ്പോൾ വലിയ കെട്ടിടങ്ങൾക്കും ചെറിയ കെട്ടിടങ്ങൾക്കും നികുതിയുടെ തോതിൽ വന്ന ഏറ്റകുറച്ചിലാണ്. ആയതിനാൽ നികുതി നിർണ്ണയം ചെയ്യുമ്പോൾ ഇമ്മാതിരിയുള്ള അപാകതകൾ ഒഴിവാക്കണം. പുതിയ പഞ്ചായത്ത്‌രാജ് നിയമത്തിന്റെ ഫലമായി രൂപം കൊണ്ടിരിക്കുന്ന സ്റ്റാൻറിംങ്ങ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇപ്പോൾ നമ്മുടെ പഞ്ചായത്ത് കെട്ടിട നികുതി ചുമത്തിവരുന്നു. ഈ നടപടി ക്രമങ്ങളുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ ചുമത്തിയിരിക്കുന്ന കെട്ടിടനികുതിയിലെ അണ്ടർ അസസ്സ്മെൻറ് കണ്ടെത്തേണ്ടതാണ്. അതോടൊപ്പം വാർഷിക മൂല്യത്തിന്റെ 6% മുതൽ 10% വരെ കെട്ടിടനികുതി ചുമത്താൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിലും, നമ്മുടെ പഞ്ചായത്ത് ഏറ്റവും കുറഞ്ഞ നിരക്കായ 6% മാത്രമാണ് ഇപ്പോൾ ഈടാക്കികൊണ്ടിരിക്കുന്നത്. ഇത് 11/2% മെങ്കിലും കൂടി വർദ്ധിപ്പിക്കുകയും കൂടി ചെയ്താൽ കെട്ടിട നികുതിയായി ഇന്ന് ലഭിക്കുന്ന 201844 രൂപക്ക് പുറമെ 150000 (ഒന്നരലക്ഷം) രൂപയുടെ അധിക വരുമാന മുണ്ടാക്കാം.

തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ നമ്മുടെ പഞ്ചായത്ത് പ്രധാനമായും പിരിച്ചെടുക്കുന്നത് പഞ്ചായത്ത് അതിർത്തിയിൽ വരുന്ന സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും,നാമമാത്രമായി കാർഷിക ആദായത്തിന്റെ പേരിൽ ചുമത്തപ്പെടുന്ന നികുതിയിനത്തിലുമാണ്. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം 204, 205, വകുപ്പുപ്രകാരം തൊഴിൽ നികുതി പുനർനിർണ്ണയം ചെയ്ത് നികുതി ചുമത്തേണ്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയാൽ ഇന്ന് ലഭിക്കുന്ന 112630 രൂപയുടെ 3 ഇരട്ടിയോളം അധികവരുമാനം (330000 രൂപ) ഉണ്ടാക്കുവാൻ കഴിയും.

പരസ്യനികുതി

പഞ്ചായത്തിലെ പൊതുജനങ്ങളെ കാര്യമായി ബാധിക്കാതെ പിരിച്ചെടുക്കാൻ കഴിയുന്ന ഒരു നികുതിയാണ് പരസ്യ നികുതി. പരസ്യ നികുതിയിനത്തിൽ നല്ലൊരു തുക പിരിക്കാൻ

വേണ്ട ഭൗതിക സാഹചര്യം ഉള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. കാരണം കേരളത്തിലെ നോട്ടിഫൈഡ് ഫെസ്റ്റിവലുകളിൽ ഒന്നായ മലയാറ്റൂർ പുതു ഞായർ പെരുന്നാൾ നടക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്. എന്നാൽ നാളിതു വരെയായിട്ടും നാം ഒരു രൂപ പോലും പരസ്യ നികുതിയിനത്തിൽ പിരിച്ചെടുക്കുകയുണ്ടായിട്ടില്ല. കേരളപഞ്ചായത്ത് രാജ് നിയമം 209 വകുപ്പു പ്രകാരം പരസ്യനികുതി ചുമത്തിയാൽ ഏറ്റവും കുറഞ്ഞത് 75000 രൂപയോളം സമാഹരിക്കാൻ കഴിയും.

വിനോദ നികുതി

സിനിമാശാലകളിൽ വിൽക്കുന്ന ടിക്കറ്റിനോടൊപ്പം ഈടാക്കുന്ന നികുതിയാണ് ഇത്. ഈയിനത്തിൽ വരവ് 8545 രൂപമാത്രമാണ്. അൽപം കൂടി ശ്രദ്ധിക്കുകയാണെങ്കിൽ ഇന്നുള്ളതിന്റെ 15% കൂടി വർദ്ധിപ്പിക്കാൻ കഴിയും. കൂടാതെ പഞ്ചായത്തിലെ വി.സി.ആർ., വി.സി.പി. ഉടമകളിൽ നിന്ന് വിനോദ നികുതിയിനത്തിൽ ചെറിയ ഒരു നികുതി കൂടി ഈടാക്കുകയാണെങ്കിൽ ഇന്ന് പിരിച്ചെടുക്കുന്ന വിനോദ നികുതിയുടെ 20% മെങ്കിലും ഈയിനത്തിൽ സമാഹരിക്കാൻ കഴിയും

വസ്തു കൈമാറ്റകരം

പഞ്ചായത്തതിർത്തിയിൽ വരുന്ന വസ്തുവകകൾ കൈമാറ്റം ചെയ്യപെടുമ്പോൾ മുദ്രപത്രഫീസ് ഇനത്തിൽ സബ് രജിസ്ട്രാർ ഓഫീസുകൾ മുഖേന പിരിച്ചെടുക്കുന്ന നികുതിയാണ് വസ്തുകൈമാറ്റ നികുതി. ഈയിനത്തിൽ സംസ്ഥാനത്ത് ഒട്ടാകെ പിരിച്ചെടുക്കുന്ന നികുതിയുടെ, പിരിക്കുന്നതിനുള്ള ചിലവ് കഴിച്ച് ബാക്കി വരുന്ന തുകയുടെ 75% ഒടുവിൽ കിട്ടിയിരിക്കുന്ന കനേഷുകുമാരി കണക്ക് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വീതിക്കയാണ് ചെയ്ത് പോന്നിട്ടുള്ളത്. ബാക്കി വരുന്ന 25% സർക്കാരോ, പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഗ്രാമപഞ്ചായത്തുകളുടെ ജനസംഖ്യ പിന്നോക്കാവസ്ഥ ഭരണ ചിലവ് എന്നിവയുടെ അടിസ്ഥാനത്തിൽ പിന്നീട് വിതരണം ചെയ്യും.

ഈയിനത്തിൽ നമ്മുടെ പഞ്ചായത്തിന് ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്നത് 198491 രൂപ മാത്രമാണ്. വസ്തുവകകൾ കൈമാറുമ്പോൾ യഥാർത്ഥത്തിൽ ഉള്ള മാർക്കറ്റ് വിലയുടെ പത്തിൽ ഒരു ഭാഗംപോലും വില നിശ്ചയിച്ച് രജിസ്ട്രേഷനു വേണ്ട മുദ്രപത്രം വാങ്ങുന്നില്ല എന്ന് നമുക്ക് എല്ലാവർക്കും അറിയാം ഇതിന് ഒരു ചെറിയ വ്യത്യാസം വരുത്തിയാൽ ഇന്ന് നമുക്ക് വസ്തുകൈമാറ്റനികുതി വഴി ലഭിക്കുന്ന തുകയുടെ 3 ഇരട്ടിയെങ്കിലും അധികവരുമാനം ലഭിക്കും. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വസ്തു കൈമാറ്റങ്ങൾക്ക് അതത് ഗ്രാമപഞ്ചായത്തുകൾ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമെ രജിസ്ട്രേഷൻ നടത്തിക്കേണ്ടതുള്ളു എന്ന് സർക്കാർ നിർദ്ദേശിക്കേണ്ടതാണ്.

ഉപഭൂനികുതി

സ്വകാര്യഭൂമിയുടെ മൂലധന മൂല്യത്തിന്റെ (മാർക്കറ്റ് വില) ആയിരത്തിൽ ഒരു ഭാഗം നികുതിയായി ചുമത്താൻ കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും നമ്മൾ നാളിതുവരെയായിട്ടും ഇത്തരത്തിലുള്ള നികുതി പിരിച്ചെടുക്കുന്നില്ല. നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഇത്തരത്തിലുള്ള നികുതി കൂടി പിരിച്ചെടുത്ത് വികസനത്തിനായി ഉപയോഗിക്കണം. നമ്മുടെ പഞ്ചായത്തിൽ 750 രൂപ മുതൽ 50000 രൂപ വരെ സെന്ററിന് മാർക്കറ്റ് വില നിശ്ചയിക്കാവുന്ന വസ്തുവകകൾ ഉണ്ട്. ആയതിനാൽ 50 സെന്ററിൽ കൂടുതൽ വസ്തുവുള്ള ഉടമകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഈയിനത്തിൽ ഏറ്റവും കുറഞ്ഞത് വർഷംതോറും അഞ്ച് ലക്ഷം രൂപയെങ്കിലും പിരിച്ചെടുക്കാം.

ഭൂപരിവർത്തന ഉപനികുതി.

ഗ്രാമപഞ്ചായത്തിന് ഒരു ഉടമയിൽനിന്ന് അയാൾ കൈവശം വച്ചിരിക്കുന്ന തോട്ടമോ, കെട്ടിടം നിൽക്കുന്ന സ്ഥലമോ ആയി മാറ്റപ്പെട്ട

നെൽപ്പാടമോ, ചതുപ്പു പ്രദേശമോ നീർമറി പ്രദേശമോ സംബന്ധിച്ച് ഒരു ആർ (2.47 സെൻറ്) സ്ഥലത്തിന് എഴുപത്തിയഞ്ച് രൂപയിൽ കവിയാത്ത നിരക്കിൽ ഭൂപരിവർത്തന ഉപനികുതി ചുമത്താമെന്ന് നിയമം അനുശാസിക്കുന്നു. എങ്കിലും നാം നാളിതുവരെയായിട്ടും ഇത്തരം നികുതി ഈടാക്കുന്നില്ല. ഇത്തരത്തിലുള്ള നികുതി പിരിച്ചെടുത്താൽ ഏറ്റവും കുറഞ്ഞത് നമ്മുടെ പഞ്ചായത്തിന് വർഷംതോറും ഒരു ലക്ഷം രൂപയുടെയെങ്കിലും അധികവരുമാനം ഉണ്ടാക്കുവാൻ കഴിയും.

നികുതിയേതര വരുമാനം

പ്രധാനമായും നമ്മുടെ പഞ്ചായത്തിന്റെ നികുതയേതര വരുമാനം ലേലങ്ങൾ, ലൈസൻസുകൾ എന്നിവ മുഖേന സമാഹരിക്കുന്ന രൂപയാണ്. പഞ്ചായത്ത് പരിധിയിൽ വരുന്ന ചിറകളിലും കുളങ്ങളിലും മത്സ്യം വളർത്താനും പിടിക്കാനുമുള്ള അവകാശം, പുതുഞായർ പെരുനാളിന് മണപ്പാട്ട് ചിറപ്രദേശത്ത് താൽക്കാലിക ഷെഡുകളിൽ കച്ചവടം നടത്താനുള്ള അവകാശം, പെരിയാർ പുഴയിലെ കടത്ത് കടവുകൾ, മണൽ എന്നിവ ലേലം ചെയ്തു കൊടുക്കുന്നതിലൂടെയും ഉള്ള വരുമാനമാണ് ലേലങ്ങളിലൂടെ ലഭിക്കുന്ന വരുമാനം.

ഇതിൽ മണലിൽ നിന്ന് ലഭിക്കുന്ന വരുമാനം പ്രാധാനമാണെങ്കിലും വരുംകാലങ്ങളിൽ അത് നിയന്ത്രിക്കേണ്ടത് അത്യാവശ്യമായിതീരും എന്നതിൽ തർക്കമില്ല. ആയതിനാൽ മണൽ വാരൽ നിയന്ത്രിക്കേണ്ടതോടൊപ്പം പഞ്ചായത്തിന്റെ വരുമാനം നിലനിർത്തികൊണ്ടു പോകാൻ തക്ക ഒരു സംവിധാനം ഈക്കാര്യത്തിൽ ഉണ്ടാകണം. ആയതിനാൽ ആ മേഖലയിൽ കാര്യമായ അധിവിഭവസമാഹരണം നാം പ്രതീക്ഷിക്കേണ്ടതില്ല. മണപ്പാട്ടും ചിറ പ്രദേശത്ത് പെരുന്നാളിന് കൂടുതൽ താൽക്കാലിക ഷെഡുകൾ കച്ചവടത്തിനായി ലേലം ചെയ്തു കൊടുക്കുകയും, പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ചിറകളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകയും ചെയ്താൽ ഈയിനത്തിൽ 50000 രൂപയുടെ അധികവരുമാനം ഉണ്ടാക്കുവാൻ കഴിയും.

പഞ്ചായത്ത് പരിധിയിൽ വരുന്ന പൊതുവായ മണ്ണും, മണലും പാറയും മറ്റ് എല്ലാ പൊതുവിഭവങ്ങളും പഞ്ചായത്തിലെ മുഴുൻ ജനങ്ങൾക്കും അവകാശപെട്ട പൊതു സ്വത്താണ്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 25-ൽ പരം ക്വോറികളിൽ നിന്നായി ദിനംപ്രതി 100 കണക്കിന് ലോഡ് കരിങ്കല്ല് പഞ്ചായത്തിലും, പുറത്തുമുള്ള ആവശ്യത്തിനായി കയറ്റിപോകുന്നുണ്ട്. ഇതിന് ചെറിയ നികുതി ചുമത്തിയാൽ അതുവഴി വർഷംതോറും 50000 രൂപയിൽ കൂടുതൽ അധികവരുമാനം ഉണ്ടാക്കുവാൻ കഴിയും.

വാണിജ്യവ്യാപാര സ്ഥാപനങ്ങൾ

ക്രമ നമ്പർ	ഇനം	ലൈസൻസ് ഉള്ളത്	ഇല്ലാത്തത്	ആകെ
1.	ഹോട്ടൽ	1	2	3
2.	ചായക്കട	12	38	50
3.	സ്റ്റേഷനറി/ഫാൻസി	18	10	28
4.	പെട്ടിക്കട	1	19	20
5.	പലചരക്ക് കട	54	10	64
6.	പച്ചക്കറിക്കട	-	27	27
7.	തുണിക്കട	5	5	10
8.	അലോപ്പതി മരുന്നുകട	1	-	1

ക്രമ നമ്പർ	ഇനം	ലൈസൻസ് ഉള്ളത്	ഇല്ലാത്തത്	ആകെ
9.	ആയുർവേദ മരുന്നുകട	-	6	6
10.	അലോപ്പതി ആശുപത്രി	2	2	2
11.	അലോപ്പതി ഡിസ്പെൻസറി	1	-	1
12.	ഹോമിയോ ഡിസ്പെൻസറി	-	6	6
13.	ആയുർവേദ ഡിസ്പെൻസറി	-	2	2
14.	ഹാർഡ് വെയർ/പെയിൻറ്	-	5	5
15.	ഇലക്ട്രിക്കൽ ഷോപ്	-	3	3
16.	ഇലക്ട്രിക്കൽ/ഇലക്ട്രോണിക് സർവ്വീസ്	11	6	17
17.	ബേക്കറി/കൂൾബാർ	7-	14	21
18.	വളം/കീടനാശിനി	6	-	6
19.	കരിങ്കൽ കോറികൾ	-	25	25
20.	ഫർണീച്ചർ നിർമ്മാണം	5	11	16
21.	തയ്യൽ	3	27	30
22.	അറവ് കേന്ദ്രം	-	20	20
23.	എൻജിനിയറിംഗ് വർക്ഷോപ്- ഓട്ടോമൊബൈൽ "	5	4	9
24.	ഫോട്ടോസ്റ്റുഡിയോ	-	2	2
25.	ഫ്ലവർമില്ലുകൾ	12	5	17
26.	റൈസ്മില്ല്	17	1	18
27.	സോമില്ല്	-	-	-
28.	സോമിൽ	2	-	2
29.	റബ്ബർകട	5	-	5
30.	ഇരുമ്പ്/സിമൻറ്	4	-	4
31.	മലഞ്ചരക്ക്	2	-	2
32.	ബേക്കറി	11	10	21
33.	സോഡ	11	-	11
34.	ക്രഷർ	9	1	10
35.	തുണിക്കട	10	-	10
36.	പ്ലാസ്റ്റിക്	1	—	1
37.	പ്രസ്സ്	2	-1	3
38.	വാഷിംഗ്പൗഡർ	2	2	4
39.	ബ്രിക്സ്	2	—	2-
40.	മെഴുകുതിരി	2	2	-4
41.	പഴച്ചാർ	2	2	4
42.	ഇഷ്ടിക	1	1	2
42.	അറവുശാല	-	20	20

ലൈസൻസ് ഫീ

പഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്കും വ്യവസായിക യൂണിറ്റുകൾക്കും ലൈസൻസ് നൽകുക വഴി ഗ്രാമപഞ്ചായത്ത് വർഷംതോറും സമാഹരിക്കുന്ന തുകയാണ് ലൈസൻസ് ഫീ. ഇന്ന് നമ്മൾ ഈയിനത്തിൽ പിരിച്ചെടുക്കുന്നത് 14517 രൂപമാത്രമാണ്. പഞ്ചായത്ത് പരിധിയിൽ വരുന്ന പെട്ടികടകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നിർബന്ധമാകുകയും ഫീസ് പിരിക്കുകയും ചെയ്യണം.

പുതുഞായർ പെരുനാളിനോട് അനുബന്ധിച്ച് ഉയരുന്ന ഏകദേശം 250 ൽ പരം താൽക്കാലിക കച്ചവടഷെഡുകൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്താൽ ലൈസൻസ് ഫീസ് ഇനത്തിൽ ഇന്ന് സമാഹരിക്കുന്ന തുകയുടെ 3 ഇരട്ടിയെങ്കിലും, അധികം സമാഹരിക്കാൻ കഴിയും മാത്രമല്ല പുതു ഞായർ പെരുന്നാളിന് വരുന്ന വാഹനങ്ങൾ മണപ്പാട്ടു ചിറ പ്രദേശത്ത് പാർക്ക് ചെയ്യുന്നതിന് ഫീസ് പിരിച്ചാൽ 50000 രൂപയുടെ അധിക വരുമാനം ഉണ്ടാക്കുവാൻ കഴിയും.

ദേശിയ സമ്പാദ്യപദ്ധതി വഴി സമാഹരിക്കുന്ന തുകയുടെ 25% അതത് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വികസനത്തിനായി ഉപയോഗിക്കാൻ സർക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വർഷംതോറും അഞ്ച് ലക്ഷം രൂപയുടെ അധിക നിക്ഷേപം പഞ്ചായത്തിൽ നിന്ന് കണ്ടെത്തിയാൽ അതിന്റെ നാലിൽ ഒരു ഭാഗം വികസനത്തിനായി ചിലവിടാൻ കഴിയും. കൂടാതെ ബാങ്കുകളുടെ ഡെപ്പോസിറ്റ്-ക്രെഡിറ്റ് റേഷ്യോ (നിക്ഷേപ-വായ്പാ അനുപാതം) അഖിലേന്ത്യാ ശരാശരി 80% ആയിരിക്കെ കേരളത്തിലേത് 40 ശതമാനമാണ്. ഇത് 10-20% ഉയർത്തുവാൻ തക്കസാഹചര്യം ഉണ്ടാക്കിയാൽ. അതുവഴി നല്ലൊരു തുക നമ്മുടെ പഞ്ചായത്തിലെ വികസന സംരംഭങ്ങൾക്കായി വിനിയോഗിക്കാൻ കഴിയും.

മാനുഷിക വിഭവസമാഹരണം

ഏറ്റവും പ്രധാനമായും ഏതു വസ്തുവിന്റെയും മൂല്യം വർദ്ധിക്കുന്നത് അതിൽ പ്രയോഗിക്കപ്പെടുന്ന മാനുഷിക അദ്ധ്വാനത്തിന്റെ ഭാഗമായി കൂടിയാണല്ലോ. നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ പാഴായി പോകുന്ന ഏറ്റവും പ്രാധാനവും സവിശേഷവുമായ ഒരു വിഭവമാണല്ലോ മാനുഷികവിഭവശേഷി. നമ്മൾ ലക്ഷ്യമിട്ടിരിക്കുന്ന വികസന പദ്ധതികൾ പ്രയോഗികതലത്തിൽ കൊണ്ട്വന്ന് നമ്മുടെ നാടിന്റെ വികസനം പൂർണ്ണമാക്കുന്നതിലേക്കായി സന്നദ്ധ പ്രവർത്തനങ്ങൾ വഴി വിവിധ മേഖലകളിൽ, മാനുഷികവിഭവം ഉപയോഗിക്കണം. അതിലേക്കായി നമ്മുടെ ഗ്രാമ പഞ്ചായത്തിലെ 17- ആയിരത്തിൽ പരം വരുന്ന പ്രായപൂർത്തിയായവരിൽ പതിനായിരം പേരെങ്കിലും ഒരോ തൊഴിൽ ദിനം വെച്ച് വിവിധ മേഖലകളിൽ (കൃഷി, വ്യവസായം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പാർപ്പിടം മുതലയാവ) വർഷപ്രതിസംഭാവന ചെയ്താൽ മൊത്തം 10000 (പതിനായിരം) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും അതുവഴി ഏറ്റവും കുറഞ്ഞത് 71/2 ലക്ഷം രൂപയുടെ അധികവിഭവസമാഹരണവും വികസനവും നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിയും.

നമ്മൾ ഇവിടെ വിശകലനം ചെയ്തിരിക്കുന്നത് കൂടുതലായും നികുതിയും, നികുതിയേതര വരുമാനമാർഗങ്ങളും മാനുഷിക വിഭവങ്ങളും വഴി ഓരോ വർഷവും ഗ്രാമപഞ്ചായത്തിന് സമാഹരിക്കാൻ കഴിയുന്ന അധികവിഭവങ്ങളെക്കുറിച്ചാണ്. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ആസ്തിവർദ്ധിപ്പിക്കുവാൻ ഉതകുന്ന പരിപാടികളും കണ്ടെത്തിയേ തീരു. ഉദാഹരണമായി നമ്മുടെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കിടക്കുന്ന മണപ്പാട്ടു ചിറയുടെ കിഴക്കുവശം (ഏകദേശം 6 ഏക്കർ സ്ഥലം) മണ്ണിട്ട് നികത്തിയാൽ ഇന്നത്തെ മാർക്കറ്റ് വില അനുസരിച്ച് ചുരുങ്ങിയത് ഒരു കോടി രൂപയുടെ ആസ്ഥിയാക്കി മാറ്റുവാൻ കഴിയും. ചിറയുടെ കിഴക്ക് വശം ഒഴി

ച്ചുള്ള ഏകദേശം 40 ഏക്കർ സ്ഥലം ശരാശരി 2 അടിയോളം താഴ്ത്തിയാൽ ലഭിക്കുന്ന മണ്ണ് ഉപയോഗിച്ച് കിഴക്കുവശത്തെ ആറ് ഏക്കർ സ്ഥലം നികത്താൻ കഴിയുന്നതോടൊപ്പം ചിറ യിലെ ജലത്തിന്റെ സംഭരണശേഷി കൂട്ടുവാനും കഴിയും. പഞ്ചായത്ത് പുറമ്പോക്ക് ഭൂമികൾ കണ്ടെത്തി സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി തേക്കുപോലുള്ള വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുകയാണെങ്കിൽ ഭാവിയിൽ പഞ്ചായത്തിന്റെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ സാധിക്കും.

ചുരുക്കത്തിൽ മേൽ പറഞ്ഞിരിക്കുന്ന രീതികളിൽ അധിക വിഭവസമാഹരണം നടത്തുമ്പോൾ സമാഹരണത്തിലും, വിനിയോഗത്തിലും പകുവും പ്രയോഗീകവുമായ ജാഗ്രതപുലർത്തി പരമാവധി കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. എങ്കിൽ ഇത്തരത്തിലുള്ള അധിക വിഭവസമാഹരണത്തിന് പരിപൂർണ്ണമായ ജനകീയ സഹകരണം ഉണ്ടാകും എന്നുള്ള കാര്യം തീർച്ചയാണ്.

അധികവരുമാനം പ്രതീക്ഷിക്കുന്ന മേഖലകൾ

(ഒരു വർഷത്തിൽ)

ക്രമ നമ്പർ	ഇനം	ഇന്നുള്ളത് രൂപ	അധികം പ്രതീക്ഷിക്കുന്നത് രൂപ	മൊത്തം രൂപ
1.	കെട്ടിട നികുതി	201841	150000	351841
2.	തൊഴിൽ നികുതി	112635	330000	442635
3.	പരസ്യനികുതി	ഇല്ല	75000	75000
4.	വിനോദനികുതി	8545	2990	11535
5.	വസ്തു കൈമാറ്റകരം	198491	595500	793991
6.	ഉപ ഭൂനികുതി	ഇല്ല	500000	500000
7.	ഭൂപരിവർത്തന നികുതി	ഇല്ല	100000	100000
8.	ലേലങ്ങൾ	1080148	50000	1130148
9.	ലൈസൻസ് ഫീസ്	14517	43500	58017
10.	പാർക്കിങ്ങ് ഫീസ്	ഇല്ല	50000	50000
11.	പാറമടകളിൽ നിന്നുള്ള നികുതി	ഇല്ല	50000	50000
12.	മാനുഷിക വിഭവസമാഹരണം	ഇല്ല	750000	750000
	മൊത്തം	1616177	2696990	4313167

5.13 ടൂറിസവും വനവും

ടൂറിസത്തിനും, തീർത്ഥാടനത്തിനും അതുവഴിയുള്ള സാമ്പത്തിക വരുമാനത്തിനും അനുയോജ്യമായ വളരെയേറെ ഘടകങ്ങൾ ഒത്തുചേർന്ന ഒരു ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. എങ്കിലും നാളിതുവരെയായി നമുക്ക് ഈ മേഖലയിൽ കാര്യമായ മുന്നേറ്റം നടത്തുവാൻ കഴിഞ്ഞിട്ടില്ല. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സ്വാഭാവിക വെള്ളച്ചാട്ടങ്ങളായ അതിരപ്പിള്ളിയുടെയും വാഴച്ചാലിന്റെയും പ്രകൃതിരമണീയത അതിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുന്നു.

ഇവിടേക്ക് നമ്മുടെ പഞ്ചായത്തിൽനിന്ന് കേവലം 30 കിലോമീറ്റർ ദൂരം മാത്രമേയുള്ളു. എന്നാൽ നാളിതുവരെയായിട്ടും ചാലക്കുടിയാറിൽ വെറ്റിലപ്പാറയിൽ തീർക്കും എന്നു പറഞ്ഞിരിക്കുന്ന പാലം തീർക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രമിച്ചു കാണുന്നില്ല. ഇവിടെ പാലം തീർത്താൽ, കാലടി, മലയാറ്റൂർ, അതിരപ്പള്ളി, ഇടമലയാർ, തട്ടേക്കാട് പക്ഷിസങ്കേതം, ഭൂതത്താൻ കെട്ട് എന്നീ പ്രകൃതി രമണീയവും തീർത്ഥാടന പ്രസക്തിയുമുള്ള സ്ഥലങ്ങളെ കൂട്ടിയിണക്കി ഒരു ടൂറിസ്റ്റ്-തീർത്ഥാടന ബെൽറ്റ് ഉണ്ടാക്കുവാനും അതുവഴി നമ്മുടെ പഞ്ചായത്തിലേക്ക് ടൂറിസ്റ്റുകളുടെയും തീർത്ഥാടകരുടെയും വരവ് ഗണ്യമായി വർദ്ധിപ്പിക്കാനും കഴിയും. നിർദ്ദിഷ്ട അന്താരാഷ്ട്ര വിമാനതാവളമായ നെടുമ്പാശ്ശേരിയിൽ നിന്ന് വെറും 16 കിലോമീറ്റർ മാത്രം അകലെയാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഇതുവഴി ഗണ്യമായ സാമ്പത്തിക നേട്ടംകൂടി പഞ്ചായത്തിന് കൈവരിക്കാൻ കഴിയും.

അമേരിക്കയിലെ ഓറിയോൺ പാർക്കിന്റെ മാതൃകയിൽ ഒരു പാർക്ക് നിർമ്മിച്ച് ടൂറിസ്റ്റുകൾക്കും, തദ്ദേശിയർക്കും ഉല്ലാസത്തിനും, കായിക വിനോദത്തിനും കൂടാതെ പ്രകൃതി പഠനത്തിനും ലക്ഷ്യമിട്ടിരുന്ന പദ്ധതിയാണ് മലയാറ്റൂരിലെ പ്രകൃതിപഠനകേന്ദ്രം. ലോക ബാങ്കിന്റെ സഹായത്താൽ മലയാറ്റൂരിലെ കുരിശുമുടി ഫോറസ്റ്റ് കേന്ദ്രമാക്കി നടപ്പിലാക്കാൻ ഉതകുന്ന ഒരു പ്രൊജക്ട് (ഏഷ്യയിൽതന്നെ ആദ്യത്തേത്) ഉദ്ദേശിച്ച് തുടങ്ങിയതാണ് ഈ പഠനകേന്ദ്രം. എന്നാൽ ഇന്ന് ഇത് നിർജ്ജീവാവസ്ഥയിൽ ആണ്. ഇത് പുനർജ്ജീവിപ്പിച്ച് ലക്ഷ്യംവച്ച പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞാൽ പഞ്ചായത്ത് പ്രദേശത്ത് ടൂറിസ്റ്റ്-വന മേഖലയിൽ നടത്താവുന്ന ഏറ്റവും നല്ല പദ്ധതിയായിരിക്കും.

ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ മണപ്പാട്ട് ചിറയുടെ പരിസരത്ത് എത്തുന്ന ഏതൊരു വ്യക്തിക്കും ഊട്ടിയിലെ തടാകത്തിന് തുല്യമായ ദർശന സുഖം നൽകുന്ന പ്രകൃതി ഭംഗിയാണ വിടെ. ഇതിന്റെ മനോഹാരിത വേനൽക്കാലങ്ങളിൽ കൂടി നിലനിർത്താൻ (പ്രത്യേകിച്ചു പുതുഞായർ പെരുന്നാൾ സീസണിൽ) ചിറയുമായി ബന്ധപ്പെടുന്ന പ്രദേശങ്ങളിലെ ജലസേചനത്തിനും കൂടിവെള്ളത്തിനും ഉതകുന്ന രീതിയിൽ ചിറയിൽ വെള്ളം നിറച്ചു നിർത്തുന്നതിനായി ഒരു പദ്ധതി മിക്കവാറും പൂർത്തികരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും അത് കമ്മീഷൻ ചെയ്യാൻ കഴിയാതെ കിടക്കുന്നു.

ഈ പദ്ധതി ഏത്രയും വേഗം കമ്മീഷൻ ചെയ്യുന്നതോടൊപ്പം ടൂറിസ്റ്റുകളെയും - തീർത്ഥാടകരെയും ആകർഷിക്കാൻ തക്കവിധത്തിൽ മണപ്പാട്ടുചിറ പ്രദേശം മനോഹരമാക്കാവുന്നതാണ്. ഭാവനാസമ്പന്നരായ വിദഗ്ദരുടെ സഹായത്തോടെ അതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങൾ സിവിൽ-മരാമത്ത് ശൈലിയിലുള്ള കരിങ്കൽ-കോൺക്രീറ്റ് നിർമ്മാണപ്രവർത്തനങ്ങളാണ്. പ്രകൃതിയുടെ സ്വാഭാവികഭംഗിക്ക് മിഴിവേകുന്ന വികസനരൂപരേഖയുണ്ടാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ചെയ്യേണ്ടത്.

കിഴക്ക് പെരുന്തോട്, പെരിയാറ്, മഹാഗണിതോട്ടം എന്നിവയും സന്ദർശകരെ ആകർഷിച്ചുവരുന്നുണ്ട്. അതിനു വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. അവിടെയും ആഭ്യന്തര ടൂറിസത്തിനിണങ്ങിയ സൗന്ദര്യവൽക്കരണം നടത്തേണ്ടതാണ്. മലയാറ്റൂർ തീർത്ഥാടനത്തിനെത്തുന്നദൂരെനിന്നുള്ളവർക്ക് വിശ്രമത്തിനും മാനസോല്ലാസത്തിനും ഉതകുന്ന കേന്ദ്രങ്ങളായി മേൽപ്പറഞ്ഞ പ്രദേശങ്ങളെ വികസിപ്പിയ്ക്കണം.



6. ഉപസംഹാരം

വമ്പിച്ച പ്രതീക്ഷകൾക്കു നടുവിലാണ് നാലു പതിറ്റാണ്ടു മുമ്പ് കേരളം പിറന്നത്.. നാടിന്റെ മുഖച്ഛായ അന്നുള്ളതിൽനിന്ന്വല്ലാതെ മാറിയിരിക്കുന്നു. ഭൂമി പണി ചെയ്യുന്നവരുടേതായി. വിദ്യാഭ്യാസം സാർവ്വത്രികമായി. ഗതാഗതം, വാർത്താവിതരണം, ആരോഗ്യപരിപാലനം തുടങ്ങിയ രംഗങ്ങളിൽ വമ്പിച്ച വളർച്ച ഇതിനകം ഉണ്ടായി. ജനങ്ങളുടെ ജീവിത നിലവാരം ഉയർന്നു. ഇതേ നിലവാരമാർജ്ജിക്കാൻ വികസിത രാജ്യങ്ങൾ ഉപയോഗിച്ചു തീർത്ത ഊർജ്ജത്തിന്റെയും പ്രകൃതിവിഭവങ്ങളുടെയും ചെറിയൊരു പങ്ക് ഉപയോഗിച്ചാണ് നാമീ നേട്ടങ്ങളുണ്ടാക്കിയതെന്നാണ് ഇതിലെ കേരളീയ മാതൃക.

എന്നാൽ സമഗ്രവികസനത്തിനുതകേണ്ട ഈ പശ്ചാത്തല സൗകര്യങ്ങളെ ഉൽപ്പാദന പ്രക്രിയയുമായി ഉദ്ഗ്രഥിക്കാൻ നമുക്ക് കഴിയാതെപോയി. ജനപക്ഷത്തുണ്ടായ നേട്ടങ്ങൾ അധികാരത്തിന്റെയും ആസൂത്രണത്തിന്റെയും രംഗങ്ങളിൽ അനുഭവപ്പെട്ടില്ല. അത് കാർഷികാഭിവൃദ്ധിക്കും വ്യവസായ വളർച്ചയ്ക്കും വഴി തുറന്നില്ല. ഇവിടെ കൃഷിഭൂമിയുടെ വൃത്തം ചുരുങ്ങുകയും കമ്പോള-വൃത്തപരിധി വലുതാക്കുകയും ചെയ്തു. ഉൽപ്പാദനം കുറഞ്ഞു, കമ്പോളം വളർന്നു - നേട്ടം കൊയ്തത് മറ്റു സംസ്ഥാനങ്ങളും വിദേശിയരുമെന്ന് വ്യക്തം.

ഈ നില തുടരാനാവില്ല. ഉള്ള മണ്ണ് ഉൽപ്പാദനത്തിന്റെ പാരമ്യം തേടണം. വ്യവസായങ്ങൾ നമ്മുടെ കമ്പോളത്തെ നിറയ്ക്കണം. സേവനമേഖല മനുഷ്യവിഭവത്തിന്റെ മാറ്റ് കൂട്ടണം. നാലു പതിറ്റാണ്ടുമുമ്പ് കേരളീയന് മണ്ണിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് നാം തുടങ്ങിയത്- അനന്തമായ സുഖഭോഗങ്ങളിൽ കണ്ണ് വച്ച് സാമൂഹ്യമായ ഉത്തരവാദിത്വവും സംഘബോധവും ത്യജിച്ച്, സുഖകരമായ ഒരു സർവ്വനാശത്തിലേക്ക് ആവശത്തോടെ നടന്നു പോകുന്ന ഒരു തലമുറയ്ക്കു വേണ്ടിയല്ല. അനുദിനം വികസ്വരമായ, സാമൂഹ്യനീതിയിൽ അടിയുറച്ച മാനവികതയെ മാറോടണയ്ക്കുന്ന, സംസ്ക്കാരസമ്പന്നമായ ഒരു കേരളത്തിനു വേണ്ടിയാണ്.

മഹത്തായ ഈ ലക്ഷ്യബോധമാണ് ഒമ്പതാം പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള ശ്രമങ്ങളിൽ ജ്വലിച്ചുനിൽക്കുന്നത്. ഒരു കൈത്തിരിവച്ച് ആ ജ്വാലയെ ദീപ്തമാക്കാനുള്ള എളിയ ശ്രമമാണ് ഈ വികസനരേഖ.

ജനകീയാസൂത്രണ സമിതി
മലയാറ്റൂർ - നീലീശ്വരം
ഗ്രാമപഞ്ചായത്ത്.

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

കെ.കെ. രവി
പി.വി. പാപ്പച്ചൻ
വി.കെ. ഗോപി
പി.എ. ജോണി
വി.കെ. ഷാജി
വി.കെ ഭാസ്കരൻ
ബിജു പി. നടുമുറ്റം
കെ.പി. രജി
എം.എസ്. ദേവരാജൻ
പി.കെ. അംബുജാക്ഷൻ

4257